# സാന്ത്വനപ്രകാശം

പാലാ രൂപതാ ബുള്ളറ്റിൻ




## ശ്ലീഹാക്കാലം

Vol. LXX April, May, June 2020 No.4



പാലാ മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ കമ്മ്യൂണിറ്റി കിച്ചൻ
അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവ് സന്ദർശിക്കുന്നു



PSWS ന്റെ നേതൃത്വത്തിൽ നടത്തിയ ഭക്ഷണക്കിറ്റ് വിതരണം അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവ്
ഉദ്ഘാടനം ചെയ്യുന്നു



SMYM ന്റെ നേതൃത്വത്തിൽ പോലീസിനും പൊതുജനങ്ങൾക്കുമായി നിർമ്മിച്ച മാസ്കുകളുടെ
വിതരണോദ്ഘാടനം അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവ് നിർവ്വഹിക്കുന്നു.



ഇടുക്കി രൂപതയുടെ പ്രഥമ മെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ
മൃതസംസ്കാര ശുശ്രൂഷയിൽ സംബന്ധിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്



ഇടുക്കി രൂപതയുടെ പ്രഥമ മെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ
വേർപാടിൽ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുന്നു.



ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചന്റെ 85–ാം ചരമവാർഷികത്തിൽ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വി. കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുന്നു




**പാലാ രൂപത പ്രവാസി കാര്യാലയം**
**അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു**




**B.Ed. കോളേജിലെ അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് നിർമ്മിച്ച മാസ്കുകൾ പൊതുജനങ്ങൾക്കു**
**നല്കുന്നതിനായി അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് പോലീസുകാർക്കു കൈമാറുന്നു**



**ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ നേതൃത്വത്തിൽ നിർമ്മിച്ച ഹാന്റ് ഫ്രീ സാനിറ്റൈസർ മെഷീൻ**
**അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് ഉദ്ഘാടനം ചെയ്യുന്നു.**

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

APRIL, MAY, JUNE 2020
Vol. LXX  No. 4

# CONTENTS

ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ രൂപതയിൽനിന്നും നല്കപ്പെട്ടിട്ടുള്ള സർക്കുലറുകൾ


സർക്കുലർ - 263 ........ 273

സർക്കുലർ - 264 ........ 277

സർക്കുലർ - 265 ........ 280

സർക്കുലർ - 266 ........ 284

സർക്കുലർ - 267 ........ 288

സർക്കുലർ - 268 ........ 294

സർക്കുലർ - 269 (കത്തലിക്കാ കോൺഗ്രസ്) ........ 299

സർക്കുലർ - 270 ........ 304


ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ KCBC യിൽനിന്നും CBCIയിൽനിന്നും നല്കപ്പെട്ടിട്ടുള്ള സർക്കുലറുകളും അറിയിപ്പുകളും


സർക്കുലർ - കോവിഡ് 19 ........ 306

അറിയിപ്പ് ........ 309

അറിയിപ്പ് (മെയ്ദിന സന്ദേശം) ........ 312

അറിയിപ്പ് ........ 321

അറിയിപ്പ് ........ 322

അറിയിപ്പ് ........ 323

ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ ഫ്രാൻസിസ് മാർപ്പാപ്പ നൽകിയിട്ടുള്ള അറിയിപ്പുകൾ

അറിയിപ്പ് ........................................................ 325

അറിയിപ്പ് (ലോകദൈവവിളി ദിനം) ............................ 326

ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ രൂപതയിൽനിന്നും നൽകിയിട്ടുള്ള അറിയിപ്പുകൾ

അറിയിപ്പ് ........................................................ 332

അറിയിപ്പ് ........................................................ 333

അറിയിപ്പ് ........................................................ 334

വികാരിമാരുടെ ശ്രദ്ധയ്ക്ക് ........................................ 335

കൊറോണയ്ക്കെതിരെയുള്ള പ്രാർത്ഥനാ അറിയിപ്പ് .................. 339

കൊറോണ വൈറസ് പ്രാർത്ഥന ...................................... 340

അറിയിപ്പുകൾ .................................................... 342

കച്ചേരിക്കാര്യം .................................................... 349

അറിയിപ്പുകൾ .................................................... 353

വാർത്തകൾ ........................................................ 360

ആദരാഞ്ജലികൾ .................................................... 396

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ................................ 406

സർക്കുലർ - 263

# കൊറോണ വൈറസ് (കോവിഡ് - 19)
# പ്രാർത്ഥിക്കാം, ജാഗ്രത പുലർത്താം

മിശിഹായിൽ സ്നേഹമുള്ള അച്ചന്മാരേ, സന്ന്യസ്തരേ, സഹോദരീസഹോദരന്മാരേ,

കൊറോണ വൈറസ് രോഗം നമ്മുടെ നാട്ടിലും വ്യാപകമായിക്കൊണ്ടിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തീക്ഷ്ണമായ പ്രാർത്ഥനയും അതീവജാഗ്രതയും ആവശ്യമായിരിക്കുന്ന സമയമാണല്ലോ ഇത്. ദൈവപരിപാലനയ്ക്ക് നമ്മെത്തന്നെ സമർപ്പിക്കാം. അതോടൊപ്പം ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നല്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളും സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും സംവിധാനങ്ങളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

രോഗത്തെ പ്രതിരോധിക്കുന്നതിനും അതിന്റെ പകർച്ചയെ ഒഴിവാക്കുന്നതിലേക്കുമായി നമ്മുടെ പള്ളികളിലും കുരിശുപള്ളികളിലും കപ്പേളകളിലും തീർത്ഥാടന കേന്ദ്രങ്ങളിലും നിത്യാരാധന ചാപ്പലുകളിലും മാർച്ചുമാസം 31-ാം തീയതിവരെ താഴെക്കൊടുക്കുന്ന നിർദ്ദേശങ്ങൾ ഏവരുടെയും ശ്രദ്ധാപൂർവ്വവും കർശനവുമായ നടപടികൾക്കായി നൽകുകയാണ്.

1. തിരുനാൾ ആഘോഷങ്ങൾ, മാമ്മോദീസാ, അച്ചാരക്കല്യാണാഘോഷങ്ങൾ, അടിയന്തരങ്ങൾ, ജൂബിലികൾ, കൺവൻഷനുകൾ, ഇടവക വാർഷികധ്യാനങ്ങൾ, ആദ്യവെള്ളിയാഴ്ച ആചരണങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങളിലെ ശുശ്രൂഷകൾ, മലകയറ്റങ്ങൾ, കുരിശിന്റെ വഴികൾ, പ്രദക്ഷിണങ്ങൾ, തീർത്ഥാടനങ്ങൾ, നൊവേനകൾ, ഊട്ടുനേർച്ചകൾ, മതപഠനക്ലാസുകൾ, കുടുംബകൂട്ടായ്മകൾ, വീടുവെഞ്ചിരിപ്പുകൾ, ഇതര മീറ്റിംഗുകൾ തുടങ്ങിയവയെല്ലാം ഒഴിവാക്കേണ്ടതാണ്.

2. മൃതസംസ്കാരശുശ്രൂഷകൾപോലും കുറഞ്ഞ ജന പങ്കാളിത്തത്തോടെ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.
3. ദൈവാലയത്തിൽ വിശുദ്ധ കുർബാനയർപ്പണം മാത്രം നടത്തിയാൽ മതിയാകും.
4. വി. കുർബാന ഈശോയുടെ തിരുശരീരത്തിന്റെ സാദൃശ്യത്തിൽ മാത്രം കൈകളിൽ നൽകുക. കൈകളിൽ സ്വീകരിക്കുന്ന വി. കുർബാന ഉൾക്കൊണ്ടശേഷം മാത്രം വിശ്വാസികൾ സ്വസ്ഥാനങ്ങളിലേക്കു മടങ്ങുന്നുവെന്ന് കാർമ്മികൻ ഉറപ്പാക്കേണ്ടതാണ്.
5. രോഗലക്ഷണമുള്ളവർ പള്ളിയിൽ പോകേണ്ടതില്ല. അങ്ങനെയുള്ളവർ വിശുദ്ധ കുർബാന സ്വീകരിക്കുവാനും ശ്രമിക്കരുത്.
6. സമാധാനാശംസ അല്പം കുനിഞ്ഞ് കൂപ്പുകൈകളോടെ പരസ്പരം ആശംസിക്കുക. കൈകളിൽ സ്പർശിക്കേണ്ടതില്ല.
7. ഹന്നാൻ വെള്ളത്തിൽ വിരൽതൊട്ട് കുരിശുവരയ്ക്കുന്നത് ഒഴിവാക്കുക. ദൈവാലയ കവാടത്തോടുചേർന്ന് ഹന്നാൻ വെള്ളം സൂക്ഷിക്കേണ്ടതില്ല.
8. കാർമ്മികൻ കരങ്ങൾ നന്നായി ശുദ്ധമാക്കിയശേഷം വി. കുർബാന അർപ്പിക്കുക.
9. ഛായാചിത്രങ്ങൾ, രൂപങ്ങൾ മുതലായവ തൊട്ടുമുത്തുന്നത് ഒഴിവാക്കുക.
10. സ്കൂൾ വാർഷികങ്ങൾ, യാത്രയയപ്പു യോഗങ്ങൾ എന്നിവ ഒഴിവാക്കുക.
11. മാസ്കുകൾ ആവശ്യമായിരിക്കുന്നത് കൊറോണാ രോഗികൾക്കാണ്. ആയതിനാൽ അസുഖബാധിതർ ഇവ ധരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക.
12. വൃദ്ധമന്ദിരങ്ങൾ, ബാലഭവനങ്ങൾ, ഹോസ്റ്റലുകൾ തുടങ്ങിയ സ്ഥാപനങ്ങൾ പ്രത്യേക ജാഗ്രത പുലർത്തണം.

13. യാത്രകളും സന്ദർശനങ്ങളും കർശനമായി നിയന്ത്രിക്കുക. വിദേശത്തുനിന്നു വന്നവർ അവരവരുടെ വീടുകളിൽ നിർദ്ദിഷ്ടകാലത്തേക്കു താമസിക്കുകയും അവരും അവരുമായി സമ്പർക്കത്തിൽ വരുന്നവരും പൊതു പരിപാടികളിൽനിന്നു ബോധപൂർവ്വം വിട്ടുനിൽക്കുകയും ചെയ്യുക.

14. ദൈവാലയത്തോടും നമ്മുടെ എല്ലാ സ്ഥാപനങ്ങളോടും അനുബന്ധിച്ചുള്ള പൊതു ടോയ്‌ലറ്റുകൾ ഏറ്റവും ശുചിയായി സൂക്ഷിക്കേണ്ടതാണ്.

15. രൂപതാകേന്ദ്രത്തിലെ സന്ദർശനങ്ങളും മാർച്ച് 19-ാം തീയതിയോട് അനുബന്ധിച്ചുള്ള ആശംസകളും സന്ദർശനങ്ങളും ഉണ്ടായിരിക്കുന്നതല്ല.

ജനങ്ങളുടെയിടയിൽ ഭീതിയും പരിഭ്രാന്തിയും ഉളവാക്കുന്ന പ്രസ്താവനകൾ, സന്ദേശങ്ങൾ ഇവ തീർത്തും ഒഴിവാക്കണം. ആരോഗ്യപരിപാലന നിർദ്ദേശങ്ങൾ, പ്രത്യേകിച്ച് കൊറോണാ രോഗത്തിന്റെ പകർച്ച തടയുന്നതിന് നാം സ്വീകരിക്കേണ്ട പ്രതിരോധ ശുചിത്വനടപടികൾ കൃത്യമായി പാലിക്കണം. ഇക്കാര്യത്തിൽ കേരള സർക്കാരും ആരോഗ്യവകുപ്പും നൽകുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നത് നമ്മുടെ സഹോദരരോടും പൊതു സമൂഹത്തോടും ചെയ്യുവാൻ സാധിക്കുന്ന വലിയ നന്മയായിരിക്കും. അനുസരണമാണ് ആത്മീയതയുടെ വലിയ തെളിവ്. ദൈവാശ്രയബോധം നൽകുന്ന ആത്മവിശ്വാസം മുൻകരുതലുകൾ എടുക്കുന്നതിൽനിന്നും നമ്മെ തടയുന്നില്ലെന്നു മാത്രമല്ല അതിനുള്ള പ്രചോദനംകൂടിയാണ്.

ഇത്തരുണത്തിൽ നമുക്കു ദൈവപരിപാലനയ്ക്കു നമ്മെത്തന്നെ സമർപ്പിക്കാം. പ്രാർത്ഥനയിൽ അഭയം തേടാം. ദൈവവചനവായന, കൊന്തനമസ്കാരം, നൊവേനകൾ, പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥനകൾ, മറ്റ് ഭക്താനുഷ്ഠാനങ്ങൾ എന്നിവ നമ്മുടെ ഭവനങ്ങളിൽ തുടർച്ചയായി നടത്താം. മനുഷ്യർക്ക് അസാധ്യമായത് ദൈവത്തിനു സാധ്യമാണ്

(ലൂക്കാ 18/27) എന്ന തിരുവചനം നമ്മുടെ ചിന്തയിലും മനസ്സിലും പ്രവൃത്തികളിലും നിറഞ്ഞുനിൽക്കട്ടെ. രോഗം ബാധിച്ചവരെയും നിരീക്ഷണത്തിൽ ആയിരിക്കുന്നവരെയും ശുശ്രൂഷിക്കുന്ന ഡോക്ടർമാരെയും നേഴ്സുമാരെയും മറ്റ് ആരോഗ്യപ്രവർത്തകരെയും നമ്മുടെ പ്രാർത്ഥനയിൽ പ്രത്യേകം ഓർക്കാം.

ഈ പ്രത്യേക സാഹചര്യത്തിൽ നമുക്ക് പരസ്പരം സഹായിച്ചും സഹകരിച്ചും ഭീതിയും പരിഭ്രാന്തിയും ഉൽക്കണ്ഠയും മാറ്റി സമാധാനപൂർവ്വകമായ ഒരവസ്ഥ എത്രയും വേഗം സംസ്ഥാപിതമാകുവാനായി നമ്മുടെ രാഷ്ട്രത്തെയും നാടിനെയും സർവ്വജനങ്ങളെയും ദൈവപിതാവിനു സമർപ്പിക്കാം. പരിശുദ്ധ അമ്മയുടെയും വിശുദ്ധ അൽഫോൻസാമ്മയുടെയും പ്രത്യേക മാധ്യസ്ഥ്യം അപേക്ഷിക്കാം. നല്ലവനായ ദൈവം നാമെല്ലാവരെയും അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 10.03.2020

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB: 1. ഈ സർക്കുലർ ദൈവാലയങ്ങളിൽ വായിക്കുകയും എത്രയും വേഗം ഉചിതമായ സാമൂഹിക മാധ്യമങ്ങളിലൂടെയും മറ്റ് സംവിധാനങ്ങളിലൂടെയും നമ്മുടെ ജനങ്ങളെ അറിയിക്കുകയും ചെയ്യേണ്ടതിനായി 10.03.2020 –ൽ നൽകപ്പെട്ടതാണ്.

2. രൂപതാകേന്ദ്രത്തിൽനിന്നു നൽകിയ കൊറോണാ വൈറസ് ബാധയിൽനിന്ന് സംരക്ഷിക്കുന്നതിനായുള്ള പ്രാർത്ഥന നമ്മുടെ കുടുംബങ്ങളിലും സന്ന്യാസഭവനങ്ങളിലും ഇടവക ദൈവാലയങ്ങളിൽ വി. കുർബാനയ്ക്കുശേഷവും ചൊല്ലേണ്ടതിനായി നൽകപ്പെട്ടതാണ്.

**സർക്കുലർ 264**

മിശിഹായിൽ പ്രിയ സഹോദരങ്ങളേ,

ലോകം മുഴുവൻ വ്യാപിച്ചുകൊണ്ടിരിക്കുന്ന കൊറോണ വൈറസിൽനിന്ന് ലോകത്തെ രക്ഷിക്കാൻ ദൈവത്തോട് നമ്മൾ തീവ്രമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണല്ലോ. ദൈവപരിപാലനയുടെ സംരക്ഷണയിൽ നാം മുമ്പോട്ടുനീങ്ങുകയാണ്. ലോകം മുഴുവൻ ആശങ്കയിലും പ്രതിസന്ധിയിലും ആയിരിക്കുമ്പോൾ ദൈവംമാത്രമാണ് നമുക്ക് ആശ്രയം. പൊതുസമ്മേളനങ്ങളും കൂടിവരവുകളുമെല്ലാം നമ്മൾ മാറ്റിവച്ചിരിക്കുകയാണ്. സർക്കാർ നൽകിക്കൊണ്ടിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കണം. വീടിനുള്ളിലെ സഭയെ ശക്തിപ്പെടുത്തുന്നതിനുള്ള അവസരമാക്കി ഈ നാളുകളെ നാം ഫലപ്രദമായി ഉപയോഗിക്കണം. സന്ധ്യാപ്രാർത്ഥനയും തിരുവചനവായനയും വിശുദ്ധരെക്കുറിച്ചുള്ള സംഭാഷണങ്ങളും എല്ലാ കുടുംബങ്ങളിലും ഉറപ്പുവരുത്തേണ്ടതാണ്. അപ്രകാരം കുടുംബകാറ്റക്കേസ്സിസിലൂടെ നമുക്ക് ഈശോയുടെ കൂട്ടത്തിൽ ആയിരിക്കാം. നമ്മുടെ കുടുംബങ്ങളിൽനിന്ന് ഈശോയുടെ, സഭയുടെ, സത്യവിശ്വാസത്തിന്റെ ശബ്ദം കൂടുതലായി കേൾപ്പിക്കണം. ഈ ശബ്ദം ഇല്ലാതെവരുമ്പോൾ വീടുകളിൽ ദൈവത്തിന്റെ ശബ്ദമാണ് ഇല്ലാതാകുന്നത്. ഈ ശബ്ദം കുറഞ്ഞുപോകുന്നു എന്നത് ഖേദകരമാണ്. വീടിനുള്ളിൽ കുടുംബാംഗങ്ങൾ തമ്മിൽ കൂടുതൽ വർത്തമാനം പറയണം. ഇതാണ് യഥാർത്ഥ ഡയലോഗ് (സംഭാഷണം). കുടുംബസഭയും കുടുംബകാറ്റക്കേസ്സിസ്സും കുടുംബഡയലോഗും ഒന്നിച്ചുപോകേണ്ടതാണ്. ഉത്തമമായ ഒരു വിശ്വാസപരിശീലനത്തിന്റെ കാലമാണിത്. എല്ലാ വൈദികരും പരി. കുർബാനയുടെ മുമ്പിൽ എല്ലാ ദിവസവും മണിക്കൂറുകൾ പ്രാർത്ഥനയിൽ ആയിരിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. സമർപ്പിതഭവനവാസികളും കഴിയുന്നത്ര സമയം വി. കുർബാനയുടെ മുമ്പിലായിരിക്കണം.

നമുക്ക് പ്രാർത്ഥിക്കുന്ന സഭയായി മാറാം. പ്രാർത്ഥിക്കുന്ന സഭയാണ് യഥാർത്ഥ സഭ. നിദ്രവിട്ട് ഉണരാം.

ഈ മാസം 19-ാം തീയതി മാർ യൗസേപ്പിന്റെ മരണത്തിരുനാളിന്റെ ഓർമ്മയാണല്ലോ. തിരുനാളിന്റെ ബാഹ്യമായ ആചാരങ്ങളിലേക്ക്-കേക്കുമുറിക്കൽ, ആശംസകൾ എന്നിവയിലേക്ക് - ഈ വർഷം ആരും കടക്കാതിരിക്കുന്നതാണ് നല്ലത്. ഈ തിരുനാൾ ദിവസങ്ങൾ - പ്രത്യേകിച്ച് മാർച്ച് 18,19 - നമുക്ക് പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ദിനങ്ങളാകട്ടെ. തിരുനാളിനോടനുബന്ധിച്ച് ഈ ദിനങ്ങളിൽ ഞാൻ കത്തീഡ്രലിൽ പ്രാർത്ഥനയിലും ആരാധനയിലും ആയിരിക്കും. നേരത്തേ അറിയിച്ചതുപോലെ രൂപതാകേന്ദ്രത്തിൽ ഈ ദിവസങ്ങളിൽ സന്ദർശനം അനുവദിച്ചിട്ടില്ല. രൂപത മുഴുവനും ഈ ദിവസങ്ങളിൽ വീടുകളിലും ഇടവക ദൈവാലയങ്ങളിലും കപ്പേളകളിലും സമർപ്പിതരുടെ ചാപ്പലുകളിലും പ്രാർത്ഥനയിൽ ആയിരിക്കണമേ എന്ന് ഓർമ്മിപ്പിക്കുന്നു.

ഈ അവസരത്തിൽ നമ്മുടെ ആരാധനാക്രമത്തിലെ രണ്ടു പ്രാർത്ഥനകൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ.

**ഒന്നാമത്തെ പ്രാർത്ഥന :** മൂന്നാമത്തെ കൂദാശ ക്രമമായ മാർ നെസ്തോറിയസ്സിന്റെ അനാഫൊറായിലെ നാലാം പ്രണാമജപത്തിലെ ഒരു ഭാഗമാണ്.

“ഞങ്ങൾ വിനയത്തോടും ദൈവഭക്തിയോടുംകൂടി സമാധാനപരവും ശാന്തവുമായ ജീവിതം നയിക്കാൻ ഇടയാകട്ടെ. അങ്ങയുടെ കൃപയാൽ ഭൂമിയിൽ ഫലവർഗ്ഗങ്ങൾ സമൃദ്ധമാവുകയും നല്ല കാലാവസ്ഥ സംജാതമാക്കുകയും വത്സരങ്ങൾ അനുഗൃഹീതമാക്കുകയും ചെയ്യണമേ. അങ്ങയുടെ ദയയാൽ എല്ലാ സ്ഥലങ്ങളോടും ദേശവാസികളോടും കരുണകാണിക്കുകയും അവരെ അനുഗ്രഹിക്കുകയും കാത്തുപരിപാലിക്കുകയും ചെയ്യണമേ.

കരയിലും കടലിലും ആകാശത്തും യാത്ര ചെയ്യുന്നവരെ സംരക്ഷിക്കണമേ.

രോഗങ്ങളും കഠിനവേദനകളുംമൂലം പരീക്ഷിക്കപ്പെടുകയും അത്യധികം വ്യാകുലപ്പെട്ടിരിക്കുകയും ചെയ്യുന്ന എല്ലാവരെയും അങ്ങ് സഹായിക്കണമേ.

**രണ്ടാമത്തെ പ്രാർത്ഥന:** നമ്മുടെ സഭയുടെ യാമപ്രാർത്ഥനയിലെ നോമ്പുകാല റംശാ പ്രാർത്ഥനയിലെ രണ്ടാം ഭാഗം കാറോസൂസായിലെ രണ്ടു പ്രാർത്ഥനയാണ്.

"സൗഖ്യത്തിന്റെയും കരുണയുടെയും ദൂതനെ അവൻ അവരുടെ പക്കലേക്കയച്ച് അവരെ സന്ദർശിച്ച്, ആരോഗ്യം പ്രദാനം ചെയ്ത് അവരുടെ സമൃദ്ധമായ കാരുണ്യത്താലും കൃപയാലും അവരെ സഹായിച്ച് ആശ്വസിപ്പിക്കട്ടെ."

"ശക്തനും കർത്താവുമായ ദൈവത്തിന്റെ പക്കൽ നിങ്ങൾ നിലവിളിച്ച് അപേക്ഷിക്കുവിൻ. എന്തുകൊണ്ടെന്നാൽ ദൈവം കരുണയുള്ള പിതാവും അനുഗ്രഹവും ദയയും ഉള്ളവനുമാകുന്നു. തന്റെ സൃഷ്ടി നശിച്ചുപോകണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല. പിന്നെയോ, അനുതപിച്ചു തന്റെ പക്കലേക്കു തിരിച്ചുവന്ന് ജീവിക്കണമെന്നാണ് അവൻ ആഗ്രഹിക്കുന്നത്."

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 17.03.2020

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

NB : 17.03.2020-ൽ നൽകപ്പെട്ട സർക്കുലർ.

സർക്കുലർ 265

# കൊറോണ വൈറസ് (കോവിഡ്-19) അതീവ ജാഗ്രത

ലോകത്തെ മുഴുവനും ആശങ്കയിലും പ്രതിസന്ധിയിലും ആക്കിയിരിക്കുന്ന കൊറോണ വൈറസ് കേരളത്തിൽ പ്രാദേശികവ്യാപന (local spreading) ഘട്ടം കടന്ന് അതിമാരകമായ സാമൂഹികവ്യാപന (community spreading) ഘട്ടത്തിലേക്കു പ്രവേശിക്കാതിരിക്കണ മെങ്കിൽ ഈ മണിക്കൂറുകളിൽത്തന്നെ ദൈവാശ്രയം കഴിഞ്ഞാലുള്ള ഏക പ്രതിവിധി നാം അംഗീകരിച്ചേ മതിയാകൂ. ആ പ്രതിവിധിയാണ് സാമൂഹികഅകലം പാലിക്കുക അഥവാ social distancing എന്നത്. സിവിൽ അധികാരികളുടെയും കെ.സി.ബിസി. യുടെയും നിർദ്ദേശങ്ങൾ കണക്കിലെടുത്തും രൂപതാ കേന്ദ്രത്തിൽനിന്നു നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ തുടർച്ചയായും ഇനിയും ഏറെ കരുതലോടെ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ താഴെകൊടുക്കുന്നു.

1. ആളുകളുടെ ഒത്തുചേരൽ വൈറസ് വ്യാപനത്തെ വേഗത്തിലാക്കുന്ന ഈ ഗുരുതരമായ സാഹചര്യത്തിൽ ആളുകൾ ഒത്തുകൂടുവാൻ സാദ്ധ്യതയുള്ള എല്ലാ സമ്മേളന ങ്ങളും പൊതുപരിപാടികളും ഒഴിവാക്കണം. ദൈവജനം ഒന്നുചേർന്ന് അർപ്പിക്കേണ്ട വി. കുർബ്ബാന ഉൾപ്പെടെയുള്ള ആത്മീയശുശ്രൂഷകൾപോലും ഈ നിർദ്ദേശത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നത് അത്യന്തം വേദനാജനകമാണ്. എന്നാൽ നമ്മുടേതല്ലാത്ത കാരണത്താൽ, ദൈവാലയത്തിൽ ദൈവജനം ഒരുമിച്ചുകൂടി വിശുദ്ധ കുർബ്ബാന അർപ്പണം സാദ്ധ്യമല്ലാത്ത ഈ പ്രതിസന്ധിഘട്ടത്തിൽ എല്ലാദിവസ ങ്ങളിലും ഇടവകകളിൽ പതിവുസമയങ്ങളിൽ ബഹു. വൈദികർ വി. കുർബ്ബാന അർപ്പിക്കുകയും വിശ്വാസികൾ ആ സമയത്ത് ഭവനങ്ങളിലായിരുന്നുകൊണ്ട് ആത്മീയമായി

വിശുദ്ധ കുർബ്ബാനയിൽ പങ്കുചേരുകയും ചെയ്യേണ്ടതാണ്. ഇപ്രകാരം നല്ല ഒരുക്കത്തോടും ആഗ്രഹത്തോടുംകൂടി വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുമ്പോൾ അരൂപിക്കടുത്ത ദിവ്യകാരുണ്യം സ്വീകരിക്കുവാനും കഴിയും. സിവിൽ അധികാരികളുടെ കർശനനിർദ്ദേശം ഗൗരവമായി കണക്കിലെടുത്ത് നിലവിലുള്ള സമയക്രമങ്ങൾ അനുസരിച്ച് ദൈവാലയത്തിൽ അർപ്പിക്കപ്പെടുന്ന ഓരോ വിശുദ്ധ കുർബ്ബാനയിലും നേരിട്ടു പങ്കെടുക്കുന്നവരുടെ എണ്ണം ഇരുപതിനോടടുത്തു പരിമിതപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

2. കുടുംബാംഗങ്ങൾക്ക് ഒരുമിച്ചിരുന്ന് ഓൺലൈനായി (ഈ ശനിയാഴ്ചമുതൽ 21 March 2020) വി. കുർബ്ബാനയിൽ പങ്കെടുക്കുവാനായി രൂപതയിൽ ചെയ്തുവരുന്ന ക്രമീകരണങ്ങൾ ഇപ്രകാരമാണ്. Online Live Qurbana Timings: Ordinary Days - 05.30 am, 06.30 am & 05.00 p.m; On Sundays - 05.30 am, 07.00 am, 09.00 am, 11.00 am & 04.30 pm in Palai Roopatha Official – You Tube Channel & Palai Diocese – Face Book Page.

3. 17.03.2020 ലെ സർക്കുലർ 264-ൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ വീടിനുള്ളിലെ സഭയെ ശക്തിപ്പെടുത്തുന്നതിനുള്ള അവസരമാക്കി ഈ നാളുകളെ നാം ഫലപ്രദമായി ഉപയോഗിക്കണം. കുടുംബസഭയും കുടുംബകാറ്റക്കേസ്സിസും കുടുംബഡയലോഗും പരിശീലിക്കേണ്ട കാലമാണിത്.

4. ഈ ദിവസങ്ങളിൽ യാമപ്രാർത്ഥനകൾ പ്രത്യേകിച്ച് റംശാ (സായാഹ്നപ്രാർത്ഥന) കുടുംബാംഗങ്ങൾ ഒത്തൊരുമിച്ചു ചൊല്ലുവാൻ ശ്രദ്ധിക്കണം. റംശാ പ്രാർത്ഥന എല്ലാ ദിവസവും വൈകിട്ട് 06.00-ന് Palai Roopatha Official – You Tube Channel & Palai Diocese - Face Book Page-ൽനിന്ന് ലഭിക്കുന്നതാണ്. യാമപ്രാർത്ഥന ലഭിക്കാൻ Syro Malabar Yamaprarthanakal എന്ന Application സന്ദർശിക്കുക) കൂടാതെ ജപമാല, കരുണക്കൊന്ത, കുരിശിന്റെ വഴി തുടങ്ങിയ ഭക്താഭ്യാസങ്ങൾക്കുള്ള അവസരംകൂടിയാണിത്. കുടുംബാംഗങ്ങൾ ഒന്നു ചേർന്നും വ്യക്തിപരമായും തിരുവചനം വായിക്കുകയും പഠിക്കുകയും ചെയ്യണം.

5. വ്യക്തികളായി വന്നു പ്രാർത്ഥിക്കുന്നതിനുള്ള സൗകര്യം ആളുകൾക്കു നൽകാൻ എല്ലാ ദൈവാലയങ്ങളും പതിവുപോലെ തുറന്നിടേണ്ടതാണ്.

6. രോഗീസന്ദർശനം സഭ നിഷ്കർഷിക്കുന്ന വലിയ കാരുണ്യപ്രവൃത്തിയാണെങ്കിലും ഇന്നത്തെ സാഹചര്യത്തിൽ ആശുപത്രികളിലും വീടുകളിലുമെത്തി രോഗികളെ സന്ദർശിക്കാതിരിക്കുക എന്നത് നമ്മുടെ ജാഗ്രതയുടെ ഭാഗമാണ്. എന്നാൽ രോഗീശുശ്രൂഷ ഉത്തരവാദിത്വപ്പെട്ടവർ അതീവ താത്പര്യത്തോടെയും അർഹിക്കുന്ന കരുതലോടെയും നിർവ്വഹിക്കേണ്ടതാണ്. അനുരഞ്ജന കൂദാശയും, ദിവ്യകാരുണ്യവും രോഗീലേപനവും അടിയന്തരമായി നൽകേണ്ടതായിവരുന്ന സാഹചര്യങ്ങളിൽ വേണ്ടത്ര മുൻ കരുതലുകൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

7. മൃതസംസ്കാരം ഉൾപ്പെടെയുള്ള കർമ്മങ്ങളിൽ പങ്കെടുക്കുന്ന ആളുകളുടെ എണ്ണം തൊട്ടടുത്ത ബന്ധുക്കളിൽ മാത്രം പരിമിതപ്പെടുത്തേണ്ടതാണ്.

8. പതിനഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികളും അറുപതു വയസ്സിനു മുകളിലുള്ള മുതിർന്നവരും ഏതെങ്കിലും തരത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾ ഉള്ളവരും ഭവനത്തിൽ തന്നെയായിരിക്കുവാൻ ശ്രദ്ധിക്കണം.

9. രൂപതാകാര്യാലയത്തിലും ഷലോം പാസ്റ്ററൽ സെന്റർ ഉൾപ്പെടെയുള്ള അനുബന്ധ ഓഫീസുകളിലും ഒഴിവാക്കാൻ സാധിക്കാത്ത ഔദ്യോഗിക ആവശ്യങ്ങൾക്കായി മാത്രം എത്താവുന്നതാണ്.

പ്രിയ സഹോദരങ്ങളേ,

ഈ ദിവസങ്ങളിലെല്ലാം പരസ്പരമുള്ള പ്രാർത്ഥനയിൽ നാം ഒന്നുചേരുകയായിരുന്നു. പ്രത്യേകിച്ച് മാർ യൗസേപ്പ് പിതാവിന്റെ മരണത്തിരുനാളിനോടനുബന്ധിച്ച് രണ്ടുദിനങ്ങളിൽ ഞാൻ പൂർണ്ണമായും ധ്യാനത്തിലും ദൈവാരാധനയിലും ആയിരുന്നുകൊണ്ട് നിങ്ങളെല്ലാവരെയും ഓർത്ത്

പ്രാർത്ഥിച്ചു. അത്യുന്നതന്റെ സംരക്ഷണമുള്ളവനും ദൈവത്തിന്റെ തണലിൽ ജീവിക്കുന്നവനും ഭാഗ്യവാനാകുന്നു (സങ്കീ:91/1) എന്ന് പ്രഘോഷിക്കുന്ന സങ്കീർത്തകനോടു ചേർന്ന് നാമും ഏറ്റുപറയുന്നു: അവിടുന്നാണ് നമ്മുടെ ആശ്രയവും സങ്കേതവും. തിരുക്കുടുംബത്തിന്റെ കാവൽക്കാരനും സഭയുടെ സംരക്ഷകനുമായ മാർ യൗസേപ്പ് പിതാവിന്റെ പരിപാലനത്തിനും മാദ്ധ്യസ്ഥത്തിനും നിങ്ങളേവരെയും സമർപ്പിച്ചുകൊണ്ട്,

മെത്രാസനമന്ദിരം
പാലാ, 19.03.2020

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB: നിലവിലുള്ള സാഹചര്യത്തിൽ സ്വീകരിക്കേണ്ട, മുകളിൽ നൽകിയ താത്കാലിക ക്രമീകരണങ്ങൾ 2020 മാർച്ച് 31 വരെ മാത്രമുള്ളതായിരിക്കും. ഇടവകാംഗങ്ങളെ അറിയിക്കുന്നതിനായി 19.3.2020 ൽ നൽകപ്പെട്ട സർക്കുലർ.

സർക്കുലർ - 266

# Lockdown ദിനങ്ങളിൽ ശ്രദ്ധിക്കാം

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരങ്ങളേ,

അനിശ്ചിതത്വത്തിന്റെ ദിവസങ്ങളാണ് നമ്മുടെ മുമ്പിലുള്ളത്. സാധിക്കുന്ന വിധത്തിലെല്ലാം നമ്മുടെ സഹോദരങ്ങളിലേക്ക് നമ്മുടെ ശുശ്രൂഷകൾ എത്തിക്കണമെന്ന് രൂപതയിലെ എല്ലാ ബഹു. വൈദികരോടും സമർപ്പിതരോടും അല്മായ സഹോദരങ്ങളോടും ഞാൻ അഭ്യർത്ഥിക്കുകയാണ്. മറ്റുള്ളവരുടെ ഭൗതികാവശ്യങ്ങൾ നമ്മുടെ ആത്മീയ ഉത്തരവാദിത്വമായി ഏറ്റെടുക്കണം. ദൈവത്തെ ശുശ്രൂഷിക്കുന്നതും മനുഷ്യനെ ശുശ്രൂഷിക്കുന്നതും തമ്മിൽ അവിഭാജ്യമായ ബന്ധമുണ്ട്. അവ തമ്മിലുള്ള അകൽച്ച രണ്ടു ശുശ്രൂഷകളെയും നിർവീര്യമാക്കും; ഗുണമേന്മയില്ലാത്തതാക്കും. ഒരു മനുഷ്യന്റെ വീട്ടിനുള്ളിലെ ദാരിദ്ര്യം 50 പകർച്ചവ്യാധികളെക്കാൾ ഭയാനകമാണ് എന്നൊരു പഴഞ്ചൊല്ലുണ്ട്. ഒരു ഭവനത്തിൽ ഭക്ഷണമില്ലെങ്കിൽ ദൈവവചനവുമില്ല എന്ന ചൊല്ലും നമ്മൾ മറക്കരുത്. ഒരു സമൂഹത്തിന്റെ മഹിമ അവിടെയുള്ള വയോധികരെയും വിധവകളെയും അനാഥരെയും ദരിദ്രരെയും ബലഹീനരെയും എങ്ങനെ ശ്രദ്ധിക്കുന്നു എന്നതിന്റെ തോതനുസരിച്ചാണ്. ഒരു സംസ്കാരം നിലനിൽക്കുന്നത് ശക്തികൊണ്ടും അധികാരംകൊണ്ടുമല്ല, ദരിദ്രരോടും ശക്തിഹീനരോടുമുള്ള പരിഗണനമൂലമാണ്. What renders a culture invulnerable is the compassion it shows to the vulnerable.

രണ്ടു കാര്യങ്ങളെക്കുറിച്ചാണ് ഓർമ്മപ്പെടുത്താനുള്ളത്: 1. ഭക്ഷണം 2. മരുന്ന്. ഭക്ഷണത്തെക്കുറിച്ചാണ് ഇന്ന് ഓർമ്മിപ്പിക്കാനുള്ളത്. വരുന്ന ആഴ്ചകളിൽ ഭക്ഷണദൗർലഭ്യം വന്നേക്കാം. സർക്കാർ ഭക്ഷണക്കിറ്റുകൾ വിതരണം ചെയ്യുമെങ്കിലും പലയിടത്തും ഇപ്പോൾതന്നെ പ്രതിസന്ധികളുണ്ട്. സാമ്പ

ത്തികഭദ്രതയുള്ളവർ ഒരു മാസത്തേക്കെങ്കിലുമുള്ളത് വീടുകളിൽ കരുതിയിട്ടുണ്ടാവാം. നമ്മുടെ രൂപതയിൽ ദിവസക്കൂലിക്കാർ, ചെറുകിട കർഷകർ, ടാപ്പിംഗ് തൊഴിലാളികൾ, ലോട്ടറി വില്പനക്കാർ, നടന്നു കച്ചവടം ചെയ്യുന്നവർ, അതിഥിത്തൊഴിലാളികൾ എന്നിവർ ധാരാളമുണ്ട്. കടകളിൽപ്പോയി സാധനങ്ങൾ വാങ്ങിക്കാൻ പറ്റാത്തവരും സ്വന്തമായി പാചകം ചെയ്യാൻ സാധിക്കാത്തവരുമായി നിരവധി കുടുംബങ്ങൾ കണ്ടേക്കാം. കൂടാതെ രൂപതയ്ക്കുള്ളിൽ അനേകം care home കളുമുണ്ട്. ഒരു നല്ല സംഖ്യ ആളുകൾ അവിടങ്ങളിൽ പാർക്കുന്നുണ്ട്. മേൽപ്പറഞ്ഞ വിഭാഗക്കാർക്കെല്ലാം അത്യാവശ്യത്തിനുള്ള ഭക്ഷ്യവിഭവങ്ങൾ ലഭിക്കുന്നുണ്ട് എന്ന് ബഹു. വൈദികരും സമർപ്പിതരും ഉറപ്പുവരുത്തണം. ഓരോ ഇടവകയും അതാത് ഇടവകയിലുള്ള ആവശ്യക്കാർ ആരൊക്കെയാണെന്ന് അന്വേഷിച്ചു കണ്ടെത്തണം. പട്ടിണിയും വൈദ്യസഹായക്കുറവുംമൂലം ഒരു ജീവൻപോലും നഷ്ടപ്പെടാൻ ഇടയാകരുത്. നമ്മുടെ രൂപതാതിർത്തിക്കുള്ളിൽ ഈ lockdown കാലത്ത് വിശന്നിരിക്കുന്നവരായി ആരും ഉണ്ടാകരുത്. നമ്മുടെ രൂപത കാർഷികമേഖലയും മലയോര പ്രദേശവുമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. വലിയ പട്ടണങ്ങളുടെ സൗകര്യങ്ങൾ ഒന്നുംതന്നെ നമുക്കില്ല. മേൽപ്പറഞ്ഞ ശുശ്രൂഷകൾക്ക് ആവശ്യമായ തുക ഇടവകകളിൽനിന്നും സന്ന്യാസഭവനങ്ങളിൽനിന്നും സാധിക്കുന്നതുപോലെ കണ്ടെത്തണം. ഏതെങ്കിലും ഇടവകകൾക്ക് അതു സാധിക്കാതെവന്നാൽ രൂപതാകേന്ദ്രത്തെ അറിയിക്കണം. സാമ്പത്തികഭദ്രതയുള്ള അല്മായർ ഇക്കാര്യത്തിൽ ബഹു. വികാരിമാരോട് ഉദാരമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളുടെ നേതൃത്വത്തിലുള്ള കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനങ്ങൾക്കു സാധ്യമായ സഹകരണം നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാവണം. നമ്മുടെ രൂപതയിലെ സ്ഥാപനങ്ങളിലെ

അടുക്കളകളും ഹാളുകളും ആവശ്യാനുസരണം കമ്മ്യൂണിറ്റി കിച്ചണുകൾക്കുവേണ്ടി വിട്ടുനൽകേണ്ടതാണ്. നമ്മുടെ രൂപതയിലെ ചൂണ്ടച്ചേരിയിലുള്ള St. Joseph's Hotel Management Institute - ഉം S.M.Y.M - ഉം P.S.W.S - ഉം വിഭവങ്ങൾ വിതരണം ചെയ്യുന്നതിൽ പോലീസ് മേധാവികളുടെ അനുവാദത്തോടെ വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. സർക്കാരിന്റെ 'സന്നദ്ധം' എന്ന വെബ്പോർട്ടൽവഴി 22 മുതൽ 40 വരെ പ്രായമുള്ള യുവാക്കൾക്ക് സന്നദ്ധസേനയിൽ പങ്കാളികളാകാൻ അവസരമൊരുക്കിയിട്ടുണ്ട്. നിരവധി യുവാക്കൾ ഇപ്പോൾത്തന്നെ ഈ പ്രതിസന്ധിഘട്ടത്തിൽ സ്വയം സന്നദ്ധത പ്രകടിപ്പിച്ച് മുന്നോട്ടുവന്നിട്ടുണ്ട്. S.M.Y.M - K.C.Y.M പ്രവർത്തകർ അതാത് സ്ഥലങ്ങളിൽ ഗവൺമെന്റിന്റെ നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് ആവശ്യമായ മുൻകരുതലുകളോടുകൂടി പോലീസിനോടും ജനപ്രതിനിധികളോടും ചേർന്നും ആരോഗ്യകേന്ദ്രങ്ങളുമായി ബന്ധപ്പെട്ടും രംഗത്തിറങ്ങുമല്ലോ.

അടിയന്തരഘട്ടം വന്നാൽ നമ്മുടെ രൂപതയിലെ ഇടവകകളുടെയും ഹോസ്റ്റലുകളുടെയും മറ്റു സ്ഥാപനങ്ങളുടെയും സംവിധാനങ്ങൾ രൂപതാകേന്ദ്രത്തിന്റെ അറിവോടെ ഗവൺമെന്റിന്റെ ക്രമീകരണങ്ങൾക്കായി ഉപയോഗപ്പെടുത്തി നമുക്ക് സഹകരിക്കാം. മദ്യാസക്തിയുടെയും മറ്റു ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിന്റെയും പ്രശ്നങ്ങൾ നേരിടുന്ന വ്യക്തികൾക്കും അവരുടെ കുടുംബങ്ങൾക്കും നമ്മുടെ രൂപതയിലെ ലഹരിവിമുക്ത ചികിത്സാകേന്ദ്രമായ ADARRT ന്റെ സഹായസഹകരണങ്ങൾ ലഭ്യമാണ്. അത്യാവശ്യഘട്ടത്തിൽ സാന്ത്വന കൗൺസലിങ് സെന്ററിന്റെ സേവനം ലഭ്യമാണ്. മാസ്കുകൾ, ഹാൻഡ് വാഷ്, ലോഷൻ, സാനിറ്റൈസർ തുടങ്ങിയവ നിർമ്മിക്കാൻ സാധ്യമായ ക്രമീകരണങ്ങൾ സംഘടനകളുടെയോ വ്യക്തികളുടെയോ നേതൃത്വത്തിൽ P.S.W.S ന്റെ സഹകരണത്തോടുകൂടി ഇടവകകളിൽ ചെയ്യുന്നതു നല്ലതാണ്. സംവിധാനമുള്ള പള്ളികളിൽ ആവശ്യമായ സ്വരത്തിൽ

ഇടയ്ക്കിടെ കൊറോണാ ബോധവത്കരണം നടത്തുന്നത് നല്ല താണ്.

പ്രായമായവരുടെയും രോഗികളുടെയും കുഞ്ഞുങ്ങളു ടെയും കാര്യത്തിൽ കൂടുതൽ ശ്രദ്ധ ആവശ്യമുണ്ട്. അവശ്യ സാധനങ്ങൾ വാങ്ങിക്കാനും മരുന്നിനും മറ്റുമല്ലാതെ ആരോ ഗ്യമുള്ളവർപോലും പുറത്തിറങ്ങാതെ നോക്കണം. ഒഴിവാക്കാ നാവാത്ത കാരണങ്ങളാൽ പുറത്തിറങ്ങിയാൽത്തന്നെ, അധികദൂരം പോകാതെയും ആൾക്കൂട്ടത്തിൽ പെടാതെയും പ്രത്യേകം ശ്രദ്ധിക്കണം. സർക്കാരിന്റെ നിർദ്ദേശങ്ങൾ കാർക്ക ശ്യത്തോടെ പാലിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. രൂപതയിലെ ആശുപത്രികളുടെ സഹായരീതികൾ അടുത്ത ദിവസം അറി യിക്കുന്നതാണ്. വൈദികരും സന്ന്യസ്തരും ഈ ദിവസങ്ങ ളിൽ എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. കുടുംബങ്ങ ളിൽ കാര്യക്ഷമമായി സമയം ചെലവഴിക്കുന്നതിന് കൃഷികാ ര്യങ്ങളിലും മറ്റും കൂടുതൽ ശ്രദ്ധിക്കുന്നതിനും നന്നായി പ്രാർത്ഥിക്കുന്നതിനും വചനം വായിക്കുന്നതിനും ശ്രമിക്കു മല്ലോ. ഒരു കുടുംബമായി നമുക്ക് ഏവർക്കും ഒറ്റക്കെട്ടായി ഈ പ്രതിസന്ധിഘട്ടത്തെ അതിജീവിക്കാം.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 30.03. 2020

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

NB: 30.3.2020 –ൽ നൽകപ്പെട്ട സർക്കുലർ.

സർക്കുലർ-267

# പാലാ രൂപതയ്ക്കുള്ളിലെ ആശുപത്രികളോട്

മിശിഹായിൽ സ്നേഹം നിറഞ്ഞ ബഹുമാനപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

2020 മാർച്ച് 30-ന് നല്കപ്പെട്ട സർക്കുലർ 266 പ്രകാരം രണ്ടു കാര്യങ്ങളെക്കുറിച്ച് ഓർമ്മപ്പെടുത്തുന്നുവെന്ന് ഞാൻ സൂചിപ്പിച്ചിരുന്നല്ലോ. അതിൽ രണ്ടാമത്തെക്കാര്യമായി നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത് മരുന്നിനെ സംബന്ധിച്ചാണ്. ആശുപത്രികളുടെ നടത്തിപ്പ് പൊതുവിൽ വിഷമമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. വളരെ അപ്രതീക്ഷിതമായ ഒരു സാഹചര്യം ലോകത്തിൽ അതിവേഗം കൊറോണ (കോവിഡ് 19) വഴി സംജാതമായിരിക്കുകയാണല്ലോ. എങ്കിലും, ഭയമോ ആശങ്കയോ കൂടാതെ എല്ലാ ഡോക്ടർമാരും നഴ്സുമാരും സജീവമായിട്ട് താന്താങ്ങളുടെ ശുശ്രൂഷാമണ്ഡലങ്ങളിൽ പ്രവർത്തിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. “വൈദ്യനെ ബഹുമാനിക്കുക, നിനക്ക് അവനെ ആവശ്യമുണ്ട്; കർത്താവാണ് അവനെ നിയോഗിക്കുന്നത്. വൈദ്യന്റെ ജ്ഞാനം അത്യുന്നതത്തിൽനിന്നു വരുന്നു. വൈദ്യന്റെ വൈഭവം അവനെ ഉന്നതനാക്കുന്നു... കർത്താവ് ഭൂമിയിൽനിന്ന് ഔഷധങ്ങൾ സൃഷ്ടിച്ചു. ബുദ്ധിയുള്ളവൻ അവയെ അവഗണിക്കുകയില്ല” (പ്രഭാ. 38:1-4). വൈദ്യനും വൈദ്യശാസ്ത്രവും വൈദ്യശുശ്രൂഷയും ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട മേഖലകളാണല്ലോ. നിങ്ങളുടെ ജീവനും എല്ലാ അർത്ഥത്തിലും സംരക്ഷിക്കപ്പെടേണ്ടതാണ്. നിങ്ങളുടെ ആരോഗ്യമാണ് ഈ നാളുകളിൽ ഏറ്റം പ്രധാനം. എങ്കിൽ മാത്രമേ മറ്റുള്ളവരെ ശുശ്രൂഷിക്കാൻ നിങ്ങൾക്കു കഴിയൂ.

എല്ലാ രോഗങ്ങളെയും നമുക്ക് ഭേദമാക്കാൻ സാധിക്കുകയില്ലെങ്കിലും എല്ലാ രോഗികളെയും ശുശ്രൂഷിക്കുവാൻ

നമുക്ക് മനസ്സുണ്ടാകണം. ഒരു ആശുപത്രി ശക്തിയുള്ളതാകുന്നത് രോഗികളെ അതു നെഞ്ചിലേറ്റുമ്പോഴാണ്. ഓരോ വ്യക്തിക്കും ശാരീരികം, മാനസികം, ആത്മീയം എന്നീ തലങ്ങളുണ്ട്. ആ കാരണത്താൽ ഓരോ ഡോക്ടറും നഴ്സും നല്ല വിദ്യാഭ്യാസപ്രവർത്തകൻകൂടിയാകണം. ഉള്ളിൽനിന്ന് പഠിപ്പിക്കുന്ന വൈദ്യന്മാർ (magister interior) എന്ന സമഗ്രതലത്തിലേക്ക് ഉയരണം. അപ്പോഴാണ് മറ്റുള്ളവരുടെ മുറിവുകളെ സ്പർശിക്കാൻ സാധിക്കുന്നത്. കരങ്ങൾകൊണ്ട് എന്നതിനേക്കാൾ ഹൃദയംകൊണ്ട് നടത്തേണ്ട ഒരു സേവനമാണ് ഡോക്ടർമാരുടെയും നഴ്സുമാരുടെയും. മുറിവേറ്റു വഴിയിൽ കിടന്നവനെ പരിചരിച്ച നല്ല സമരിയാക്കാരനെ നാം കാണാതെപോകരുത്. തോമ്മാശ്ലീഹാ സ്പർശിച്ചത് ഈശോയുടെ മുറിവുകളെയാണ്. അപ്പോൾ ഉണർവിന്റെ, ഉത്ഥാനത്തിന്റെ വലിയ ലോകം തോമ്മായ്ക്കു ബോധ്യമായി. മരണാസന്നരെയും മരണമടയുന്നവരെയും ശുശ്രൂഷിക്കുമ്പോഴാണ് നമ്മൾ അമർത്യരാകുന്നത്. മരണനിരക്ക് ഓരോ നിമിഷവും ഉയരുന്ന ഈ നാളുകളിൽ നിങ്ങളുടെ ധൈര്യവും സന്മനസ്സും ആത്മീയതയുമാണ് ജീവന്റെ ഔഷധമായി നില്ക്കേണ്ടത്. ഈശോ പത്രോസിനോടു പറഞ്ഞല്ലോ; 'നിന്റെ ചിന്ത വെറും മാനുഷികമാണ്' (മത്തായി 16:23). ഇപ്പോൾ നമുക്ക് വെറും മാനുഷികചിന്തകൾ പോരാ. നമ്മുടെ ചിന്തകൾ ദൈവികമാകണം. നമ്മുടെ സ്വാഭാവിക ചിന്തകളിൽ ഒരു re-thinking നടത്തുമ്പോൾ അത് ദൈവികമായിക്കൊള്ളും. ദൈവികമായ ഈ മാനുഷികത നമ്മുടെ എല്ലാ മെഡിക്കൽ ശുശ്രൂഷകളിലും ഇപ്പോൾ കാണിക്കണം.

നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന ആശുപത്രികളായ മാർ സ്ലീവാ മെഡിസിറ്റി - പാലാ, ഹോളി ഗോസ്റ്റ് - മുട്ടുച്ചിറ, മരിയൻ മെഡിക്കൽ സെന്റർ- അരുണാപുരം, കാർമ്മൽ മെഡിക്കൽ സെന്റർ - കിഴതടിയൂർ, ദേവമാതാ - കൂത്താട്ടുകുളം, മേരിഗിരി - ഭരണങ്ങാനം, ബിഷപ് വയലിൽ - മൂല

മറ്റം, മാർ കാവുകാട്ട് - പ്രവിത്താനം, ഫാത്തിമ മിഷൻ - കൊഴുവനാൽ, റാണിഗിരി - തുടങ്ങനാട്, എസ്.എച്ച് - ചക്കാമ്പുഴ, സെന്റ് വിൻസെന്റ് - കുറവിലങ്ങാട്, സെന്റ് ജോർജ്ജ് - മാൻവെട്ടം, സെന്റ് ജോർജ്ജ് മൗണ്ട് - വയല എന്നിവയ്ക്കെല്ലാം ഒരു പുനർവിചാരമുണ്ടാകട്ടെ. ഹൃദയംകൊണ്ടുള്ള ഈ ചികിത്സയ്ക്ക് ഒരു പുത്തൻ നോട്ടവും ഒരു പുത്തൻ സ്പർശവും ഉണ്ടാകട്ടെ. Caritas numquam excidit - "സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല" (1 കോറി. 13:8).

പാലാ രൂപത നേരിട്ടു നടത്തുന്ന ചേർപ്പുങ്കൽ, മുട്ടുചിറ ആശുപത്രികളിൽ ഇപ്പോൾ നടത്തുന്ന ക്രമീകരണങ്ങൾ:

## Mar Sleeva Medicity Pala, Cherpunkal

1. ആശുപത്രിയിൽ വരുന്ന രോഗികളെ ഇൻഫ്രാറെഡ് തെർമോമീറ്റർ ഉപയോഗിച്ച് പരിശോധിച്ച് പനി ഉണ്ടെന്നു കണ്ടെത്തിയാൽ പ്രത്യേകം തയാറാക്കിയിരിക്കുന്ന ഫീവർ ക്ലിനിക്കിൽ വച്ച് വളരെ വേഗം പരിശോധിക്കുന്നതാണ്.
2. കോവിഡ് 19 നേരിടാനും പ്രതിരോധിക്കാനും നമ്മൾ ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെ എന്നതിനെക്കുറിച്ച് വീഡിയോകൾ തയാറാക്കി സാമൂഹികമാധ്യമങ്ങളിലൂടെ നല്കിക്കൊണ്ടിരിക്കുന്നു.
3. ആശുപത്രിയിൽ പ്രവേശിക്കുന്നതിനു മുമ്പും ശേഷവും കൈ കഴുകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി.
4. പനി, ചുമ എന്നീ രോഗങ്ങളുമായി ആരെങ്കിലും ആശുപത്രി സന്ദർശിച്ചാൽ അവർക്ക് മാസ്കുകൾ വിതരണം ചെയ്യുന്നു.
5. സ്റ്റാഫിന് ഏത് അടിയന്തര സാഹചര്യവും കൈകാര്യം ചെയ്യാൻ കഴിയത്തക്കരീതിയിൽ പരിശീലനം നല്കുകയും ഒന്നിടവിട്ട് ആഴ്ചകളിൽ ജോലി ചെയ്യത്തക്ക രീതിയിൽ അവരുടെ ഡ്യൂട്ടി സമയം ക്രമീകരിക്കുകയും ചെയ്തു. ആവശ്യമുള്ള സ്റ്റാഫിന് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തി.

6 ഒ.പി. പേഷ്യന്റ്സിന്റെകൂടെ ആശുപത്രി സന്ദർശിക്കാവുന്നവരുടെ എണ്ണം ഒന്ന് എന്ന് നിജപ്പെടുത്തി.

7. അഡ്മിറ്റായ രോഗികളെ മറ്റുള്ളവർ സന്ദർശിക്കുന്നത് ഒഴിവാക്കാൻ വേണ്ട ക്രമീകരണം ചെയ്തു.

8. രോഗികളെ തിരിച്ച് വീടുകളിൽ എത്തിക്കുന്നതിനു സൗകര്യം ഏർപ്പെടുത്തി.

9. ആശുപത്രിയിലെത്തുന്നതിന് ആംബുലൻസ് സേവനം 15 കിലോമീറ്ററിനുള്ളിൽ സൗജന്യമായി നല്കുന്നു.

10. ഒ.പി., ഐ.പി., എമർജൻസി വിഭാഗങ്ങൾ സാധാരണ പോലെ തുറന്നു പ്രവർത്തിക്കുന്നു.

11. ആശുപത്രിയിൽ വരുന്നവരുടെ സുരക്ഷയ്ക്കുവേണ്ടി എല്ലാവരിൽനിന്നും ഓരോരുത്തരും നടത്തിയ യാത്രകളെക്കുറിച്ചും രോഗലക്ഷണങ്ങളെക്കുറിച്ചുമുള്ള സത്യവാങ്മൂലം എഴുതിവാങ്ങിക്കുന്നു.

12. സ്റ്റാഫ് ഉൾപ്പെടെ എല്ലാവരുടെയും ടെംപറേച്ചർ പരിശോധിക്കുന്നു.

13. എല്ലാ ദിവസവും കൊറോണ രോഗശമനത്തിനു പ്രത്യേക പ്രാർത്ഥന നടത്തുന്നു.

14. ജനമൈത്രി പോലീസിന് മാസ്കുകൾ വിതരണം ചെയ്തു.

15. കോവിഡ് വൈറസ് പ്രതിരോധിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ അനൗൺസ്മെന്റ് ആയി നല്കുന്നു.

16. ഇൻഫക്ഷൻ കൺട്രോൾ ടീമിന്റെ നേതൃത്വത്തിൽ എല്ലാ ദിവസവും അവലോകനം നടത്തി ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നു.

17. രോഗഭീതിയുള്ളവർക്ക് കൗൺസിലിംഗ് സഹായം നല്കുന്നു.

18. ആശുപത്രിയിൽ വരാൻ സാധിക്കാത്തവർക്ക് ഫോണിൽ ഡോക്ടറുമായി സംസാരിക്കാൻ ടെലിമെഡിസിൻ സംവി

ധാനവും ആവശ്യക്കാർക്ക് മരുന്ന് വീടുകളിൽ എത്തിക്കുന്നതിനായി ടെലിഫാർമസി സംവിധാനവും ഏർപ്പെടുത്തി.

## HGM Hospital Muttuchira

1. Break the chain പരിപാടിയുടെ വിജയത്തിനുവേണ്ട എല്ലാ ക്രമീകരണവും ചെയ്യുന്നു. (റിസപ്ഷൻ, കാഷ്വാലിറ്റി എന്നീ സ്ഥലങ്ങളിൽ പ്രത്യേകിച്ച്).
2. ഇടയ്ക്കിടെ ബോധവത്കരണ അനൗൺസ്മെന്റ് നടത്തുന്നു.
3. ആശുപത്രിയിൽ സാമൂഹിക അകലം പാലിക്കാൻ ഉതകുന്ന വിധം സീറ്റ് ക്രമീകരിച്ചിരിക്കുന്നു. സന്ദർശകരെ ഒഴിവാക്കുന്നു.
4. ആശുപത്രിയിൽ വരുന്ന എല്ലാവരെയും ഇൻഫ്രാ റെഡ് തെർമോമീറ്റർ ഉപയോഗിച്ച് പരിശോധിച്ച് രോഗലക്ഷണം ഉള്ളവരെ ക്വിക് ഫീവർ ക്ലിനിക്കിലേക്കു വിടുന്നു.
5. എല്ലാ നഴ്സുമാർക്കും പ്രത്യേക പരിശീലനം നല്കി.
6. പൊതുജന സുരക്ഷയ്ക്കായി പ്രവർത്തിക്കുന്ന പോലീസിനു മാസ്ക്, ഗ്ലൗസ് എന്നിവ വിതരണം ചെയ്തു.

**കോവിഡ് 19 – രോഗലക്ഷണങ്ങൾ**

1. പനി 2. പനിയോടുകൂടിയ തലവേദന 3. തൊണ്ടവേദന 4. ചുമ 5. ശ്വാസംമുട്ടൽ

**ജാഗ്രത പാലിക്കേണ്ടത്**

നമ്മൾ പ്രത്യേകിച്ചും ജാഗ്രത പാലിക്കേണ്ടത് ഏതുതരം രോഗികളിൽ:

1. പുറംരാജ്യങ്ങളിൽനിന്ന് ഒരു മാസത്തിനുള്ളിൽ നാട്ടിൽ വന്നു ചേർന്നവർ
2. പുറംരാജ്യങ്ങളിൽനിന്ന് വന്നവരുടെകൂടെ താമസിക്കുന്നവർ
3. പുറംരാജ്യങ്ങളിൽനിന്നു വന്നവരുമായി സമ്പർക്കം പുലർത്തിയിട്ടുള്ളവർ
4. കോവിഡ് 19 സ്ഥിരീകരിക്കപ്പെട്ട രോഗികളുമായി കഴിഞ്ഞ പത്തു ദിവസത്തിനുള്ളിൽ സമ്പർക്കം പുലർത്തിയിട്ടുള്ളവർ.

5. കോവിഡ് 19 ബാധിതമായ സ്ഥലങ്ങളിൽനിന്ന് യാത്ര ചെയ്തു വന്നവർ.


രോഗലക്ഷണങ്ങളുടെ കാഠിന്യം അനുസരിച്ച് കൊടുക്കേണ്ട ചികിത്സയും വൈദ്യസഹായവും സ്പെഷ്യലിസ്റ്റുകൾ തീരുമാനിക്കുന്നതാണ്.

ആശുപത്രികളിൽ വേണ്ട മുൻകരുതലുകൾ എടുക്കുകയും ഓരോ ഘട്ടത്തിലും രോഗിയുടെ ശുശ്രൂഷയിൽ ഏർപ്പെടുന്ന ഡോക്ടർമാർ, നഴ്സുമാർ എന്നിവരൊക്കെ പേഴ്സനൽ പ്രൊട്ടക്ടീവ് എക്യുപ്മെന്റ് (Personal Protective Equipment, PPE) ധരിക്കുകയും ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം ബാക്കിയുള്ള രോഗികൾക്ക് ഈ അണുബാധ പടരുവാനുള്ള സാധ്യത കൂടും.

ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള എല്ലാ നിയന്ത്രണങ്ങളും പാലിക്കാൻ പൊതുജനങ്ങൾ ബാധ്യസ്ഥരാണ്. അത്യാവശ്യമെങ്കിൽ മാത്രം അവർ ആശുപത്രിയിൽ വരിക. അല്ലെങ്കിൽ ടെലിമെഡിസിനും ടെലിഫാർമസിയും ഉപയോഗിക്കാവുന്നതാണ്.

ഈ പ്രതിസന്ധിഘട്ടത്തിൽ നാടിനും ദേശത്തിനും വേണ്ടി നിലകൊള്ളുന്ന എല്ലാ ഡോക്ടേഴ്സിനെയും നഴ്സുമാരെയും സന്നദ്ധപ്രവർത്തകരെയും പ്രത്യേകം ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും എല്ലാവിധ സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,



മെത്രാസനമന്ദിരം

പാലാ, 30.04.2020

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ രൂപതാ മെത്രാൻ

NB: ഈ സർക്കുലർ എത്രയുംവേഗം ഉചിതമായ സാമൂഹിക മാധ്യമങ്ങളിലൂടെയും മറ്റ് സംവിധാനങ്ങളിലൂടെയും നമ്മുടെ ജനങ്ങളെ അറിയിക്കുവാനായി 30.04.2020-ൽ നൽകപ്പെട്ടതാണ്.

സർക്കുലർ - 268

# പീഡാനുഭവ വാരവും ഉയിർപ്പുതിരുനാളും

മിശിഹായിൽ സ്നേഹം നിറഞ്ഞ ബഹുമാനപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

പീഡാനുഭവ ആഴ്ചയിലേക്കു നാം പ്രവേശിക്കുകയാണല്ലോ. ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ ജനപങ്കാളിത്തത്തോടുകൂടിയ തിരുക്കർമ്മങ്ങൾ പാടില്ല എന്ന് അറിയാമല്ലോ. ഓശാന ഞായർ മുതൽ വലിയ ശനി വരെയുള്ള ദിനങ്ങളെയാണല്ലോ പീഡാനുഭവവാരം (വലിയ ആഴ്ച, വിശുദ്ധവാരം) എന്നു വിളിക്കുന്നത്. ഈശോയുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും വാർഷികഓർമ്മദിനങ്ങളാണിവ. ഓശാന ഞായറാഴ്ചയിലൂടെയാണ് നമ്മൾ പീഡാനുഭവ ആഴ്ചയിലേക്കു പ്രവേശിക്കുന്നത്. ഈശോയുടെ മഹത്ത്വപൂർണ്ണമായ ഓർശ്ലേം പട്ടണപ്രവേശനമാണ് ഓശാന ഞായർ എന്ന പേരിൽ അറിയപ്പെടുന്നത്. വിശുദ്ധ കുർബാന, അനുരഞ്ജന കൂദാശ (കുമ്പസാരം), പൗരോഹിത്യം, മാമ്മോദീസ എന്നീ കൂദാശകൾ വിശേഷവിധിയായിട്ട് ആഘോഷിക്കുന്നതിനുള്ള അവസരംകൂടിയാണ് പീഡാനുഭവ ആഴ്ച. ഈശോ വിശുദ്ധ കുർബാന സ്ഥാപിക്കുന്നതും അതുവഴി പൗരോഹിത്യം സ്ഥാപിക്കുന്നതുമാണ് പെസഹാ വ്യാഴാഴ്ച പ്രത്യേകമായിട്ട് അനുസ്മരിക്കുന്നത്. പീഡാനുഭവവെള്ളിയിൽ ബലിയർപ്പകനും ബലിവസ്തുവുമായി സ്ലീവായിൽ സ്വയം ബലിയായിത്തീർന്നവനെ അനുസ്മരിക്കുന്നു. മിശിഹായുടെ രാജകീയ പൗരോഹിത്യത്തിൽ പങ്കുപറ്റിക്കൊണ്ട് ദൈവജനത്തിന്റെ മുഴുവൻ പൗരോഹിത്യത്തിന്റെ ആഘോഷംകൂടിയാണ് പീഡാനുഭവവെള്ളി. വലിയ ശനി പ്രധാനമായും മാമ്മോദീസായ്ക്കും അനുരഞ്ജനകൂദാ

ശയ്ക്കുംവേണ്ടിയുള്ള ദിവസമാണ്. ഉയിർപ്പിനുള്ള ഒരുക്കവും കൂടിയാണ്.

**പീഡാനുഭവവാരാചരണം**

പീഡാനുഭവവാരത്തിന്റെയും ഉയിർപ്പുതിരുനാളിന്റെയും ഈ വർഷത്തെ ക്രമീകരണങ്ങളെക്കുറിച്ച് അഭിവന്ദ്യ കർദ്ദിനാൾ മാർ ആലഞ്ചേരി പിതാവിന്റെ സർക്കുലർ ഇതിനോടകം കൈപ്പറ്റിയിട്ടുണ്ടല്ലോ. റോമിലെ പൗരസ്ത്യ തിരുസംഘത്തിൽനിന്ന് ലഭിച്ചിരിക്കുന്ന നിർദേശങ്ങൾ പരിഗണിച്ചും നമ്മുടെ സഭയുടെ പെർമനെന്റ് സിനഡിനോടും ലിറ്റർജി കമ്മീഷനോടും ആലോചിച്ചതിനുശേഷമാണ് കർദ്ദിനാൾ പിതാവ് ആ നിർദേശങ്ങൾ തന്നിരിക്കുന്നത്. അവ കൃത്യമായും ബഹു. എല്ലാ വൈദികരും പാലിച്ചിരിക്കണം. ദൈവാലയങ്ങളിൽ ജനപങ്കാളിത്തമില്ല (5 പേരിൽ കൂടാതെ) എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഏതാനും വർഷങ്ങൾക്കുമുമ്പ് നമ്മുടെ രൂപതയിലെ എല്ലാ വൈദികരോടും ആലോചിച്ച് രൂപതയിലെ പീഡാനുഭവവാരതിരുക്കർമ്മങ്ങൾ ഉച്ചയ്ക്കുമുമ്പ് (ഉദാ. രാവിലെ 7 മണി) ആക്കിയത് എല്ലാവരും ഓർമ്മിക്കുന്നുണ്ടല്ലോ. വലിയ ആഴ്ചയിലെ എല്ലാ ദിവസങ്ങളിലും യാമപ്രാർത്ഥനകൾ ചൊല്ലാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

1. ഓശാന ഞായറാഴ്ച തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്നവർക്കുവേണ്ടി മാത്രമേ കുരുത്തോല വാഴ്ത്തൽ ശുശ്രൂഷ നടത്താവൂ. മറ്റുള്ള ആർക്കും കുരുത്തോല വിതരണം നടത്തുന്നില്ല. ഓശാന ഞായറാഴ്ച മാർ തെയദോറിന്റെ കുർബാനക്രമം ഉപയോഗിക്കുന്ന പതിവാണ് നമുക്കുള്ളത് എന്ന് ഓർമ്മിപ്പിക്കട്ടെ.
2. തിങ്കൾ, ചൊവ്വ, ബുധൻ എന്നിവ പ്രത്യേക പ്രാർത്ഥനാദിനങ്ങളായി പ്രയോജനപ്പെടുത്തണം.
3. പെസഹാ വ്യാഴാഴ്ച നടത്താറുണ്ടായിരുന്ന മൂറോൻ കൂദാശ ഈ വർഷം ആ സമയത്ത് ഉണ്ടായിരിക്കുകയില്ല. കഴിഞ്ഞ

വർഷത്തെ വിശുദ്ധ മൂറോൻ കത്തീഡ്രൽ പള്ളിയിലെ മദ്ബഹായിൽ സൂക്ഷിച്ചിട്ടുണ്ട് ഏതെങ്കിലും ഇടവകയിൽ കൂടുതൽ ആവശ്യം വന്നാൽ ബഹു. വികാരിയച്ചനോ അസ്തേന്തി അച്ചനോ കത്തീഡ്രൽ പള്ളിയിൽ നേരിട്ടുവന്ന് വാങ്ങിക്കാവുന്നതാണ്. ഈ വർഷം കാൽകഴുകൽ ശുശ്രൂഷ ഇല്ല എന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു. പെസഹാ വ്യാഴാഴ്ച മാർ നെസ്തോറിയസ്സിന്റെ കുർബാനക്രമം ഉപ യോഗിക്കുന്ന പതിവാണ് ഉള്ളത്. പെസഹാ വ്യാഴാഴ്ച ഭവ നങ്ങളിലെ പെസഹാഭക്ഷണം അല്ലെങ്കിൽ അപ്പംമുറിക്കൽ ശുശ്രൂഷ മുടക്കംവരാതെ നടത്തേണ്ടതാണ്. പെസഹാ ഭക്ഷണത്തിലെ പ്രധാന വിഭവമായ കുരിശപ്പത്തിൽ ഓശാന ഞായറാഴ്ച വെഞ്ചരിച്ച കുരുത്തോലകൊണ്ടുള്ള കുരിശ് വയ്ക്കുന്ന പതിവ് നമ്മൾ കൃത്യമായി പാലിച്ചുപോരു ന്നതാണ്. ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ അത് എല്ലായിടത്തും എളുപ്പമായി എന്നുവരില്ല. കഴിഞ്ഞ വർഷം ഓശാന ഞായറാഴ്ചയിൽ ലഭിച്ച ആശീർവദിച്ച കുരു ത്തോല മിക്ക വീടുകളിലും കാണും, അത് കഴുകി വൃത്തി യാക്കിയെടുത്ത് അതിൽനിന്ന് കുരിശ് ഉണ്ടാക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. അല്ലെങ്കിൽ പെസഹാഭക്ഷണസമ യത്ത് കുരിശപ്പത്തിന്മേൽ കുടുംബനാഥൻ കൈകൊണ്ട് കുരിശുവരച്ചാൽ മതിയാകും. പെസഹാഭക്ഷണസമയത്തെ പാലിലും കുരുത്തോല കുരിശ് ഇടുന്ന പതിവ് സർവ്വസാ ധാരണമാണ്. ഭക്ഷണശേഷം കുരിശപ്പത്തിൽനിന്നും പാലിൽനിന്നും നീക്കംചെയ്യുന്ന കുരിശ് കഴുകിക്കളയു കയല്ല കത്തിച്ചുകളയുകയാണു വേണ്ടത്. പെസഹാഭക്ഷ ണത്തോടനുബന്ധിച്ചുള്ള പുത്തൻ പാനയുടെ പത്താം പാദം (പുളിയാത്തപ്പം തിന്നേണ്ടും മുമ്പിലെ, നാളിൽ ശിഷ്യ രടുത്തു ചോദിച്ചത്...) പാടുന്നത് നല്ലതാണ്. രാത്രിയിൽ വിശുദ്ധ ഗ്രന്ഥം വായിക്കാനും പ്രാർത്ഥനയിലായിരിക്കാനും പ്രത്യേകം ശ്രദ്ധിക്കുമല്ലോ. അന്ന് രാത്രിമുഴുവൻ പ്രാർത്ഥ

നയിലായിരിക്കുന്നത് മാർത്തോമ്മാ നസ്രാണികളുടെ പതിവായിരുന്നു. ഈ വർഷത്തെ പെസഹാഭക്ഷണം സ്വന്തം വീട്ടിനുള്ളിലെ അംഗങ്ങൾ മാത്രം ചേർന്ന് നടത്തിയാൽ മതിയാവും. വൈദികർ പെസഹാദിവസം കൂടുതൽ സമയം ദൈവാലയത്തിൽ ചെലവഴിക്കാൻ പരിശ്രമിക്കണം.

4. പീഡാനുഭവ വെള്ളിയിലെ കർമ്മങ്ങളിൽ പ്രധാനപ്പെട്ട ഒരു കാര്യമായിരുന്നു പുറത്തുകൂടിയുള്ള, മലകയറിയുള്ള വിയാസാക്രാ അല്ലെങ്കിൽ കുരിശിന്റെവഴി (സ്ലീവാ പാത). ഈ വർഷം അതും പാടില്ല. അന്ന് ഉച്ചകഴിഞ്ഞ് വീടുകളിൽ മൂന്നുമണിയോടുകൂടി പുത്തൻപാനയുടെ പന്ത്രണ്ടാം പാദം (അമ്മകന്യാമണിതന്റെ നിർമ്മല ദുഃഖങ്ങളിപ്പോൾ...) പാടുന്നത് ഉചിതമാണ്. വീടിനുള്ളിൽ കുരിശിന്റെ വഴി പ്രാർത്ഥനകൾ കുടുംബാംഗങ്ങൾ എല്ലാവരുംചേർന്ന് ചൊല്ലാൻ ശ്രദ്ധിക്കുമല്ലോ. നമ്മുടെ രൂപതയുടെ ആരംഭകാലംമുതൽ വലിയ നോമ്പിന്റെ എല്ലാ ദിവസങ്ങളിലും (ഞായറാഴ്ച ഒഴികെ) രൂപതാകേന്ദ്രത്തിൽ കുരിശിന്റെവഴി ലെലിയാ പ്രാർത്ഥനയ്ക്കു മുമ്പായിട്ടു നടത്തുന്നുണ്ടെന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഈശോയുടെ പീഡാനുഭവവും മരണവും കബറടക്കവും ഓർത്ത് ധ്യാനിച്ചുകൊണ്ട് നിശ്ശബ്ദതയിൽ കഴിയേണ്ട ദിവസമാണ് പീഡാനുഭവ വെള്ളി. ഈശോയുടെ പീഡാനുഭവത്തോടു ബന്ധപ്പെട്ട സുവിശേഷഭാഗങ്ങൾ വീടുകളിൽ കൂടുതലായിട്ടു വായിക്കുവാൻ എല്ലാവരും ശ്രമിക്കണം. പീഡാനുഭവ വെള്ളിയിൽ പരി. കുർബാന അർപ്പിക്കുന്നില്ല.

5. ഉയിർപ്പുതിരുനാളിന് ഒരുക്കമായുള്ള വലിയ ശനിയാഴ്ച ദീർഘമായ തിരുക്കർമ്മങ്ങളാണുള്ളത്, പരി. കുർബാന, മാമ്മോദീസ, വെള്ളം വെഞ്ചെരിപ്പ് അനുരഞ്ജന കൂദാശ തുടങ്ങിയവ. ഈ വർഷം പരി. കുർബാന മാത്രം മതിയാകും.

6. ഈ വർഷത്തെ ഉയിർപ്പുതിരുനാളിന് രാത്രികർമ്മങ്ങൾ ഒന്നും ഉണ്ടായിരിക്കുകയില്ല. രാവിലെ (ഉദാ. 7 മണി) ആയിരിക്കും പരി. കുർബാന. സമാധാന ശുശ്രൂഷയാണ് ഉയിർപ്പു തിരുനാളിന്റെ പ്രത്യേക കർമ്മം. ബലിപീഠം മിശിഹായുടെ തിരുക്കല്ലറയുടെ പ്രതീകമാകയാൽ പീഡാനുഭവവെള്ളി യാഴ്ച ബലിപീഠത്തിൽ കബറടക്കം നടത്തിയ സ്ലീവായെ ഉയർത്തിക്കൊണ്ടാണ് ഉയിർപ്പാഘോഷം നടത്തുക.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 02.04.2020

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB: വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങൾ കത്തീഡ്രലിൽ രാവിലെ 7 മണിക്ക് ദൃശ്യാ ന്യൂസ് ചാനലിലും പാലാ രൂപത ഒഫീഷ്യൽ യുട്യൂബ് ചാനലിലും പാലാ ഡയസിസ് ഫെയ്സ്ബുക്ക് പേജിലും ലൈവ് ആയി സംപ്രേഷണം ചെയ്യപ്പെടുന്നതായിരിക്കും.

ഈ സർക്കുലർ എത്രയുംവേഗം ഉചിതമായ സാമൂഹിക മാധ്യമങ്ങളിലൂടെയും മറ്റ് സംവിധാനങ്ങളിലൂടെയും നമ്മുടെ ജനങ്ങളെ അറിയിക്കുവാനായി 02.04.2020-ൽ നൽകപ്പെട്ടതാണ്.

സർക്കുലർ 269

# കത്തോലിക്കാ കോൺഗ്രസ്

നമ്മുടെ സമുദായസംഘടനയായ കത്തോലിക്കാ കോൺഗ്രസ് 102 –ാം ജന്മവാർഷികത്തിലൂടെ കടന്നുപോവുകയാണല്ലോ. രൂപീകരണകാലംമുതൽ കേരളസമൂഹത്തിന്റെ വളർച്ചയ്ക്കു നിർണ്ണായകസംഭാവനകൾ നൽകിയ ചരിത്രമുള്ള കത്തോലിക്കാ കോൺഗ്രസ് മുൻകാലങ്ങളിൽനിന്ന് ആർജ്ജിച്ചെടുത്ത അനുഭവജ്ഞാനത്തിന്റെ വെളിച്ചത്തിൽ കാലികസമൂഹത്തിലെ സഭയുടെയും സമുദായത്തിന്റെയും ശബ്ദമായി നിലകൊള്ളുന്നുവെന്നത് അഭിമാനാർഹമായ കാര്യമാണ്.

അനീതിയും ഉച്ചനീചത്വങ്ങളും നിലനിന്നിരുന്ന കാലഘട്ടത്തിൽ നവോത്ഥാനശബ്ദമായാണ് കത്തോലിക്കാ കോൺഗ്രസ് ജന്മമെടുത്തത്. റവന്യു - ദേവസ്വം വിഭജനം, എല്ലാ മതവിഭാഗങ്ങൾക്കും സർക്കാർ സർവീസിൽ ജോലി, ജനസംഖ്യാനുപാതികമായി പ്രജാസഭയിൽ അംഗത്വം, തുടങ്ങിയ ആവശ്യങ്ങൾക്കായി വിവിധ കാലങ്ങളിൽ നടന്ന മലയാളി മെമ്മോറിയൽ, നിവർത്തനപ്രക്ഷോഭം, പൗരസമത്വപ്രക്ഷോഭം എന്നിവയ്ക്കു നേതൃത്വംകൊടുക്കുവാനും ലക്ഷ്യങ്ങൾ നേടിയെടുക്കുവാനും സംഘടനയ്ക്കു കഴിഞ്ഞു. ദിവാൻ സി.പി. ക്കെതിരായ സമരങ്ങൾ, 1957 ലെയും 1972 ലെയും വിദ്യാഭ്യാസസമരങ്ങൾ, കർഷകകുടിയിറക്കങ്ങൾക്കെതിരേയുള്ള പോരാട്ടങ്ങൾ, കർഷകവിലത്തകർച്ചകളിലെ വിവിധ കാലങ്ങളിൽ നടത്തിയ വമ്പിച്ച പ്രക്ഷോഭങ്ങൾ, ന്യൂനപക്ഷ അവകാശധ്വംസനങ്ങൾക്കും പീഡനങ്ങൾക്കുമെതിരേയുള്ള ഇടപെടലുകൾ, സമുദായ മഹാസംഗമങ്ങൾ തുടങ്ങി കഴിഞ്ഞകാലങ്ങളിൽ കത്തോലിക്കാ കോൺഗ്രസ് നടത്തിയ പ്രവർത്തനങ്ങൾ എടുത്തുപറയേണ്ടതാണ്.

സഭയും സമുദായവും അവഗണിക്കപ്പെടുമ്പോഴും അകാരണമായി വിചാരണ ചെയ്യപ്പെടുമ്പോഴും നാടിന്റെ

കാർഷികമേഖല സമാനതകളില്ലാത്ത പ്രതിസന്ധികളിലൂടെ കടന്നുപോകുമ്പോഴും പ്രതിരോധത്തിന്റെയും പ്രതിഷേധത്തിന്റെയും സ്വരം കത്തോലിക്കാ കോൺഗ്രസ് നിരന്തരം ഉയർത്തിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ കാലങ്ങളോടു തുലനംചെയ്യുമ്പോൾ നമ്മൾ നേരിടുന്ന പ്രശ്നങ്ങൾ വലുതും കൂടുതൽ ജാഗ്രത പാലിക്കേണ്ടതും കത്തോലിക്കാ കോൺഗ്രസിന്റെ പ്രസക്തി ഊട്ടിയുറപ്പിക്കുന്നതുമാണ്.

മുന്നോക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കായി 10% സാമ്പത്തികസംവരണം കേന്ദ്രസർക്കാർ നടപ്പിലാക്കിയിരിക്കുകയാണ്. ഈ ആവശ്യമുന്നയിച്ച് കത്തോലിക്കാ കോൺഗ്രസ് നിരന്തരം നിവേദനങ്ങൾ സമർപ്പിക്കുകയും സമ്മേളനങ്ങളും സമരങ്ങളും നടത്തുകയുമുണ്ടായി. കേരളത്തിൽ ഇത് നടപ്പിലാക്കിയപ്പോൾ ഇതിലെ നിബന്ധനകൾ പലതും മാറ്റിയതുവഴി സമുദായാംഗങ്ങളിൽ അർഹതപ്പെട്ട നിരവധിപേർ സംവരണപരിധിക്കും പുറത്തായിരിക്കുകയാണ്. ഭൂപരിധി 5 ഏക്കറിൽനിന്ന് $2^1/_2$ ഏക്കർ ആയി കുറച്ചതാണ് ഇതിനു മുഖ്യകാരണം. കടുത്ത സാമ്പത്തിക പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ സമുദായാംഗങ്ങൾക്ക് അർഹതപ്പെട്ട അവസരം നഷ്ടപ്പെടുന്ന സാഹചര്യങ്ങൾ ഒഴിവാക്കപ്പെടേണ്ടതാണ്.

അതുപോലെതന്നെ സർക്കാർ നൽകുന്ന ന്യൂനപക്ഷ അവകാശങ്ങളിലെ അപാകതകളും വിവേചനങ്ങളും പരിഹരിക്കപ്പെടേണ്ടതുണ്ട്. ന്യൂനപക്ഷ ആനുകൂല്യങ്ങളും സ്കോളർഷിപ്പുകളും ന്യൂനപക്ഷ സമുദായങ്ങളിലെ ഒരു വിഭാഗത്തിനുമാത്രം 80% ലഭിക്കുമ്പോൾ ക്രൈസ്തവർ ഉൾപ്പെടെയുള്ള മറ്റെല്ലാ ന്യൂനപക്ഷവിഭാഗങ്ങൾക്കുംകൂടി 20% മാത്രമേ ലഭിക്കുന്നുള്ളൂവെന്നത് തിരുത്തപ്പെടേണ്ടതാണ്. ജനസംഖ്യാനുപാതികമായി സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

നമ്മുടെ കുടുംബങ്ങളിലെ പെൺകുട്ടികളെ പ്രണയം നടിച്ച് കുരുക്കിൽ പെടുത്തുകയും വിവാഹജീവിതത്തിനപ്പുറത്ത് ഭീകരപ്രവർത്തനങ്ങൾക്കുവരെ ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന ബോധപൂർവ്വമായ നീക്കങ്ങൾ ചില കേന്ദ്രങ്ങളിൽനിന്നുണ്ടാകുന്നുവെന്നത് സമകാലീനസംഭവങ്ങൾ സാക്ഷ്യംനൽകുന്നുണ്ട്. ഇത് ഗൗരവകരമായി കുടുംബങ്ങളിലും സമൂഹത്തിലും ചർച്ച ചെയ്യപ്പെടുകയും ജാഗ്രതയോടെ നിലകൊള്ളുകയും ചെയ്യേണ്ടതുമാണ്.

ഈ കാലഘട്ടത്തിൽ ചില മാധ്യമങ്ങൾ ഗൂഢോദ്ദേശ്യത്തോടുകൂടി സഭയെയും നമ്മുടെ വിശ്വാസത്തെയും നിരന്തരം അവഹേളിക്കുന്നുവെന്നത് വേദനാജനകമായ കാര്യമാണ്. നവസാമൂഹികമാധ്യമങ്ങളുടെ അതിപ്രസരവും ദുരുപയോഗവും സത്യത്തെ മൂടിവെക്കുന്നതിനും തെറ്റായ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും കാരണമാകുന്നുവെന്നത് നിഷേധിക്കാൻ കഴിയില്ല. അടുത്തകാലത്ത് സിനിമാപോലുള്ള കലാരൂപങ്ങളിലൂടെയും നമ്മുടെ വിശ്വാസത്തെയും കൂദാശകളെയും ആചാരാനുഷ്ഠാനങ്ങളെയും അപകീർത്തിപ്പെടുത്തുന്ന പ്രവണതയും വർദ്ധിച്ചുവരുന്നുണ്ട്. ഇത് ഒറ്റപ്പെട്ട സംഭവമോ ആവിഷ്കാരസ്വാതന്ത്ര്യമോ ആയിക്കണ്ട് നിസ്സംഗത പുലർത്താൻ കഴിയില്ല. ഇത്തരം കാര്യങ്ങളിലൂടെ സമൂഹത്തിൽ തെറ്റായ അഭിപ്രായ രൂപീകരണത്തിനു സംഘടിതവും ആസൂത്രിതവുമായ നീക്കങ്ങൾ ഉയരുമ്പോൾ ഫലപ്രദമായ ഇടപെടലുകൾ നാം തുടരേണ്ടതുണ്ട്.

ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ മതത്തിന്റെ പേരിൽ നിഷേധിക്കപ്പെടുകയും പൗരത്വവിവേചനം നേരിടുകയും ചെയ്യുന്നുവെന്നത് ഏറെ ഉത്കണ്ഠാജനകമാണ്. ഭരണഘടനാമൂല്യങ്ങൾ സംരക്ഷിക്കപ്പെടുമെന്നും മതത്തിന്റെ പേരിൽ ഒരു പൗരനും യാതൊരു വിവേചനവും നേരിടേണ്ടിവരികയില്ലായെന്നും ഉറപ്പുവരുത്തുവാൻ കേന്ദ്രസർക്കാർ ബാധ്യസ്ഥമാണ്.

നിരന്തരം ശബ്ദമുയർത്തിയിട്ടും കർഷകസമൂഹം ഇവിടെ അവഗണിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. റബർ ഉൾപ്പെടെയുള്ള കാർഷികമേഖലയിലെ നാണ്യവിളകളുടെ വിലത്തകർച്ച കർഷകരെ സാരമായി ബാധിക്കുന്നതിനൊപ്പം തൊഴിൽമേഖലകളിലും ചെറുകിട കച്ചവടമേഖലകളിലുമൊക്കെ കനത്ത പ്രതിസന്ധിയാണുണ്ടാക്കിയിരിക്കുന്നത്. ഇതിനുവേണ്ടത്ര പരിഗണനയോ ഇടപെടലുകളോ സർക്കാരുകളുടെ ഭാഗത്തുനിന്നുണ്ടാകുന്നില്ലായെന്നത് ഏറെ ദുഃഖകരമാണ്. ഈ പ്രശ്നങ്ങളിൽ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന സമരങ്ങളും പ്രതികരണങ്ങളും ശ്ലാഘനീയമാണ്. സമരങ്ങൾക്കൊപ്പം സ്വന്തം കാലിൽ നിൽക്കാനും മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണസംരംഭങ്ങൾ ആരംഭിക്കുവാനും നാം മുന്നോട്ടുപോകേണ്ടതുണ്ട്. അടുക്കളത്തോട്ട കൃഷിയിലേക്കു കുടുംബങ്ങളെ ആകർഷിക്കുവാൻ ആയിരങ്ങളെ പങ്കെടുപ്പിച്ചു വർഷങ്ങളായി കത്തോലിക്കാ കോൺഗ്രസ് നടത്തിവരുന്ന അടുക്കളത്തോട്ടമത്സരം പ്രത്യേകം പരാമർശിക്കേണ്ടതാണ്. റബ്ബർ വിലയിടിവ് ഉൾപ്പെടെയുള്ള കാർഷികമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സങ്കുചിതചിന്തകളും ഭിന്നിപ്പുകളും ഇല്ലാതെ എല്ലാവരും ഒത്തൊരുമയോടെ പ്രവർത്തിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.

മേൽപ്പറഞ്ഞ കാര്യങ്ങളിലൊക്കെ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ശക്തമായ ഇടപെടലുകളും സജീവമായ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. കൂടുതൽ വിപുലമായ പ്രവർത്തനങ്ങൾക്കുവേണ്ട പൂർണ്ണ പിന്തുണ നൽകുന്നതിനു സമുദായാംഗങ്ങൾക്കെല്ലാവർക്കും ഉത്തരവാദിത്വമുണ്ടെന്ന കാര്യം ഓർമ്മിക്കുമല്ലോ. നമ്മുടെ മുഴുവൻ ഇടവകകളിലും സംഘടനയുടെ ശാഖകൾ ആരംഭിക്കുന്നതിനും നിലവിലുള്ള ശാഖാപ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനും പരമാവധി ആളുകളെ അംഗങ്ങളാക്കുന്നതിനുമുള്ള അവസരംകൂടിയാണ് ഇത്തരം ജന്മവാർഷികങ്ങൾ. അതിന്

ബഹു. വികാരിയച്ചൻമാരും ഭാരവാഹികളും സവിശേഷശ്രദ്ധ പതിപ്പിക്കുമല്ലോ. സാമൂഹികപ്രശ്നങ്ങളിൽ കത്തോലിക്കാ കോൺഗ്രസ് നടത്തുന്ന ക്രിയാത്മകമായ ഇടപെടലുകളെ അഭിമാനപൂർവ്വം അനുസ്മരിച്ചുകൊണ്ടും കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾക്കു നിങ്ങൾ നൽകുന്ന പിന്തുണയ്ക്കും പ്രോത്സാഹനത്തിനും നന്ദിയർപ്പിച്ചുകൊണ്ടും ഇനിയും ശക്തമായ പ്രവർത്തനങ്ങൾ നടത്തുന്നതിനു വിജയാശംസകളും പ്രാർത്ഥനാമംഗളങ്ങളും നേർന്നുകൊണ്ടും നിർത്തുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ, 30.04.2020

പാലാ രൂപതാ മെത്രാൻ

---

NB: 30.04.2020 ൽ നൽകപ്പെട്ട സർക്കുലർ.

**സർക്കുലർ 270**

ബഹുമാനപ്പെട്ട അച്ചന്മാരേ,

കോവിഡ് 19 ലോക്ഡൗൺ മൂലം സർക്കാർ നിയന്ത്രണങ്ങൾ നിലവിലിരിക്കുന്നതിനാൽ നമ്മുടെ അജപാലനപ്രവർത്തനങ്ങൾ നേരിടുന്ന ചില പ്രശ്നങ്ങളുടെ പരിഹാരം നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

**1. കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ്**

നിലവിലിരിക്കുന്ന സർക്കാർ നിയന്ത്രണങ്ങൾ മാറിയതിനുശേഷം പുതിയ തിരഞ്ഞെടുപ്പു നടത്തി രൂപതാകേന്ദ്രത്തിൽനിന്ന് അംഗീകാരം ലഭിക്കുന്നതുവരെ പഴയ കൈക്കാരന്മാർ തത്സ്ഥാനത്തു തുടരേണ്ടതാണ്.

**2. ആണ്ടുതിരട്ട്**

രൂപതാകേന്ദ്രത്തിൽനിന്ന്, ആണ്ടുതിരട്ട് സമർപ്പിക്കേണ്ട അടുത്ത അറിയിപ്പു ലഭിച്ചതിനുശേഷം മാത്രം തിരട്ട് പൊതുയോഗത്തിൽ/ പ്രതിനിധിയോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങി രൂപതാക്കച്ചേരിയിൽ സമർപ്പിച്ചാൽ മതിയാകും.

**3. പ്രതിനിധിയോഗം**

സർക്കാർ നിയന്ത്രണങ്ങൾ നീങ്ങി പുതിയ തിരഞ്ഞെടുപ്പു നടത്തി അംഗീകാരം ലഭിക്കുന്നതുവരെ നിലവിലുള്ള പ്രതിനിധിയോഗം തുടരേണ്ടതാണ്.

**4. വിവാഹം**

(a) വിളിച്ചുചൊല്ലൽ

വിശുദ്ധ കുർബാനമധ്യേ വിവാഹ അറിയിപ്പ് നൽകുന്നതിനു പകരം ഇടവകയുടെ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തിയാൽ മതിയാകും.

(b) മനസ്സമ്മതം/ വിളിച്ചുചൊല്ലൽ ഒഴിവാക്കൽ

മനസ്സമ്മതം/ വിളിച്ചുചൊല്ലൽ എന്നിവ ഒഴിവാക്കണമെങ്കിൽ രൂപതാക്കച്ചേരിയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. നിയന്ത്രണങ്ങൾ തീരുന്നതുവരെ അപേക്ഷയുടെയും അനുബന്ധ സർട്ടിഫിക്കറ്റുകളുടെയും സ്കാൻ ചെയ്ത കോപ്പി രൂപതയുടെ ഇ-മെയിൽ ഐ.ഡി.യിലേക്ക് അയച്ചാൽ മതിയാകും.

(c) വിവാഹ ഒരുക്ക സെമിനാർ

നിലവിൽ വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കാത്ത അർത്ഥി/ അർത്ഥിനി, വിവാഹത്തിനുശേഷം ഏറ്റവും അടുത്ത് ഈ സെമിനാറിൽ പങ്കെടുത്തുകൊള്ളാമെന്ന സത്യവാങ്മൂലം എഴുതി നൽകിയാൽ ഇടവകവികാരിക്ക് വിവാഹത്തിനുള്ള തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

മിശിഹായിൽ സ്നേഹപൂർവ്വം

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 08.05.2020

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB. 08.05.2020 ൽ നൽകപ്പെട്ട സർക്കുലർ.

Ref: 3267/K-5/KCBC/OL/DS 18.03.2020

# കോവിഡ്-19:

# കെസിബിസി സർക്കുലർ - 4

കൊറോണ വൈറസ് ബാധ ഇപ്പോൾ അതിന്റെ വ്യാപനത്തിന്റെ രണ്ടാം ഘട്ടത്തിലാണെന്നു മനസ്സിലാക്കുന്നു. മൂന്നാം ഘട്ടത്തിലേക്കോ നാലാം ഘട്ടത്തിലേക്കോ കടന്നാൽ അത് വളരെ അപകടകരമായിരിക്കുമെന്നാണ് ഡോക്ടർമാർ നൽകുന്ന മുന്നറിയിപ്പ്. അതിനാൽ വ്യക്തികളായും ഇടവകകളായും സ്ഥാപനങ്ങളായും ഈ വിഷയത്തിൽ കർശനമായ വൈറസ് പ്രതിരോധനടപടികൾ നമ്മൾ തുടരേണ്ടതാണ്. ഇക്കാര്യത്തിൽ കേരളത്തിലെ ജനങ്ങളുടെ ഭാഗത്തുനിന്നുള്ള സഹകരണം ഏറെക്കുറെ തൃപ്തികരമാണ്. എങ്കിലും സർക്കാർ മുന്നോട്ടുവയ്ക്കുന്ന എല്ലാ നിയന്ത്രണങ്ങളോടും പ്രത്യേകിച്ച് 18.03.2020-ന് ബഹു. കേരള മുഖ്യമന്ത്രി വിവിധ മതപ്രതിനിധികളുമായി നടത്തിയ വീഡിയോ കോൺഫറൻസുവഴി നൽകിയ നിർദ്ദേശങ്ങളോടും ജനങ്ങൾ പൂർണ്ണമായ സഹകരണം നൽകേണ്ടതാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഡോക്ടർമാരുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കരുതൽ നടപടികൾ സ്വീകരിക്കുവാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

1. ദൈവാലയങ്ങളിലെ വി. കുർബാനയ്ക്കും മറ്റു തിരുക്കർമ്മങ്ങൾക്കും വലിയ ആൾക്കൂട്ടങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. അൻപതിൽ താഴെയുള്ള ആരാധനാസമൂഹങ്ങൾക്കായി വൈദികർ വി. കുർബാന അർപ്പിക്കുന്നതിനുള്ള സാഹചര്യം ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കും. ഇത്തരം ചെറിയ കൂട്ടങ്ങളിലായാലും ജലദോഷമോ

തുമ്മലോ ചുമയോ പനിയോ ഉള്ളവർ ഒരിക്കലും കടന്നു വരാൻ ഇടയാകരുത്. വളരെ പ്രത്യേകമായ സാഹചര്യങ്ങളിൽ ചില ദൈവാലയങ്ങളിലെ വി. കുർബാനയർപ്പണം നിർത്തുന്നതാണ് നല്ലതെന്ന് ബോധ്യപ്പെട്ടാൽ ബന്ധപ്പെട്ട രൂപതാദ്ധ്യക്ഷൻ ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതാണ്.

2. വ്യക്തികളായി വന്നു പ്രാർത്ഥിക്കുന്നതിനുള്ള സൗകര്യം നൽകാൻ എല്ലാ ദൈവാലയങ്ങളും പതിവുപോലെ തുറന്നിടേണ്ടതാണ്.
3. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ കുട്ടികളും പ്രായമായവരും മറ്റ് ആരോഗ്യപ്രശ്നങ്ങളുള്ളവരും വീട്ടിലിരുന്ന് ഓൺ ലൈൻ കുർബാനകളിൽ സംബന്ധിച്ചാൽ മതിയാകും.
4. സാധിക്കുന്ന എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബാന എഴുന്നള്ളിച്ചുവച്ച് ചെറിയ ഗ്രൂപ്പുകളിൽ ആരാധന നടത്തി കൊറോണ വൈറസ് ബാധയിൽനിന്ന് ലോകജനതയെ രക്ഷിക്കാൻ എല്ലാവരും തീക്ഷ്ണമായി പ്രാർത്ഥിക്കേണ്ടതാണ്.
5. 2020 മാർച്ച് 27-ാം തീയതി കേരളത്തിലെ എല്ലാ രൂപതകളിലും പ്രാർത്ഥനാദിനമായി ആചരിക്കേണ്ടതാണ്. അന്നേദിവസം ഉപവാസമനുഷ്ഠിക്കുന്നത് നന്നായിരിക്കും.
6. വിശുദ്ധവാര തിരുക്കർമ്മങ്ങളെക്കുറിച്ച് അന്നത്തെ സാഹചര്യം കണക്കിലെടുത്ത് മാർച്ച് അവസാന ആഴ്ചയിൽ അതാതു വ്യക്തിസഭകളിൽനിന്ന് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതായിരിക്കും.
7. കൊറോണ വൈറസിന്റെ വ്യാപനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ രൂപതാധ്യക്ഷന് ഉപദേശം നൽകുന്നതിനായി ഡോക്ടർമാരുടെ ഒരു വിദഗ്ധസംഘത്തെ രൂപീകരിക്കുന്നത് ഉചിതമായിരിക്കും.

കർത്താവാണ് നമ്മുടെ സങ്കേതം, അവിടുന്നാണ് നമ്മുടെ ആശ്രയവും നമ്മുടെ കോട്ടയും (സങ്കീ. 91:12) എന്ന് സങ്കീർത്തകനോടൊപ്പം നമുക്കും ഏറ്റുപറയാം. നമ്മുടെമേലും ലോകം മുഴുവന്റെമേലും ദൈവകരുണ ഉണ്ടാകുന്നതിനായി തീക്ഷ്ണമായി നമുക്ക് പ്രാർത്ഥിക്കാം.

**മാർ ജോർജ് കാർഡിനൽ ആലഞ്ചേരി**

പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**

വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**

സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി.,
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

NB: 18.03.2020 -ൽ നൽകപ്പെട്ട കെ.സി.ബി.സി. സർക്കുലർ.

Ref: 3276K-5/KCBC/OL/DS 26.03.2020

അഭിവന്ദ്യ പിതാക്കന്മാരേ, പ്രിയ വൈദികരേ,
ബഹു. സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

കൊറോണ വൈറസ് ബാധ ഭയാനകമായ വിധത്തിൽ ലോകം മുഴുവനിലും പടർന്നുകൊണ്ടിരിക്കുകയാണല്ലോ. ലക്ഷക്കണക്കിന് ആളുകൾ രോഗബാധിതരായിരിക്കുന്നു. മരണസംഖ്യയും അനുദിനം ഉയർന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിലും ഈ വൈറസ് ബാധ പിടിമുറുക്കുന്നതിന്റെ സൂചനകളാണ് നമുക്കു ലഭിക്കുന്നത്. പ്രാർത്ഥനയുടെയും സഹോദരസ്നേഹത്തിലധിഷ്ഠിതമായ പ്രവർത്തനങ്ങളുടെയും സാക്ഷ്യം നൽകാൻ ക്രൈസ്തവരെന്ന നിലയിൽ നമുക്കു കടമയുണ്ട്. കേരളത്തിലെ കത്തോലിക്കാസഭയുടെ പരിചിന്തനത്തിനും പ്രാർത്ഥനയ്ക്കും നടപടികൾക്കുമായി ഏതാനും കാര്യങ്ങൾ കേരള കത്തോലിക്കാമെത്രാൻ സമിതിയുടെ പേരിൽ പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു.

1. കത്തോലിക്കാസഭയുടെ ആശുപത്രികളും ഇതര സ്ഥാപനങ്ങളും ആവശ്യമെങ്കിൽ കൊറോണ ചികിൽസയ്ക്കും പ്രതിരോധത്തിനും വിട്ടുകൊടുക്കാൻ സാധിക്കുന്നത് പ്രസ്തുത സ്ഥാപനങ്ങളുടെ മാനേജ്മെന്റിന്റെയും ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യശുശ്രൂഷകർ എന്നിവരുടെയും ത്യാഗപൂർണ്ണമായ സമർപ്പണത്തിലൂടെയാണ്. ആവശ്യക്കാരനു നൽകുന്ന ശുശ്രൂഷ ക്രൈസ്തവരായ നമ്മുടെ വിശ്വാസത്തിന്റെ പ്രകാശനം മാത്രമാണ്. സ്നേഹത്തിലൂടെ പ്രവർത്തനനിരതമാകുന്ന വിശ്വാസമാണ് നമുക്ക് രക്ഷയുടെ അനുഭവം നൽകുന്നത്. ക്രിസ്തുശിഷ്യന്മാരെല്ലാവരും നല്ല സമറിയാക്കാരാകാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നവരാണ് എന്നത് ഈ സാഹചര്യത്തിൽ പ്രത്യേകം അനുസ്മരിക്കാം.

2. ഇപ്പോൾത്തന്നെ കേരളത്തിൽ തിരുവനന്തപുരം, കോഴിക്കോട്, തൃശൂർ ഗവ. മെഡിക്കൽ കോളേജുകളിലെയും മറ്റുചില ആശുപത്രികളിലെയും അനേകം ഡോക്ടർമാരും നഴ്സുമാരും ആരോഗ്യവകുപ്പിലെ മറ്റു ജോലിക്കാരും രാപകലെന്യേ വൈറസ് പ്രതിരോധത്തിനും ചികിത്സയ്ക്കുമായി അക്ഷീണം യത്നിച്ചുകൊണ്ടിരിക്കുകയാണ്. പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും പറഞ്ഞതുപോലെ അവരെ നമുക്ക് ഹൃദയത്തോടുചേർത്ത് പിടിക്കാം; അവരെയെല്ലാവരെയും അഭിനന്ദിക്കാം; അവർക്കുവേണ്ടി പ്രാർത്ഥിക്കാം.
3. പോലീസ് ഡിപ്പാർട്ട്മെന്റിലെ അധികാരികളും മറ്റു നിയമപാലകരും ചെയ്യുന്ന സ്തുത്യർഹമായ സേവനം ഈ ദിവസങ്ങളിൽ നാം നേരിട്ടു കണ്ടുകൊണ്ടിരിക്കുകയാണല്ലോ. അവരോടും നാം നന്ദിയുള്ളവരായിരിക്കണം. അവർക്കും നമ്മുടെ പ്രാർത്ഥനാശംസകൾ നേരാം.
4. മുഖ്യമന്ത്രിയും ജില്ലാഭരണകൂടങ്ങളും നൽകുന്ന എല്ലാ നിർദ്ദേശങ്ങളും, അവ എത്ര കർക്കശമെന്നു തോന്നിയാലും, പാലിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. പ്രധാനമന്ത്രി പ്രഖ്യാപിച്ചിരിക്കുന്ന ഇരുപത്തിയൊന്നു ദിവസത്തെ ലോക് ഡൗണും നാമോരുത്തരുടെയും പൊതുവേ ഇന്ത്യൻ ജനതയുടെയും സുരക്ഷിതത്വത്തിനുവേണ്ടിയാണെന്നു ഗ്രഹിച്ച് കർശനമായി അനുവർത്തിക്കേണ്ടതാണ്.
5. ലോക് ഡൗൺ മൂലമുണ്ടാകുന്ന പാർശ്വഫലങ്ങൾക്ക് നാം തന്നെ പ്രതിവിധികൾ കണ്ടെത്താൻ പരിശ്രമിക്കണം. അക്കാര്യത്തിലും സർക്കാരിന്റെ നിർദ്ദേശങ്ങളോട് നാം സഹകരിക്കേണ്ടതാണ്. ദിവസക്കൂലികൊണ്ട് ജീവിക്കുന്ന സാധാരണക്കാരുടെ ആവശ്യങ്ങൾ ലോക് ഡൗണിന്റെ സാഹചര്യത്തിൽ പലവിധത്തിൽ ബാധിക്കപ്പെടുമല്ലോ. അതുപോലെതന്നെ പാവപ്പെട്ടവരും വരുമാനമാർഗമില്ലാത്തവരും ലോക് ഡൗൺ കാലത്ത് കൂടുതൽ ക്ലേശങ്ങൾക്കു

വിധേയരാകും. അതിനാൽ ഈ സന്ദർഭത്തിൽ നമ്മുടെ അയൽപക്കസ്നേഹം കൂടുതൽ പ്രകാശിതമാകണം. ലോക് ഡൗൺ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടുതന്നെ ഇങ്ങനെയുള്ളവർക്ക് അവശ്യസഹായങ്ങളെത്തിക്കാൻ എല്ലാവരും സ്വയം മുന്നോട്ടുവരണം. ഇവിടെയും ക്രിസ്തീയസ്നേഹം അതിനായി നമ്മെ നിർബന്ധി ക്കണം. നമ്മുടെ സാമൂഹികശുശ്രൂഷാ വിഭാഗവും യുവജ നസംഘടനകളും ഇടവകകളും സ്ഥാപനങ്ങളും ഇക്കാര്യത്തിൽ സജീവ ശ്രദ്ധ ചെലുത്തേണ്ടതാണ്.

ദൈവവിശ്വാസത്തിലും കൂട്ടായ്മയിലും ഈ അസാധാരണ സാഹചര്യത്തെ നമുക്ക് നേരിടാം.

സ്നേഹപൂർവ്വം,

**മാർ ജോർജ് കാർഡിനൽ ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെസിബിസി

---

NB: 26.03.2020 ൽ കെ.സി.ബി.സി.യിൽനിന്നും നൽകപ്പെട്ട അറിയിപ്പ്

Ref:3282K-5/KCBC/OL/DS 06.04.2020

**കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ**

**തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന**

# മെയ്ദിന സന്ദേശം 2020

## തൊഴിലിന്റെ ഭാവി, തൊഴിലാളികളുടെ ഭാവി

"മനുഷ്യർ വീണ്ടും നന്മ തിരഞ്ഞെടുത്ത് ഉയരാൻ കഴിവുള്ളവരായി" *(ലൗദാത്തോ സി,* **നമ്പർ 205)**

മിശിഹായിൽ പ്രിയമുള്ളവരേ,

1. ഈ വരുന്ന മെയ് ഒന്നിന് നാം ഒരിക്കൽക്കൂടി തൊഴിലാളി ദിനം ആചരിക്കുകയാണ്. ഈ അവസരത്തിൽ മുഴുവൻ തൊഴിലാളികൾക്കും നമ്മുടെ നാഥനായ ഈശോ മിശിഹായുടെ അനുഗ്രഹവും തൊഴിലാളിമധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ സംരക്ഷണവുമുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

2. കൊറോണ, കോവിഡ് 19 മഹാമാരിയുടെ ആഘാതത്തിൽ ലോകം മുഴുവൻ കഠിനമായ പ്രതിസന്ധിഘട്ടത്തിലൂടെ കടന്നുപോകുകയാണ്. ജനങ്ങൾ അത്രയധികം പരിഭ്രാന്തരാണ്. ഈ അവസരത്തിൽ ഭരണാധികാരികളും ആരോഗ്യപ്രവർത്തകരും നല്കുന്ന മാർഗനിർദ്ദേശങ്ങൾ കൃത്യതയോടെ പാലിച്ച് ജാഗ്രതാപൂർവ്വം ഈ മഹാമാരിയെ നമുക്കൊത്തൊരുമിച്ച് അതിജീവിക്കാം. ദൈവത്തിന്റെ കാരുണ്യത്തിനായി നമുക്ക് വിനീതരായി പ്രാർഥിക്കുകയും ചെയ്യാം. തൊഴിലാളികൾ ഉൾപ്പടെയുള്ള പലരും ഈ മഹാമാരിക്കെതിരേയുള്ള സന്നദ്ധപ്രവർത്തനത്തിനു മുന്നിട്ടിറങ്ങുന്നതിൽ സന്തോഷമുണ്ട്. അവരെ എല്ലാവരെയും അഭിനന്ദിക്കുന്നു. കൂടുതൽ സന്നദ്ധപ്രവർത്തകർ സർക്കാർ നേതൃത്വം നല്കുന്ന കോവിഡ് 19 നെതിരേയുള്ള

പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താൻ മുന്നോട്ടുവരണം. അഗതികൾ, അയൽസംസ്ഥാന തൊഴിലാളികൾ തുടങ്ങിയ ആർക്കും ഭക്ഷണം ലഭിക്കാതെവരുന്ന സാഹചര്യം ഉണ്ടാകാതെ സന്നദ്ധപ്രവർത്തകർ പ്രത്യേകം ശ്രദ്ധിക്കണം. തൊഴിലാളികൾ ഉൾപ്പടെയുള്ള അടിസ്ഥാന ജനവിഭാഗ ങ്ങളുടെ അതിജീവനത്തിനായി ഈ അടിയന്തരഘട്ടത്തിൽ കൂടുതൽ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ചു ഫലപ്രദമായി നടപ്പിലാക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് അഭ്യർത്ഥിക്കുകയും സർക്കാരുകളുടെ എല്ലാ പ്രവർത്തന ങ്ങൾക്കുമുള്ള പിന്തുണ അറിയിക്കുകയും ചെയ്യുന്നു. ആരോഗ്യ-സന്നദ്ധ പ്രവർത്തകരെയെല്ലാവരെയും സവിശേഷ മായ രീതിയിൽ ദൈവം അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥി ക്കുന്നു.

3. ചിന്താശേഷി, സർഗശേഷി, കായികശേഷി എന്നിവയുടെ പ്രയോജനപ്പെടുത്തലാണ് തൊഴിൽമേഖലയിൽ മനുഷ്യൻ നടത്തുന്നത്. അതിലൂടെ തനിക്കും സമൂഹത്തിനും പുരോഗതിക്കവസരം സൃഷ്ടിക്കുന്നു. അതുകൊണ്ടാണ് തൊഴി ലിന്റെ ഭാവിക്കും (Future of Work) പരിസ്ഥിതിക്കും പുതി യൊരു ദർശനം നല്കിയ, “അങ്ങേയ്ക്കു സ്തുതി” (Laudato Si) എന്ന ഫ്രാൻസിസ് പാപ്പായുടെ ചാക്രികലേഖനത്തിൽ ഇപ്ര കാരം പറയുന്നത്: “ജോലി ചെയ്യാനുള്ള വിളിയോടെയാണ് നാം സൃഷ്ടിക്കപ്പെട്ടത്. സാങ്കേതികവിദ്യയുടെ പുരോഗതി മാനുഷിക തൊഴിലിന് വർധമാനമായ തോതിൽ പകരമാവണം എന്നതായിരിക്കരുത് ലക്ഷ്യം. തൊഴിലിലൂടെ മഹത്ത്വ പൂർണമായ ഒരു ജീവിതമുണ്ടാകാൻ അവരെ അനുവദിക്കുക എന്നതായിരിക്കണം കൂടുതൽ വിശാലമായ ലക്ഷ്യം” (ലൗദാത്തോ സി നമ്പർ 128).

4. ഉള്ളവനും ഇല്ലാത്തവനുമെന്ന വേർതിരിവില്ലാതെ ജീവിച്ചിരുന്ന സമൂഹം പുരോഗതിയുടെ പാതയിൽ മുന്നേറാൻ തുടങ്ങിയതോടെ സ്വത്തുസമ്പാദനത്തിനുള്ള ഉപാധിയായി തൊഴിൽ പരിവർത്തനം ചെയ്യപ്പെട്ടു. യന്ത്രങ്ങളുടെ വരവോടെ

കൂടുതൽ ഉല്പാദനവും കൂടുതൽ ലാഭവുമെന്ന ചിന്ത കടന്നുവന്നതോടെ തൊഴിലാളി ലാഭം നേടിക്കൊടുക്കുന്ന വസ്തുവോ ഉപകരണമോ ആയി തരംതാഴ്ത്തപ്പെട്ടു. മനുഷ്യനെന്ന പരിഗണനപോലും നഷ്ടമായ തൊഴിലാളികളുടെ പ്രതിഷേധത്തിന്റെയും പ്രതികരണത്തിന്റെയും ഓർമ്മകളാണ് മെയ്ദിനം നമുക്കു മുൻപിൽ വയ്ക്കുന്നത്.

അൻപതുകോടിയിൽപരം പേരാണ് ഇന്ത്യയിൽ തൊഴിൽ മേഖലയിൽ ഉള്ളവർ. ഇവരിൽ തൊണ്ണൂറ്റിമൂന്ന് ശതമാനം പേരും അസംഘടിത തൊഴിലാളികളാണ്. നിയമ പരിരക്ഷ, തൊഴിൽസംരക്ഷണം, സാമൂഹികസുരക്ഷ എന്നിവ ഇല്ലാത്ത തൊഴിലാളികളാണ് അസംഘടിത തൊഴിലാളികൾ. അഞ്ച് ഏക്കർ ഭൂമിവരെയുള്ള ചെറുകിട കർഷകർ, ചെറുകിട കച്ചവടക്കാർ ഉൾപ്പെടെയുള്ള ചെറുകിട സംരംഭകർ എന്നീ വിഭാഗങ്ങളെയും അസംഘടിത തൊഴിലാളികളെന്ന വിഭാഗ ത്തിലാണ് കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നത്. രാജ്യത്തെ അടിസ്ഥാന ജനവിഭാഗങ്ങളാണ് അസംഘടിത തൊഴിലാളികൾ. ഇൻഷുറൻസ്, പ്രസവാവധി, ഗ്രാറ്റ്യുവിറ്റി, തൊഴിൽസുരക്ഷ, പെൻഷൻ തുടങ്ങിയ സാമൂഹിക സുരക്ഷാപദ്ധതികൾ ലഭ്യമല്ലാത്തവരാണ് അസംഘടിത തൊഴിലാളികൾ. മാന്യമായ വേതനം ഇല്ലാത്ത സാഹചര്യം, തൊഴിൽലഭ്യത ഉറപ്പില്ലാത്ത അവസ്ഥ, സാമൂഹികസുരക്ഷാ പദ്ധതികളുടെ ലഭ്യതക്കുറവ്, ദാരിദ്ര്യത്തിൽനിന്നും കരകയറാനാകാത്തത്, അധികാരികളുടെ തൊഴിലാളി വിരുദ്ധ നിലപാടുകൾ, അതിസാങ്കേതികത സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ തുടങ്ങി നിരവധി പ്രശ്നങ്ങളാൽ ഇന്നത്തെ തൊഴിലാളി സമൂഹം ഏറെ ഞെരുക്കപ്പെടുന്ന സാഹചര്യത്തിലാ ണെന്ന് നമുക്ക് അറിയാം. ഇത്തരം പ്രശ്നങ്ങൾ മുഖ്യമായും ബാധിക്കുക അസംഘടിത മേഖലയിലെ തൊഴിലാളികളെ യാണ്.

5. നമ്മുടെ രാജ്യത്തെ സമകാലീന സാഹചര്യങ്ങളിൽ അടിസ്ഥാന ജനവിഭാഗങ്ങളുടെ ദൈനംദിനജീവിതം കൂടുതൽ

ബുദ്ധിമുട്ടു നിറഞ്ഞതായി മാറിക്കൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ വളർച്ചാനിരക്കിൽ ഗണ്യമായ കുറവു വന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ, കഴിഞ്ഞ ജനുവരി മാസത്തിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിന്റെ ഓക്സ്ഫാം റിപ്പോർട്ടനുസരിച്ച് രാജ്യത്തെ വൻകിട കോർപ്പറേറ്റുകളുടെ സ്വത്തിൽ ഈ വർഷവും വലിയ തോതിലുള്ള വർദ്ധന ഉണ്ടായിട്ടുണ്ട്. ഇന്ത്യയിലെ ആകെ സ്വത്തിന്റെ എഴുപതുശതമാനവും ഉന്നതരായ പത്തു ശതമാനത്തിന്റെ പക്കലാണ്. കേവലം ഒരു ശതമാനം വരുന്ന കോർപ്പറേറ്റുകളുടെ കൈവശം രാജ്യത്തെ ജനങ്ങളിലെ എഴുപത് ശതമാനത്തിൽപരം വരുന്ന താഴേത്തട്ടിൽ വസിക്കുന്ന 95.3 കോടി ജനങ്ങളെക്കാൾ സമ്പത്ത് ശേഖരിക്കപ്പെട്ടിട്ടുണ്ടെന്ന് ഈ റിപ്പോർട്ട് സൂചിപ്പിക്കുന്നു. സമ്പന്നരും ദരിദ്രരും തമ്മിലുള്ള വിടവ് ഇന്ത്യയിൽ പ്രതിദിനം വർദ്ധിച്ചുവരികയാണെന്നും ഈ റിപ്പോർട്ടിൽ പറയുന്നു.

6. തൊഴിലുറപ്പുപദ്ധതി, കർഷകക്ഷേമപദ്ധതി, അസംഘടിത തൊഴിലാളി ക്ഷേമപദ്ധതികൾ എന്നിവയുൾപ്പെടെയുള്ള തൊഴിലാളി ക്ഷേമപദ്ധതികളിലേക്കുള്ള സർക്കാർ വിഹിതം വെട്ടിക്കുറക്കപ്പെടുകയാണ്. ആവിഷ്കരിക്കപ്പെട്ട പല പദ്ധതികളും രാഷ്ട്രീയ നേട്ടങ്ങൾക്കും മൂലധന താത്പര്യങ്ങൾക്കുമനുസരിച്ച് മാറ്റിമറിക്കപ്പെടുമ്പോൾ സർക്കാർ പദ്ധതികളിൽ വിശ്വാസം നഷ്ടമാകുന്ന തൊഴിലാളികൾ സ്വയം പിൻവലിയുകയും ചെയ്യുന്നു.

സാമൂഹിക സുരക്ഷയുൾപ്പെടെയുള്ള പരിരക്ഷകൾ ഉണ്ടായിരുന്ന സംഘടിതമേഖലയിലും അസംഘടിത തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരുന്നു. വിദ്യാഭ്യാസം, പൊതുമരാമത്ത്, ആരോഗ്യം തുടങ്ങി എല്ലാ മേഖലകളിലും വ്യവസായ സ്ഥാപനങ്ങളിലും ദിവസവേതനക്കാരും കരാർ ജീവനക്കാരും കൂടിവരുന്നു. ഇപ്പോൾ നടത്തപ്പെട്ടു കൊണ്ടിരിക്കുന്ന തൊഴിൽ നിയമ ഭേദഗതികളിലൂടെ തൊഴിലാളിയുടെ നിലവിലുള്ള പല അവകാശങ്ങളും

നിഷേധിക്കുന്നുവെന്നു മാത്രമല്ല വ്യവസായ ഉടമകൾക്ക് സർവസ്വാതന്ത്ര്യവും നിയമപരിരക്ഷയും ഉറപ്പാക്കുന്നു എന്ന ആക്ഷേപം വ്യാപകമായി ഉയർന്നുവരുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ വിവേചനരഹിതമായി വിറ്റഴിക്കപ്പെടുന്നതും തൊഴിലാളികളെ ആശങ്കാകുലരാക്കുന്നുണ്ട്. കൂടാതെ രാഷ്ട്രീയകലഹങ്ങളും കൊലപാതകങ്ങളും വർഗീയസംഘർഷങ്ങളും പ്രകൃതിദുരന്തങ്ങളും മഹാമാരികളും അസംഘടിത തൊഴിലാളികളുടെ ജീവിതങ്ങളെ തകർത്തെറിയുന്നു. രാഷ്ട്രീയ, തൊഴിൽ വിഭാഗീയതയിലൂടെ സംഘശേഷി ചോർന്നുപോയ തൊഴിലാളിസമൂഹത്തിന്റെ ഒന്നുചേരലിനുള്ള ചിന്തകളാകണം മെയ്ദിനത്തിൽ ഉയരേണ്ടത്.

7. സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങൾ മാത്രമല്ല, ശാസ്ത്ര വികാസവും തൊഴിൽ മേഖലയിൽ സങ്കീർണ്ണതകൾ സൃഷ്ടിക്കുന്നുണ്ട്. കാർഷിക, വ്യാവസായിക സേവന മേഖലകളിൽ സാങ്കേതികതകൂടി ഉൾച്ചേർന്നപ്പോഴാണ് പുരോഗതി ഉണ്ടാവുകയും സാമ്പത്തികവളർച്ച ഉണ്ടാവുകയും ചെയ്തത്. ഇതുതന്നെയാണ് തൊഴിൽനഷ്ടത്തിനും മൽസരത്തിനും കളമൊരുക്കിക്കൊണ്ടിരിക്കുന്നതും. മാറിയ തൊഴിൽ സാഹചര്യത്തിനനുസൃതമായ പരിശീലനങ്ങൾ അസംഘടിത തൊഴിലാളികൾക്കു ലഭിക്കാതെ വരുന്നതിനാൽ അവർ സാങ്കേതികമേഖലയിൽനിന്ന് പിന്തള്ളപ്പെടുകയും തൊഴിൽ ഇല്ലാത്തവരായി മാറുകയും ചെയ്യുന്നു.

8. ഈ സാഹചര്യത്തിലാണ് ഫ്രാൻസിസ് പാപ്പാ, 'ലൗദാത്തോ സി' യുടെ മൂന്നാം അദ്ധ്യായത്തിൽ ചർച്ചചെയ്യുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് എന്നിവയെക്കുറിച്ച് ചിന്തിക്കേണ്ടതായിവരുന്നത്. മനുഷ്യനു ചെയ്യാൻ സാധ്യമായതിനപ്പുറമുള്ള കാര്യങ്ങൾ കമ്പ്യൂട്ടർ അധിഷ്ഠിതമായി ചെയ്തെടുക്കുന്നതാണ്, ലളിതമായിപ്പറഞ്ഞാൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്. തെറ്റുവരാനുള്ള സാധ്യതക്കുറവ്, വേഗത, കൃത്യത, തൊഴിലാളികളുടെ എണ്ണക്കുറവ്, മാനുഷിക ആവശ്യങ്ങൾക്കായുള്ള ഭൗതികസാഹചര്യം സൃഷ്ടിക്കൽ, തൊഴിൽപ്രശ്നങ്ങൾ, സംഘർഷങ്ങൾ ഇല്ലാത്ത

സാഹചര്യം-എന്നിവയെല്ലാം ഇതിന്റെ ഗുണങ്ങളാണ്. എന്നാൽ, ഉയർന്ന മുതൽമുടക്ക്, മനുഷ്യ ബുദ്ധിയോടു ണ്ടാകുന്ന അവഗണന, സർഗാത്മകതയുടെ അഭാവം, തൊഴിലില്ലായ്മയുടെ വർദ്ധന തുടങ്ങിയവ ഇവ മൂലമുണ്ടാകന്ന പ്രശ്നങ്ങളാണ്. 2030 ആകുമ്പോഴേക്കും തൊഴിൽമേഖലയിലെ ഇരുപത് ലക്ഷത്തിൽപരം അവസരങ്ങൾ റോബോട്ടുകൾ കൈയടക്കുമെന്നാണ് കണക്ക്.

9. ആർട്ടിഫിഷ്യൽ ഇന്റലിജൻസും റോബോട്ടിക്സും തൊഴിൽ മേഖലയെ മാറ്റിമറിക്കുമ്പോൾ ഇന്നത്തെ സംഘടിത മേഖലയിൽ വൻവ്യതിയാനങ്ങൾ സംഭവിക്കും. പ്രസവാവധി വേണ്ടാത്ത, പെൻഷനും ഗ്രാറ്റ്യുവിറ്റിയും ഇൻഷുറൻസും വേണ്ടാത്ത, തൊഴിലാളി യൂണിയനുകളില്ലാത്ത അവധിയും വിശ്രമവുമില്ലാതെ പ്രവർത്തിക്കുന്ന റോബോട്ടുകളെ ഏതു തൊഴിൽദാതാവാണ് പ്രയോജനപ്പെടുത്താതിരിക്കുക? ഇന്ത്യപോലുള്ള രാജ്യത്ത് വിവേചനരഹിതമായ റോബോട്ടു വത്ക്കരണം വലിയ പ്രതിസന്ധികൾ ഉളവാക്കും.

10. ലോകത്തുണ്ടായ മാറ്റങ്ങളാണ് തൊഴിൽമേഖലയെ മുന്നോട്ടു നയിച്ചത്. അവിടെയെല്ലാം മനുഷ്യന് പ്രാമുഖ്യം നല്കുന്ന സമീപനമാണ് തിരുസഭ സ്വീകരിച്ചിട്ടുള്ളത്. തൊഴിലാളിയെയും അയാളുടെ കുടുംബത്തെയും പൊതു സമൂഹത്തെയും തൊഴിൽദാതാവിനെയും ഒരേപോലെ പരിഗണിക്കുന്നതാണ് സഭയുടെ തൊഴിൽ ദർശനം. തൊഴിലാളിക്കു ജീവനക്കൂലി മാത്രമല്ല, കുടുംബത്തെ സംരക്ഷിക്കുന്നതിനുള്ള കൂലികൂടി നല്കണമെന്നും തൊഴിൽ ദാതാവും തൊഴിലാളിയും തമ്മിൽ ഉഭയസമ്മതം നടത്തിയിട്ടുണ്ടെന്നിരുന്നാലും നിയമാനുസൃതമല്ലാത്തതായ കുറഞ്ഞ കൂലി നീതിയുക്തമാകില്ലെന്നും പഠിപ്പിക്കുന്ന സഭ, കൂലി നിശ്ചയിക്കുമ്പോൾ തൊഴിലാളിയുടെയും കുടുംബത്തി ന്റെയും സുസ്ഥിതി, സ്ഥാപനത്തിന്റെ നിലനില്പ്, പൊതു നന്മയുടെ സൂക്ഷിപ്പ് എന്നിവ പരിഗണിക്കപ്പെടണമെന്നും ഊന്നിപ്പറയുന്നു.

11. അതിനാൽ, കേരളസഭയുടെ തൊഴിലാളിമേഖലയിലെ പ്രവർത്തനങ്ങൾക്കായി രൂപീകൃതമായ ലേബർ കമ്മീഷന്റെയും അതിന്റെ ഔദ്യോഗിക പ്രസ്ഥാനമായ കേരള ലേബർ മൂവ്മെന്റിന്റെയും പ്രവർത്തനങ്ങൾ കരുത്തുറ്റതാക്കപ്പെടേണ്ടതുണ്ട്. നിലവിലുള്ള സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി അവസരങ്ങളെ അനുകൂലമാക്കി അതിജീവനത്തിനു കരുത്തുപകരാൻ തൊഴിലാളികളെ സഹായിക്കാൻ കെ.എൽ.എം എല്ലാ രൂപതകളിലും ഇടവകകളിലും രൂപീകരിക്കപ്പെടണം. സർക്കാർ പദ്ധതികളുടെ പ്രയോജനപ്പെടുത്തൽ, സ്വയംസഹായസംഘങ്ങൾ രൂപീകരിച്ച കരുത്താർജ്ജിക്കൽ, ലേബർ ബാങ്കുകൾക്ക് രൂപംനല്കി തൊഴിൽ ലഭ്യമാക്കൽ, ഫിനിഷിംഗ് സ്കൂളുകളിലൂടെ തൊഴിലാളിയുടെ നൈപുണ്യവികസനം, ആരോഗ്യ ഇൻഷുറൻസ് പദ്ധതികളിലൂടെയും ക്ഷേമനിധി അംഗത്വത്തിലൂടെയും സുരക്ഷ ഉറപ്പാക്കൽ, തൊഴിലാളി ഫോറങ്ങളിലൂടെ സംഘശക്തിയായി പ്രവർത്തിക്കാനുള്ള അവസരം സൃഷ്ടിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ കേരള ലേബർ മൂവ്മെന്റ് ഏറ്റെടുത്തു നടത്തിവരുന്നു. കെ.എൽ.എം.ന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന തൊഴിലാളി ഫോറങ്ങളുടെ പ്രവർത്തനവും എല്ലായിടങ്ങളിലേക്കും വ്യാപിപ്പിക്കണം. തൊഴിലാളികൾ സംഘടിതരായി നിലനിന്നെങ്കിൽ മാത്രമേ അവകാശങ്ങൾ സംരക്ഷിക്കാനാകൂ എന്ന കാര്യം എല്ലാ തൊഴിലാളികളെയും ഓർമ്മപ്പെടുത്തുന്നു.

കേരളത്തിലെ രൂപതകളുടെയും വിവിധ സന്ന്യാസ സമൂഹങ്ങളുടെയും നേതൃത്വത്തിൽ നടത്തപ്പെടുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ രാജ്യത്തെ നിയമങ്ങൾക്കനുസരിച്ച് ചിട്ടപ്പെടുത്തുന്നതിനുള്ള മാർഗനിർദേശക നയരേഖ (പീപ്പിൾ മാനേജ്മെന്റ് പോളിസി) കെ.സി.ബി.സി പുറത്തിറക്കിയിട്ടുണ്ട്. ഇവ നടപ്പിലാക്കാനുള്ള ചുമതല നമുക്കുണ്ട്. കെ.എൽ.എം.ന്റെ സേവനം ഫലപ്രദമായി ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. വിവിധ സ്ഥാപനങ്ങളിൽ നിയമാനുസൃത

ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മറ്റി രൂപീകരിക്കുന്നതിനെ സംബന്ധിച്ച് കെ.സി.ബി.സി പുറത്തിറക്കിയ രേഖ നിർദേശിക്കുന്ന സംവിധാനങ്ങൾ എല്ലാ സ്ഥാപനങ്ങളിലും രൂപപ്പെടുത്താൻ ശ്രദ്ധിക്കണം.

12. പുതിയ തൊഴിൽ മേഖലകൾ ഉരുത്തിരിഞ്ഞു വരുന്നതിനനുസരിച്ച് തൊഴിൽ പരിശീലനങ്ങൾ നല്കുന്ന സംവിധാനങ്ങൾ വികസിപ്പിക്കുക, മാറിക്കൊണ്ടിരിക്കുന്ന തൊഴിൽസാഹചര്യത്തെക്കുറിച്ച് തൊഴിലാളികളെ ബോധമുള്ളവരാക്കുക, നൂതന ഉപഭോക്തൃതൊഴിൽ സംരംഭങ്ങൾക്കു രൂപംനല്കുക, ആധുനിക കൃഷിരീതികളിൽ പരിശീലനം നേടി തൊഴിൽസാധ്യത വർദ്ധിപ്പിക്കുക, മത്സ്യമേഖലയിലെ തൊഴിൽ സാധ്യതകളെ ശാസ്ത്രീയമായി പരിവർത്തിതമാക്കുക തുടങ്ങി നവീന സാധ്യതകളെ മുന്നിൽ ക്കണ്ടുള്ള പ്രവർത്തനങ്ങളും പദ്ധതികളും ആവിഷ്കരിച്ച് തൊഴിൽ മേഖലയെ ശക്തിപ്പെടുത്താൻ കേരള ലേബർ മൂവ്മെന്റ് നടത്തുന്ന ശ്രമങ്ങൾക്ക് എല്ലാ രൂപതകളുടെയും അഭിവന്ദ്യപിതാക്കന്മാരുടെയും വൈദികരുടെയും സന്ന്യ സ്തരുടെയും സഹകരണവും കുടുംബയൂണിറ്റുകൾ/ ബിസിസികൾവഴി പ്രവർത്തനങ്ങൾ താഴെത്തട്ടിലേക്കെ ത്തിക്കാൻ എല്ലാ അല്മായ സഹോദരങ്ങളുടെയും സന്മനസ്സും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനേകായിരം അന്യസംസ്ഥാന തൊഴി ലാളികളും നമ്മുടെ പ്രത്യേക പരിഗണന അർഹിക്കുന്നു. അവ രുടെ അജപാലന ആവശ്യങ്ങൾ, സാമൂഹിക സുരക്ഷ എന്നീ കാര്യങ്ങൾക്ക് നാം പ്രത്യേക മുൻഗണന നല്കണം. അതിനാൽ ഈ വർഷം നമ്മുടെ എല്ലാ ഇടവകകളിലും കെ.എൽ.എം യൂണിറ്റുകൾ രൂപീകരിക്കണമെന്നും വർക്കേഴ്സ് ഇന്ത്യ ഫെഡറേഷനും കേരള ലേബർ മൂവ്മെന്റും മുന്നോട്ടു വയ്ക്കുന്ന പ്രവർത്തനങ്ങളോടു സഹകരിക്ക ണമെന്നും ഓർമ്മിപ്പിക്കുന്നു. തൊഴിലാളികളുടെ സ്വർഗീയ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ സഹായത്താൽ ദൈവത്തിന്റെ കാരു

ണ്യവും കനിവും നമ്മിലുണ്ടാകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

**ബിഷപ് അലക്സ് വടക്കുംതല**
(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

പി.ഒ.സി.,
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി - 682 025

---

NB: 06.04.2020 ൽ കെ.സി.ബി.സിയിൽനിന്നും നൽകപ്പെട്ട മെയ്ദിന സന്ദേശം.

**Kerala Catholic Bishops' Council (KCBC)**
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

Ref: 3293/K-5/KCBC/OL/DS 25 April 2020

Dear Archbishops and Bishops,

I know that in all our dioceses, we are doing so many works for the prevention of the Corona Virus as well as relief and assistance to the Virus affected people by way of giving food, medical assistance and other Personal Protective Equipments. It is better that we make a report of all activities of the Church in Kerala in this regard and make it known to the public.

Therefore, you may kindly give a short list of activities undertaken in your diocese with their corresponding expenditure and send it to Rev. Fr. Varghese Vallikkatt, the Deputy Secretary General of KCBC before 30 April 2020. The KCBC Secretariat shall make a consolidated report and make it known to you and to the public.

Yours cordially in Christ,

George Cardinal Alencherry
KCBC President

ബഹു. അച്ചന്മാരെ,

KCBC- യുടെ ടി. നിർദ്ദേശപ്രകാരം നമ്മുടെ രൂപതയിൽ നിന്നുള്ള റിപ്പോർട്ട് തയാറാക്കുന്നതിലേയ്ക്കായി, ഇടവകകളിൽ (സംഘടനകൾ, പ്രസ്ഥാനങ്ങൾ വഴിയും) ചെയ്ത വിവിധ ക്ഷേമപ്രവർത്തനങ്ങളും അതിനോടനുബന്ധിച്ച് ചെലവഴിച്ച തുകയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു റിപ്പോർട്ട് ഏപ്രിൽ 29-ാം തീയതിക്കു മുൻപായി Email – aramanapala@gmail.com വഴിയോ Eparchy of Palai Whatsapp group വഴിയോ അയച്ചു തരേണ്ടതാണ്.

ബിഷപ്സ് ഹൗസ്
പാലാ, 27.04.2020

ഫാ. ജോസഫ് തടത്തിൽ
സിഞ്ചെല്ലൂസ്

NB: 25.04.2020 ൽ കെ.സി.ബി.സി.യിൽനിന്നും നൽകപ്പെട്ട അറിയിപ്പ്.

KERALA CATHOLIC BISHOPS' COUNCIL

# Kerala Catholic Bishops' Council (KCBC)

Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

Ref: 3294/K-5/KCBC/OL/DS 27 April 2020

Dear Archbishops and Bishops,

This is to inform you that KCBC, Inter Church Council and religious leaders of Hindu and Muslim Communities have come to a common decision to declare next Sunday, May 03, a Prayer Day in Kerala, seeking God's mercy to contain Covid-19 pandemic. On that Sunday of common prayer, our dioceses and religious communities are requested to give this orientation to their prayers.

This Prayer Day will be announced through the media. On the Prayer day at 3pm onwards, short prayers of various religious leaders will be telecasted.

You may kindly instruct all the faithful to cooperate with this prayer programme.

With best regards,

Yours cordially in Christ,

+ George Alencherry

George Cardinal Alencherry
KCBC President

PRESIDENT
His Beatitude
**Mar George Cardinal Alencherry**
Major Archbishop of Syro Malabar Church
**Mount St. Thomas P.B.No. 3110, Kakkanad**
**Kochi 682 030**
**Ph: 0484-2424768, 2424780, 2425727**
**Fax: 0484-2422727**
E-mail: bpalencherry@yahoo.co.in

VICE-PRESIDENT
His Excellency,
Rt. Rev. Dr. Varghese Chakkalakal,
Bishop of Calicut
Bishop's House, Malaparamba,
Kozhikode 673 009.
Ph: 0495 2370313, 2370271
Fax: 0495 2377013
E-mail: calicut_diocese@yahoo.com

SECRETARY GENERAL
Dr. Joseph Mar Thomas
Bishop of Bathery,
Catholic Bishop's House,
Bathery, Dharmapitam,
Wayanad 673 592.
Ph: 04936 220207, Fax: 04936 221287
E-mail: bishopbty@gmail.com

DEPUTY SECRETARY GENERAL
**Fr. Varghese Vallikkatt**
P.O.C., P. B. No. 2251
Palarivattom, Kochi-682025
Ph: 0484-2805815, 2805722
Fax: 2806214
E-mail: vallikkatt@gmail.com

NB : 27.04.2020 ൽ കെ.സി.ബി.സി.യിൽനിന്നും നൽകപ്പെട്ട അറിയിപ്പ്

# CATHOLIC BISHOPS' CONFERENCE OF INDIA (CBCI)

C.B.C.I. Centre, 1 Ashok Place, Near Gole Dakkhana, New Delhi-110 001. India
Tel: +91 11 2334 4470

**Cardinal Oswald Gracias**
President

April 7, 2020

Your Eminence, Your Beatitude, Your Grace, Your Lordship,

We have entered into the most sacred week of the liturgical year. Because of the Coronavirus pandemic there is a different type of solemnity in the Holy Week 2020 celebrations: more private and more personal but due to the compelling circumstances also a more intimate and a deeper insertion into the Pascal Mystery.

The spread of the Coronavirus in India seems limited presently, but there is a real fear that the situation may become very much worse. The Government is making preparations for such an eventuality. I am confident that all of us are encouraging our people to follow strictly the Government directives: a careful observance of the lockdown and a frequent washing of hands with soap and water. The experts of the World Health Organisation (WHO) insist that this is the only way to control the spread.

1. As I mentioned before, we have been in contact with the Government (Prime Minister's Office) with regard to the Church's cooperation in combatting the crisis. Once the immediate concern about migrant workers is attended to, we need to prepare ourselves for a medical emergency. The District Administration will coordinate these efforts; we are advised to keep in touch with these officials already now. Caritas India and CHAI have been proactive and are doing exceptional work. Yesterday I sent some suggestions/recommendations to the Government to improve the efficacy of our collaboration.

2. At this moment of crisis all of us must assist our Government to face this unprecedented threat. Please get your Diocesan Social Service Office to stay in touch with Caritas India so that our efforts are coordinated. The Home Ministry has sent a form to inquire how much we are contributing to this effort. This has been sent to all FCRA connected Trusts. Compute the amount you may have to spend on this Coronavirus assistance and put this figure in the column meant for it. Do consult your auditor on how to fill the form. Please do this urgently.

3. Some Bishops have asked about the desire of people for Confession. We must distinguish between three types of cases: devotional confession, confession in great need, and confession in danger of death. As Rome has reminded us, Catholic Doctrine teaches that the forgiveness of sins is obtained through a perfect contrition. You might want to prepare a one-page handout (sort of prayer service) which would guide our people to make a perfect contrition at home itself.

4. At this critical moment our most powerful weapon is prayer. We are called to turn to God at this moment of danger and also lead our people to do so. In consultation with Cardinal Alencherry, Cardinal Cleemis and Archbishop Felipe Neri, I am inviting all our Bishops to pray unitedly to God for this need as we conclude the Pascal Triduum on Easter Sunday. I suggest we all do this at the same time, at 12 Noon on Sunday April 12, 2020. Please encourage your people also to do so at the same time or later in the day. To assist us, I am enclosing a suggested prayer service which you could use. Please feel free to modify it.

Wishing you a grace-filled Pascal Triduum and a hope-filled Easter Feast,

Yours fraternally in Christ,

+ Oswald Gracias

✠ **Oswald Cardinal Gracias**
Archbishop of Bombay
President, Catholic Bishops Conference of India

Encl: As Mentioned

---

NB. 07.04.2020 ൽ നൽകപ്പെട്ട അറിയിപ്പ്.

# മാർപാപ്പായുടെ നേതൃത്വത്തിലുള്ള പ്രാർത്ഥനാശുശ്രൂഷ

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

കൊറോണ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ നാമിന്ന് (മാർച്ച് 27 വെള്ളി) പ്രാർത്ഥനാദിനമായിട്ട് ആചരിക്കുകയാണല്ലോ. അതോടൊപ്പംതന്നെ പരിശുദ്ധ പിതാവ് മാർ ഫ്രാൻസിസ് പാപ്പായുടെ നേതൃത്വത്തിൽ റോമിലുള്ള സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ വൈകുന്നേരം 6 മണിക്കു നടക്കുന്ന (ഇന്ത്യൻ സമയം രാത്രി 10.30 മുതൽ 11.30 വരെ) പ്രാർത്ഥനാശുശ്രൂഷയിൽ ലഭ്യമായ മാധ്യമങ്ങളിലൂടെ പങ്കുചേരുവാൻ നാമെല്ലാവരും ശ്രദ്ധിക്കുമല്ലോ. ഒരു പ്രത്യേക സ്ഥലത്തുനിന്ന് ലോകം മുഴുവനുംവേണ്ടിയുള്ള (Statio orbis) നിർണ്ണായകമായ ഈ പ്രാർത്ഥനാശുശ്രൂഷയ്ക്ക് നാലു ഘടകങ്ങളാണ് ഉള്ളത്.

1. ദൈവവചന പാരായണം
2. ദിവ്യകാരുണ്യ ആരാധന
3. റോമാനഗരത്തിനും ലോകം മുഴുവനുമായി നൽകുന്ന ആശീർവാദം (Urbi et Orbi Blessing)
4. പൂർണ്ണ ദണ്ഡവിമോചനം (Plenary Indulgence (CCC. 1471)

ഈ തിരുമണിക്കൂറിൽ പരിശുദ്ധ പിതാവിനോടൊപ്പം ലോകമെമ്പാടുമുള്ള ജനത്തിനുവേണ്ടി നമുക്കും പ്രാർത്ഥിക്കാം.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 27.03.2020

---

NB: ഇക്കാര്യങ്ങൾ എത്രയുംവേഗം ഉചിതമായ സാമൂഹിക മാധ്യമങ്ങളിലൂടെയും മറ്റ് സംവിധാനങ്ങളിലൂടെയും നമ്മുടെ ജനങ്ങളെ അറിയിക്കുവാനായി 27.03.2020 -ൽ നൽപ്പെട്ടതാണ്.

Ref: 3290/K-5/KCBC/OL/DS 22 April 2020

# ലോകദൈവവിളിദിനത്തെ സംബന്ധിച്ച് ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിക്കുന്ന സന്ദേശം

**(2020 മേയ് 3)**

**ദൈവവിളിയുടെ വചനങ്ങൾ**

പ്രിയ സഹോദരീസഹോദരന്മാരേ,

ആർസിലെ വികാരിയായ വിശുദ്ധ ജോൺ വിയാനിയുടെ 160-ാം ചരമവാർഷികം കഴിഞ്ഞവർഷം ആഗസ്റ്റ് 4-ാം തീയതിയായിരുന്നല്ലോ. കർത്താവിന്റെ വിളിയോടുള്ള പ്രത്യുത്തരമായി ദൈവജന സേവനത്തിനുവേണ്ടി അനുദിനജീവിതം സമർപ്പിക്കുന്ന എല്ലാ പുരോഹിതന്മാർക്കും ഒരു കത്ത് എഴുതാൻ ഞാൻ നിശ്ചയിച്ചു.

വൈദികരോടു നന്ദിപറയുകയും അവരുടെ ശുശ്രൂഷയെ പിന്താങ്ങുകയും ചെയ്യാനുള്ള മാർഗമായി ഈ സന്ദർഭത്തിൽ വേദന, കൃതജ്ഞത, പ്രോത്സാഹനം, സ്തുതി എന്നീ നാലു സുപ്രധാന വാക്കുകൾ ഞാൻ തിരഞ്ഞെടുക്കുന്നു. യേശുവിനും പത്രോസിനും ഗലീലിക്കടലിൽ കൊടുങ്കാറ്റുള്ള രാത്രിയിൽ ഉണ്ടായ ശ്രദ്ധേയമായ അനുഭവം നമുക്കായി ആവർത്തിക്കുന്ന സുവിശേഷത്തിന്റെ പശ്ചാത്തലത്തിൽ ദൈവവിളികൾക്കുവേണ്ടിയുള്ള 57-ാം ലോകദിനമായ ഇന്ന് മുഴുവൻ ദൈവജനത്തോടും ആ വാക്കുകൾ പറയാമെന്നു ഞാൻ വിശ്വസിക്കുന്നു (cf. മത്താ 14:22-33).

ജനക്കൂട്ടങ്ങളെ വിസ്മയിപ്പിച്ച അപ്പം വർധിപ്പിക്കലിനുശേഷം യേശു ജനങ്ങളോടു വിടപറയുകയും മറുകരയിലേക്കു പോകുന്നതിന് വഞ്ചിയിൽ കയറാൻ ശിഷ്യരോടു കല്പിക്കുകയും ചെയ്തു. കടൽ കടക്കുന്ന ശിഷ്യന്മാരുടെ പ്രതിരൂപം നമ്മുടെ ജീവിതയാത്രയെ ഉണർത്താൻ കഴിവുള്ളതാണ്. യഥാർത്ഥത്തിൽ നമ്മുടെ ജീവിതവഞ്ചി പതുക്കെ മുന്നോട്ടുപോകുന്നു. വിശ്രമമില്ലാതെ സുരക്ഷിതസ്വർഗത്തെ നോക്കി, കടലിലെ അപകടങ്ങളും വാഗ്ദാനങ്ങളും നേരിടാൻ സന്നദ്ധരായിക്കൊണ്ടും എന്നാൽ, വഞ്ചി തുഴയുന്നവൻ ആത്യന്തികമായി നമ്മെ ശരിയായ വഴിക്കു നയിക്കുമെന്നു വിശ്വസിച്ചുകൊണ്ടുമാണ് പോകുന്നത്. എന്നാലും ചിലപ്പോഴെല്ലാം വഞ്ചി വഴിമാറിപ്പോകും. ലക്ഷ്യസ്ഥാനത്തേക്കു നയിക്കുന്ന ലൈറ്റ്

ഹൗസല്ല, മരീചികകളാണ് വഴിതെറ്റിക്കുന്നത്. അങ്ങനെ പ്രയാസങ്ങളുടെയും സംശയത്തിന്റെയും ഭയത്തിന്റെയും കൊടുങ്കാറ്റുകൾ കൊണ്ടാണ് തെന്നിപ്പോകുന്നത്.

നസ്രത്തിലെ ഗുരുവിനെ പിന്തുടരാൻ വിളിക്കപ്പെട്ടവരുടെ ഹൃദയങ്ങളിൽ ഉണ്ടാകുന്നത് ഇതുപോലുള്ള ഒരു അനുഭവമാണ്. കർത്താവിന്റെ ശിഷ്യരാകാൻവേണ്ടി കടൽകടക്കുകയും സ്വന്തം സുരക്ഷിതത്വം ഉപേക്ഷിക്കുകയും ചെയ്യേണ്ടവരാണവർ. ഇവിടെ അപകടസാധ്യത യഥാർത്ഥത്തിലുള്ളതാണ്: നേരം സന്ധ്യയാകുന്നു. പ്രതികൂലമായ കാറ്റുവീശുന്നു, വഞ്ചി തിരമാലകളാൽ ഇളക്കപ്പെടുന്നു, പരാജയപ്പെടുമെന്ന ഭയമുണ്ടാകുന്നു, ദൈവവിളി അനുസരിക്കാനാവുകയില്ലെന്നു തോന്നുന്നു, തങ്ങൾ അടിപ്പെട്ടുപോകുമെന്ന് അവർക്കു തോന്നുന്നു.

എന്നാൽ, വെല്ലുവിളിയുടെ ഇടയിലുള്ള ഈ യാത്രയിൽ നമ്മൾ ഒറ്റയ്ക്കല്ലെന്ന് സുവിശേഷം നമ്മോടു പറയുന്നുണ്ട്. ശിഷ്യരുടെ കൂടെയായിരിക്കാൻവേണ്ടി രാത്രിയുടെ ഹൃദയത്തിൽ പ്രഭാതത്തിന്റെ പ്രകാശരശ്മിപോലെ ഇളകിമറിയുന്ന ജലത്തിന്റെ മുകളിൽ യേശു നടന്നുവരുന്നു, തിരമാലയുടെ മുകളിലൂടെ തന്റെയടുത്തേക്കുവരാൻ അവിടന്ന് പത്രോസിനെ ക്ഷണിക്കുന്നു. പത്രോസ് വെള്ളത്തിൽ മുങ്ങുന്നതായി കാണുമ്പോൾ അവിടന്ന് അദ്ദേഹത്തെ രക്ഷിക്കുന്നു. അവർ വഞ്ചിയിലായിരിക്കുമ്പോൾ കൊടുങ്കാറ്റിനെ അവിടന്നു ശമിപ്പിക്കുന്നു.

അപ്പോൾ, വിളിയുടെ ഒന്നാമത്തെ വാക്ക് കൃതജ്ഞതയാണ്. ശരിയായ വഴിയേ പോകുകയെന്നത് നമ്മൾ സ്വന്തമായി ചെയ്യുന്നതല്ല; നമ്മൾ യാത്രചെയ്യാൻ തിരഞ്ഞെടുക്കുന്ന റോഡിനെ മാത്രം ആശ്രയിച്ചിരിക്കുന്നതുമല്ല. ഒറ്റപ്പെട്ട വ്യക്തികളെന്ന നിലയിൽ നാം ചെയ്യുന്ന ഒരു തീരുമാനത്തെക്കാൾ കൂടുതലായിട്ടുള്ള ഒന്നാണ് നാം ജീവിതത്തിൽ എങ്ങനെ സാഫല്യം കണ്ടെത്തുന്നു എന്നത്. എല്ലാറ്റിനും ഉപരിയായി അത് ഉന്നതത്തിൽനിന്നുണ്ടാകുന്ന ഒരു വിളിയോടുള്ള പ്രത്യുത്തരമാണ്. കർത്താവ് നമ്മുടെ ലക്ഷ്യത്തെ എതിർവശത്തുള്ള കടൽത്തീരത്തു ചൂണ്ടിക്കാട്ടുന്നു; അങ്ങോട്ടു വഞ്ചി കയറിപ്പോകാനുള്ള ധൈര്യം നല്കുകയും ചെയ്യുന്നു. നമ്മെ വിളിക്കുമ്പോൾ അവിടന്നു നമ്മുടെ വഞ്ചി തുഴയുന്നവനാകുന്നു. അവിടന്നു നമ്മോടൊപ്പം സഞ്ചരിക്കുകയും നമ്മെ നയിക്കുകയും

ചെയ്യുന്നു. തീരുമാനമില്ലായ്മയുടെ മണൽത്തിട്ടയിൽ ഓടിച്ചെന്ന് അടിഞ്ഞുകിടക്കുന്നതിൽനിന്ന് അവിടന്നു നമ്മെ തടയുന്നു; ഉയർന്നുവരുന്ന തിരമാലയിലൂടെ നടക്കാൻ നമ്മെ ശക്തരാക്കുക പോലും ചെയ്യുന്നു.

കർത്താവ് നമ്മെ കണ്ടുമുട്ടാൻ വരുമ്പോഴുള്ള സ്നേഹത്തിന്റെ നോട്ടത്തിൽനിന്നാണ് ഓരോ ദൈവവിളിയും ജനിക്കുന്നത്. കൊടു ങ്കാറ്റുകൊണ്ട് നമ്മുടെ വഞ്ചി ഇളകിമറിയുമ്പോൾപോലും അങ്ങ നെയാണു സംഭവിക്കുന്നത്. "ദൈവവിളി, നമ്മുടെ തിരഞ്ഞെടുപ്പ് എന്നതിനെക്കാൾ നമുക്കു യോഗ്യതയില്ലാതിരിക്കേ കർത്താവ് നട ത്തുന്ന വിളിയോടുള്ള പ്രത്യുത്തരമാണ്" (വൈദികർക്കുള്ള എഴുത്ത് 4 ആഗസ്റ്റ് 2019). നാം നന്ദിയോടെ നമ്മുടെ ഹൃദയം തുറ ക്കുകയും നമ്മുടെ ജീവിതത്തിന് ദൈവം നിശ്ചയിക്കുന്ന വഴി കാണുകയും ചെയ്യുമ്പോൾ നാം നമ്മുടെ ദൈവവിളിയെ കണ്ടെ ത്തുന്നതിലും അതിനെ സ്വീകരിക്കുന്നതിലും വിജയിക്കും.

യേശു തങ്ങളുടെയടുത്തേക്കു കടലിലൂടെ നടന്നുവരുന്നതു കാണുമ്പോൾ അവിടന്ന് ഒരു ഭൂതമാണെന്ന് ശിഷ്യന്മാർ വിചാരി ക്കുകയും ഭയംകൊണ്ടു നിറയുകയും ചെയ്യുന്നു. നമ്മുടെ ജീവിത ത്തോടും ദൈവവിളിപരമായ നമ്മുടെ യാത്രയോടുംകൂടെ സ്ഥിരം ഉണ്ടായിരിക്കേണ്ട വാക്കുകൾകൊണ്ട് അവിടന്ന് പെട്ടെന്നു അവർക്ക് ഉറപ്പുനല്കുന്നു. "ധൈര്യമുള്ളവരായിരിക്കുവിൻ; ഞാനാണ്, ഭയ പ്പെടേണ്ട" (മത്താ 14:27). അതുകൊണ്ട് നിങ്ങളോടു പറയാൻ ഞാൻ ആഗ്രഹിക്കുന്ന രണ്ടാമത്തെ വാക്ക് ഇതാണ്: പ്രോത്സാഹനം.

നമ്മുടെ യാത്രയെയും വളർച്ചയെയും കർത്താവു നമുക്കായി നിശ്ചയിച്ച വഴി തിരഞ്ഞെടുക്കുന്നതിനെയും മിക്കപ്പോഴും തടയു ന്നത് നമ്മുടെ ഹൃദയങ്ങൾക്കു പ്രയാസമുണ്ടാക്കുന്ന ചില 'ഭൂത ങ്ങൾ' ആണ്. സുരക്ഷിതമായ കടൽത്തീരങ്ങളെ ഉപേക്ഷിച്ച്, വിവാഹം, ശുശ്രൂഷാപരമായ പൗരോഹിത്യം, സമർപ്പിതജീവിതം എന്നിവ പോലുള്ള ഒരു ജീവിതാവസ്ഥ സ്വീകരിക്കാൻ നാം വിളി ക്കപ്പെടുമ്പോൾ മിക്കപ്പോഴും നമ്മുടെ പ്രഥമ പ്രതികരണം 'അവി ശ്വാസത്തിന്റെ ഭൂത'ത്തിൽനിന്നുണ്ടാകുന്നതാണ്: തീർച്ചയായും ഈ വിളി എനിക്കുള്ളതല്ല! ഇത് ശരിയായ മാർഗമായിരിക്കാൻ യഥാർത്ഥത്തിൽ സാധിക്കുമോ? ഇതുചെയ്യാൻ കർത്താവ് യഥാർത്ഥ ത്തിൽ എന്നോട് ആവശ്യപ്പെടുന്നുണ്ടോ?

ഇത്തരം ചിന്തകൾ വളർന്നുകൊണ്ടിരിക്കും; നമ്മുടെ തീരുമാനത്തെ പിഴിഞ്ഞുകുടിക്കുന്ന നീതിമത്കരണങ്ങളും കണക്കുകൂട്ടലുകളും വളർന്നുകൊണ്ടിരിക്കും. നാം തുടങ്ങുന്ന കടൽത്തീരത്ത് അവ നമ്മെ സംശയാലുക്കളും ശക്തിഹീനരും ആക്കിത്തീർക്കും. നമുക്കു തെറ്റുപറ്റിക്കാണുമെന്നു നാം വിചാരിക്കുന്നു. വെല്ലുവിളി ഏറ്റെടുക്കാൻ കഴിവില്ലെന്നു തോന്നുന്നു. അല്ലെങ്കിൽ ഒഴിവാക്കിക്കളയേണ്ട ഒരു ഭൂതത്തെ കാണുന്നതാണെന്നു തോന്നുന്നു.

വിവാഹം, കർത്തൃസേവനത്തിനുള്ള സവിശേഷസമർപ്പണം മുതലായവപോലുള്ള മൗലികജീവിത തിരഞ്ഞെടുപ്പ് ധീരത ആവശ്യമുള്ളതാണെന്ന് കർത്താവിന് അറിയാം. നമ്മുടെ ഹൃദയവഞ്ചിയെ ഇളക്കിക്കൊണ്ടിരിക്കുന്ന ചോദ്യങ്ങളും സംശയങ്ങളും പ്രയാസങ്ങളും അവിടന്ന് അറിയുന്നുണ്ട്. അതുകൊണ്ട് അവിടന്നു നമ്മെ ധൈര്യപ്പെടുത്തുന്നു: "ധൈര്യമുള്ളവരായിരിക്കുക; ഞാനാണ്, ഭയപ്പെടേണ്ട." അവിടന്ന് സന്നിഹിതനാണെന്നും നമ്മെ കണ്ടുമുട്ടാൻ അവിടന്നു വരുന്നുവെന്നും നമുക്ക് വിശ്വാസത്തിൽ അറിയാം. അവിടന്ന് എപ്പോഴും, കൊടുങ്കാറ്റുള്ള കടലുകളിൽപ്പോലും, നമ്മുടെ സമീപത്തുണ്ടെന്ന് നമുക്കറിയാം. "മധുരമുള്ള ദുഃഖ"മെന്ന് ഞാൻ വിളിച്ച (വൈദികർക്കുള്ള കത്ത് 4 ആഗസ്റ്റ് 2019) ബോധംകെട്ടുള്ള ഉറക്കത്തിൽനിന്ന് ഈ അറിവ് നമ്മെ സ്വതന്ത്രരാക്കുന്നു. നമുക്കുള്ള ദൈവവിളിയുടെ സൗന്ദര്യം അനുഭവിക്കുന്നതിൽനിന്ന് നിരുത്സാഹപ്പെടുത്തി പിടിച്ചുമാറ്റുന്ന ഒന്നാണ് "മധുരമുള്ള ദുഃഖം."

വൈദികർക്കുള്ള എന്റെ എഴുത്തിൽ വേദനയെക്കുറിച്ചും ഞാൻ പറഞ്ഞു. എന്നാൽ, ഇവിടെ ആ വാക്കിന് ക്ഷീണം എന്ന വ്യത്യസ്തമായ വിവർത്തനം നല്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഓരോ വിളിയും ഒരു ഉത്തരവാദിത്വം പേറുന്നതാണ്. പത്രോസിനെ "വെള്ളത്തിനു മീതെ നടക്കാൻ" ശക്തനാക്കിയതുപോലെ നമ്മെ ശക്തരാക്കാൻ ആഗ്രഹിക്കുന്നതുകൊണ്ടാണ് അവിടന്നു നമ്മെ വിളിക്കുന്നത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, നമ്മുടെ ജീവിതത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും അതിനെ സുവിശേഷസേവനത്തിനായി പ്രതിഷ്ഠിക്കുകയും ചെയ്യാൻ അവിടന്നു നമ്മെ വിളിക്കുന്നു. അവിടന്നു നമ്മെ കാണിക്കുന്ന വസ്തുനിഷ്ഠവും അനുദിനമുള്ളതുമായ വഴികളിലൂടെ - പ്രത്യേകിച്ച്, അല്മായരെയും വൈദികരെയും

സമർപ്പിതരെയും സംബന്ധിച്ച ദൈവവിളികൾ അവിടന്നു കാണിച്ചുതരുന്ന വഴികളിലൂടെ – ആണ് ഇതു നാം ചെയ്യേണ്ടത്. എന്നാലും പത്രോസിനെപ്പോലെ നമ്മുടെ ആഗ്രഹവും ആവേശവും നമ്മുടെ പരാജയങ്ങളോടും ഭീതികളോടുംകൂടെ നിലകൊള്ളുന്നു.

വിവാഹജീവിതത്തിലായാലും വൈദികജീവിതത്തിലായാലും, നമ്മെ കാത്തിരിക്കുന്ന ഉത്തരവാദിത്വങ്ങൾ അല്ലെങ്കിൽ നമുക്കായി ശേഖരിക്കപ്പെട്ട കഷ്ടതകൾ നമ്മെ ധൈര്യമില്ലാത്തവരാക്കാൻ നാം അനുവദിച്ചാൽ നാം മുങ്ങിപ്പോകാൻ തുടങ്ങും. നേരേമറിച്ച്, നമുക്കു ദുർബലതയും ദാരിദ്ര്യവുമുണ്ടെങ്കിലും ഉത്ഥിതനായ ക്രിസ്തുവിലേക്കു നടക്കാനും ഏതു കൊടുങ്കാറ്റിനെയും എതിർത്തുനില്ക്കാനും വിശ്വാസം നമ്മെ ശക്തരാക്കും. ക്ഷീണമോ ഭയമോ നമ്മെ മുക്കിക്കളയാൻ തുടങ്ങുമ്പോഴെല്ലാം യേശു തന്റെ കൈ നമ്മുടെ നേരേ നീട്ടുന്നു. നമ്മുടെ ദൈവവിളി സന്തോഷത്തോടും തീക്ഷ്ണതയോടുംകൂടി ജീവിക്കാൻ ആവശ്യമായ ആവേശം അവിടന്നു നമുക്കു നല്കുന്നു.

അവസാനം യേശു വഞ്ചിയിൽ കയറുമ്പോൾ കാറ്റുവീശാതാകും, തിരമാലകൾ ശാന്തമാകും. നമ്മുടെ ജീവിതത്തിൽ പ്രക്ഷുബ്ധതയും കൊടുങ്കാറ്റും ഉണ്ടാകുമ്പോൾ കർത്താവിന് എന്തുചെയ്യാൻ കഴിയുമെന്നതിന്റെ മനോഹരമായ ഒരു പ്രതിരൂപം ഇവിടെ നമുക്കു ലഭിക്കുന്നു. ആ കാറ്റുകളെ അവിടന്നു ശമിപ്പിക്കുന്നു. അങ്ങനെ തിന്മയുടെ ശക്തികൾക്ക്, ഭയത്തിന്റെയും കീഴടക്കലിന്റെയും ശക്തികൾക്ക്, നമ്മുടെമേൽ അധികാരമില്ലാതാകും.

നമുക്കുള്ള സവിശേഷമായ വിളിയനുസരിച്ച് നാം ജീവിക്കുമ്പോൾ നമ്മെ ക്ഷീണിപ്പിച്ചു തളർത്താൻ ആ പ്രതികൂലവാതങ്ങൾക്കു സാധിക്കുകയില്ല. ഇവിടെ സിവിൽ സമൂഹത്തിലെ സുപ്രധാന ഉത്തരവാദിത്വങ്ങളുള്ള എല്ലാവരെയും, സകാരണം ഞാൻ പരമാർശിക്കാൻ ആഗ്രഹിക്കുന്ന വധൂവരന്മാരെയും, പ്രത്യേകമായ വിധത്തിൽ സമർപ്പിതജീവിതമോ വൈദികവൃത്തിയോ സ്വീകരിച്ചവരെയും ധീരതയുള്ളവരായി ഞാൻ കരുതുന്നു. നിങ്ങളുടെ കഠിനാധ്വാനം, ചിലപ്പോൾ നിങ്ങളുടെ ഹൃദയങ്ങളെ ഭാരപ്പെടുത്തുന്ന ഏകാന്തതയുടെ അനുഭവം, നമുക്കുള്ള വിളിയുടെ തീജ്വാല ക്രമേണ കെട്ടുപോകാൻ ഇടയാക്കുന്ന സ്ഥിരമാർഗത്തിലേക്കു വീഴുകയെന്ന അപകടസാധ്യത, കാലഘട്ടത്തിന്റെ അനിശ്ചിതത്വത്തിന്റെയും സുര

ക്ഷിതത്വമില്ലായ്മയുടെയും ഭാരം, ഭാവിയെക്കുറിച്ചുള്ള ആകുലത എന്നിവയെപ്പറ്റി എനിക്കറിയാം. ധൈര്യം അവലംബിക്കുക, ഭയപ്പെടാതിരിക്കുക! യേശു നമ്മുടെ അരികേ ഉണ്ട്. നാം അവിടത്തെ നമ്മുടെ ജീവിതത്തിന്റെ ഏക കർത്താവായി അംഗീകരിക്കുന്നുവെങ്കിൽ അവിടന്നു കൈനീട്ടി നമ്മളെ പിടിച്ചു രക്ഷിക്കും.

അപ്പോൾ, കൊടുങ്കാറ്റുകൊണ്ട് ഇളകിമറിയുന്ന ജലത്തിലും നമ്മുടെ ജീവിതം സ്തുതിയിലേക്കു തുറന്നതായിത്തീരും. നമുക്കുള്ള വിളി സംബന്ധമായ അവസാനത്തെ വാക്കാണിത്. പരിശുദ്ധ കന്യകാമറിയത്തിന്റെ ആന്തരിക മാനസികാവസ്ഥ സ്വന്തമാക്കാനുള്ള ഒരു ക്ഷണമാണത്. ദൈവത്തിന്റെ കൃപാകടാക്ഷത്തോടു നന്ദിയുള്ളവളായി ഭയത്തിലും പ്രക്ഷുബ്ധതയിലും വിശ്വസ്തതയുള്ളവളായി, അവൾ തനിക്കുള്ള വിളിയെ ആശ്ലേഷിച്ചു, തന്റെ ജീവിതത്തെ കർത്താവിനോടുള്ള ശാശ്വത സ്തുതിഗീതമാക്കിത്തീർത്തു.

പ്രിയ സുഹൃത്തുക്കളേ, പ്രത്യേകിച്ച് ഈ ദിവസം, നമ്മുടെ സമൂഹങ്ങളുടെ സാധാരണ അജപാലനജീവിതത്തിലും ദൈവവിളികളെ പ്രോത്സാഹിപ്പിക്കൽ തുടരാൻ സഭയോട് ഞാൻ കല്പിക്കുന്നു. പരിശുദ്ധ കന്യകാമറിയം വിശ്വാസികളുടെ ഹൃദയങ്ങളെ സ്പർശിക്കട്ടെ. ഓരോ വ്യക്തിയും തങ്ങളുടെ ജീവിതത്തിലുള്ള ദൈവവിളിയെ കൃതജ്ഞതയോടെ കണ്ടെത്തട്ടെ. ദൈവത്തോട് “അതെ” എന്നു പറയാനുള്ള ധീരത കണ്ടെത്താൻ, ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ എല്ലാ ക്ഷീണിതാവസ്ഥയെയും കീഴടക്കാൻ, തങ്ങളുടെ ജീവിതത്തെ ദൈവസ്തുതിഗീതമാക്കി മാറ്റാൻ, സഹോദരീസഹോദരന്മാരും മുഴുവൻ ലോകത്തിനുംവേണ്ടി അങ്ങനെ ചെയ്യാൻ, സാധിക്കട്ടെ. കന്യകാമറിയം നമ്മോടുകൂടെ സഞ്ചരിക്കുകയും നമുക്കായി മാധ്യസ്ഥ്യം വഹിക്കുകയും ചെയ്യട്ടെ.

റോം, സെന്റ് ജോൺ ലാറ്ററൻ, 8 മാർച്ച് 2020
നോമ്പുകാലത്തെ രണ്ടാം ഞായർ

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

NB: 22.04.2020 ൽ ലോകദൈവവിളി ദിനത്തെ സംബന്ധിച്ചു ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച സന്ദേശം.

# കൊറോണ വൈറസ്

## വികാരിമാരുടെ അടിയന്തരശ്രദ്ധയ്ക്ക്

1. നോമ്പുകാലത്ത് ഹാജർ രേഖപ്പെടുത്തി 50 ദിവസവും ദൈവാലയത്തിൽ വരുന്ന കുട്ടികൾക്ക് സമ്മാനം നല്കുന്ന പതിവ് നമുക്കുണ്ടല്ലോ. എന്നാൽ, ഇപ്പോഴത്തെ ഈ പ്രത്യേക സാഹചര്യം പരിഗണിച്ച് ഇത് പ്രോത്സാഹിപ്പിക്കേണ്ടതില്ല. ആവശ്യമെങ്കിൽ നാളിതുവരെ പതിവായി പള്ളിയിൽ വന്ന കുട്ടികൾക്ക് സമ്മാനം നല്കാവുന്നതാണ്.
2. ഇടവക ദൈവാലയങ്ങളിൽ വി. കുർബാനമദ്ധ്യേ നല്കുന്ന വചനസന്ദേശവും അറിയിപ്പുകളും 5-7 മിനിറ്റിൽ കൂടാതെ സമയബന്ധിതമായി തീർക്കാൻ ബഹു. വൈദികർ ശ്രദ്ധിക്കണം.
3. ഓരോ വി. കുർബാനയിലും പങ്കെടുക്കുന്ന ആളുകളുടെ എണ്ണം ചുരുക്കുന്നതിനുവേണ്ടി സാധ്യമായ സ്ഥലങ്ങളിലെല്ലാം വി. കുർബാനയുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുവാൻ ബന്ധപ്പെട്ട അച്ചന്മാർ ശ്രദ്ധിക്കേണ്ടതാണ്.
4. സാധ്യമെങ്കിൽ ഇടവകജനങ്ങൾക്കുവേണ്ടി ഓൺലൈൻ വഴി വി. കുർബാനകൾ ക്രമീകരിക്കാവുന്നതാണ്.
5. വി. കുർബാന ഇരുസാദൃശ്യങ്ങളിൽ നല്കുന്ന രീതിയും നാവിൽ സ്വീകരിക്കുന്ന പതിവും തല്ക്കാലം തുടരേണ്ടതില്ല. ഈ പ്രത്യേക സാഹചര്യത്തിൽ വി. കുർബാന കരങ്ങളിലാണു സ്വീകരിക്കേണ്ടത്. വി. കുർബാന നല്കുവാൻ നിയോഗിക്കപ്പെട്ടവർതന്നെ, അത് എടുത്ത് കരങ്ങളിൽ നല്കേണ്ടതാണ്. അപ്രകാരം നല്കുമ്പോൾ സ്വീകരിക്കുന്ന വ്യക്തിയുടെ കരങ്ങളിൽ സ്പർശിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 17.03.2020

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB: 17.03.2020 ൽ നൽകപ്പെട്ട അറിയിപ്പ്.

# Urgent Reminder

Dear Rev. Father,

This is just to remind you in this late evening that tomorrow is the day of JANATHA CURFEW. Make sure that we do not have any function including Holy Qurbana with the participation of any faithful in our parishes and institutions on Sunday, 22 March 2020 between 07 am to 09 pm.

+ Jos Kallarangatt

Bsihop's House
Pala, 21.03.2020

**Bishop Joseph Kallarangatt**
Bishop of Palai

---

NB. 21.03.2020 ൽ നൽകപ്പെട്ട അറിയിപ്പ്

പ്രിയപ്പെട്ട വൈദികരേ മറ്റു സഹോദരങ്ങളേ,

കൊറോണാ വൈറസിന്റെ ഭീഷണിയിൽ നാമെല്ലാവരും സ്വഭവനങ്ങളിൽ പ്രാർത്ഥനാപൂർവ്വം കഴിയുന്ന നാളുകളാണല്ലോ ഇത്. നമുക്ക് പരസ്പരം പ്രാർത്ഥിക്കാം. ഒരു മാസം മുമ്പ് ചേർപ്പുങ്കൽ മെഡിസിറ്റിക്കുവേണ്ടി ഒരു ബാഗ് എല്ലാ വീടുകളിലും എത്തിച്ചിരുന്നല്ലോ. എന്നാൽ, ഈ വർഷത്തെ പ്രത്യേക സാഹചര്യംമൂലം മെഡിസിറ്റിക്കുവേണ്ടി ആ പിരിവ് നടത്തുന്നില്ല. സാധിക്കുന്നവിധത്തിലെല്ലാം നമുക്ക് പരസ്പരം സഹായിക്കാം. രൂപത കഴിയുന്ന വിധത്തിലെല്ലാം സഹായം അർഹിക്കുന്നവരുടെ കൂട്ടത്തിലുണ്ട് എന്ന് ഉറപ്പു പറയുന്നു. എല്ലാവരും സമചിത്തതയോടുകൂടി കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും മുമ്പോട്ടുവച്ചിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് ഓർമ്മിപ്പിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 25.03.2020

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

NB: ഇക്കാര്യങ്ങൾ എത്രയും വേഗം ഉചിതമായ സാമൂഹിക മാധ്യമങ്ങളിലൂടെയും മറ്റു സംവിധാനങ്ങളിലൂടെയും നമ്മുടെ ജനങ്ങളെ അറിയിക്കുന്നതിനായി 25.03.2020 ൽ നൽകപ്പെട്ടതാണ്.

# Letter to the Priests of the Eparchy of Palai

Most beloved brother priests,

In full compliance with the high alert declared on behalf of the Corona virus infection in our state, the **Presbyterium scheduled to be held on 02 April 2020 is postponed indefinitely**.

Seeing the incessant news about the intense virus infection and death tolls, we know that we are in a difficult time. Let this be an occasion for us to be with Christ in personal prayer, meditation and reading of the Sacred Scripture. "For he will deliver you from the snare of the fowler and from the deadly pestilence; he will cover you with his pinions and under his wings you will find refuge" (Ps 91:3-4). We serve the people of parishes through our intercessory prayers. It is better to avoid house visits during these days.

Though we do not personally meet in the Presbyterium in session, we keep the warmth of our bonding in our attempt to imitate Christ our Master and Good Shepherd. Let us never forget the evergreen expression of "*unum presbyterium*". *Presbyteri...unum presbyterium cum suo Episcopo constituunt* (*LG*, 28): Priests constitute one presbyterate with their Bishop. Presbyterium creates the sense of collective responsibility. Together we form an *ORDO* – the order and discipline of priesthood. The communion of souls cannot be restrained by the quarantine of bodies. Though we are physically dispersed our intentions and actions converged into a presbyterium in spirit.

As a presbyterium we must grow in each and every day in priestly fraternity. "Today, we too in the name of God , in order to safeguard peace, need to enter together as one family into an ark which can sail the stormy seas of the world: *the ark of fraternity*", says Pope Francis in his address to the Global Conference of Human Fraternity, Abu Dhabi.

The verse from *The Acts of the Apostles*, "They devoted themselves to the apostles' teaching, and fellowship, to the breaking of bread and the prayers" (2:42), has special significance now. We should keep our fellowship livelier than before. Be always happy. "So do not worry about tomorrow, for tomorrow will bring worries of its own" (Mt 6:34). Worry does not empty tomorrow of its sufferings, instead it drains out today's happiness and strength.

Let me remind you of our pastoral responsibilities. We are ordinary people called to an extraordinary ministry. "You give them something to eat" (Mt 14:16b) is the demand of our Lord. Let us feed our people with the Word and Liturgy and lead them with our holiness, simplicity and innocence. Cardinal Basil Hume says: "As priests our task is to portray and expound the Word of God. Our proclamation has to be lively. It is communicated to others in proportion as we have made it our own. From our lips should be heard not only the word of God, which we find in the scriptures, but a word from God out of a heart that is full with the experience of God within us." Many people are lame and blind because we fail to feed them properly and lead them in a simple way. "I have no one to put me into the pool" (Jn 5:7) of Word and Liturgy is the complaint of the sheepfold.

We are at the threshold of the Holy Week. It is the time for us to grow in holiness. Kindly spend as much as time possible reading the Holy Bible and adoring the Blessed Sacrament. Let us do our prayers and penance in the intention of the health crisis all over the world. The words of Pope Francis should be taken with utmost importance, "We want to respond to the virus pandemic with the universality of prayer, compassion and tenderness. Let us stay united."

The Pope also said, "we cannot honour the creator without cherishing the sacredness of every person and of every human life, each person is equally precious in the eyes of God, who does not look upon…with a preferential gaze that excludes, but with a

benevolent gaze that includes. Thus to recognise the same rights for every human being is to glorify the name of God on earth." During these difficult days of corona virus attack I request all my fellow priests to extend your fraternity, benevolent gaze and compassion to all the people around you.

I use this opportunity to remind you about the importance of every presbyterium session and the forthcoming annual retreat. When presbyterium serves as the visible sign of our communion, in the annual retreat we lift up the heart–*sursum corda*– to God. These two are irreplaceable events in our life. It is my earnest desire that for these two events, for every presbyterium and the annual retreat, all my priests should be there throughout.

I keep each one of you in my heart and entrust all of you to the special mediation of Saint Alphonsa, Blessed Kunjachan and Venerable Mathaichan. Let them be our models to complement our prayers with charitable deeds. Let the house be filled with fragrance of the perfume of humanity.

Let us be united in love. We are like the multicoloured beautiful garment ("a coat of many colours" Gen 37:3 *King James Version*) of Joseph in the Old Testament. Each one of us has one's unique place in the presbyterium. Let there be no voice of discordance among us. Let us be a strongly bonded, spiritually empowered presbyterium. "Let love be genuine; hate what is evil, hold fast to what is good; love one another with mutual affection; outdo one another in showing honour. Do not lag in zeal, be ardent in spirit and serve the Lord. Rejoice in hope, be patient in suffering, persevere in prayer" (Rom 12, 9-12).

All the priests are kindly requested to make use of Mar Sleeva Medicity, Cherpunkal for treatment and routine check- up. All of us must own and love this great institution. It is the fruit of our relentless hard work.

I thank each one of you for all your hard work, cooperation and loving care towards the bishops and our diocese. Possible guidelines regarding the liturgical celebrations of the Holy Week will be given to you soon.

*Oremus pro invicem*

+ Jos Kallarangatt

Bishop's House, Palai **Bishop Joseph Kallarangatt**

25 March 2020 Bishop, Eparchy of Palai

---

NB. 25.03.2020 ൽ നൽകപ്പെട്ട അറിയിപ്പ്

# കൊറോണയ്ക്കെതിരേ
# കൂടുതൽ തീക്ഷ്ണതയോടെ പ്രാർത്ഥിക്കാം

കൊറോണ മഹാമാരിയായിത്തീർന്നുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ലോകം മുഴുവനുംവേണ്ടിയും പ്രത്യേകിച്ച് നാമുമായി ബന്ധപ്പെട്ടവർക്കുവേണ്ടിയും കൂടുതൽ തീക്ഷ്ണത യോടെ പ്രാർത്ഥിക്കാനായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായും കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവും ആഹ്വാനം ചെയ്തിരിക്കുന്ന പ്രത്യേക സമയങ്ങളിലും അവസരങ്ങളിലും നമുക്ക് ഒന്നുചേരാം. ഇത്തരുണത്തിൽ പ്രസ്തുത ആഹ്വാനങ്ങൾ നിങ്ങളെ ഓർമ്മിപ്പിക്കട്ടെ.

1. മാർച്ച് 25-ാം തീയതി ബുധനാഴ്ച ഇന്ത്യൻ സമയം വൈകുന്നേരം 4.30 ന് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായോ ടൊപ്പം "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന പ്രാർത്ഥന ചൊല്ലുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

2. മാർച്ച് 27-ാം തീയതി വെള്ളിയാഴ്ച കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഹ്വാനമനുസരിച്ച് നമ്മുടെ രൂപതയിലും പ്രാർത്ഥനാദിനമായി ആചരിക്കേണ്ടതാണ്. അന്നേദിവസംതന്നെ രാത്രി 10.30 നു പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നയിക്കുന്ന ദിവ്യകാരുണ്യ ആരാധനയിലും സാധിക്കുന്ന വിധത്തിൽ നമുക്കും പങ്കുചേരാം. (TV 2000, Shekinah TV തുടങ്ങിയ ചാനലുകളിൽ പാപ്പാ നയിക്കുന്ന ദിവ്യകാരുണ്യ ആരാധന തൽസമയ സംപ്രേക്ഷണം ഉണ്ടായിരിക്കും)

3. ഉച്ചകഴിഞ്ഞ് 3-ന് നമ്മുടെ ഭവനങ്ങളിലും സന്ന്യാസ ഭവനങ്ങളിലും അവരവർ ആയിരിക്കുന്ന ഇടങ്ങളിലും കരുണ ക്കൊന്ത ചൊല്ലി പ്രാർത്ഥിക്കാൻ ഈ ദിവസങ്ങളിൽ ഏവരും ശ്രദ്ധിക്കുമല്ലോ. ആ സമയത്ത് ദൈവാലയങ്ങളിൽ മണിയടിച്ച് ജനങ്ങളെ ഓർമ്മപ്പെടുത്തുവാൻ സാധിക്കുമെങ്കിൽ നന്നായിരുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 24.03.2020

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

NB: ഇക്കാര്യങ്ങൾ എത്രയുംവേഗം ഉചിതമായ സാമൂഹിക മാധ്യമങ്ങ ളിലൂടെയും മറ്റു സംവിധാനങ്ങളിലൂടെയും നമ്മുടെ ജനങ്ങളെ അറിയിക്കുന്നതി നായി 24.03.2020 ൽ നൽകപ്പെട്ടതാണ്.

# കൊറോണ വൈറസ് ബാധയിൽനിന്ന് സംരക്ഷണത്തിനായുള്ള പ്രാർത്ഥന

പ്രപഞ്ചസ്രഷ്ടാവും പരിപാലകനുമായ സർവ്വശക്തനായ ദൈവമേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു, സ്തുതിക്കുന്നു. പൂർണ്ണമായും അങ്ങയിൽ ശരണപ്പെടുന്നു. ഞങ്ങളുടെ നാടിനെ ബാധിച്ചിരിക്കുന്ന കൊറോണ വൈറസ് ബാധയിൽനിന്നും ഞങ്ങളെ സംരക്ഷിക്കണമേ.

രോഗികളെ സുഖപ്പെടുത്തുകയും ദുഃഖിതരെ ആശ്വസിപ്പിക്കുകയും ചെയ്യുന്ന കർത്താവേ, കൊറോണ വൈറസ് മൂലം രോഗബാധിതരായിക്കഴിയുന്ന ഞങ്ങളുടെ സഹോദരങ്ങളെ തിരുമുമ്പിൽ സമർപ്പിക്കുന്നു. അവരെ ശുശ്രൂഷിക്കുന്ന ഡോക്ടർമാർ, നേഴ്സുമാർ, ബന്ധുമിത്രാദികൾ എന്നിവരെയെല്ലാം രോഗബാധയിൽനിന്നു സംരക്ഷിക്കുകയും കാത്തുകൊള്ളുകയും ചെയ്യണമേ. രോഗികളോടു ശുശ്രൂഷാമനോഭാവത്തോടെയും ആത്മധൈര്യത്തോടെയും പെരുമാറുവാനുള്ള കൃപ അവർക്കു നല്കണമേ. കൊറോണ വൈറസിനെ പ്രതിരോധിക്കുവാനുള്ള മാർഗങ്ങൾ കണ്ടെത്തുവാൻ രാഷ്ട്രത്തലവൻമാരെയും ഭരണാധികാരികളെയും ഡോക്ടർമാരെയും അങ്ങ് സഹായിക്കണമേ.

"മരണത്തിന്റെ നിഴൽവീണ താഴ്വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും അവിടന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല" (സങ്കീ 23,4) എന്ന് ഉദ്ഘോഷിച്ച സങ്കീർത്തകനോടു ചേർന്ന് ഉറച്ച വിശ്വാസത്തോടും പ്രത്യാശയോടുംകൂടെ ഞങ്ങളും അങ്ങയിലാശ്രയിക്കുന്നു. നിനിവെ നിവാസികളെപ്പോലെ അനുതാപവും പ്രായശ്ചിത്തവുംവഴി ഞങ്ങളും മാനസാന്തരവഴികളിലൂടെ അങ്ങേപ്പക്കലേക്കു തിരികെവരുന്നു. ഞങ്ങളുടെ എളിയ പ്രാർത്ഥനകൾ സ്വീകരിച്ച് എല്ലാ വിപത്തുകളിൽനിന്നും പകർച്ചവ്യാധികളിൽനിന്നും വിശിഷ്യാ, കൊറോണ വൈറസ് ബാധയിൽനിന്നും ഞങ്ങ

ളെയും ഞങ്ങളുടെ സഹോദരങ്ങളെയും അങ്ങയുടെ അനന്തമായ കാരുണ്യത്താൽ സംരക്ഷിക്കണമേ. ആമ്മേൻ.

1 സ്വർഗ്ഗസ്ഥനായ, 1 നന്മ നിറഞ്ഞ മറിയമേ, 1 ത്രിത്വസ്തുതി

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 27.03.2020

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

NB. ഈ പ്രാർത്ഥന നമ്മുടെ കുടുംബങ്ങളിലും സന്ന്യാസ ഭവനങ്ങളിലും ഇടവക ദൈവാലയങ്ങളിൽ വി. കുർബാനയ്ക്കുശേഷവും ചൊല്ലുന്നതിനായി 27.03.2020 ൽ നൽകപ്പെട്ടതാണ്.

To,
Very Rev. Fr. Varghese Vallikkatt
Secretary, POC Commission
P.B. No.2251, Palarivattom, Kochi - 682 025

Dear Very Rev. Fr. Varghese Vallikkatt,

Cordial Greetings from the Eparchy of Palai.

As per the direction given by KCBC dated 25 April 2020, we are pleased to report the activities and progragms for the prevention of Corona Virus (Covid 19) and especially the support and aid to the affected people by Lock Down by way of food, medicne and personal protective equipments which are undertaken by the parishes, institutions and associations in the Eparchy of Palai in March-April 2020. **The total amount spent by the eparchy is Rs. 1,03,03,501.00 (One crore three lakh three thousand five hundred and one only).** The details of the expenditure of the different activities are given below:

| No | Items | Parishes | Institutions & Associations | TOTAL |
|---|---|---|---|---|
| 1. | Food | 43,45,000.00 | 8,15,359.00 | 51,60,359.00 |
| 2. | Medicine | 23,20,000.00 | 7,69,050.00 | 30,89,050.00 |
| 3. | Mask/Gloves/ Sanitizer (PPE) | 5,25,000.00 | 4,31,162.00 | 9,56,162.00 |
| 4. | Community Kitchen | 5,15,000.00 | 78,982.00 | 5,93,982.00 |
| 5. | Conscientisation Program | 1,95,000.00 | 85,587.00 | 2,80,587.00 |
| 6. | Others | 46,411.00 | 1,76,950.00 | 2,23,361.00 |
| | *TOTAL* | *79,46,411.00* | *23,57,090.00* | ***1,03,03,501.00*** |

Bishop's House
Palai, 04.05.2020

THE DIOCESE OF PALAI

Fr. Joseph Thadathil
Syncellus, Eparchy of Palai

NB: 25.04.2020 ൽ കെസിബിസിയിൽനിന്നും നൽകപ്പെട്ട നിർദ്ദേശപ്രകാരം കൊറോണയോടനുബന്ധിച്ച് പാലാ രൂപതയിൽ നടന്ന പ്രവർത്തനങ്ങളുടെയും പരിപാടികളുടെയും റിപ്പോർട്ട്

Dear Very Rev and Rev Fathers,

Cordial and Prayerful Greetings from Bishop's House, Palai. I would like to invite your special attention to the following points:

1. The Message of Pope Francis on the month of May along with two prayers which are to be recited at the end of the Holy Rosary is herewith attached. Kindly make it available for all the families of our parishes.

2. In the light of the communication from KCBC and as per the common decision of the religious leaders of Hindu, Muslim and Christian Communities, kindly observe Sunday, May 03, 2020 as Prayer Day in Kerala, seeking God's Mercy to contain Covid-19 pandemic. (Reference of KCBC - 3294/K-5/KCBC/OL/DS dated 27 April 2020 is herewith attached)

3. Circular No. 269 on **കത്തോലിക്ക കോൺഗ്രസ്** (AKCC) is herewith attached. Kindly make it available for all the families of our parishes.

Yours in Chirst Our Lord

+ Jos Kallarangatt

**Bishop Joseph Kallaranagtt**

Bishop, Eparchy of Palai

---

NB. 30.4.2020 ൽ നൽകപ്പെട്ട അറിയിപ്പ്

പ്രിയ സഹോദരീസഹോദരന്മാരേ,

മെയ് മാസം അടുത്തിരിക്കുന്നു, ലോകത്തിന്റെ ഒരോ കോണിലും ദൈവജനം പ്രത്യേക തീക്ഷ്ണതയോടെ പരി. കന്യാമറിയത്തോടുള്ള സ്നേഹവും ഭക്തിയും പ്രകടിപ്പിക്കുന്ന ദിനങ്ങൾ. മെയ് മാസത്തിൽ വീടുകളിൽ കുടുംബാംഗങ്ങൾ ഒന്നിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നത് ക്രൈസ്തവ പരമ്പര്യമാണ്. ഈ മഹാമാരി നമ്മുടെമേൽ അടിച്ചേൽപ്പിച്ച പലവിധ നിയന്ത്രണങ്ങൾ, പ്രത്യേകിച്ച് കുടുംബത്തിനകത്തും മറ്റും ഒതുങ്ങി കഴിയേണ്ടിവന്നത്, നമ്മെ ഒരു ആത്മീയ കാഴ്ചപ്പാടിലേക്കുംകൂടി നയിക്കുന്നുണ്ട്.

അതിനാൽ നിങ്ങളോട് എല്ലാവരോടും ഞാൻ പറയാൻ ആഗ്രഹിക്കുന്നത് ഈ മെയ് മാസത്തിൽ കുടുംബത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നതിന്റെ ഭംഗി വീണ്ടെടുക്കണം എന്നാണ്. കുടുംബാഗങ്ങൾ ഒന്നിച്ചോ വ്യക്തിപരമായോ ഇത് ചെയ്യാം. നിങ്ങളുടെ ജീവിതസാഹചര്യങ്ങൾ അനുസരിച്ച് നിങ്ങൾതന്നെ തിരഞ്ഞെടുക്കുക. ഏതായാലും രണ്ടിനും അതിന്റെ വിലയുണ്ട്. ഏതു സാഹചര്യത്തിലും ഇത് ചെയ്യുന്ന തിനുപിന്നിൽ ഒരു രഹസ്യമുണ്ട്: അത് അതിന്റെ ലാളിത്യമാണ്. നല്ല രീതിയിൽ പ്രാർത്ഥന പിന്തുടരാനുള്ള രീതികൾ കണ്ടെത്തുന്നതിന് ഇന്ന് ഇന്റർനെറ്റിൽപോലും ധാരാളം സാധ്യതകൾ ഉണ്ട്.

ജപമാലയുടെ അവസാനം നിങ്ങൾക്ക് പ്രാർത്ഥിക്കു വാനായി നമ്മുടെ പരി. കന്യാമറിയത്തോടുള്ള രണ്ടു പ്രാർത്ഥനകൾ ഈ കത്തിനോടൊപ്പം ഞാൻ കൂട്ടിച്ചേർക്കുന്നു. ആത്മീയ മായി നിങ്ങളോട് ഐക്യപ്പെട്ടുകൊണ്ട് മെയ് മാസത്തിൽ ഞാനും ഈ പ്രാർത്ഥന ചൊല്ലുന്നതാണ്.

പ്രിയ സഹോദരീസഹോദരന്മാരേ, ക്രിസ്തുവിന്റെ മുഖത്തോടൊപ്പം നമ്മുടെ അമ്മയായ പരി. കന്യകാമറിയ ത്തിന്റെ ഹൃദയത്തെയും ധ്യാനിക്കാൻ പരിശ്രമിക്കാം. ഇത് ഒരു

ആത്മീയ കുടുംബമെന്ന നിലയിൽ നമ്മെ കൂടുതൽ ഐക്യപ്പെടുത്തുകയും ഇന്ന് നമ്മൾ അനുഭവിക്കുന്ന ദുരിതങ്ങൾ മറികടക്കാൻ നമ്മെ സഹായിക്കുകയും ചെയ്യും. നിങ്ങൾ ഓരോരുത്തർക്കുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു, പ്രത്യേകിച്ച് ഏറ്റവും കഷ്ടപ്പെടുന്നവർക്കായി പ്രാർത്ഥിക്കും. ദയവായി നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണം, കേട്ടോ? നിങ്ങൾ ഓരോരുത്തർക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദിയും ഒപ്പം എന്റെ ആശീർവാദവും.

**പരിശുദ്ധ ഫ്രാൻസിസ് പാപ്പാ**

വി. മർക്കോസിന്റെ തിരുനാൾ ദിനത്തിൽ നല്കപ്പെട്ടത്.

(25 ഏപ്രിൽ 2020)

**ഒന്നാമത്തെ പ്രാർത്ഥന**

ഓ മറിയമേ, എപ്പോഴും നീ ഞങ്ങളുടെ പാതയിൽ തിളങ്ങുന്നു, നീ രക്ഷയുടെയും പ്രത്യാശയുടെയും അടയാളമാണ്.

ഞങ്ങൾ നിന്നിൽ ആശ്രയിക്കുന്നു. ഒപ്പം, രോഗികളായവരുടെ ആരോഗ്യവും നിന്റെ കരങ്ങളിൽ ഏല്പിക്കുന്നു. നിന്റെ വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് ക്രൂശിതനായ ക്രിസ്തുവിന്റെ വേദനകളിൽ അമ്മേ, നീയും പങ്കുപറ്റിയില്ലേ?

കഷ്ടതകളിൽക്കൂടി കടന്നുപോകുന്ന ഈ ജനതയുടെ രക്ഷയ്ക്കുവേണ്ടി എന്താണു വേണ്ടതെന്ന് നിനക്കറിയാം, അമ്മേ, നീ ഞങ്ങളെ സഹായിക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. കാരണം, ഗലീലിയിലെ കാനായിൽ എന്നപോലെ ഈ പരീക്ഷണകാലഘട്ടം കഴിഞ്ഞ് സന്തോഷവും ആഘോഷവും മടങ്ങിവരട്ടെ.

പിതാവിന്റെ ഹിതത്തിന് അനുസൃതമായി യേശു ഞങ്ങളോടു പറയുന്നതു ചെയ്യാൻ ദിവ്യസ്നേഹത്തിന്റെ മാതാവേ, ഞങ്ങളെ സഹായിക്കൂ...

ഞങ്ങളുടെ സഹനങ്ങൾ സ്വയം ഏറ്റെടുത്ത ക്രിസ്തു പുനരുത്ഥാനത്തിന്റെ സന്തോഷത്തിലേക്ക് ഞങ്ങളെ നയിക്കാൻ കുരിശിലൂടെ ഞങ്ങളുടെ വേദനകൾ ഏറ്റെടുത്തു.

ദൈവത്തിന്റെ പരിശുദ്ധ അമ്മയായ നിന്റെ സംരക്ഷണത്തിൽ ഞങ്ങൾ അഭയം തേടുന്നു. നിരവധി പരീക്ഷണങ്ങളെ നേരിടുന്ന ഞങ്ങളുടെ അപേക്ഷകളെ ഉപേക്ഷിക്കരുതേ, മഹത്ത്വപൂർണ്ണയും അനുഗൃഹീതയുമായ പരി. കന്യകയേ, എല്ലാ അപകടങ്ങളിൽനിന്നും ഞങ്ങളെ മോചിപ്പിക്കണമേ... ആമ്മേൻ.

**രണ്ടാമത്തെ പ്രാർത്ഥന**

കന്യാമറിയമേ, ദൈവമാതാവായ നിന്റെ സംരക്ഷണത്തിൽ ഞങ്ങൾ അഭയം തേടുന്നു.. ഈ കൊറോണ വ്യാധിയുടെ പിടിയിലായിരിക്കുന്ന ഞങ്ങളുടെമേൽ നിന്റെ കരുണയുള്ള കണ്ണുകൾ തിരിക്കുക. പ്രിയപ്പെട്ടവരുടെ മരണവും മനസ്സിനെ ഭാരപ്പെടുത്തുന്ന തരത്തിൽ ചില സാഹചര്യങ്ങളിൽ ഉണ്ടായ മൃതസംസ്കാരവും ഓർത്ത് വേദനയിലും ദുഃഖത്തിലും കഴിയുന്നവരെ ആശ്വസിപ്പിക്കണമേ. രോഗംമൂലം ദുരിതമനുഭവിക്കുന്നവരെയും അമ്മേ, നീ പിന്തുണയ്ക്കണമേ, പകർച്ചവ്യാധി തടയാനുള്ള പരിശ്രമത്തിൽ പ്രിയപ്പെട്ടവരിൽനിന്ന് അകറ്റപ്പെട്ടവരെയും ഭാവിയെക്കുറിച്ച് ആകുലതപ്പെടുന്നവരെയും സമ്പദ്‌വ്യവസ്ഥയിലെ അനിശ്ചിതത്വം മൂലം ജോലിയിലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ ഓർത്ത് വിഷമിക്കുന്നവരെയും അമ്മേ, നീ ആത്മവിശ്വാസംകൊണ്ട് നിറയ്ക്കണമേ.

കഠിനമായ ഈ പരീക്ഷണങ്ങൾ അവസാനിച്ച് പ്രതീക്ഷയുടെയും സമാധാനത്തിന്റെയും ഒരു പുതിയ ചക്രവാളം ആരംഭിക്കാൻ ദൈവത്തിന്റെയും ഞങ്ങളുടെയും അമ്മയായ പരി. കന്യാമറിയമേ, കരുണയുള്ള പിതാവിന്റെ മുമ്പിൽ നീ ഞങ്ങൾക്കായി യാചിക്കുമോ..? നിന്റെ ദിവ്യപുത്രനോടൊപ്പം, കാനായിലെന്നപോലെ ഇടപെടണമേ.

രോഗികളുടെയും മരണത്തിന് ഇരയായവരുടെയും കുടുംബങ്ങളെ ആശ്വസിപ്പിക്കാനും അവരുടെ ഹൃദയം വിശ്വസത്തിലേക്കു തുറക്കാനും നിന്റെ പ്രിയ പുത്രനോട് ആവശ്യപ്പെടണമേ.

പകർച്ചവ്യാധിമൂലം കഷ്ടത അനുഭവിക്കുന്ന ഈ കാലയളവിൽ ഡോക്ടർമാർ, നഴ്സുമാർ, ആരോഗ്യ പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ എന്നിവരെ അമ്മേ, നീ സംരക്ഷിക്കണമേ... അപരന്റ ജീവൻ രക്ഷിക്കാൻ സ്വന്തം ജീവൻ അപകടത്തിലാക്കി മുൻപന്തിയിൽനിന്ന് സേവനം ചെയ്യുന്ന അവരുടെ വീരോചിതമായ പരിശ്രമത്തിനൊപ്പം അവർക്ക് ശക്തിയും നന്മയും ആരോഗ്യവും നൽകണമേ.

രാവും പകലും രോഗികളെ സഹായിക്കുന്നവരോടൊപ്പവും സുവിശേഷത്തോടുള്ള പ്രതിജ്ഞാബദ്ധതയോടെ എല്ലാവരെയും സഹായിക്കാനും പിന്തുണയ്ക്കാനും പരിശ്രമിക്കുന്ന പുരോഹിതരോടൊപ്പവും അമ്മേ, നീ ആയിരിക്കണമേ...

പരി. കന്യകാമാതാവേ, ശാസ്ത്രമേഖലയിൽ പ്രവർത്തിക്കുന്ന പുരുഷന്മാരുടെയും സ്ത്രീകളുടെയും മനസ്സിനെ നീ പ്രകാശിപ്പിക്കുന്നതുവഴി ഈ വൈറസിനെ കീഴ്പ്പെടുത്താനുള്ള യഥാർത്ഥ പരിഹാരമാർഗം കണ്ടെത്തുന്നതിന് ഇടവരട്ടെ.

ദാരിദ്ര്യം മൂലം ജീവിക്കാൻ കഷ്ടപ്പെടുന്നവരെ ജ്ഞാനത്താലും ഉദാരമനസ്കതയാലും, ഉത്കണ്ഠയോടെയും സഹായിക്കാനും, സാമൂഹിക-സാമ്പത്തിക പരിഹാരങ്ങൾ ആസൂത്രണം ചെയ്യുകവഴി ദീർഘവീക്ഷണത്തോടെയും ഐക്യ ദാർഢ്യത്തോടെയും പ്രവർത്തിക്കാനും അമ്മേ, എല്ലാ രാഷ്ട്രനേതാക്കളെയും നീ സഹായിക്കണമേ... പരി. കന്യകാമറിയമേ, രാഷ്ട്രനേതാക്കൻമാരുടെ മനസ്സാക്ഷിയെ നീ സ്പർശിക്കണമേ... ആയുധശക്തി വർദ്ധിപ്പിക്കാനായി ചെലവിടുന്ന പണം ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ തടയുവാനുള്ള പഠനങ്ങൾ പ്രോത്സാഹിപ്പിക്കുവാൻവേണ്ടി അവർ വിനിയോഗിക്കട്ടെ.

പ്രിയപ്പെട്ട അമ്മേ, ലോകം എന്ന വലിയ ഒരു കുടുംബത്തിലെ അംഗമാണെന്ന ചിന്തയിലും, പ്രത്യേകിച്ച് എല്ലാവരെയും ഒന്നിപ്പിക്കുന്ന ബന്ധത്തെക്കുറിച്ചുള്ള സ്വയാവബോധത്തിലും, വളർന്നുവരുവാൻ ഞങ്ങളെ സഹായിക്കണമേ. കാരണം, സാഹോദര്യ മനോഭാവത്തോടെയും ഐക്യദാർഢ്യത്തോടെയും നിരവധി ദരിദ്രരെയും, ദുരിതത്തിൽ പെട്ടിരിക്കുന്നവരെയും സഹായിക്കാൻ ഞങ്ങൾക്ക് ഇതുവഴി സാധിക്കും. വിശ്വാസത്തിലുള്ള ഉറച്ച പ്രോത്സാഹനവും അപരനെ സേവിക്കുന്നതിലുള്ള സ്ഥിരോ ത്സാഹവും പ്രാർത്ഥനയിലുള്ള സ്ഥിരതയും ഞങ്ങൾക്ക് നൽകണമേ.

ഓ മറിയമേ, എളിയവരുടെ സങ്കേതമേ, നിന്റെ കരവലയത്തിൽ നിന്റെ എല്ലാ വേദനിക്കുന്ന മക്കളെയും കാത്തുകൊള്ളണമേ. ഈ ഭയാനകമായ പകർച്ചവ്യാധിയിൽ നിന്ന് ഞങ്ങളെ മോചിപ്പിക്കാൻ സർവശക്തനായ ദൈവം തന്റെ ശക്തമായ കരങ്ങളോടെ കടന്നുവരുവാൻ നീ ഇടയാക്കണമേ.. അങ്ങനെ ശാന്തമായതും സാധാരണ ഗതിയിലുള്ളതുമായ ഒരു ജീവിതം പുനരാരംഭിക്കാൻ ഇടവരുത്തണമേ.

രക്ഷയുടെയും പ്രത്യാശയുടെയും അടയാളമായി ഞങ്ങളുടെ പാതയിൽ തിളങ്ങുന്ന നിന്നിൽ ഞങ്ങൾ ആശ്രയിക്കുന്നു, കരുണയും വാത്സല്യവും മാധുര്യവും നിറഞ്ഞ കന്യാമറിയമേ. ആമേൻ.

+ Jos Kallarangatt

മെത്രാസനമന്ദിരം

പാലാ, 30.04.2020

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

---

30.04.2020 ൽ നൽകപ്പെട്ട അറിയിപ്പ്.

# കച്ചേരിക്കാര്യം

## APPOINTMENTS AND TRANSFERS

Rev. Fr.

| | |
|---|---|
| Kuttianickal Sebastian | Spiritual Director & Professor, St. Thomas Apostolic Seminary, Vadavathoor (w.e.from 20.05.2020). |
| Ambattupadavil Joseph | Relieved, Vicar, Nellappara (w.e.from 27.05.2020) |
| Mylapparampil Joseph | Vicar, Nellappara (w.e.from 27.05.2020) |
| Thazhathuvarickayil Joseph | Defender of Bond, Eparchial Tribunal (additional, w.e.from 27.05.2020) |
| Kunnumpuram Berchmans | Co-ordinator, Migrants (Pravasi) from the Eparchy of Palai (additional, w.e. from 03.06.2020) |
| Thayyil Thomas | Assistant Co-ordinator, Migrants (Pravasi) from the Eparchy of Palai (additional, w.e. from 03.06.2020) |

## EPARCHIAL BODIES

Different Eparchial Bodies are re-constituted with the following members for a period of Five years with effect from 21 May 2020.

### 1. COLLEGE OF EPARCHIAL CONSULTORS

1. Very Rev Fr. Kollithanathumalayil Abraham
2. Very Rev Fr. Maleparambil Joseph
3. Very Rev Fr. Thadathil Joseph (Jr.)
4. Very Rev Fr. Vethanath Sebastian

5. Very Rev Fr. Nellickatheruvil Jose
6. Very Rev Fr. Koottianiyil Augustine
7. Very Rev Fr. Vettukallel Sebastian
8. Very Rev Fr. Palackaparampil Augustine
9. Very Rev Fr. Kunnumpuram Berchmans
10. Very Rev Fr. Kakkallil Jose
11. Very Rev Fr. Muthanatt Joseph
12. Very Rev Fr. Moongamackal Vincent

## 2. EPARCHIAL FINANCE COUNCIL

1. Very Rev Fr. Kollithanathumalayil Abraham
2. Very Rev Fr. Maleparambil Joseph
3. Very Rev Fr. Thadathil Joseph (Jr.)
4. Very Rev Fr. Vethanath Sebastian
5. Very Rev Fr. Nellickatheruvil Jose
6. Very Rev Fr. Kakkallil Jose
7. Very Rev Fr. Vallompurayidom Jose
8. Very Rev Fr. Panampuzha Joseph
9. Very Rev Fr. Padickakuzhuppil Sebastian
10. Prof. K.K. Jose Kanichikatt
11. Prof. George Mathew
12. Prof. T.T. Michael
13. Sri. Emmanuel J. Kolady
14. Sri. Justin Thomas
15. Smt. Sigi Lukeson

## 3. ADMINISTRATIVE TRIBUNAL

1. Very Rev. Fr. Njarakunnel George Varghese (Moderator)
2. Very Rev Fr. Menachery Thomas
3. Rev Fr. Attapatt Zacharias
4. Rev Fr. Kizhakkearanjany George
5. Rev. Fr. Parekkattu Emmanuel
6. Rev Sr. Merline Areeparampil SH

7. Prof. Mathew T. Matheckal
8. Adv. Martin Mathew
9. Adv. Sindhu Gerard

**4. EPARCHIAL SCRUTINY COMMITTEE**

1. Rev. Fr. Vattappillil Joseph (Moderator)
2. Very Rev. Fr. Nellickatheruvil Jose (Covenor)
3. Very Rev. Fr. Kuzhinjalil Joseph
4. Rev. Fr. Thadathil Joseph (Sr.)
5. Rev. Fr. George Pazheparampil
6. Rev. Fr. Kaduppil Joseph
7. Rev. Fr. Ettumanukaran Alvin
8. Rev. Fr. Vellachalil Kuriakose
9. Sri.Tom J. Nedumthakidy
10. Sri. Mathew Scaria
11. Sri.Jose Abraham
12. Sri. Thomas C. Menamparampil

**5. EPARCHIAL EDUCATION COUNCIL**

1. Very Rev. Fr. Maleparambil Joseph
2. Very Rev. Fr. Thadathil Joseph (Jr.)
3. Very Rev. Fr. Vethanath Sebastian
4. Very Rev. Fr. Kunnumpuram Berchmans
5. Rev. Sr. Shinet CMC
6. Sri. Regimon Mathew Kadookunnel
7. Sri. Jobichan Joseph
8. Sri. Shiby Thomas
9. Smt. Bella Joseph

**6. CENSORS OF BOOKS**

1. Rev. Fr. Menacherry Thomas
2. Rev. Fr. Vadakkel Thomas
3. Rev. Fr. Karikulam Joseph
4. Rev. Fr. Kuttiankal Joseph

## 7. EPARCHIAL EXAMINERS

1. Rev. Fr. Kakkattuthadathil Thomas
2. Rev. Fr. Mekkattukunnel Andrews
3. Rev. Fr. Vechoor Dominic
4. Rev. Fr. Pandarakappil Alex

## 8. EXECUTIVE COMMISSION FOR FINANCE ON MAR SLEEVA MEDICITY PALA, CHERPUNKAL

1. Very Rev. Fr. Joseph Kuzhinjalil (Chairman)
2. Very Rev. Fr. Joseph Nellickatheruvil (Procurator as Co-ordinator)
3. Very Rev Fr. Joseph Thadathil (Jr.)
4. Very Rev. Fr. Philip Njaralakatt
5. Prof. Mathew T. Matheckal
6. Sri. Emmanuel Kolady

## 9. SAFE ENVIORNMENT COMMITTEE FOR THE PROTECTION OF MINORS OR VULNERABLE ADULTS

1. Rev Fr. Palackaparambil Augustine (Chairman)
2. Rev Fr. Kunnumpuram Berchmans
3. Rev Fr. Kaduppil Joseph
4. Rev Fr. Vechoor Dominic

# മാർസ്ലീവാ മെഡിസിറ്റി പാലാ

**1. വനിതകൾക്ക് ഹെൽത്ത് ചെക്കപ്പ് പാക്കേജ്**

ലോക വനിതാദിനത്തിന്റെ ഭാഗമായി മാർസ്ലീവാ മെഡിസിറ്റിയിൽ വനിതകൾക്കായി പ്രിവന്റീവ് മെഡിക്കൽ ചെക്കപ്പ് ആരംഭിച്ചു. മെഡിസിറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ മോൺ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ വെൽവുമൺ ഹെൽത്ത് ചെക്കപ്പ് പാക്കേജിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. വളരെ കുറഞ്ഞ ചെലവിൽ ലഭ്യമാകുന്ന പാക്കേജ് രോഗസാധ്യതകൾ മുൻകൂട്ടി അറിയുന്നതിന് സഹായകമാണ്. കൊളസ്ട്രോൾ, ബ്ലഡ്ഷുഗർ പരിശോധന, കരൾ, ഒ

വൃക്ക, തൈറോയിഡ് എന്നിവയുടെ പരിശോധന, അൾട്രാസൗണ്ട് സ്കാനിംഗ് എന്നിവ ഉൾപ്പെടുന്നതാണ് വെൽവുമൺ ഹെൽത്ത് ചെക്കപ്പ്. ഇതിനു പുറമേ എക്സിക്യൂട്ടീവ് ഹെൽത്ത് ചെക്കപ്പ്, കാർഡിയാക് എക്സിക്യൂട്ടീവ് ഹെൽത്ത് ചെക്കപ്പ്, ഡയബറ്റിക് ഹെൽത്ത് ചെക്കപ്പ്, പീഡിയാട്രിക് ഹെൽത്ത് ചെക്കപ്പ്, കിഡ്നി ഹെൽത്ത് ചെക്കപ്പ്, സീനിയർ സിറ്റിസൺ ഹെൽത്ത് ചെക്കപ്പ്, വോൾബോഡി ഹെൽത്ത് ചെക്കപ്പ് എന്നീ പാക്കേജുകളും കുറഞ്ഞ നിരക്കിൽ മെഡിസിറ്റിയിൽ ലഭ്യമാണ്.

**2. വനിതകൾക്കായി സൗജന്യ മെഡിക്കൽ ക്യാമ്പ്**

വനിതാ ദിനത്തിന്റെ ഭാഗമായി വനിതകൾക്കായുള്ള സൗജന്യ മെഡിക്കൽ ക്യാമ്പ് മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാരൂപതാ വനിതാ ദിനാഘോഷത്തോടുചേർന്ന് ളാലം പഴയ പള്ളിയിൽ വച്ച് നടത്തി. ക്യാമ്പിൽ പങ്കെടുത്ത 100 ഓളം പേർക്ക് 50% ഡിസ്കൗണ്ടിൽ മാമോഗ്രാമിനുള്ള കൂപ്പണുകളും വിതരണംചെയ്തു.

**3. സൗജന്യ വൃക്കരോഗ പ്രതിരോധ ക്ലിനിക്**

മാർസ്ലീവാ മെഡിസിറ്റിയിൽ സൗജന്യ വൃക്കരോഗ പ്രതിരോധ ക്ലിനിക് ലോക വൃക്ക ദിനമായ മാർച്ച് 12 ന് പ്രവർത്തനം ആരംഭിച്ചു. നെഫ്രോളജി വിഭാഗം മേധാവി ഡോ. മഞ്ജുള രാമച

ന്ദ്രന്റെ നേതൃത്വത്തിലാണ് ക്ലിനിക് പ്രവർത്തിക്കുക. എല്ലാ വ്യാഴാഴ്ചയും ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെയാണ് പ്രവർത്തനം.

**4. അന്താരാഷ്ട്ര നഴ്സസ് ദിനം**

അന്താരാഷ്ട്ര നഴ്സസ് ദിനത്തോടനുബന്ധിച്ച് മാർസ്ലീവാ മെഡിസിറ്റിയിൽ നഴ്സസ് ദിനം ആചരിച്ചു. നഴ്സസ് പ്രതിജ്ഞ ഏറ്റുചൊല്ലി. നഴ്സസ് ദിനത്തോടനുബന്ധിച്ചു നടത്തിയ മത്സരങ്ങളുടെ സമ്മാനങ്ങൾ വിതരണം ചെയ്തു.

**5. സ്പൈൻ ക്ളിനിക്**

മാർസ്ലീവാ മെഡിസിറ്റിയിൽ സ്പൈൻ ക്ലിനിക് ആരംഭിച്ചു. ആശുപത്രി എക്സിക്യൂട്ടീവ് ഡയറക്ടർ മോൺ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ തിരിതെളിച്ച് സ്പൈൻ ക്ലിനിക് ഉദ്ഘാടനം ചെയ്തു. ന്യൂറോ സർജറി വിഭാഗത്തിലെ സീനിയർ കൺസൽട്ടന്റ് ഡോ. സന്തോഷ് ജോർജ് തോമസ്, കൺസൽട്ടന്റ് ഡോ. അരുൺ ബാബു ജോസഫ് തുടങ്ങിയവരുടെ നേതൃത്വത്തിലാണ് സ്പൈൻ ക്ലിനിക് പ്രവർത്തിക്കുക.

നട്ടെല്ലിനേറ്റ പരിക്കുകൾ, നട്ടെല്ലിന്റെ സ്ഥാനചലനം, നട്ടെല്ല് അടുത്തു വരുന്നത്, നട്ടെല്ലിലുണ്ടാകുന്ന മുഴകൾ, നട്ടെല്ലിലെ ഡിസ്ക് നാഡികളിൽ സ്പർശിക്കുന്നത്, സ്പോണ്ടിലോസിസ് തുടങ്ങി എല്ലാരോഗങ്ങൾക്കും ഇവിടെ ചികിത്സ ലഭ്യമാണ്. തിങ്കൾ, ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിൽ രാവിലെ 9 മുതലായിരിക്കും സ്പൈൻ ക്ലിനിക് പ്രവർത്തിക്കുക.

**6. കോവിഡ് പ്രതിരോധ ഹോമിയോ മരുന്ന്**

ഏപ്രിൽ മാസത്തിൽ 15000 ത്തോളം പേർക്ക് കോവിഡ് പ്രതിരോധ ഹോമിയോ മരുന്ന് ഡിസ്കൗണ്ട് നിരക്കിൽ മാർസ്ലീവാ മെഡിസിറ്റിയിൽനിന്ന് നല്കി.

**മോൺ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ**

(എക്സിക്യൂട്ടീവ് ഡയറക്ടർ)

# Family Apostolate

Shalom Pastoral Centre, Pala-686575

Phone - 04822 210049, 8547150049 Email: familyapostolatepalai@gmail.com

**Online വിവാഹ ഒരുക്ക കോഴ്സ് നിബന്ധനകൾ**

1. Online വിവാഹ ഒരുക്ക കോഴ്സിൽ സംബന്ധിക്കുവാൻ പാലാ ശാലോം പാസ്റ്ററൽ സെന്ററിലുള്ള ഫാമിലി അപ്പോസ്തലേറ്റിന്റെ ഓഫീസിൽ ബുക്ക് ചെയ്യാവുന്നതാണ്. (2020 മാർച്ച് മുതൽ 2020 ജൂൺ വരെ നേരത്തേ ഓഫീസിൽ കോഴ്സ് ബുക്ക് ചെയ്തവർ ആ കോഴ്സ് Online കോഴ്സിലേക്കായി മാറ്റാൻ സാധിക്കുന്നതാണ്. ബുക്ക് ചെയ്തപ്പോൾ നല്കിയ രജിസ്ട്രേഷൻ ഫോമുമായി ഓഫീസിൽ വന്ന് Online Course ലേക്കു മാറ്റുക. വിശദവിവരങ്ങൾക്ക് 04822 210049, 8547150049 എന്ന നമ്പറിൽ വിളിക്കുക).

2. ഓൺലൈനായി ബുക്ക് ചെയ്യുന്നതിന് www.palaimatrimony.com എന്ന സൈറ്റിന്റെ സേവനം സ്വീകരിക്കാവുന്നതാണ്.

3. തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ രാവിലെ 9.30 മുതൽ 12.30 വരെയും ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.45 വരെയും ഓഫീസ് പ്രവർത്തിക്കുന്നതാണ്. ഞായറാഴ്ചകളിലും പ്രധാനതിരുനാൾ ദിവസങ്ങളിലും ഓഫീസ് അവധിയായിരിക്കും.

4. കോഴ്സ് ബുക്ക് ചെയ്യാൻ വരുമ്പോൾ Online കോഴ്സ് ഫീസ് **500 രൂപ,** പങ്കെടുക്കുന്ന വ്യക്തിയുടെ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ, വ്യക്തിയെ സംബന്ധിച്ച വിവരങ്ങൾ എന്നിവ കൃത്യമായി നല്കണം. Online കോഴ്സ് Online ൽ ബുക്ക് ചെയ്യുന്നവർക്ക് **550** രൂപയാണ് ഫീസ്. (Online കോഴ്സിനു ബുക്കിങ് സ്വീകരിച്ചുകഴിഞ്ഞാൽ ബുക്കിങ് തുക തിരിച്ചുനൽകുന്നതല്ല).

5. പാലാ ഫാമിലി അപ്പോസ്തലേറ്റിന്റെ സൈറ്റിലാണ് Online കോഴ്സ് നൽകപ്പെടുന്നത്. കോഴ്സ് ബുക്ക് ചെയ്തു കഴിയുമ്പോൾ

ക്ലാസ്സ് Open ചെയ്യുന്നതിനുള്ള ഒരു Username ഉം Password ഉം ഓഫീസിൽനിന്നും നല്കുന്നതാണ്. ഓൺലൈനിലൂടെ ഈ കോഴ്സ് ബുക്കുചെയ്യുന്നവർക്ക് ഓഫീസിൽനിന്ന് Username ഉം Password ഉം ഫോണിൽ വിളിച്ചറിയിക്കുന്നതാണ്.

6. കോഴ്സ് ബുക്ക് ചെയ്തതിനുശേഷം ക്ലാസ്സ് Open ചെയ്തു കഴിഞ്ഞാൽ നാലു ദിവസത്തേക്കു മാത്രമേ ക്ലാസ്സുകൾ കാണാൻ സാധിക്കുകയുള്ളൂ.

7. കുടുംബജീവിതവുമായി ബന്ധപ്പെട്ട പതിനാല് പ്രധാന വിഷയങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കോഴ്സ് രജിസ്റ്റർ ചെയ്യുമ്പോൾതന്നെ കോഴ്സിൽ നല്കപ്പെടുന്ന ക്ലാസ്സുകളെ അടിസ്ഥാനമാക്കി ഒരു പുസ്തകം, കോഴ്സിലെ ക്ലാസ്സുകളെ അടിസ്ഥാനമാക്കി പങ്കെടുക്കുന്നവർ പൂരിപ്പിക്കേണ്ട ഒരു Question Paper എന്നിവ നല്കുന്നതാണ്. സർട്ടിഫിക്കറ്റ് വാങ്ങാൻ വരുമ്പോൾ Question Paper ൽ ഉത്തരങ്ങൾ പൂരിപ്പിച്ചു കൊണ്ടുവരേണ്ടതാണ്.

8. കോഴ്സ് രജിസ്റ്റർ ചെയ്യുമ്പോൾ തന്നുവിടുന്ന ഫോം വികാരിയച്ചന്റെ സാക്ഷ്യത്തോടുകൂടി സർട്ടിഫിക്കറ്റ് വാങ്ങാൻ വരുമ്പോൾ തിരികെ കൊണ്ടുവരേണ്ടതാണ്.

9. ശനിയാഴ്ച ദിവസങ്ങളിൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതാണ്. സർട്ടിഫിക്കറ്റ് വാങ്ങാൻ വരുമ്പോൾ സെമിനാറിൽ സംബന്ധിച്ചവർക്ക് അനുരഞ്ജന കൂദാശ (കുമ്പസാരം) സ്വീകരിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. പാലാ ഷലോം പാസ്റ്ററൽ സെന്ററിലെ ഫാമിലി അപ്പോസ്തലേറ്റിന്റെ ഓഫീസിൽ (Room No. 13) ആണ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യപ്പെടുന്നത്.

10. Online കോഴ്സിൽ പങ്കെടുക്കാൻ സാങ്കേതിക ഉപകരണങ്ങളുടെ അസൗകര്യം ഉള്ളവർക്ക് ക്ലാസ്സിൽ പങ്കെടുക്കുവാനുള്ള സൗകര്യം ഓഫീസിൽ ഒരുക്കുന്നതാണ്. അതിനായി കോഴ്സ് ബുക്ക് ചെയ്യുമ്പോൾ മുൻകൂട്ടി അറിയിക്കണം.

**ഫാ. ജോസഫ് കുറ്റിയാങ്കൽ**
(ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ)

# SJIHMCT

**1. ഇന്റർ നാഷണൽ സ്കിൽ സമ്മിറ്റ് വിജയികൾ**

21 വയസ്സിൽ താഴെ പ്രായമുള്ള യുവാക്കളുടെ നൈപുണ്യ വികസനം ലക്ഷ്യം വച്ച് 41 ട്രേഡുകളിലായി സംസ്ഥാനതലത്തിൽ ഗവൺമെന്റ് നടത്തിയ മത്സരങ്ങളിൽ ബേക്കറി വിഭാഗത്തിൽ അക്ഷയ്കുമാർ ഗോൾഡ് മെഡലും ഒരു ലക്ഷം രൂപയും ഫ്രണ്ട് ഓഫീസ് വിഭാഗത്തിൽ പോൾസൺ ബെന്നി ഗോൾഡ് മെഡലും ഒരു ലക്ഷം രൂപയും റെസ്റ്റോറന്റ് സർവ്വീസ് വിഭാഗത്തിൽ സുജിത്ത് ജോസഫ് വെള്ളി മെഡലും അമ്പതിനായിരം രൂപയും, സെബിൻ സാബു മൂന്നാം സ്ഥാനവും പതിനായിരം രൂപയും കരസ്ഥമാക്കി ദേശീയ മത്സരത്തിന് അർഹരായി.

**2. റോട്ടറി ഓവൻ സ്ഥാപിച്ചു.**

ഏറ്റവും നൂതനമായ സാങ്കേതികവിദ്യ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്താനായി ഒൻപതുലക്ഷം രൂപ മുടക്കിൽ ഇന്ത്യയിൽ ആദ്യമായി ഹോട്ടൽ മാനേജ്മെന്റ് കോളേജിൽ വിദ്യാർത്ഥികൾക്കായി റോട്ടറി ഓവൻ സ്ഥാപിച്ചു.

**3. തുടർച്ചയായി ഏഴാം വർഷവും 100% പ്ലേസ്മെന്റ്**

2020 ഏപ്രിൽ 30-ന് അവസാനിക്കുന്ന 7-ാം ബാച്ചിന്റെ പ്ലേസ്മെന്റ് പൂർത്തിയായി. താജ്, ഒബറോയി, ഷെറാട്ടൻ, ഹിൽട്ടൺ, ഇന്റർനാഷണൽ തുടങ്ങിയ ഫൈവ് സ്റ്റാർ ഹോട്ടലുകളിലാണ് പ്ലേസ്മെന്റ് ലഭിച്ചിരിക്കുന്നത്.

**4. ദശവത്സരാരംഭം**

ഒരു വർഷം നീണ്ടുനിൽക്കുന്ന ദശവത്സരാഘോഷങ്ങളുടെ തുടക്കം അഭിവന്ദ്യ പിതാവ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ നിർവ്വഹിച്ചു.

**5. ഉജ്ജ്വലവിജയം**

26 ഫസ്റ്റ് ക്ലാസും ഒരു ഡിസ്റ്റിക്ഷനും സഹിതം 76% വിദ്യാർത്ഥികൾ ഫൈനൽ ഇയർ പരീക്ഷ പാസ്സായി. യൂണിവേഴ്സിറ്റിയുടെ ഒന്നാം റാങ്കിന് ശ്രീ മനു ബാബുവും രണ്ടാം റാങ്ക് കുമാരി

ശ്രുതി ജോസഫും മൂന്നാം റാങ്കിന് ശ്രീ ജെറിൻ സാം സജിയും അർഹരായി.

**6. ദീപിക പബ്ലിക്കേഷൻസിനായി ക്രിസ്തുമസ് വിഭവങ്ങൾ**

ദീപിക പബ്ലിക്കേഷൻസിന്റെ ഓൺലൈൻ വിഭാഗത്തിൽ അപ്‌ലോഡ് ചെയ്യാനായി വിവിധ ക്രിസ്തുമസ് വിഭവ നിർമ്മാണ ഷൂട്ടിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തി.

**7. പുസ്തകപ്രകാശനം**

അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സഹകരണ ത്തോടെ ലാബിൽ പരീക്ഷിച്ചു വിജയിച്ച വിവിധയിനം വൈനുക ളുടെ റെസിപി ശ്രീ സജിൻ അഗസ്റ്റിൻ “101 ഹോം മെയ്ഡ് വൈനു കൾ” എന്ന പേരിൽ പുസ്തകരൂപത്തിലാക്കി പബ്ലിഷ് ചെയ്തു.

**8. രക്തദാനവും ജീവകാരുണ്യ പ്രവർത്തനങ്ങളും**

എസ്.എച്ച്. ഹോസ്പിറ്റൽ കോട്ടയവും റോട്ടറി ക്ലബ്ബുമായി ചേർന്ന് അഗാപ്പെ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾ രക്ത ദാനം നടത്തി. വിവിധ സാമൂഹിക പ്രവർത്തനങ്ങൾക്കായി 73805 രൂപ സമാഹരിച്ച് വിതരണം ചെയ്തു.

**9. അഖിലേന്ത്യാ മത്സരവിജയികൾ**

നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി സംഘടിപ്പിച്ച അഖിലേന്ത്യാ തല മത്സരത്തിൽ ബെസ്റ്റ് ഹൗസ്കീപ്പർ വിഭാഗത്തിൽ ഗോൾഡ് മെഡലും ക്യാഷ് അവാർഡും ചിൽസ് റ്റോണിയോ കരസ്ഥമാക്കി. ബെസ്റ്റ് ഇൻഡിജിനസ് കുക്ക് വിഭാഗത്തിൽ അശ്വിൻ മർക്കോസ് മൂന്നാം സ്ഥാനം നേടി.

**10. ഇന്ത്യോ- ജർമ്മൻ ഫ്യൂഷൻ കുസിൻ**

ജർമ്മനിയിൽനിന്ന് വന്ന 31 ഗസ്റ്റുകൾക്കായി ഇന്ത്യോ- ജർമ്മൻ ഫ്യൂഷൻ കുസിൻ വിഭവങ്ങളൊരുക്കി സെർവ് ചെയ്തു. ജർമ്മൻ പ്ലേസ്മെന്റിനുള്ള സഹകരണം വാഗ്ദാനം ചെയ്യപ്പെട്ടു.

**ഫാ. ജേക്കബ് പുതിയാപറമ്പിൽ**

(SJIHMCT, ഡയറക്ടർ)

## പാലാ ഹോം പ്രോജക്ട്

**ഹോം പാലാ പദ്ധതിക്ക് സംഭാവന നൽകിയവർ**

1. മോൺ. ജോസഫ് കുഴിഞ്ഞാലിൽ - 200000/

**ഫാ. തോമസ് വാലുമ്മേൽ**
ഡയറക്ടർ

**മോൺ. ജോസഫ് കുഴിഞ്ഞാലിൽ**
കോർഡിനേറ്റർ

## മൈനർ സെമിനാരി പ്രവേശനം

പ്രിയ ബഹു. അച്ചാ,

നമ്മുടെ രൂപതാമൈനർ സെമിനാരിയിൽ ചേർന്നു വൈദികപഠനം നടത്തുവാൻ ആഗ്രഹിക്കുന്ന യുവാക്കന്മാർ 2020 15-ാം തീയതിക്കുമുമ്പ് വെരി. റവ. ഫാ. റെക്ടർ, ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരി, പോണാട്-കരൂർ പി. ഒ. 686 574, പാലാ എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷകർ SSLC, Plus 2 പരീക്ഷകൾ എഴുതിയിരിക്കുന്നവരോ ഉപരിപരീക്ഷാ യോഗ്യതയുള്ളവരോ ആയിരിക്കണം.

പേര്, വീട്ടുപേര്, വയസ്സ്, മാതാപിതാക്കന്മാരുടെ പേര്, ഇടവക, പഠിക്കുന്ന വിദ്യാലയം, വിദ്യാഭ്യാസയോഗ്യത, SSLC, Plus 2 പരീക്ഷകൾ എഴുതിയിരിക്കുന്നവരാണങ്കിൽ ഹാൾ ടിക്കറ്റ് നമ്പർ എന്നീ വിവരങ്ങൾ അപേക്ഷയിൽ കാണിച്ചിരിക്കണം.

സൽസ്വഭാവികളും പൗരോഹിത്യത്തിലേക്ക് ആഭിമുഖ്യ മുള്ളവരുമായ യുവാക്കന്മാരെ കണ്ടെത്തി ആവശ്യമായ നിർദ്ദേശ ങ്ങൾ നൽകി രൂപതാ മൈനർ സെമിനാരിയിൽ ചേരാൻ പ്രോത്സാ ഹിപ്പിക്കണമെന്നു താത്പര്യപ്പെടുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 01.05.2020




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

കൊറോണാ വൈറസിന്റെ സാമൂഹികവ്യാപനം ഒഴിവാക്കുന്നതിനു വേണ്ടി 19/3/2020 മുതൽ തീർത്ഥാടനകേന്ദ്രത്തിൽ ജനപങ്കാളിത്തത്തോടെയുള്ള വി. കുർബാന അർപ്പണം ഒഴിവാക്കി. എന്നാൽ വിശ്വാസികൾ ആവശ്യപ്പെട്ടതനുസരിച്ച് 15/4/2020 മുതൽ രാവിലെ 8.30, 11.00 എന്നീ സമയങ്ങളിൽ വി.കുർബാന ലൈവ് ആയി സംപ്രേക്ഷണം ചെയ്യുവാൻ ആരംഭിച്ചു.

**വി. കുർബാനയ്ക്ക് കാർമികത്വം വഹിച്ച വൈദികർ**

റവ. ഫാ. മാത്യു മതിലകത്ത്, റവ. ഫാ. ജോസഫ് മേയിക്കൽ, റവ. ഫാ. അബ്രാഹം കണിയാംപടിക്കൽ, റവ. ഫാ. ജോർജ് പഴേപറമ്പിൽ, റവ. ഫാ. മൈക്കിൾ ഔസേപ്പറമ്പിൽ, റവ. ഫാ. മാർട്ടിൻ കല്ലറയ്ക്കൽ, റവ. ഫാ. അഗസ്റ്റിൻ തെരുവത്ത്, റവ. ഫാ. അബ്രാഹം തകിടിയേൽ, റവ. ഫാ. മാത്യു കുരിശുംമൂട്ടിൽ, റവ. ഫാ. ജോസഫ് മുണ്ടയ്ക്കൽ, റവ. ഫാ. ജോർജ് മുളങ്ങാശ്ശേരിൽ OFM Cap., റവ. ഫാ. ജോസഫ് നരിതൂക്കിൽ, റവ. ഫാ. തോമസ് പുന്നത്താനത്ത്, റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, റവ. ഫാ. ജോസഫ് പുരയിടത്തിൽ, റവ. ഫാ. ജോസഫ് തെരുവിൽ, റവ. ഫാ.സ്കറിയ വേകത്താനത്ത്, റവ. ഫാ. തോമസ് പുതുകുളങ്ങര, റവ. ഫാ. ജോസഫ് കുറ്റിയാങ്കൽ, റവ. ഫാ.ഇമ്മാനുവേൽ പാറേക്കാട്ട്, റവ. ഫാ. റിന്റു മണ്ണൂർ OFM Cap., ഫാ. കുര്യാക്കോസ് നരിതൂക്കിൽ, ഫാ. ജോൺ മറ്റമുണ്ടയിൽ, റവ. ഫാ. ജോസഫ് മുത്തനാട്ട്, റവ. ഫാ. ജോബി കാപ്പിൽപ്പറമ്പിൽ, റവ. ഫാ. സ്കറിയ മലമാക്കൽ, റവ. ഫാ. തോമസ് മലയിൽപുത്തൻപുര, റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം, ഫാ. റവ. ഫാ.ജോർജ് കാവുംപുറം, റവ ഫാ. അഗസ്റ്റിൻ കണ്ടത്തിക്കുടിയിൽ, റവ. ഫാ.ജേക്കബ് പണ്ടാരപറമ്പിൽ, റവ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, റവ. ഫാ. ആന്റണി പെരുമാനൂർ (എം.എസ്.റ്റി.),

റവ. ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ, റവ. ഫാ. ജോസഫ് മണിയൻചിറ, റവ. ഫാ. തോമസ് കരോട്ടുകിഴക്കേൽ, റവ. ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ.

**പാലാ രൂപതാ റീജൻസി ബ്രദേഴ്സ്**

വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ 6 മാസക്കാലം ശുശ്രൂഷ ചെയ്ത തിടനാട് ഇടവക, ബ്രദർ നെവിൻ നങ്ങാപറമ്പിലിന് മെയ് 1 ന് സമുചിതമായ യാത്രയയപ്പു നൽകി. അരുവിത്തുറ ഇടവകാംഗമായ ബ്രദർ അദിലാഷ് വയലിൽ പുതുതായി ചാർജെടുത്തു.

**വൈറസിനെ തോൽപ്പിക്കുന്ന അൽഫോൻസാഭക്തി**

ആളൊഴിഞ്ഞിട്ടും പ്രാർത്ഥന നിലയ്ക്കാത്ത വി. അൽഫോൻസാ കബറിടത്തിങ്കൽ ഭക്തജനങ്ങൾ ഒന്നും രണ്ടും പേരായി വന്ന് പള്ളി ചുറ്റി പ്രാർത്ഥിച്ചു മടങ്ങുന്നു.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. X, XII ക്ലാസ്സുകളിലെ റിസൾട്ട്**

X, XII ക്ലാസ്സുകളിലെ റിസൾട്ട് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് ബുക്കുകൾ 2020 ജൂൺ 6 മുതൽ രൂപത ഓഫീസിൽനിന്നും തിരികെ നൽകുന്നതാണ്.

**2. X, XII ക്ലാസ്സുകളിലെ സേ പരീക്ഷ**

X, XII ക്ലാസ്സുകളിൽ പരാജയപ്പെട്ടവർക്ക് താത്പര്യമുണ്ടെങ്കിൽ സേ പരീക്ഷ എഴുതാൻ അവസരം നൽകുന്നതാണ്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് (സാനിറ്റൈസർ/സോപ്പ്, മാസ്ക്, സാമൂഹിക അകലം) ഇടവകകളിൽ ബഹുമാനപ്പെട്ട ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ പരീക്ഷാക്രമീകരണങ്ങൾ നടത്തേണ്ടതാണ്. റിസൾട്ട് വാങ്ങാൻ വരുമ്പോൾ രൂപത ഓഫീസിൽനിന്ന് നൽകുന്ന ചോദ്യപേപ്പർ ഉപയോഗിച്ച് 2020 ജൂൺ 20-ാം തീയതി രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 12 മണിവരെയുള്ള സമയത്ത് പരീക്ഷ നടത്തി ഉത്തരക്കടലാസുകൾ 2020 ജൂൺ 22 ന് വൈകിട്ട് 4 മണിക്ക് മുമ്പായി തിരികെ രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്.

**3. പ്രമോഷൻ ലിസ്റ്റ്**

2019 – 2020 വിശ്വാസപരിശീലനവർഷത്തെ പ്രമോഷൻ ലിസ്റ്റ് 2020 ജൂൺ 14 ന് ഇടവകകളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

**4. പാഠപുസ്തകങ്ങൾ**

തങ്ങളുടെ ഇടവകയിൽ ഓരോ ക്ലാസ്സുകളിലേക്കും ആവശ്യമായ പാഠപുസ്തകങ്ങളുടെ എണ്ണം ഈ ദിവസങ്ങളിൽതന്നെ സാധ്യമായ മാർഗ്ഗങ്ങൾ ഉപയോഗിച്ച് അറിഞ്ഞുവയ്ക്കുവാൻ പ്രഥമാദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ. ലോക്ഡൗൺ കാരണം പുസ്തകങ്ങൾ ഇതുവരെയും രൂപതാകേന്ദ്രത്തിൽ എത്തിയിട്ടില്ല. എണ്ണം

നേരത്തേ അറിഞ്ഞുവച്ചാൽ പുസ്തകങ്ങൾ എത്തുന്ന മുറയ്ക്ക് നിങ്ങൾക്ക് അവ വാങ്ങിച്ചുകൊണ്ടുപോകാൻ എളുപ്പമായിരിക്കും. പുസ്തകവിതരണം ആരംഭിക്കുന്ന വിവരം WhatsApp സന്ദേശം മുഖേന നിങ്ങളെ അറിയിക്കുന്നതാണ്.

**5. വിശ്വാസപരിശീലന ഡയറി**

വിശ്വാസപരിശീലന ഡയറി ആവശ്യമുള്ളവർ എത്രയും വേഗം ആവശ്യമായ എണ്ണം രൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**6. പുതിയ അഡ്മിഷൻ**

2020 - 2021 വിശ്വാസപരിശീലനവർഷത്തിൽ 1-ാം ക്ലാസിലേക്കുള്ള അഡ്മിഷൻ 2020 ജൂലൈ 12-ാം തീയതിക്കുമുമ്പായി പൂർത്തിയാക്കാൻ ശ്രദ്ധിക്കുമല്ലോ. ഇതിനായി ഇടവകകളിൽ ഇതിനോടകം രൂപപ്പെടുത്തിയിരിക്കുന്ന ആശയസംവേദനോപാധികൾ ഉപയോഗിക്കുമല്ലോ.

**7. പ്രഥമ കുമ്പസാരവും തുടർന്നുള്ള വിശുദ്ധ കുർബാനസ്വീകരണവും**

സാധാരണ മദ്ധ്യവേനലവധിക്കാലത്ത് നടത്താറുള്ള 4-ാം ക്ലാസിൽ വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന കുട്ടികളുടെ പ്രഥമകുമ്പസാരവും തുടർന്നുള്ള വിശുദ്ധകുർബാന സ്വീകരണവും ഈ വർഷം ലോക്ഡൗൺ മൂലം നടത്താൻ സാധിച്ചില്ലല്ലോ. പള്ളികൾ തുറന്ന് ആരാധന നടത്താൻ അനുവാദം ലഭിക്കുന്ന സാഹചര്യം ഉണ്ടാകുമ്പോൾ ഈ കാര്യത്തെക്കുറിച്ചുള്ള പൊതുനിർദ്ദേശങ്ങൾ നൽകുന്നതാണ്.

**8. പുതിയ വിശ്വാസപരിശീലന വർഷം 2020 - 2021**

കോവിഡ് - 19 രോഗബാധയും അതിനെത്തുടർന്നുള്ള ലോക്ഡൗണും നിലവിലുണ്ടെങ്കിലും പുതിയ വിശ്വാസപരിശീലനവർഷം 2020 ജൂലൈ 5-ാം തീയതി ആരംഭിക്കുകയാണ്. മാതാപിതാക്കളുടെ ഉത്തരവാദിത്വത്തിൽ കുടുംബകേന്ദ്രീകൃത വിശ്വാസപരിശീലനം കൂടുതൽ ശക്തമാക്കാൻ ഈ സാഹചര്യങ്ങളൊക്കെ നമുക്ക് വിനിയോഗിക്കാം. ഉത്ഥിതനീശോയിൽ വിശ്വസിക്കുന്ന നമുക്ക് നല്ല പ്രത്യാശയുള്ളവരാകാം.

സാധാരണനിലയിലുള്ള വിശ്വാസപരിശീലനം ആരംഭിക്കാൻ കഴിയുന്നതുവരെ ഡിജിറ്റൽ പ്ലാറ്റ്ഫോം ഉപയോഗിച്ചുള്ള വിശ്വാസപരിശീലപദ്ധതി രൂപപ്പെടുത്താൻ നാം പരിശ്രമിക്കുകയാണ്. ഈ ഉദ്യമത്തിൽ സഹകരിക്കാൻ താല്പര്യമുള്ള വിശ്വാസപരിശീലകരുടെ പേര്, വീട്ടുപേര്, പഠിപ്പിക്കുന്ന ക്ലാസ്, ഫോൺ നമ്പർ എന്നിവ രൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽ അറിയിക്കുമല്ലോ.

ഈ നാളുകളിൽ പല കാര്യങ്ങൾക്കും ഉപകാരപ്പെടുത്തുന്നതിനുവേണ്ടി എല്ലാ പ്രഥമാദ്ധ്യാപകരുടെയും E-mail അഡ്രസ് രൂപതാ ഓഫീസിന് ആവശ്യമുണ്ട്. അതിനാൽ എല്ലാ പ്രഥമാദ്ധ്യാപകരും തങ്ങളുടെ E-mail അഡ്രസ് രൂപത ഓഫീസിൽ അറിയിക്കേണ്ടതാണ്. സ്വന്തമായി E-mail ഇല്ലാത്തവർ പുതുതായി ഒരെണ്ണം രൂപീകരിച്ച് രൂപത വിശ്വാസപരിശീലനകേന്ദ്രത്തോട് സഹകരിക്കുമല്ലോ.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. അഭിവന്ദ്യ പിതാവിന്റെ സന്ദർശനം (ഫെബ്രുവരി 24 മുതൽ 29 വരെ)**

പതിവുപോലെ ഈ വർഷവും അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് അദിലാബാദ് പാലാ മിഷനിൽ സന്ദർശനം നടത്തി. ഫെബ്രു 25-ന് നെന്നലയിലെത്തിയ അഭിവന്ദ്യ പിതാവിനെ പാലാ മിഷനറിമാർ ഒന്നു ചേർന്ന് സ്വീകരിച്ചു. പെരിയ ബഹു. ജോസഫ് കുഴിഞ്ഞാലിൽ അച്ചനും ബഹു. എടേട്ട് അച്ചനും മാത്യു പുതിയിടത്ത് അച്ചനും റീജൻസി പരിശീലനത്തിലുള്ള ശെമ്മാശ്ശൻമാരും പിതാവിനോടൊപ്പം ഇവിടെ എത്തിയിരുന്നു. തുടർന്നുള്ള ദിവസങ്ങളിൽ പാലാ മിഷനിലെ എല്ലാ കേന്ദ്രങ്ങളും സന്ദർശിച്ചു പ്രവർത്തനങ്ങളും സാഹചര്യങ്ങളും വിലയിരുത്തി. ആവശ്യമായ തിരുത്തലുകളും മാർഗ്ഗനിർദ്ദേശങ്ങളും നൽകി. കൂടാതെ പുതിയ മിഷൻ ആഭിമുഖ്യങ്ങളെക്കുറിച്ചും മിഷൻ പ്രവർത്തനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും ആവശ്യമായ പ്രബോധനങ്ങൾ നൽകി. പാലാ മിഷനറീകൂട്ടായ്മയെ അഭിസംബോധന ചെയ്തു സംസാരിച്ച അഭിവന്ദ്യ പിതാവ് പാലാ മിഷന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും ദൈവിക കൂട്ടായ്മയായി സുവിശേഷവൽക്കരണ പ്രവർത്തനങ്ങളിൽ നിലനിൽക്കാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. പാലാ മിഷന് പുതിയ ഉണർവും ഉത്തേജനവും നൽകി അഭിവന്ദ്യ പിതാവും വൈദികരും ശെമ്മാശ്ശൻമാരും 29-ാം തീയതി കേരളത്തിലേക്ക് മടങ്ങിപ്പോയി.

**2. പാലാ രൂപതക്ക് അഭിമാനനിമിഷം – സെന്റ് മേരീസ് പള്ളിയുടെ കൂദാശയും മഠത്തിന്റെയും വെഞ്ചരിപ്പും. (മന്നഗുടം)**

പാലാ മിഷനിലെ മന്നഗുടം ഗ്രാമത്തിൽ പാലാ രൂപത പണിയിച്ചുനൽകിയ ദൈവാലയത്തിന്റെ കൂദാശാകർമ്മവും മഠത്തിന്റെ വെഞ്ചരിപ്പും നടന്നു. ഫെബ്രുവരി 26-ാം തിയതി രാവിലെ 9.30 ന് കർമ്മങ്ങൾ ആരംഭിച്ചു. അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവും അഭിവന്ദ്യ പ്രിൻസ് ആന്റണി പാനേങ്ങാടൻ പിതാവ് അഭിവന്ദ്യ ജോസഫ് കുന്നത്ത് പിതാവ് എന്നിവർ ചേർന്നാണ് കർമ്മങ്ങൾക്ക് നേതൃത്വം നൽകിയത്. ഇടവക വികാരി ഫാ. ഐസക് കുറച്ചിയേൽ ആത്മീയ നേതൃത്വം നൽകുകയും വചന പ്രതിഷ്ഠാകർമ്മത്തിൽ പങ്കെടുക്കുകയും ചെയ്തു. കൂദാശാകർമ്മങ്ങളിലും തുടർന്നുള്ള ദിവ്യബലിയിലും വിവിധ ഗ്രാമങ്ങളിൽ നിന്നുള്ള വിശ്വാസികളും പൊതുസമൂഹവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നേതാക്കളും അദിലാബാദ് രൂപതാ വൈദികരും സന്ന്യസ്തരുമടക്കം വലിയ ഒരു സമൂഹം പങ്കെടുത്തു. മന്നഗുടത്ത് പുതുതായി ജനങ്ങളുടെയിടയിൽ സേവനം ആരംഭിച്ച LAR സന്ന്യാസസഭയുടെ ഡെലഗേറ്റ് സുപ്പീരിയർ റവ.സി. എലീസാ LAR ന്റെ സാന്നിദ്ധ്യവും അനുഗ്രഹമായി. ബഹു. ജോസഫ് പര്യാത്ത് അച്ചന്റെ നേതൃത്വത്തിൽ കർമ്മങ്ങളുടെ ക്രമീകരണങ്ങളും ബഹു. ആന്റണി വാഴയിൽ അച്ചന്റെ നേതൃത്വത്തിൽ ലൈറ്റ്, സൗണ്ട്, മറ്റു ക്രമീകരണങ്ങളും എല്ലാം ഭംഗിയായി നടന്നു.

തുടർന്ന് മന്നഗുടം ഇടവകയിലെ വിശ്വാസസമൂഹം ഒരുക്കിയ സ്നേഹവിരുന്നും വിദ്യാർത്ഥിവിദ്യാർത്ഥിനികളുടെ കലാപരിപാടികളും നടന്നു.

പാലാ രൂപതയുടെ മിഷൻ പ്രവർത്തനങ്ങളുടെ ചരിത്രത്തിൽ ഈ

സേവനവും ഇടംപിടിച്ചു. എല്ലാവിധ മിഷൻ മുന്നേറ്റത്തിനും എന്നും പ്രോത്സാഹനമേകി നയിക്കുന്ന പാലാ രൂപതയുടെ വലിയ ഇടയന് നന്ദി...

**3. LAR സഭാസമൂഹത്തിന് അഭിനന്ദനങ്ങളും നന്ദിയും**

പാലാ രൂപതയുടെയും പാലാ മിഷന്റെയും അഭ്യർത്ഥന സ്വീകരിച്ച് മന്നഗുടം, കർജി ഗ്രാമങ്ങളിൽ സേവനത്തിനും സുവിശേഷവൽക്കരണ പ്രവർത്തനങ്ങൾക്കുമായി തങ്ങളുടെ സമൂഹത്തെ നൽകിയ Little Apostles of Redemption (LAR) സഭാനേതൃത്വത്തിനും സമൂഹത്തിനും പ്രത്യേകം നന്ദി അറിയിക്കുന്നു. Sr. Jancy LAR, Sr. Rejeena LAR എന്നിവരാണ് പുതിയ സമൂഹാംഗങ്ങൾ. പുതിയ സമൂഹത്തിന് അഭിനന്ദനങ്ങളും ഭാവുകങ്ങളും ആശംസിക്കുന്നു. പ്രത്യേകമായി സഭയുടെ ഇന്ത്യയിലെ Delegate Superior, Rev Sr. Elisa LARന്റെ നേതൃത്വത്തിൽ പാലാ മിഷനു നൽകുന്ന എല്ലാ സഹായ സഹകരണങ്ങൾക്കും നന്ദി അറിയിക്കുന്നു.

**4. പാലാ മിഷന്റെ സമ്മാനം – മുത്തിയമ്മ ഗ്രോട്ടോ – ജണ്ടവെങ്കിട്ടപൂരിൽ.**

പാലാ മിഷൻ, ജണ്ട വെങ്കിട്ടപ്പൂർ ഗ്രാമത്തിലെ സേക്രട്ട് ഹാർട്ട് ദൈവാലയ മൈതാനത്ത് മുത്തിയമ്മയുടെ പേരിലുള്ള ഗ്രോട്ടോ നിർമ്മിച്ചു നൽകിയിരിക്കുന്നു. ഫെബ്രുവരി 28–ാം തീയതി വൈകിട്ട് 6.30ന് പാലാ രൂപതാ അദ്ധ്യക്ഷൻ അഭി. ജോസഫ് കല്ലറങ്ങാട്ട് പിതാവും അഭി. ജോസഫ് കുന്നത്ത് പിതാവും ചേർന്നു വെഞ്ചരിപ്പുകർമ്മം നടത്തി. ഗ്രാമത്തിലെ വിശ്വാസികളുടെ ഏറെനാളത്തെ ആഗ്രഹം പൂർത്തിയായിരിക്കുന്നു.

വിവിധ ഗ്രാമങ്ങളിൽ രോഗീസന്ദർശനം നടത്തി അവർക്ക് ആശീർവാദവും ആശ്വാസവും പകർന്നശേഷം ഗ്രാമത്തിലെത്തിയ അഭി. കല്ലറങ്ങാട്ട് പിതാവിനെയും മഞ്ചരിയാൾ നിന്നെത്തിയ അഭി. കുന്നത്ത് പിതാവിനെയും വൈദികരെയും ശെമ്മാശ്ശൻമാരെയും നൃത്തച്ചുവടുകളോടെ വിശ്വാസികൾ സ്വീകരിച്ചു. ഗ്രോട്ടോ വെഞ്ചരിക്കവേ 'മാതാവിലൂടെ ക്രിസ്തുവിലേക്ക് വളരാം' എന്ന സന്ദേശവും ഇടവക ജനങ്ങൾക്കു നൽകപ്പെട്ടു. ഇടവക വികാരി ബഹു. ജോസഫ് പര്യാത്ത് അച്ചന്റെ നേതൃത്വത്തിലാണ് ഗ്രോട്ടോയുടെ നിർമ്മാണ പ്രവർത്തനങ്ങളും വെഞ്ചരിപ്പുകർമ്മങ്ങളും ക്രമീകരിക്കപ്പെട്ടത്.

പാലാ മിഷന്റെ മിഷൻ പ്രവർത്തനങ്ങളുടെ അഭിമാനകരമായ നേട്ടങ്ങളിലൊന്നാണിത്.

**5. കോവിഡ് – 19 മിഷൻ**

രാജ്യമൊട്ടാകെ ദൈവാലയങ്ങൾ അടച്ചുവെങ്കിലും പ്രാർത്ഥനാ ശുശ്രൂഷകൾക്ക് ഒരിക്കലും മുടക്കം വന്നില്ല. ഗ്രാമങ്ങളിലെ വിശ്വാസികൾക്കെല്ലാം പരി. ബലിയിൽ ചേരുന്നതിനുവേണ്ടി നമ്മുടെ ദൈവാലയങ്ങളിലെല്ലാം പ്രത്യേകമായി മൈക്കുസെറ്റുകൾ ക്രമീകരിച്ച് പരി. കുർബാനയർപ്പണം നടത്തുന്നു.

**6. കൊറോണാ – സഹായ വിതരണം**

പാലാ മിഷൻ തങ്ങളുടെ ഗ്രാമങ്ങളിൽ, ഇക്കാലത്ത് കഷ്ടതയനുഭവിക്കുന്നവർക്കായി 30 ഭക്ഷ്യധാന്യക്കിറ്റുകൾ വിതരണം ചെയ്തു. അരി – 10 കിലോ, എണ്ണ = 1 കിലോ, പരിപ്പ് – 1 കിലോ, ഉപ്പ് – 1 കിലോ, മല്ലിപ്പൊടി, മുളകുപൊടി, മസാല പാക്കറ്റ് എന്നിവയടങ്ങിയ കിറ്റ് ഒന്നിന് 750.00 രൂപ

വിലവരുന്ന 30 കിറ്റുകൾ 27 ഭവനങ്ങളിൽ വിതരണം ചെയ്തു. കൂടാതെ മന്ന ഗുടം ദൈവാലയത്തിൽ നേർച്ച ലഭിച്ച 2 ക്വിന്റൽ അരിയും പാവങ്ങൾക്കായി വിതരണം ചെയ്തു.

**ഫാ. ജോർജ് കാരാംവേലിൽ** (കോർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. നവാഗതർക്കു സ്വാഗതം.**

സബർമതി മിഷനിലെ ശുശ്രൂഷകൾക്കായി പാലാ രൂപതയിൽനിന്നും പുതുതായി നിയമിതരായ ഫാ. ജെയിംസ് മടിക്കാങ്കലിനെയും ഫാ. ജോർജ്ജ് നെല്ലിക്കലിനെയും ഷംഷാബാദ് രൂപതയുടെ, ഗുജറാത്ത് റീജൺ വികാരി ജനറാൾ മോൺസിഞ്ഞോർ ജോസഫ് കൊല്ലംപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ അഹമ്മദാബാദ് വിമാനത്താവളത്തിൽവച്ച് ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ഫാ. മാത്യു വെങ്ങാലൂർ, ഫാ. ജോൺ ചാവേലിൽ, ഫാ. മൈക്കിൾ തോട്ടുങ്കൽ എന്നിവർ ചേർന്ന് സ്വീകരിച്ചു.

**2. വൈദികരുടെ മാസധ്യാനം**

സബർമതി മിഷനിലെ വൈദികരുടെ മാസധ്യാനം ഫെബ്രുവരി മാസം പതിനേഴാം തീയതി മനേജായിലെ സെന്റ് അൽഫോൻസാ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ഫാദർ അബ്രഹാം പുതുക്കുളങ്ങര സിഎംഐ ധ്യാനം നയിച്ചു. വികാരി ജനറാൾ മോൺസിഞ്ഞോർ ജോസഫ് കൊല്ലംപറമ്പിലിന്റെ നേതൃത്വത്തിൽ മിഷനിലെ എല്ലാ വൈദികരും ഇതിൽ പങ്കുചേർന്നു. ഇടവകകളുടെ വിവിധ പ്രവർത്തനങ്ങളെപ്പറ്റിയുള്ള റിപ്പോർട്ടുകൾ അവതരിപ്പിച്ചു. നോമ്പുകാലത്ത് എല്ലാ ഭവനങ്ങളും വെഞ്ചരിക്കുവാനും ധ്യാനങ്ങൾ നടത്തുവാനും തീരുമാനിച്ചു. ധ്യാന ഒരുക്കങ്ങൾ ഭംഗിയായി നടത്തിയ ഇടവക വികാരി ഫാ. ടോം വടക്കേക്കരയെയും കൈക്കാരൻമാരെയും ബഹു. വികാരി ജനറാൾ മോൺസിഞ്ഞോർ ജോസഫ് കൊല്ലംപറമ്പിൽ പ്രത്യേകം അഭിനന്ദിച്ചു.

**3. വൈദികമന്ദിരങ്ങൾ വെഞ്ചിരിപ്പ്**

തൽത്തേജിൽ ഫാ. ജെയിംസ് മടിക്കാങ്കലിനായി ഒരുക്കിയ വൈദിക മന്ദിരവും ആനന്ദിൽ ഫാദർ ജോർജ് നെല്ലിക്കലിനായി ഒരുക്കിയ വൈദിക മന്ദിരവും മോൺസിഞ്ഞോർ ജോസഫ് കൊല്ലംപറമ്പിൽ വെഞ്ചിരിച്ചു. റീജണിലെ ബഹുമാനപ്പെട്ട വൈദികരും ഇടവകസമൂഹവും അതിൽ സംബന്ധിച്ചു. ഇരു വൈദികരും പ്രസ്തുത ഇടവകകളിൽ ഔദ്യോഗികമായി ചുമതല ഏറ്റെടുക്കുകയും ചെയ്തു.

**4. വാർഷികധ്യാനം**

മിഷനിലെ തൽതേജ്, ലയോള, ആനന്ദ്, സബർമതി ഇടവകകളിൽ വാർഷികധ്യാനം നടത്തപ്പെട്ടു. തൽതേജ്, ലയോള, ആനന്ദ്, സബർമതി ഇടവകകളിൽ പാലാ രൂപത ഇവാഞ്ചലൈസേഷൻ ഡയറക്ടർ ബഹു. ഫാദർ വിൻസെന്റ് മൂങ്ങമാക്കലും സബർമതി ഇടവകയിൽ ഛത്രാൽ ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. ഫാദർ പീറ്റർ വെള്ളറാത്ത് VC യും ധ്യാനങ്ങൾ നയിച്ചു.

**5. ഭവനസന്ദർശനവും വെഞ്ചിരിപ്പും**

നോമ്പുകാലാചരണത്തോടനുബന്ധിച്ച് വൈദികർ തങ്ങളുടെ ഇടവകകളിലെ മുഴുവൻ ഭവനങ്ങളും സന്ദർശിച്ച് വെഞ്ചരിപ്പ് നടത്താൻ ആരംഭിച്ചിരുന്നു. Lockdown നു ശേഷം പ്രസ്തുത വെഞ്ചരിപ്പ് തുടരുന്നതാണ്.

**6. ആഘോഷപൂർവ്വമായ പരി. കുർബാന സ്വീകരണം**

സബർമതി ഇടവകയിൽ ഫെബ്രുവരി 23 ന് ആഘോഷപൂർവ്വമായ പരി. കുർബാന സ്വീകരണം നടത്തി. വികാരി ഫാ. പോൾ പാറപ്ലാക്കൽ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

**7. വനിതാദിനാചരണം**

മാർച്ച് 8-ന് വനിതാദിനാചരണം മാതൃവേദിയുടെ നേതൃത്വത്തിൽ വിവിധ പരിപാടികളോടെ നടത്തപ്പെട്ടു.

**8. ലോഗോസ് പരിശീലനം**

ലോക്ഡൗൺ സമയം ലോഗോസ് ബൈബിൾ ക്വിസ്സിനായി ഒരുങ്ങുവാൻ സഹായിക്കുന്ന വിധത്തിൽ ഓൺലൈനായി പരിശീലനം നൽകി. വികാരി ജനറാൾ മോൺ. ജോസഫ് കൊല്ലംപറമ്പിൽ പരിശീലനത്തിനു നേതൃത്വം നൽകി.

**9. വിശുദ്ധരെ പരിചയപ്പെടുത്തൽ**

സൺഡേ സ്കൂൾ കുട്ടികൾക്കായി വിശുദ്ധരെ പരിചയപ്പെടുത്തൽ എന്ന പേരിൽ ഒരു ഓൺലൈൻ വീഡിയോ പ്രോഗ്രാം catechism department സംഘടിപ്പിച്ചു. റീജണിലെ എല്ലാ ഇടവകകളിലെയും കുട്ടികൾ അതിൽ പങ്കെടുത്തു. റീജണൽ ഡയറക്ടർ ഫാ. പോൾ പാറപ്ലാക്കൽ അതിനു നേതൃത്വം നൽകി.

**10. Being with Lord in Covid- 19 times'**

സെന്റ് അൽഫോൻസാ ചർച്ച് നവരംഗ്പുരയുടെ ആഭിമുഖ്യത്തിൽ അഹമ്മദാബാദ്, ബറോഡ മേഖലകളിൽനിന്നും താത്പര്യമുള്ളവർക്കായി നടത്തപ്പെട്ട "Being with Lord in Covid- 19 times" എന്ന പ്രത്യേക വിശ്വാസ പരിശീലന പരിപാടി ഏപ്രിൽ 25 ന് രാത്രി 8 മണിക്ക് മാർ റാഫേൽ തട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു. പൗരസ്ത്യ വിദ്യാപീഠം കോട്ടയം പ്രൊഫസർമാർ എല്ലാ ശനിയാഴ്ചയും ഞായറാഴ്ചയും വിശുദ്ധ ഗ്രന്ഥം, വിശുദ്ധ കുർബ്ബാന, മറ്റ് കൂദാശകൾ, സഭാചരിത്രം എന്നിവയിൽ ഓൺലൈൻ ക്ലാസുകൾ നടത്തുന്നു. 60 ലധികം പഠിതാക്കൾ ഈ പരിപാടിയിൽ സജീവമായി പങ്കെടുക്കുന്നു. വികാരി ഫാ. മാത്യു വെങ്ങാലൂർ പരിപാടികൾക്ക് നേതൃത്വം നൽകി.

**12) Unlocking the happiness within**

ചങ്ങനാശേരി അതിരൂപത സഹായമെത്രാൻ മാർ. തോമസ് തറയിൽ നയിച്ച മനഃശാസ്ത്രപരവും പ്രചോദനാത്മകവുമായ 'unlocking the happiness within' എന്ന വിഷയത്തിൽ മെയ് 15 വെള്ളിയാഴ്ച രാത്രി 8 മുതൽ 9 വരെ

നടത്തപ്പെട്ട ക്ലാസ്സിൽ നൂറിലധികം ആളുകൾ പങ്കെടുത്തു. സെന്റ് അൽഫോൻസാ ചർച്ച് നവരംഗ്പുരയുടെ നേതൃത്വത്തിലാണ് പരിപാടി നടത്തപ്പെട്ടത്.

13. SYM സെന്റ് അൽഫോൻസാ ചർച്ച് നവരംഗ്പുരയുടെ ആഭിമുഖ്യത്തിൽ യുവജനങ്ങൾക്കായി lockdown കാലയളവിൽ വിവിധയിനം പരിപാടികൾ നടത്തപ്പെട്ടു.

**14. Family Group Song Competition**

സെന്റ് അൽഫോൻസാ ചർച്ച്, ആനന്ദിന്റെ ആഭിമുഖ്യത്തിൽ കുടുംബങ്ങൾക്കായി Family Group Song Competition നടത്തപ്പെട്ടു.

15. Lockdown കാലയളവിൽ ഗുജറാത്ത് റീജണൽ Bishop's House അഹമ്മദാബാദിൽനിന്നും ലെയോള ചർച്ചിന്റെ നേതൃത്വത്തിൽ പരി. കുർബാനയും മറ്റ് ഭക്തകൃത്യങ്ങളും ലൈവ് ടെലിക്കാസ്റ്റ് നടത്തപ്പെട്ടുവരുന്നു.

16. ബറൂച്ച് ഇടവകയിൽ ഫാ. ജോൺ ചാവേലിയുടെ നേതൃത്വത്തിൽ ലൈവ് ടെലികാസ്റ്റ് വഴി ആരാധനയും കുടുംബക്കൂട്ടായ്മ പ്രാർത്ഥനയും നടത്തിവരുന്നു.

17. SMYM ഗുജറാത്ത് റീജിയൺ യുവജനങ്ങൾക്കായി ഓൺലൈൻ സെമിനാറുകളും കരിയർ ഗൈഡൻസ് ക്ലാസുകളും സംഘടിപ്പിച്ചു. കുട്ടികളെയും യുവജനങ്ങളെയും മുതിർന്നവരെയും ഒരുപോലെ പങ്കെടുപ്പിച്ചുകൊണ്ട് Biblia എന്നപേരിൽ Bible ക്വിസ് മത്സരവും നടത്തിവരുന്നു. SMYM ഗുജറാത്ത് റീജിയൺ ഡയറക്ടർ ഫാദർ ടോം വടക്കേക്കര പരിപാടികൾക്ക് നേതൃത്വം നൽകുന്നു.

ബഹു. ജോസഫ് കൊല്ലംപറമ്പിലച്ചൻ (വികാരി ജനറാൾ)

---

# കെ.സി.എസ്.എൽ.

---

**ഓൺലൈൻ മത്സരങ്ങൾ**

പാലാ രൂപത കെ.സി.എസ്.എൽ. സംഘടനയുടെ നേതൃത്വത്തിൽ 2020 മെയ് മാസത്തിൽ എൽ.കെ.ജി. മുതൽ 12-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കായി ഉജ്ജീവനം എന്ന പേരിൽ വിവിധ ഓൺലൈൻ മത്സരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. ഇതിൽ വിജയികളായവരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പുഞ്ചിരിമത്സരം**

I - ഡിയോണ ജോ പോൾസൺ, സെന്റ് ആന്റണീസ് നഴ്സറി സ്കൂൾ, ഇടമറുക്

II - അമേയ ചേസ് - സെന്റ് മേരീസ് സൺഡേ സ്കൂൾ, തീക്കോയി.

III - കാതറിൻ മരിയാ ജിജോ, അൽഫോൻസാ റസിഡൻഷ്യൽ സ്കൂൾ, ഭരണങ്ങാനം

**കഥപറച്ചിൽ മത്സരം**

I - ലെന മേരി ജെയ്സൺ, ചാവറ ഹിൽസ്, കുര്യനാട്

II – ഇവാൻ ജോ വിനോജ്, സാൻജോസ് പബ്ളിക് സ്കൂൾ, ചൂണ്ടച്ചേരി
III – ഡയോണ അന്നാ ജിമ്മി, ഹോളി സ്പിരിറ്റ് പബ്ളിക് സ്കൂൾ, പയ്യാനിത്തോട്ടം

**പ്രസംഗമത്സരം**

I – ജീനാമോൾ ടോമി, സെന്റ് അൽഫോൻസാ എച്ച്.എസ്, വാകക്കാട്
II – എൽവിസ് പ്രിൻസ്, സെന്റ് തോമസ് എച്ച്. എസ്.എസ്, പാലാ
III – ഐവിൻ ഷെറിൻ, എൽ.എഫ്.എച്ച്.എസ്, ചെമ്മലമറ്റം

**പാട്ടുമത്സരം**

I – ജോയൽ ഷീൻ, സെന്റ് മേരീസ് എച്ച്.എസ്.എസ്, കുറവിലങ്ങാട്
II – നിവേദ്യ പി. പിള്ള, സെന്റ് മേരീസ് എച്ച്.എസ്.എസ്. അറക്കുളം
III – അമൽ സിബി, സെന്റ് തോമസ് എച്ച്.എസ്.എസ്, പാലാ

**ഫാമിലി സെൽഫി മത്സരം**

I – ആർദ്ര ജോയൻ, സെന്റ് അൽഫോൻസാ പബ്ലിക് സ്കൂൾ, അരുവിത്തുറ
II – ഫെലിക്സ് ജോണി, എസ്.എച്ച്.എൽ.പി സ്കൂൾ, രാമപുരം
III – ആഷ്ലി സിബി, എൽ.എഫ്.എച്ച്.എസ്, ചെമ്മലമറ്റം

**റീജന്റ് ബ്രദറിന് യാത്രാമംഗളങ്ങൾ**

കഴിഞ്ഞ ആറുമാസക്കാലം കെ.സി.എസ്.എൽ. ഓഫീസിൽ റീജന്റായി സേവനം ചെയ്തതിനുശേഷം ദൈവശാസ്ത്രപഠനത്തിനായി പോകുന്ന ബ്രദർ ജോസഫ് വല്ലൂത്തടത്തിന് കെ.സി.എസ്.എൽ. കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും.

**പുതിയ റീജന്റ് ബ്രദറിന് സ്വാഗതം**

കെ.സി.എസ്.എൽ ഓഫീസിൽ പുതുതായി ചാർജ്ജെടുത്ത റീജന്റ് ബ്രദർ ആന്റണി വില്ലന്താനത്തിന് കെ.സി.എസ്.എൽ. കുടുംബത്തിലേക്കു സ്വാഗതം.

**ഫാ. ജോസഫ് തെരുവിൽ** (ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. പ്രവർത്തനവർഷോദ്ഘാടനം**

മാർച്ച് 1-ാം തീയതി രാവിലെ 9.30-ന് വയലാ യൂണിറ്റ് പ്രവർത്തനവർഷോദ്ഘാടനം രൂപതാ ഡയറക്ടറിന്റെ മുഖ്യകാർമ്മികത്വത്തിലുള്ള പരി. കുർബാനയർപ്പണത്തെത്തുടർന്ന് നിർവ്വഹിക്കപ്പെട്ടു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് തറപ്പേൽ അദ്ധ്യക്ഷത വഹിച്ചു.

വൈകിട്ട് 6-ന് കൂടല്ലൂർ യൂണിറ്റിന്റെ പ്രവർത്തനവർഷോദ്ഘാടനം രൂപതാ ഡയറക്ടറച്ചൻ നിർവ്വഹിച്ചു. യൂണിറ്റ് രക്ഷാധികാരി റവ. ഫാ. ജോൺ പൊതീട്ടേൽ, ഡയറക്ടർ റവ.ഫാ. അബ്രാഹം കാക്കാനിയിൽ തുടങ്ങിയവർ സംബന്ധിച്ചു.

മാർച്ച് 7-ന് വൈകുന്നേരം 5 മണിക്ക് അരുവിത്തുറ ഫൊറോനയുടെ പ്രവർത്തനവർഷ ഉദ്ഘാടനസമ്മേളനത്തിൽ രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ സംബന്ധിച്ചു. ഫൊറോനാ ഡയറക്ടർ റവ.ഫാ. കരോൾ പൈമ്പള്ളിൽ നേതൃത്വം നൽകി.

മാർച്ച് 15-ാം തീയതി രാവിലെ 8.30-ന് അമ്പാറനിരപ്പേൽ യൂണിറ്റ് പ്രവർത്തനവർഷോദ്ഘാടനം നടന്നു. തുടർന്ന് രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിലിന്റെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

**2. രൂപതാ കൗൺസിലേഴ്സ് – യൂണിറ്റ് പ്രസിഡന്റ്സ് സംയുക്തസമ്മേളനം**

മാർച്ച് 1-ാം തീയതി ഉച്ചയ്ക്ക് 2.30 ന് രൂപതയിലെ എല്ലാ യൂണിറ്റ് പ്രസിഡന്റുമാരുടെയും രൂപതാ കൗൺസിലേഴ്സിന്റെയും സംയുക്തയോഗം ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ടു.

**3. പത്രസമ്മേളനം**

രൂപതയുടെ നാലു പ്രദേശങ്ങളിലായി നടത്താനിരിക്കുന്ന വനിതാ സമ്മേളനത്തോടനുബന്ധിച്ചുള്ള പത്രസമ്മേളനം മാർച്ച് 2-ാം തീയതി ബിഷപ്സ് ഹൗസിൽ വച്ചു നടത്തപ്പെട്ടു.

**4. ഇന്റർ എപ്പാർക്കിയൽ മീറ്റിംഗ്**

ചങ്ങനാശ്ശേരി അതിരൂപതയിലെ രൂപതകളുടെ പങ്കാളിത്തത്തോടെ അജപാലനപ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള ചർച്ചകൾക്കായി ഇന്റർ എപ്പാർക്കിയൽ മീറ്റിംഗ് മാർച്ച് 3-ാം തീയതി 10 മണിക്ക് ചൂണ്ടച്ചേരിയിൽ വച്ചു നടത്തപ്പെട്ടു.

**5. വോളണ്ടിയേഴ്സ് മീറ്റ്**

വനിതാദിനത്തോടനുബന്ധിച്ചുള്ള വോളണ്ടിയേഴ്സ് മീറ്റ് മാർച്ച് നാലിനു നടത്തപ്പെട്ടു.

**6. വനിതാദിനാചരണം**

പാലാ, പ്രവിത്താനം, രാമപുരം, കടനാട്, ഭരണങ്ങാനം, ചേർപ്പുങ്കൽ ഫൊറോനകളുടെ രൂപതാതല വനിതാദിനാചരണോദ്ഘാടനം മാർച്ച് 7-ാം തീയതി ശനിയാഴ്ച പാലാ ളാലം പഴയപള്ളി ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു. പ്രസ്തുത സമ്മേളനത്തിന് വിവിധ യൂണിറ്റുകൾ കലാപരിപാടികൾ അവതരിപ്പിച്ചു. സമ്മേളനത്തിനുള്ള ഒരുക്കങ്ങൾക്കും സമ്മേളനത്തിനുശേഷമുള്ള പുനഃക്രമീകരണങ്ങൾക്കും എസ്.എം.വൈ.എം. യുവാക്കൾ നേതൃത്വം നൽകി.

**7. ചർച്ച**

കേന്ദ്ര ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ ശ്രീ ജോർജ് കുര്യനുമായി മാർച്ച് 17-ാം തീയതി വൈകിട്ട് 5.30-ന് ഗ്ലോബൽ ഡയറക്ടർ റവ.ഫാ. ജോസഫ് ആലഞ്ചേരി, രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ തുടങ്ങിയവർ വിവിധ കാര്യങ്ങൾ ചർച്ച ചെയ്തു.

**8. സൗജന്യ ഡയാലിസിസ് + കിറ്റ്**

കോലടി അപ്പച്ചൻ മെമ്മോറിയൽ 1000 സൗജന്യ ഡയാലിസിസ് + ഡയാലിസിസ് കിറ്റ് അർഹരായ 1000 പേരെ കണ്ടെത്താൻ എസ്.എം.വൈ.എം. നേതൃത്വം നൽകി.

**9. കോവിഡ് 19 – പ്രതിരോധ പ്രവർത്തന റിപ്പോർട്ട്**

മഹാവ്യാധിക്കെതിരായ പ്രതിരോധനടപടിയുടെ ആദ്യഘട്ടം എന്ന നിലയിൽ മാർച്ച് 10-ാം തീയതി ചൊവ്വാഴ്ച സോഷ്യൽ മീഡിയായിലൂടെയുള്ള ബോധവത്കരണ പരിപാടികൾക്ക് പാലാ ബിഷപ്പ്സ് ഹൗസിൽ തുടക്കമിട്ടു. മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മാർ ജേക്കബ് മുരിക്കൻ, മുൻ വികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിൽ, രൂപതാ ചാൻസിലർ വെരി റവ. ഫാ. ജോസ് കാക്കല്ലിൽ, രൂപതാ പ്രൊക്യുറേറ്റർ വെരി റവ. ഫാ. ജോസ് നെല്ലിക്കാത്തെരുവിൽ, കോർപറേറ്റ് മാനേജർ വെരി റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം, വൈസ് ചാൻസിലർ റവ. ഫാ. ജോസഫ് വാട്ടപ്പള്ളിൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു. മാർച്ച് 22 ഞായറാഴ്ചയും തുടർന്നുള്ള ദിവസങ്ങളിലും ലോക്ക് ഡൗൺ പ്രഖ്യാപിക്കപ്പെട്ടു. വിവിധ ദിവസങ്ങളിൽ പോലീസ് സ്റ്റേഷനുകൾ, ഓട്ടോ സ്റ്റാൻഡ്, കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകൾ, ഗവൺമെന്റ് ആശുപത്രികൾ, ഹെൽത്ത് സെന്ററുകൾ മുതലായ ഇടങ്ങളിൽ സഹായങ്ങൾ എത്തിച്ചുനൽകാൻ സാധിച്ചു. രൂപതയിലുടനീളം എട്ടു ലക്ഷത്തോളം രൂപയുടെ കോവിഡ്-19 പ്രതിരോധപ്രവർത്തനങ്ങൾ വിവിധ ഇടവകകളിലും പൊതു ഇടങ്ങളിലും നിരവധി വ്യക്തികളുടെ സഹായസഹകരണങ്ങളിലൂടെ നടത്തുവാൻ സാധിച്ചു.

വിവിധ ഇടവകകളിൽ ആവശ്യാനുസരണം മാസ്ക് നിർമ്മാണത്തിനായുള്ള സാധനസാമഗ്രികൾ എത്തിച്ചുകൊടുക്കുന്നതിനും എസ്.എം.വൈ.എം. യുവാക്കൾ നേതൃത്വം നൽകി.

കോവിഡ് 19 രണ്ടാംഘട്ട പ്രവർത്തനങ്ങളോടനുബന്ധിച്ച് പാലാ ടൗണിലെ എല്ലാ പൊതു പ്രവർത്തകർക്കുമുള്ള സൗജന്യ മാസ്ക് വിതരണോദ്ഘാടനം മാർ ജോസഫ് കല്ലറങ്ങാട്ട് വ്യാപാരി വ്യവസായി ഏകോപനസമിതി പ്രസിഡന്റ് ശ്രീ വക്കച്ചൻ മറ്റത്തിൽ എക്സ് എം.പിക്കു നൽകി മെയ് 5-ന് ബിഷപ്സ് ഹൗസിൽ നിർവ്വഹിച്ചു.

1. അണുനാശിനി തളിച്ച് വിവിധ പൊതുസ്ഥലങ്ങൾ വൃത്തിയാക്കി.
2. ഫയർഫോഴ്സിനെ സഹായിച്ചു.
3. പോലീസിന് ഭക്ഷണം വിതരണം ചെയ്തു.
4. കമ്മ്യൂണിറ്റി കിച്ചൻ + വീടുകൾ സഹായിച്ചു.
5. വിവിധ യൂണിറ്റുകൾ എൻ.സി.സിക്കും, എൻ.എസ്.എസിനും, എസ്.എം.വൈ.എം. പാലാ രൂപതയ്ക്കുംവേണ്ടി മാസ്കുകൾ തയ്ച്ചുതരുന്നു. പോലീസ് സ്റ്റേഷൻ, ഹെൽത്ത് സെന്റർ, ആബുലൻസ്, ട്രാൻസ്പോർട്ട് സ്റ്റാൻഡ്, വീടുകൾ എന്നിവിടങ്ങളിലായി ഒരുലക്ഷത്തോളം മാസ്കുകൾ വിതരണം ചെയ്തു.

6. ബ്രേക്ക് ദി ചെയിൻ പ്രോഗ്രാമിന് ധനസഹായം നൽകി.
7. താൽക്കാലിക വീടുകൾ നിർമ്മിച്ചുനൽകി.
8. കാൻസർ രോഗികൾക്ക് കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ പദ്ധതിയുടെ ഭാഗമായി ആർ.സി.സി.(തിരുവനന്തപുരം)യിൽനിന്ന് ഫയർഫോഴ്സിന്റെ സഹായത്തോടെ മരുന്നുകൾ എത്തിച്ചു.
9. കോവിഡ് 19 ലഘുലേഖാവിതരണം, ജാഗ്രത മുന്നറിയിപ്പ് ബോർഡ്, ഹാൻഡ് വാഷ് കോർണർ (ബ്രേക്ക് ദി ചെയിൻ) എന്നിവ പ്രവർത്തിച്ചു. വീഡിയോ, പോസ്റ്റർ നിർമ്മാണം, ഓൺലൈൻ ബോധവത്കരണം നടത്തി.
10. യൂണിറ്റുതലങ്ങളിലും കുടുംബങ്ങളിലും യാമപ്രാർത്ഥനകൾ, ആരാധന, ബൈബിൾ വായന തുടങ്ങിയ കാര്യങ്ങൾ ആത്മീയമേഖലയിൽ നടന്നു.
11. ലോക് ഡൗൺ കാലം ഫലപ്രദമായി ചിലവഴിക്കുവാൻ വിവിധ യൂണിറ്റുകളിൽ പച്ചക്കറികൃഷി, തൈവിതരണം, വിത്തുവിതരണം എന്നിവ നടത്തുന്നു. കൃഷിമത്സരങ്ങളും നടത്തുന്നു.
12. പാചകമത്സരം, ഗാർഡനിംഗ് മത്സരം, ക്രാഫ്റ്റ് മത്സരം തുടങ്ങി വിവിധയിനം ഓൺലൈൻ മത്സരങ്ങളും പരമ്പരാഗത കളികളുടെ വീഡിയോ മത്സരവും നടത്തി.

**10. പച്ചക്കറിത്തൈ വിതരണം നടത്തി.**

❖ പാലാ രൂപത യുവജന കർഷക പ്രോത്സാഹനാർത്ഥം കർഷകവർഷത്തോടനുബന്ധിച്ചുള്ള പച്ചക്കറിത്തൈ വിതരണം നടത്തി. പി.എസ്.ഡബ്ല്യു.എസ്. - എസ്.എം.വൈ.എം. സംയുക്തമായുള്ള വിതരണം മെയ് 18-ന് അരുവിത്തുറ ഫൊറോന, മെയ് 19-ന് ചേർപ്പുങ്കൽ ഫൊറോന, മെയ് 20-ന് പാലാ ഫൊറോന, എന്നിവടങ്ങളിൽ നടന്നു.

മെയ് 21-ന് പച്ചക്കറിത്തൈകളുടെ ഔദ്യോഗിക വിതരണോദ്ഘാടനം അഭിവന്ദ്യ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ടും മാണി സി. കാപ്പൻ എം.എൽ.എ.യും ചേർന്ന് നിർവ്വഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, റീജന്റ് ബ്രദർ അലോഷി ഞാറ്റുതൊട്ടിയിൽ തുടങ്ങിയവർ സംബന്ധിച്ചു.

❖ മേയ് 22-ന് പൂഞ്ഞാർ ഫൊറോന, മെയ് 25-ന് കുറവിലങ്ങാട്, കോതനല്ലൂർ ഫൊറോനകൾ, മെയ് 26-ന് കടുത്തുരുത്തി, മുട്ടുചിറ ഫൊറോനകൾ, മെയ് 27-ന് രാമപുരം, തുടങ്ങനാട് ഫൊറോനകൾ, മെയ് 28-ന് ഭരണങ്ങാനം, മെയ് 29-ന് മൂലമറ്റം തുടർന്ന് കൂട്ടിക്കൽ, പ്രവിത്താനം ഫൊറോനകൾ എന്നിവിടങ്ങളിൽ പച്ചക്കറിത്തൈകളുടെ വിതരണം നടന്നു.

**11.** മാർച്ച് 28-ന് ബിഷപ്പ് ഹൗസിൽ വിവിധ ഡിപ്പാർട്ട്മെന്റുകളുടെ അവലോകന മീറ്റിംഗിൽ ഷാലോം മീറ്റ് രൂപതാ ഡയറക്ടർ, റീജന്റ് ബ്രദർ എന്നിവർ സംബന്ധിച്ചു.

**12.** രൂപതാ സമിതി കേരള റീജിയൻ വൈസ് പ്രസിഡന്റ് അഞ്ചു ജോണിയുടെ ജന്മദിനം പുരയിടത്തിൽ വൃക്ഷതൈ നട്ട് ആഘോഷിച്ചു.

**13. യാത്രയയപ്പും സ്വീകരണവും**

ആറു മാസക്കാലത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം ബ്രദർ മാത്യു പനങ്ങാട്ട് റീജൻസി പൂർത്തിയാക്കി പൗരോഹിത്യപരിശീലനത്തിന്റെ അടുത്ത ഘട്ടത്തിലേക്ക് കടന്നു. ബ്രദറിനു പ്രാർത്ഥനാശംസകൾ.

കളത്തൂക്കടവ് ഇടവകാംഗം ബ്രദർ അലോഷി ഞാറ്റുതൊട്ടിയിൽ പുതിയ റീജന്റ് ബ്രദറായി ചാർജ്ജെടുത്തു. ബ്രദറിന് സ്വാഗതം.

**14. പാലാ രൂപതയ്ക്ക് പുതിയ ജോയിന്റ് ഡയറക്ടറും സിസ്റ്റർ ആനിമേറ്റേഴ്സും**

എസ്.എം.വൈ.എം. പാലാ രൂപതയുടെ പുതിയ ജോയിന്റ് ഡയറക്ടറായി റവ.സി. ജോസ്മിത എസ്.എം.എസ്. നിയോഗിക്കപ്പെട്ടു. എഫ്.സി.സി. ഭരണങ്ങാനം, എസ്.എച്ച്. പാലാ, എസ്.എ.ബി.എസ്.പാലാ, സി.എം.സി. പാലാ, സെന്റ് മർത്താസ് സിസ്റ്റേഴ്സ് പാലാ, ഡി.എസ്.റ്റി പാലാ തുടങ്ങിയ സന്ന്യാസ സമൂഹങ്ങളിൽനിന്നും ഓരോ ആനിമേറ്റർ സിസ്റ്റേഴ്സ് രൂപതയുടെ യൂത്ത് മിനിസ്ട്രിക്കായി നിയോഗിക്കപ്പെട്ടു.

## പ്രത്യേകം ശ്രദ്ധിക്കുക

**1. എസ്.എം.വൈ.എം. അംഗങ്ങൾക്ക് ഐ.ഡി. കാർഡ്**

ഐ.ഡി. കാർഡുകൾ ഓഫീസിൽനിന്ന് വാങ്ങിയെന്ന് ഭാരവാഹികൾ ഉറപ്പാക്കുക. ആവശ്യസമയത്ത് ഐ.ഡി. കാർഡുകൾ രേഖയായി കാണിക്കേണ്ടതാണ്.

**2. എല്ലാ യുവതീയുവാക്കളും സഭയുമായി ബന്ധത്തിലായിരിക്കുവാനുള്ള പരിശ്രമം**

വിദേശത്തുള്ളവർ യുവതീയുവാക്കൾ ഉൾപ്പെടെ 15 വയസ്സുമുതൽ 30 വയസ്സുവരെയുള്ള യുവതീയുവാക്കളുടെ വിവരങ്ങൾ ശേഖരിക്കുന്നു. സൺഡേ സ്കൂൾ ബാച്ച്വൈസിൽ പേരുവിവരങ്ങൾ ശേഖരിച്ച് കോൺടാക്ട് നമ്പർ സഹിതം രൂപത ഓഫീസിൽ എത്തിക്കാൻ ഭാരവാഹികളെ ഓർമ്മിപ്പിക്കുമല്ലോ. ഓരോ ബാച്ചിനുമായി വാട്സ്ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചുകഴിഞ്ഞു. യൂണിറ്റ് ഭാരവാഹികളെ ഇക്കാര്യങ്ങൾ ഓർമ്മിപ്പിക്കുക. എല്ലാ യുവാക്കളെയും അതാത് ഗ്രൂപ്പുകളിൽ ചേർക്കുക.

**3.** ഫൊറോന, ഇടവകതലങ്ങളിൽ ലേ ആനിമേറ്റേഴ്സിനെ ബഹു. ഡയറക്ടറച്ചന്മാർ നിയമിക്കുക. ആനിമേറ്റേഴ്സ് സിസ്റ്റേഴ്സിന്റെ കാര്യവും പ്രത്യേകം ശ്രദ്ധിക്കുക.

**4. 2020-ലെ ബർത്ത്ഡേ ആഘോഷങ്ങൾ**

ബർത്ത്ഡേ ആഘോഷിക്കുന്ന എസ്.എം.വൈ.എം. അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ച് അവരെക്കൊണ്ട് വൃക്ഷത്തൈകൾ നടീക്കണം. കുറഞ്ഞപക്ഷം യൂണിറ്റ് മീറ്റിംഗിൽ വൃക്ഷത്തൈകൾ കൊടുത്തുവിടുകയെങ്കിലും വേണം. കർഷകസംസ്കാരം വളർത്തുവാനുള്ള കർമ്മപരിപാടിയാണിത്.

**5.** യൂണിറ്റുകളിൽ ആനുകാലിക വിഷയങ്ങളെക്കുറിച്ച് ക്ലാസുകൾ എടുക്കാൻ ടീമുകൾ തയാറാണ്.

**6. ഫെയ്ത്ത് ഫോർമേഷൻ ഫോളോഅപ് പ്രോഗ്രാം**

യുവാക്കൾക്ക് വിശ്വാസപരിശീലനത്തുടർച്ച എസ്.എം.വൈ.എം. നടത്തിവരുന്നു. സഭാ, ബൈബിൾ, കൂദാശ സംബന്ധമായ സംശയങ്ങൾക്ക് ഉത്തരം, സുറിയാനി ആത്മീയത, ദൈവശാസ്ത്രം, അച്ചടക്കം, ആരാധനക്രമം എന്നിവയാണ് പ്രധാന പ്രമേയങ്ങൾ. 15 വയസ്സു മുതലുള്ള യുവാക്കളെ പ്രോഗ്രാമിൽ പങ്കെടുക്കാൻ പ്രേരിപ്പിക്കുമല്ലോ. മുതിർന്നവരും ക്ലാസ്സുകളിൽ പങ്കെടുക്കാൻ വരാറുണ്ട്. രണ്ടാം ശനിയാഴ്ചകളിൽ പാലാ എസ്.എം.എസ്. ജനറലേറ്റ്, പാലായിലും മൂന്നാം ശനിയാഴ്ചകളിൽ സെൻ്റ് ജോസഫ്സ് ചിൽഡ്രൻസ് ഹോം, ചേർപ്പുങ്കൽ- കുമ്മണ്ണൂരിലും വച്ചാണ് പ്രോഗ്രാം നടക്കുന്നത്. സമയം 2.30 pm -5.00 pm.

**7. ബ്ലഡ് ഫോറം**

പുതിയ ബ്ലഡ് ഫോറം തുടങ്ങുന്നു. ചേരാൻ ആഗ്രഹിക്കുന്നവർ എസ്.എം. വൈ.എം. ഓഫീസുമായി ബന്ധപ്പെടുക.

**8. അവയവദാനം**

രൂപതാ സമിതി നടത്തിയ അവയവദാന സമ്മതം യൂണിറ്റുകളിലേക്കു വ്യാപിപ്പിക്കാൻ ആഗ്രഹിക്കുന്നു. സന്നദ്ധരായവർ രൂപതാ ഓഫീസുമായി ബന്ധപ്പെടുക

**9. വിവിധ ഫോറങ്ങളുടെ രൂപീകരണം**

കൃഷി, ഉദ്യോഗം, വിവിധ രാജ്യങ്ങളിലുള്ള പ്രവാസം, പൗരാണികത്വം, വിദ്യാഭ്യാസം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ വിവിധ ഫോറങ്ങൾ രൂപീകരിച്ചുവരുന്നു.

**10. 2020 ഡയറക്ടറി (മിഷൻ ഇയർ കെ.സി.ബി.സി. + കർഷക വർഷം പാലാ രൂപത)**

ഈ വർഷത്തെ കർമ്മരേഖ വർഷത്തിന്റെ പകുതിയോടെ എങ്കിലും പ്രസിദ്ധീകരിക്കുന്നതിന് ആഗ്രഹിക്കുന്നു. അതിനുമുമ്പ് എല്ലാ ഇടവകകളിലും യൂണിറ്റുകൾ രൂപീകരിക്കപ്പെടാൻ ഫൊറോനാസമിതിയും ശ്രദ്ധിക്കണം. യൂണിറ്റ്-ഫൊറോനാ-രൂപതാതല പ്രവർത്തനങ്ങളുടെ വിലയിരുത്തലിനായി രൂപത പ്രസിദ്ധീകരിക്കുന്ന കർമ്മരേഖകളിൽ കൊടത്തുവന്നിരുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. കർമ്മരേഖയിൽ പരസ്യങ്ങൾ ഉൾപ്പെടുത്താൻ പ്രത്യേക മാർക്കോടുകൂടി ഇനിയും അവസരമുണ്ട്. വിവരങ്ങൾക്ക് രൂപതാ ഓഫീസുമായി ബന്ധപ്പെടുക.

**11. യൂണിറ്റ്, ഫൊറോന സന്ദർശനങ്ങൾ**

വിവിധ യുവജന-സാമുദായിക-സാമൂഹിക വിഷയങ്ങളും പരിഹാരങ്ങളും എന്ന ലക്ഷ്യം മുൻനിർത്തി രൂപതാ ഡയറക്ടർ, ആനിമേറ്റർ സിസ്റ്റേഴ്സ്, ഭാരവാഹികൾ എന്നിവർ വിവിധ ഘടകങ്ങൾ വർഷത്തിലൊരിക്കലെങ്കിലും സന്ദർശിക്കാനും സംവദിക്കാനും ആഗ്രഹിക്കുന്നു. വിവിധ ക്ലാസുകൾ നയിക്കുന്നതിന് റിസോഴ്സ് പേഴ്സൺസ് ലഭ്യമാണ്.

### നടക്കാനിരിക്കുന്നവ

1. സുഭിക്ഷഗ്രാമം സ്വാശ്രയഗ്രാമം : പദ്ധതിയോടനുബന്ധിച്ച് എസ്.എം.വൈ.എം. ഫലവൃക്ഷത്തൈ വിതരണം ജൂൺ 5-ന് ആരംഭിക്കുന്നു. ബുക്കിംഗിനുള്ള അവസാന തീയതി ജൂൺ 10.

**ഫാ. സിറിൽ തയ്യിൽ** (ഡയറക്ടർ)

# ജീസസ് യൂത്ത്

**1. ഉപവാസ പ്രാർത്ഥന**

കോവിഡ് പകർച്ചവ്യാധി ഇല്ലാതാക്കാൻവേണ്ടി ജീസസ് യൂത്ത് പ്രവർത്തകൻ മാർച്ച് 12, 26 എന്നീ തീയതികളിൽ ഉപവാസപ്രാർത്ഥന നടത്തുകയുണ്ടായി.

**കുരിശിന്റെ വഴി**

Zoon ആപ്ലിക്കേഷൻ വഴി ദുഃഖവെള്ളിയാഴ്ച ജീസസ് യൂത്ത് അംഗങ്ങൾ കുരിശിന്റെ വഴി പൊതുവിൽ നടത്തി. ക്ലിജോ കണിയാമ്പടി, ജോൺ വിവേക് റോയി എന്നിവർ നേതൃത്വം കൊടുത്തു.

**ഓൺലൈൻ പ്രാർത്ഥനകൂട്ടായ്മകൾ**

കാമ്പസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിലും കാമ്പസ് മിനിസ്ട്രിയുടെ നേതൃത്വത്തിലും ഏപ്രിൽ, മെയ് മാസങ്ങളിൽ ക്രമമായി ആഴ്ചതോറുമുള്ള പ്രാർത്ഥനാശുശ്രൂഷകൾ ഓൺലൈനായി നടന്നു.

**4. സംയുക്ത ബൈബിൾ വായന**

വലിയ ആഴ്ചയിൽ ബൈബിളിലെ ഭാഗങ്ങൾ വീതിച്ചെടുത്ത് ബൈബിൾ മുഴുവൻ സംയുക്തമായി വായിച്ചു തീർത്തു.

**5. മദ്ധ്യസ്ഥ പ്രാർത്ഥന**

രൂപതാ കരിസ്മാറ്റിക് പ്രസ്ഥാനവുമായി യോജിച്ച് ഏപ്രിൽ മാസത്തിൽ രണ്ടു പ്രാവശ്യമായി രണ്ടു ദിവസം ദീർഘിപ്പിക്കുന്ന മദ്ധ്യസ്ഥപ്രാർത്ഥന ജീസസ് യൂത്ത് അംഗങ്ങൾ നടത്തുകയുണ്ടായി. രണ്ടുഘട്ടങ്ങളിലായി 22000 കരുണക്കൊന്തകൾ പ്രാർത്ഥിച്ചു സമർപ്പിച്ചു.

**6. മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രാർത്ഥന**

സഭയുടെ മിഷൻ പ്രദേശങ്ങൾക്കും പ്രവർത്തനങ്ങൾക്കുംവേണ്ടി ഏപ്രിൽ 13-ന് രാവിലെ 5 മുതൽ വൈകിട്ട് 10 വരെ ഒരു ചെയിൻ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുകയുണ്ടായി

**7. Zoon Seminar**

ഏപ്രിൽ 22, മെയ് 9 തീയതികളിൽ ഫാ. ഡാനിയേൽ പൂവണ്ണത്തിലിന്റെ നേതൃത്വത്തിൽ 'യുവജനങ്ങളും ലൈംഗിക വിശുദ്ധിക്ക്', 'യുവജനങ്ങളും പ്രാർത്ഥനാജീവിതവും' എന്നീ വിഷയങ്ങളെക്കുറിച്ച് സൂൺ സെമിനാറുകൾ നടത്തി. രണ്ടു ദിവസങ്ങളിലായി 800-ഓളം യുവജനങ്ങൾ പങ്കെടുത്തു.

**8. വിശുദ്ധരെ പരിചയപ്പെടുത്തൽ**

അലൻ മൂന്നാനിയുടെ നേതൃത്വത്തിൽ വാട്സ് ആപ്പ് വഴി അനുദിന വിശുദ്ധരെ പരിചയപ്പെടുത്തിവരുന്നു. അവരുടെ ഹ്രസ്വമായ ചരിത്രം, സന്ദേശം എന്നിവ പങ്കുവയ്ക്കുന്നു.

**9. ബൈബിൾ ക്വിസ്**

'ലൂമിനസ്' എന്ന പേരിൽ 5 ദിവസങ്ങളിലായി ഓൺലൈൻ ബൈബിൾ ക്വിസ് നടത്തുകയും വിജയികൾക്ക് ക്യാഷ് അവാർഡ് നല്കുകയും ചെയ്തു.

**10. ഹൗസ് ഹോൾഡ് സമ്മേളനം**

ജീസസ് യൂത്തിന്റെ പ്രാദേശിക കൂട്ടായ്മകൾ ഏപ്രിൽ-മെയ് മാസങ്ങളിൽ ഓൺലൈനായി നടത്തി.

**11. പന്തക്കുസ്താ ആചരണം**

ഗ്രൂപ്പുകളായി തിരിഞ്ഞ് പന്തക്കുസ്തായുടെ നൊവേനയും ഒരുക്കപ്രാർത്ഥനകളും 10 ദിവസങ്ങളിൽ നടന്നു. ഫാ. ഷാജി വെച്ചുകരോട്ട് ദിവസേന വീഡിയോ സന്ദേശം നൽകി. പത്തു ദിവസവും ഓൺലൈൻ കുർബാനയും നടന്നു. മെയ് 29-ന് വൈകുന്നേരം 7 ന് പാലാ കത്തീഡ്രലിൽ ഫാ. കുര്യൻ മറ്റം ഓൺലൈൻ കുർബാന അർപ്പിച്ച് ഒരുക്കപ്രാർത്ഥനകൾ നടത്തി.

**11. ട്രെയിനിംഗ് പ്രോഗ്രാം**

മെയ് 22 മുതൽ ഓൺലൈനായി ലീഡർഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാം നടത്തപ്പെട്ടു. ദുബായിൽനിന്നുള്ള എബിൻ ചാലിൽ (മുൻ സോണൽ കോർഡിനേറ്റർ) നേതൃത്വം കൊടുത്തു.

**12. മിനിസ്ട്രി കൂട്ടായ്മ**

ജീസസ് യൂത്തിന്റെ വിവിധ മിനിസ്ട്രികളുടെ ഒത്തുചേരൽ സൂൺ ആപ്ലിക്കേഷൻ വഴി നടന്നു. ജീസസ് യൂത്ത് നാഷണൽ കൗൺസിൽ അംഗം അലൻ സി മാനുവൽ ക്ലാസ് നയിച്ചു.

**13. ഓഡിയോ വീഡിയോ സന്ദേശങ്ങൾ**

കുട്ടികളുടെ കൂട്ടായ്മകളായി ക്രിസ്റ്റീസ്, ജീസസ് ഏയ്ഞ്ചൽസ് ഗ്രൂപ്പുകൾക്കുവേണ്ടിയും ജീസസ് യൂത്ത് അംഗങ്ങൾക്കുവേണ്ടിയും ഫാ. കുര്യൻ മറ്റം ഓഡിയോ വീഡിയോ വചനസന്ദേശങ്ങൾ നൽകിവരുന്നു.

**14. നല്ല അയൽക്കാരൻ**

2018 ന് ആരംഭിച്ച 'നല്ല അയൽക്കാൻ' പ്രോജക്ടിന്റെ ആഭിമുഖ്യത്തിൽ കൊണ്ടാട് ഇടവകയിൽ ജീസസ് നേതൃത്വം കൊടുത്ത് 10 വീടുകൾ ഒരേക്കർ ഭൂമിയിൽ നിർമ്മിച്ചുവരുന്നു. ഹോം പാലാ പ്രോജക്ടിൽനിന്ന് 9 ലക്ഷം രൂപയും നൽകി. സജി പന്നിയാർകുട്ടി നിർമ്മാണപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു. പാലായിലെ ജീസസ് യൂത്ത് പ്രവർത്തകർ അനേക ദിവസങ്ങളിൽ ശ്രമദാനം നടത്തി.

**15. ഭവനനിർമ്മാണം - കിഴപറയാർ**

കിഴപറയാറിൽ നടക്കുന്ന ഒരു ഭവനത്തിന്റെ നിർമ്മാണത്തിൽ ജീസസ് യൂത്ത് പ്രവർത്തകർ ശ്രമദാനം നടത്തി.

**16. കൃഷി പോഷണം**

കൃഷിയെ പ്രോഷിപ്പിക്കാനായി രൂപതയുടെ കർമ്മപദ്ധതികളോടു ചേർന്ന് ഫാം@ ഹോം എന്ന പ്രോജക്ട് നടപ്പിലാക്കുന്നു.

**17. മത്സരങ്ങൾ**

ലോക് ഡൗൺ കാലത്ത് വിവിധ മിനിസ്ട്രികളുടെ ആഭിമുഖ്യത്തിൽ ലേഖനമെഴുത്ത്, പെയിന്റിംഗ്, സംഗീതം, ഡാൻസ്, പ്രസംഗം, ഫോട്ടോഷൂട്ട്, ബൈബിളിൽ ക്വിസ് തുടങ്ങിയ ഇനങ്ങളിൽ ഓൺലൈൻ മത്സരങ്ങൾ ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തി.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ** (ഡയറക്ടേഴ്സ്)

# കുടുംബക്കൂട്ടായ്മ

**പ്രാർത്ഥനാശുശ്രൂഷ**

ലോകം മുഴുവൻ പടർന്നുപിടിച്ച കോവിഡ് –19 പകർച്ചവ്യാധിയിൽനിന്നുള്ള സംരക്ഷണത്തിനും സൗഖ്യത്തിനുമായി രൂപതാ ഡയറക്ടർ മൂങ്ങാമാക്കൽ വിൻസെന്റച്ചനും രൂപതാ ഭാരവാഹികളും ഫൊറോന സമിതി അംഗങ്ങളും റിസോഴ്സ് ടീം അംഗങ്ങളും അഖണ്ഡ പ്രാർത്ഥന ആരംഭിച്ചു. യാമപ്രാർത്ഥനകൾ, ജപമാല, കുരിശിന്റെ വഴി, കരുണക്കൊന്ത, വചനവായന എന്നിവ അവരവരുടെ ഭവനങ്ങളിൽ ഇരുന്ന് മുൻകൂട്ടി അറിയിച്ച സമയക്രമം അനുസരിച്ച് രാവിലെ എട്ടു മണിമുതൽ മുതൽ വൈകുന്നേരം ആറു മണി വരെ നടത്തിവരുന്നു.

**ആദരാഞ്ജലികൾ**

മെയ് മാസം അഞ്ചാം തീയതി രൂപത കോഡിനേറ്റർ ശ്രീ തോമസ് വടക്കേലിന്റെ വന്ദ്യ മാതാവിന്റെ നിര്യാണത്തിൽ രൂപത കൗൺസിലിന്റെ പ്രാർത്ഥനയും അനുശോചനവും രേഖപ്പെടുത്തുന്നു. രൂപതാ ഡയറക്ടർ ഫാ. വിൻസൻറ് മുങ്ങാമാക്കൽ രൂപതാ സെക്രട്ടറി ശ്രീ ജോണി വേലംകുന്നേൽ അരുവിത്തുറ ഫൊറോന കോർഡിനേറ്റർ ശ്രീ ജോണി കൊല്ലംപറമ്പിൽ എന്നിവർ ഭവനത്തിൽ എത്തി ഒപ്പിസ് ചൊല്ലി പ്രാർത്ഥിച്ചു

അരുവിത്തുറ ഫൊറോന സെക്രറി തങ്കമ്മ സിബിയുടെ സഹോദരി നിര്യാതയായ ബഹു. സിസ്റ്റർ കുറ്റിയാനിക്കലിന്റെ ഭവനത്തിൽ ഡയറക്ടറച്ചനും ഭാരവാഹികളും പ്രാർത്ഥിച്ച് അനുശോചനം അറിയിച്ചു.

**ഓൺലൈൻ സർവീസ് ടീം**

ഈ കാലഘട്ടത്തിന്റെ പ്രത്യേകത പരിഗണിച്ച് ഓൺലൈൻ സർവീസ് ടീം രണ്ടു പ്രാവശ്യം ഒരുമിച്ചുകൂടി.

**തീരുമാനങ്ങൾ**

1. സീറോ മലബാർ കുടുംബക്കൂട്ടായ്മ സർവീസ് ടീമിന്റെ നിർദ്ദേശമനുസരിച്ച് രൂപത കുടുംബക്കൂട്ടായ്മയുടെ നേതൃത്വത്തിൽ ഓരോ ഇടവകയിലും എല്ലാ കുടുംബങ്ങളെയും ബന്ധപ്പെടുത്തി ഇടവകതലത്തിലും യൂണിറ്റ് തലത്തിലും വാട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു

2. കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി രണ്ടു തരത്തിലുള്ള പ്രവർത്തനങ്ങളെപ്പറ്റി സംസാരിച്ചു.

a. work force - ഇടവകയിലെ ജനങ്ങളത്തെന്നെ ഒരുമിച്ചുകൂട്ടി മണിക്കൂർ കണക്കിന് നിശ്ചിത തുകയോടുകൂടി പണികൾ നല്കുന്നു.

b. ശ്രമദാനം-യൂണിറ്റിലുള്ള കുടുംബങ്ങൾ പരസ്പരം സഹകരിച്ച് പ്രവർത്തിക്കുന്നു.

3. ഇടവകതലത്തിൽ രക്തദാനം പ്രോത്സാഹിപ്പിക്കുക

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക കോഴ്സ്**

വിവാഹ ഒരുക്ക കോഴ്സുകൾ ജൂൺ ആദ്യ ആഴ്ചമുതൽ ഓൺലൈൻ ആയി ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് 04822 210049, 8547150049 എന്ന നമ്പറുകളിൽ വിളിക്കുക.

**മാർച്ച് മാസത്തിലെ വാർത്തകൾ**

**B. പിതൃവേദി**

**1. യൂണിറ്റ് സന്ദർശനം- കയ്യൂർ**

കയ്യൂർ ഇടവകയിലെ പിതൃവേദി യൂണിറ്റ് രൂപത ഡയറക്ടർ റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ സന്ദർശിച്ചു.

**2. രൂപതസമിതി - പാലാ**

പിതൃവേദിയുടെ രൂപതാസമിതി മാർച്ച് 8-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.

**D. മാതൃവേദി**

**1. പ്രവർത്തനോദ്ഘാടനം - അരുവിത്തുറ**

മാർച്ച് 2-ാം തീയതി മാതൃവേദിയുടെ അരുവിത്തുറ മേഖലയുടെ പ്രവർത്തനോദ്ഘാടനം രൂപത ഡയറക്ടർ റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ നിർവഹിക്കുകയും ആശംസകളർപ്പിക്കുകയും ചെയ്തു.

**2. രൂപതാതല പ്രവർത്തനോദ്ഘാടനം- പാലാ**

മാതൃവേദിയുടെ രൂപതാതല പ്രവർത്തനോദ്ഘാടനം മാർച്ച് 4-ാം തീയതി പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രുപത പ്രസിഡന്റ് സിജി ലൂക്ക്സൺ പടന്നമാക്കലിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. രൂപത ഡയറക്ടർ റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ സ്വാഗതം ചെയ്യുകയും പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പ്രവർത്തനോദ്ഘാടനം നിർവഹിച്ച് മുഖ്യ സന്ദേശം നല്കുകയും ചെയ്തു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് അനുഗ്രഹപ്രഭാഷണം നടത്തി. ജോയിന്റ് ഡയറക്ടർ സി. എൽസാ ടോം

എസ്.എച്ച് ആശംസകൾ നേർന്നു സംസാരിച്ചു. തദവസരത്തിൽ മാതൃവേദിയുടെ പ്രവർത്തനമാർഗ്ഗരേഖ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഷലോം ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിലിന് കൈമാറി പ്രകാശനകർമ്മം നടത്തുകയും ചെയ്തു. രൂപതാഭാരവാഹികളും വിവിധ മേഖലകളിൽനിന്ന് മാതൃവേദി അംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു.

**3. യൂണിറ്റ് സന്ദർശനം – കയ്യൂർ, ളാലം-മുണ്ടുപാലം**

മാതൃവേദിയുടെ കയ്യൂർ യൂണിറ്റ് സന്ദർശിച്ച് കാര്യങ്ങൾ ചർച്ച് ചെയ്യുകയും വേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. ളാലം-മുണ്ടുപാലം യൂണിറ്റിന്റെ സംയുക്ത മീറ്റിങ് മാർച്ച് 5-ാം തീയതി മുണ്ടുപാലത്തുവച്ച് നടത്തപ്പെട്ടു. രൂപത ഡയറക്ടർ റവ.ഡോ. ജോസഫ് കുറ്റിയാങ്കലും ജോയിന്റ് ഡയറക്ടർ സി. എൽസാ ടോം എസ്.എച്ചും പരിപാടിയിൽ പങ്കെടുത്തു.

**4. വനിതാദിനാഘോഷം – പാലാ**

പാലാ രൂപത മാതൃവേദിയുടെയും വിവിധ സംഘടനകളുടെയും ആഭിമുഖ്യത്തിൽ വനിതാദിനാഘോഷം മാർച്ച് 7 -ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ ളാലം സെന്റ് മേരീസ് പഴയപള്ളിയുടെ പാരീഷ്ഹാളിൽ വച്ച് വിവിധ പരിപാടികളോടെ നടത്തപ്പെട്ടു. വനിതാദിനാഘോഷ പരിപാടികളുടെ രൂപതാതല ഉദ്ഘാടനം അഭിവന്ദ്യ ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. വനിതാദിനത്തോടനുബന്ധിച്ച് ചേർപ്പുങ്കലുള്ള മെഡിസിറ്റി പാലാ ഒരുക്കുന്ന സൗജന്യ പരിശോധനാക്യാമ്പും ഉണ്ടായിരുന്നു.

**5. പ്രവർത്തനോദ്ഘാടനം – പ്രവിത്താനം**

പ്രവിത്താനം യൂണിറ്റിന്റെ പ്രവർത്തനോദ്ഘാടനവും വനിതാദിനവും മാർച്ച് 8-ാം തീയതി ആഘോഷിച്ചു. പ്രൊഫ. റോസിലിന്റ് ജോർജ് ക്ലാസ്സ് നയിച്ചു.

**6. എക്സിക്യൂട്ടീവ് മീറ്റിങ് – പാലാ**

മാർച്ച് 10-ാം തീയതി മാതൃവേദിയുടെ എക്സിക്യൂട്ടീവ് ശാലോം പാസ്റ്ററൽ സെന്റിൽ കൂടി.

## E. പ്രോലൈഫ്

**1. മീറ്റിങ്-പാലാ**

മാർച്ച് 1-ാം തീയതി ഞായറാഴ്ച പ്രോലൈഫ് സമിതിയുടെ രൂപത എക്സിക്യൂട്ടീവ് മീറ്റിങ് രൂപതാ ഡയറക്ടർ റവ. ഡോ. ജോസഫ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. പ്രോലൈഫ് സമിതി അംഗങ്ങൾ എല്ലാവരും പങ്കെടുത്തു.

**2. ക്ലാസ്സ്– ചൂണ്ടച്ചേരി**

മാർച്ച് 6-ാം തീയതി പ്രോലൈഫിനെക്കുറിച്ച് ചൂണ്ടച്ചേരി എൻജിനീയറിംഗ് കോളേജിൽ വച്ച് നടത്തപ്പെട്ട 'വീത്തനോവ' പരിപാടിയിൽ രൂപത പ്രസിഡന്റ് മാത്യു എം. കുര്യക്കോസ് ജീവന്റെ മൂല്യത്തെക്കുറിച്ച് ക്ലാസ്സെടുത്തു.

**3. എക്സിബിഷൻ - പാലാ**

മാർച്ച് 7-ാം തീയതി വനിതാദിനത്തോടനുബന്ധിച്ച് പ്രോലൈഫ് എക്സിബിഷൻ നടത്തി.

**F. ഹോംമിഷൻ**

**1. മീറ്റിങ്-പാലാ**

മാർച്ച് 10-ാം തീയതി ഹോംമിഷൻ സിസ്റ്റേഴ്സ് ഷലോം പാസ്റ്ററൽ സെന്ററിൽ ഒത്തുചേർന്ന് പ്രാർത്ഥന നടത്തുകയും ഭാവിപരിപാടികൾ ചർച്ച ചെയ്യുകയും ചെയ്തു.

**G. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രിമണി ഇടവകകളിലെ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഡേറ്റ സ്വീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

**2. മാഗസിൻ**

സീറോ മലബാർ മാട്രിമണിയുടെ ഏപ്രിൽ മാസത്തെ മാഗസിനുള്ള വർക്കു ചെയ്തുവരുന്നു.

**H. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

**1. ക്ലാസ്സുകൾ**

മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് മാർച്ച് 10-ാം തീയതി ക്ലാസ്സുകളെക്കുറിച്ച് ഡയറക്ടർ റവ.ഡോ. ജോസഫ് കുറ്റിയാങ്കലിന്റെ നേതൃത്വത്തിൽ അവലോകനയോഗം കൂടി.

**I. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസങ്ങളിൽ **തിടനാട്, മുട്ടുചിറ. കാഞ്ഞിരത്താനം, കടപ്ലാമറ്റം, മുത്തോലി, അടുക്കം, ഇലഞ്ഞി** ഇടവകകളിൽ നിർദ്ധനരായ കത്തോലിക്കാ പെൺകുട്ടികൾക്ക് വിവാഹസഹായമായി **43,000** രൂപാ നൽകി.

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

---

# എ.കെ.സി.സി.

---

**കോവിഡ് പശ്ചാത്തലത്തിൽ 'അടുക്കളത്തോട്ടമത്സരം'**

കത്തോലിക്ക കോൺഗ്രസ് പാലാ രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ കോവിഡ് ലോക്ഡൗൺ കാലത്ത് അടുക്കളത്തോട്ടമത്സരം സംഘടിപ്പിച്ചു. എല്ലാവരും വീട്ടിലിരിക്കുന്ന കാലഘട്ടത്തിൽ പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സംഘടിപ്പിച്ച മത്സരത്തിൽ രണ്ടായിരത്തോളം കുടുംബങ്ങൾ പങ്കെടുത്തു. മാർട്ട് 27-ന് ആരംഭിച്ച മത്സരത്തിന്റെ മൂല്യനിർണ്ണയം ജൂൺ ആദ്യവാരത്തിൽ നടത്തും. യൂണിറ്റ്, ഫൊറോന, രൂപത

തലങ്ങളിൽ വിജയികൾക്ക് ക്യാഷ് അവാർഡും ട്രോഫിയും നൽകുന്നതാണ്. രജിസ്ട്രേഷൻ ഓൺലൈനായിട്ട് നടന്നു. ഒരു കൃഷിത്തോട്ടത്തിൽ 5 മുതൽ 10 വരെ ഇനങ്ങളാണ് വേണ്ടത്. 10000, 5000, 1500, 1000 എന്നീക്രമത്തിൽ രൂപതാ തലത്തിൽ സമ്മാനങ്ങളും കൂടാതെ പ്രോത്സാഹനസമ്മാനങ്ങളും നൽകുന്നു.

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി സംഘടിപ്പിച്ച 'ഏദൻതോട്ട' മത്സരത്തിൽ പാലാ രൂപതയിൽനിന്ന് 1000 ഓളം മത്സരാർത്ഥികൾ രജിസ്ട്രേഷൻ നടത്തി.

**ഉപവാസ പ്രാർത്ഥനായജ്ഞം**

കോവിഡ് 19 രോഗത്തിന്റെ വിനാശകരമായ ദുരന്തത്തിലൂടെ ലോകം കടന്നുപോകുമ്പോൾ, കത്തോലിക്കാ കോൺഗ്രസ് രൂപതാസമിതിയുടെ നേതൃത്വത്തിൽ ഏപ്രിൽ 3 വെള്ളിയാഴ്ച ഉപവാസപ്രാർത്ഥനാദിനമായി ആചരിച്ചു. രോഗമുക്തിക്കുവേണ്ടിയും ആതുരശുശ്രൂഷകർക്കും സർക്കാർ അധികാരികൾക്കും ഉദ്യോഗസ്ഥർക്കുവേണ്ടിയും പ്രാർത്ഥിക്കുവാനുള്ള അവസരമായാണ് പ്രാർത്ഥനാദിനം രൂപതയിലുടനീളം നടത്തിയത്. അന്നേദിവസം കത്തോലിക്കാ കോൺഗ്രസ് അംഗങ്ങളെല്ലാവർക്കും ഒരുനേരം ഭക്ഷണം ത്യജിച്ച് ഉപവാസമനുഷ്ഠിച്ചു. അന്ന് ഉച്ചയ്ക്ക് 12 മണി മുതൽ 2 മണി വരെ രാമപുരം പള്ളിയിൽവച്ച് രൂപതാ ഡയറക്ടർ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേലിന്റെ കാർമ്മികത്വത്തിൽ ജപമാലയർപ്പണം, വിശുദ്ധ കുർബാന എഴുന്നള്ളിച്ച് ആരാധന എന്നിവ നടത്തപ്പെട്ടു. ഈ ശുശ്രൂഷകൾ ഓൺലൈൻ ചാനലിലൂടെ ലൈവായി പ്രക്ഷേപണം ചെയ്തു.

**സൗജന്യ മാസ്ക് വിതരണം**

കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ നൂറുകണക്കിനു സ്ഥലങ്ങളിൽ സൗജന്യമായി മാസ്കുകൾ വിതരണം ചെയ്തു. രൂപതാ സമിതി നിയോഗിച്ച കമ്മിറ്റി വിവിധ ഇടവക ഭാരവാഹികളുമായി ബന്ധപ്പെട്ട് വേണ്ട ക്രമീകരണങ്ങൾ നടത്തി. പതിനായിരത്തിലധികം മാസ്കുകൾ വിവിധ കേന്ദ്രങ്ങളിലായി വിതരണം ചെയ്യപ്പെട്ടു.

**ഭക്ഷ്യകിറ്റ് വിതരണം**

ഭക്ഷണത്തിനു ബുദ്ധിമുട്ടുന്ന ആളുകളെ കണ്ടെത്തി കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഭക്ഷണപ്പൊതിക്കും ഭക്ഷണക്കിറ്റുകളും വിതരണം ചെയ്തു. ഇടവക ഭാരവാഹികളുമായി ബന്ധപ്പെട്ട് അർഹരായവരെ കണ്ടെത്തുകയും രഹസ്യമായി ഭക്ഷണവസ്തുക്കൾ നൽകുകയും ചെയ്തു. യാതൊരു വിധത്തിലുള്ള പബ്ലിസിറ്റിയും കൊടുക്കരുതെന്ന് കർശനമായി നിർദ്ദേശിച്ചിരുന്നു.

**കമ്മ്യൂണിറ്റി കിച്ചണിലേക്കു സഹായം**

കത്തോലിക്കാ കോൺഗ്രസ് വിവിധ പ്രദേശങ്ങളിൽ പഞ്ചായത്ത് തല കമ്മ്യൂണിറ്റി കിച്ചണുകളിലേക്കു സാമ്പത്തികസഹായവും ഭക്ഷണധാ

ന്യങ്ങളും പച്ചക്കറികളും നൽകുകയുണ്ടായി. കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകർ സമൂഹഅടുക്കകളിൽ സന്നദ്ധസേവനപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. രൂപതാ ഭാരവാഹികളുൾപ്പെടെയുള്ളവർ നേതൃത്വം നൽകി.

**പ്രവാസി ഹെൽപ് ഡെസ്ക്**

കത്തോലിക്കാ കോൺഗ്രസ് നേതൃത്വത്തിൽ 'പ്രവാസി ഹെൽപ് ഡെസ്ക്' രൂപീകരിച്ചു. കോവിഡ് മൂലം തിരിച്ചുവരുന്ന പ്രവാസികൾക്ക് പരമാവധി സഹായം എത്തിക്കുന്നതിനും അവരുടെ നാട്ടിലുള്ള വീടുകളിൽ ബന്ധപ്പെട്ട് സഹായങ്ങൾ നൽകുന്നതിനുമാണ് രൂപീകരിച്ചത്. ഇതിനായി ഒരു ഓൺലൈൻ പോർട്ടൽ രൂപീകരിച്ച് രജിസ്ട്രേഷൻ നടത്തി. ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ വിവിധ രാജ്യങ്ങളിൽ ബന്ധപ്പെട്ട രജിസ്ട്രേഷൻ നടപടികൾ ചെയ്യുകയും രൂപതാതലത്തിൽ കോ-ഓർഡിനേറ്റ് ചെയ്യുകയും ചെയ്തു. വാഹനസൗകര്യം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇതിന്റെ ഭാഗമായി നടത്തി. കൂടാതെ ഗൾഫിലും മറ്റു വിദേശരാജ്യങ്ങളിലുമുള്ള കത്തോലിക്കാ കോൺഗ്രസ് ഭാരവാഹികളുമായി ബന്ധപ്പെട്ട് പ്രവാസികൾക്കു നാട്ടിലേക്കു മടങ്ങുന്നതിനുള്ള ക്രമീകരണങ്ങൾക്കുവേണ്ട സഹായങ്ങൾ ഇപ്പോൾ നൽകിവരുന്നു.

**റബർ, ചെറുകിട കർഷകപ്രശ്നങ്ങളിൽ നിവേദനം**

റബർ ഉൾപ്പെടെയുള്ള ചെറുകിട കർഷകരുടെ പ്രശ്നങ്ങളിൽ കത്തോലിക്കാ കോൺഗ്രസ് നേതൃത്വത്തിൽ മുഖ്യമന്ത്രിക്ക് നിവേദനം നൽകി. ലോക്ഡൗൺ കാലത്ത് ദുരിതത്തിലായ കർഷകർക്ക് ടാപ്പിംഗ് പുനരാരംഭിക്കുന്നതിനുള്ള അനുമതി നൽകുക, റബർഷീറ്റും ലാറ്റക്സും വിൽക്കാനുള്ള സൗകര്യം ഒരുക്കുക. റബർ വിലസ്ഥിരതാപദ്ധതിയിൽ നൽകാനുള്ള കുടിശ്ശിഖ ഉടൻ വിതരണം ചെയ്യുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് അടിയന്തര നിവേദനം നൽകിയത്. സ്വർണ്ണപ്പണയവായ്പ കുറഞ്ഞ പലിശ നിരക്കിൽ നൽകിയിരുന്നത് പിൻവലിച്ച നടപടി പുനഃപരിശോധിക്കണമെന്നും കത്തോലിക്കാ കോൺഗ്രസ് നിവേദനത്തിൽ ആവശ്യപ്പെട്ടു.

**102-ാം ജന്മദിനാചരണം**

കത്തോലിക്കാ കോൺഗ്രസിന്റെ 102-ാം ജന്മദിനാചരണം സംഘടിപ്പിച്ചു. ഏപ്രിൽ 30-ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതാ ഡയറക്ടർ ഫാ. ഡോ. ജോർജ് വർഗീസ് ഞാറകുന്നേലിന്റെ നേതൃത്വത്തിൽ രാമപുരത്ത് വച്ച് പ്രാർത്ഥനാശുശ്രൂഷയും ചരിത്രാവലോകന ഓൺലൈൻ സിമ്പോസിയവും നടത്തി. സഭാതാരം ജോൺ കച്ചിറമറ്റം സാറിനെ സന്ദർശിച്ച് രൂപതാ സമിതി ആദരിച്ചു.

**ഫലവൃക്ഷത്തൈ നടീൽ**

കത്തോലിക്കാ കോൺഗ്രസിന്റെ ജന്മദിനാചരണത്തിന്റെ ഭാഗമായി രൂപതാ, ഫൊറോന, യൂണിറ്റ് സമിതികളുടെ നേതൃത്വത്തിൽ ഫലവൃക്ഷത്തൈ നട്ടു. പ്രകൃതിസംരക്ഷണത്തിന്റെ സന്ദേശം ഉൾക്കൊണ്ട് സംഘടിപ്പിച്ച

പ്രോഗ്രാമിന്റെ രൂപതാതല ഉദ്ഘാടനം ഫാ. ജോർജ് വർഗീസ് ഞാറകുന്നേൽ നിർവ്വഹിച്ചു. രൂപതാ പ്രസിഡന്റ് രാജീവ് ജോസഫ്, ഇമ്മാനുവൽ നിധീരി, സാജു അലക്സ് എന്നിവർ നേതൃത്വം നൽകി.

**മാർ മാത്യു ആനിക്കുഴികാട്ടിലിന്റെ നിര്യാണത്തിൽ അനുശോചനം**

കത്തോലിക്കാ കോൺഗ്രസ് മുൻ ബിഷപ്പ് ലെഗേറ്റ് ആയിരുന്ന മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ നിര്യാണത്തിൽ രൂപതാ സമിതി അനുശോചനം രേഖപ്പെടുത്തി. അഭിവന്ദ്യ പിതാവ് സഭയ്ക്കും കർഷകർക്കും സംഘടനയ്ക്കും നൽകിയ വലിയ സേവനങ്ങളെ അനുസ്മരിച്ചു.

**വെബ് സെമിനാറുകൾ**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി നേതൃത്വം കൊടുത്ത വിവിധ ഓൺലൈൻ വെബ് കോൺഫ്രൻസുകളിൽ പാലാ രൂപതാ അംഗങ്ങൾ സജീവമായി പങ്കെടുത്തു. പോസ്റ്റ് കോവിഡ് ഇംപാക്ട്, കാർഷികമേഖലയുടെ പുനഃരുദ്ധാരണം, ബിസിനസ് സംരംഭങ്ങൾ ആരംഭിക്കൽ, വിദ്യാഭ്യാസരംഗത്തെ പുതിയ മാറ്റങ്ങൾ, യുവജന കാർഷിക ശാക്തീകരണം എന്നീ വിഷയങ്ങളിലായി നടന്ന 5 സെമിനാറുകളിൽ അതാത് മേഖലകളിലെ വിദഗ്ധർ പങ്കെടുത്ത് ആശംസകൾ പങ്കുവച്ചു. തുടർപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വിവിധ കമ്മറ്റികൾ രൂപീകരിച്ചു.

**കോവിഡ് കാലത്ത് യൂണിറ്റുകളിൽ കാർഷിക പ്രവർത്തനങ്ങൾ**

ലോക്ഡൗൺ കാലത്ത് കത്തോലിക്കാ കോൺഗ്രസിന്റെ വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ അതാത് സ്ഥലങ്ങളിൽ നിരവധി കാർഷിക സംരംഭങ്ങൾ നടത്തുകയുണ്ടായി. തരിശുഭൂമി ഏറ്റെടുത്ത് കൃഷിചെയ്യൽ, നിർധനരായ ആളുകൾക്കുവേണ്ടി കൃഷിപ്പണികൾ ചെയ്തുകൊടുക്കുക. വീടുകളിൽ അടുക്കളക്കൃഷി ചെയ്യുക, കർഷകരുടെ ഉൽപന്നങ്ങൾ വിൽക്കുവാൻ വേണ്ട വിപണിസൗകര്യം ഒരുക്കിക്കൊടുക്കുക, കർഷകരിൽനിന്ന് നേരിട്ട് ഉത്പന്നങ്ങൾ വാങ്ങുക തുടങ്ങി നിരവധി കർമ്മപരിപാടികൾ എ.കെ.സി.സി. യൂണിറ്റുകളുടെയും ഭാരവാഹികളുടെയും നേതൃത്വത്തിൽ നടക്കുകയുണ്ടായി. രൂപതാസമിതി ഭാരവാഹികൾ വിവിധ ഏകോപനങ്ങൾ നടത്തുന്നു.

**ഇമ്മാനുവൽ നിധീരി** (ജന സെക്രട്ടറി)

## പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**കോവിഡ്– 19 പ്രതിരോധപ്രവർത്തനങ്ങൾ**

കോവിഡ് 19 മഹാമാരിയുടെ ആരംഭഘട്ടത്തിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി വൈവിധ്യമാർന്ന പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. കേരള സർക്കാരിന്റെ 'ബ്രേക്ക് ദ ചെയിൻ' കാമ്പയിന്റെ ഭാഗമായി വിവിധയിടങ്ങളിൽ ഹാന്റ് വാഷിംഗ് കേന്ദ്രങ്ങൾ സജ്ജീകരിച്ചു. എസ്.

എം.വൈ.എം. ന്റെ സഹകരണത്തോടെ മാസ്കുകളും ഹാന്റ് വാഷിംഗ് കിറ്റുകളും വിതരണം ചെയ്തു. സമൂഹസമ്പർക്കമാധ്യമങ്ങളിലൂടെ പി.എസ്.ഡബ്ല്യു.എസ്. കുടുംബാംഗങ്ങൾക്കിടയിൽ ഫലപ്രദമായ ബോധവത്കരണ പരിപാടികളും സംഘടിപ്പിച്ചു.

**കോവിഡ് 19 സഹായഹസ്തം**

കോവിഡ് 19 നെത്തുടർന്ന് സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന ആയിരത്തോളം കുടുംബങ്ങൾക്ക് കാരിത്താസ് ഇൻഡ്യയുടെ സഹായത്തോടെ 500 രൂപ വിലമതിക്കുന്ന ഭക്ഷ്യധാന്യക്കിറ്റുകൾ വിതരണം ചെയ്തു. കിറ്റുകളുടെ രൂപതാതല വിതരണോദ്ഘാടനം ബിഷപ്പ് ഹൗസിൽ നടന്ന ചടങ്ങിൽ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അദ്ധ്യക്ഷതയിൽ ജോസ് കെ. മാണി എം.പി. നിർവ്വഹിച്ചു.

**ടെലി കൗൺസലിംഗ്**

കൊറോണ മഹാമാരിയുടെ പശ്ചാത്തലത്തിൽ മാനസിക സംഘർഷം നേരിടുന്നവർക്കായി ടെലി കൗൺസിലിംഗ് പരിപാടി സംഘടിപ്പിച്ചു. നൂറുകണക്കിനാളുകൾ കാമ്പയനിൽ പങ്കാളികളായി.

**കോവിഡ് 19 അതിജീവനപദ്ധതികൾ**

കോവിഡ് 19 ന്റെ സാമൂഹിക പ്രത്യാഘാതം കണക്കിലെടുത്ത് ഭക്ഷ്യസുരക്ഷയ്ക്ക് പ്രധാന്യം നൽകിയുള്ള കർമ്മപരിപാടികൾ ആവിഷ്കരിച്ചു. രൂപതയുടെ കർഷകവർഷവും കേരള സർക്കാരിന്റെ 'സുഭിക്ഷ കേരളം' പദ്ധതിലക്ഷ്യവും ഉറപ്പുവരുത്തി 'സുഭിക്ഷഗ്രാമം സുന്ദരഗ്രാമം' എന്ന പേരിൽ രൂപതാതലങ്ങളിൽ രണ്ടരലക്ഷത്തോളം ഹൈബ്രീഡ് പച്ചക്കറിത്തൈകളും മലയൻ പച്ച, കുറ്റ്യാടി ഇനത്തിൽപെട്ട മേൽത്തരം തെങ്ങിൻതൈകളും വിതരണം ചെയ്തു. പച്ചക്കറിതൈകളുടെ രൂപതാതല വിതരണോദ്ഘാടനം അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ നടന്ന ചടങ്ങിൽ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ടിൽനിന്ന് തൈകൾ സ്വീകരിച്ചുകൊണ്ട് മാണി സി. കാപ്പൻ നിർവ്വഹിച്ചു. കർഷകവർഷം 2020 എന്ന് ആ ലേഖനം ചെയ്ത അഗ്രിമ ഗ്രോ ബാഗുകളുടെ വിതരണോദ്ഘാടനം വികാരി ജനറാൾ മോൺ. ജോസഫ് തടത്തിൽ നിർവ്വഹിച്ചു.

**ഫലവൃക്ഷത്തൈവിതരണം**

'സുഭിക്ഷഗ്രാമം സുന്ദരഗ്രാമം' പരിപാടിയുടെ ഭാഗമായി വിവിധയിനം ഫലവൃക്ഷത്തൈകളുടെ വിതരണത്തിനുള്ള വിപുലമായ ഒരുക്കങ്ങൾ പുരോഗമിച്ചുവരുന്നു. ചെറുനാരകം, പ്ലാവ്, മാവ് തുടങ്ങി വിവിധയിനം തൈകളുടെ വിതരണം ആരംഭിച്ചു. ജൂൺ 4-ാം തീയതി മുതൽ പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽനിന്നും ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതാണ്. കൂടുതൽ എണ്ണം ഓർഡർ നൽകുന്നപക്ഷം സമീപ ഇടവകപ്പള്ളിയങ്കണത്തിൽ തൈകൾ എത്തിച്ചുനൽകുന്നതാണ്.

**സന്നദ്ധ രക്തദാനം**

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പാലാ ഷലോമിൽ വെച്ച് നടക്കുന്ന സന്നദ്ധ രക്തദാനം കാമ്പയിന്റെ ഉദ്ഘാടനം മാർ ജേക്കബ് മുരിക്കൻ നിർവ്വഹിച്ചു. മുരിക്കൻ പിതാവിനോടൊപ്പം അൻപതു വൈദികരും രക്തദാനം നിർവ്വഹിച്ച് മറ്റുള്ളവർക്കു മാതൃകയായി.

**സാനിറ്റൈസർ, ഹാന്റ് വാഷിംഗ് കിറ്റ്**

കൊറോണ രോഗവ്യാപനം തടയുവാൻ ലക്ഷ്യംവച്ച് സാനിറ്റൈസറുകൾ, ഹാന്റ് വാഷിംഗ് കിറ്റുകൾ, മാസ്കുകൾ എന്നിവ മൊത്തമായും ചില്ലറയായും പി.എസ്.ഡബ്ല്യു.എസ്. വിതരണം ചെയ്തുവരുന്നു.

**റിജന്റ് ബ്രദറിന് സ്വാഗതം**

പി.എസ്.ഡബ്ല്യു.എസ്. ഓഫീസിൽ പുതുതായി ചാർജ്ജെടുത്ത റീജന്റ് ബ്രദർ ജോസഫ് നെടുംനിലത്തിന് പി.എസ്.ഡബ്ല്യു.എസ്. കുടുംബത്തിലേക്കു സ്വാഗതം.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

---

# ഡി.സി.എം.എസ്.

---

സ്നേഹ ബഹു. അച്ചാ, സിസ്റ്റർ, സുഹൃത്തേ,

പാല രൂപതാ ദളിത് കത്തോലിക്കാ മഹാജന സഭ, രൂപതാ കമ്മിറ്റിയുടെ നേതൃത്വത്തിൽ 2020 മാർച്ച് മുതൽ നമ്മുടെ സമൂഹം ഒന്നായി നേരിടുന്ന കൊറോണ എന്ന മഹാമാരിയുടെ പശ്ചാത്തലത്തിൽ, സാദ്ധ്യമായ സഹായസഹകരണങ്ങൾ നൽകുന്നതിനായി വിവിധ പദ്ധതികൾ നടത്തുന്നതിനു തീരുമാനിക്കുകയുണ്ടായി. പ്രധാനമായും വരുമാനത്തിൽ ഉണ്ടായ തകർച്ച, ജോലി നഷ്ടമാവുക, നിത്യജീവിതത്തിൽ വാങ്ങുന്ന അത്യാവശ്യ സാധനങ്ങളുടെ വിലക്കയറ്റം എന്നീ പ്രശ്നങ്ങൾ ആണ് ദളിത് സമൂഹം അഭിമുഖീകരിക്കുന്നത് എന്നത് മനസ്സിലാക്കി അതിന്അവശ്യമായ പദ്ധതികൾ ആണ് സംഘടന രൂപീകരിച്ചിരിക്കുന്നത്.

**1. ഭക്ഷ്യകിറ്റ് വിതരണം**

ലോക് ഡൗൺമൂലം വരുമാനനഷ്ടവും തൊഴിൽനഷ്ടവും സംഭവിച്ചവരാണ് ദളിത് ക്രൈസ്തവർ. ആയതിനാൽ ഈ കഴിഞ്ഞ രണ്ടു മാസത്തെ വരുമാനനഷ്ടംമൂലം നിത്യോപയോഗസാധനങ്ങൾപോലും വാങ്ങുവാൻ സാധിക്കാത്ത വീടുകളാണ് ഭൂരിഭാഗവും. അതിനാൽ ഈ സമയത്ത് അത്യാവശ്യമായി വേണ്ട ഭക്ഷ്യസാധനങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ പ്രോഗ്രാം നടത്തുന്നത്. എല്ലാ യൂണിറ്റ് ഭാരവാഹികളും ബുദ്ധിമുട്ട് അനുഭവിക്കുന്ന അർഹരായ (പ്രായമായവർ, വിധവകൾ, രോഗികൾ, അംഗവൈകല്യമുള്ളവർ, സ്ഥിരമായ കിടപ്പുരോഗികൾ മുതലായ അംഗങ്ങൾ ഉള്ള

കുടുംബങ്ങൾ) ദളിത് കത്തോലിക്കാ വീടുകളുടെ ലിസ്റ്റ് യൂണിറ്റ് ഡയറക്ടറുടെ സാക്ഷിപ്പോടുകൂടി രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**2. ചികിത്സാസഹായം**

ഈ ലോക് ഡൗൺ കാലത്തു മരുന്ന് വാങ്ങുവാനോ തുടർ ചികിത്സയ്ക്കോ പണമില്ലാതെ വിഷമിക്കുന്ന (സ്ഥിരമായിമരുന്ന് കഴിക്കുന്നവർ, കാൻസർ, പ്രമേഹം, ഹൃദ്രോഗം, കിഡ്നി, ആസ്മ, കരൾരോഗം എന്നീ വിഷമങ്ങൾ അനുഭവിക്കുന്നവർ) ദളിത് കത്തോലിക്കരായ വയോജനങ്ങൾക്കോ മറ്റുളവർക്കോ സഹായം ആവശ്യമുണ്ടെങ്കിൽ അസുഖസംബന്ധവിവരങ്ങളും ചെലവുകളും യൂണിറ്റ് ഡയറക്ടർ, പ്രസിഡന്റ് അല്ലെങ്കിൽ സെക്രട്ടറിയുടെ സാക്ഷിപ്പോടുകൂടി ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

**3. പച്ചക്കറിത്തൈ, വിത്ത്, ഫലവൃക്ഷത്തൈവിതരണം**

കൊറോണയോടനുബന്ധിച്ചു കേന്ദ്ര -സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ച ലോക് ഡൗൺ കാലത്ത്, സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച കാർഷികകേരളം പദ്ധതിയോടുചേർന്ന് വീടുകളിൽ കൃഷി നടത്തുന്നതിന് പ്രോത്സാഹനം നൽകുക, അതോടൊപ്പം രൂപതാതലത്തിൽ നടത്തിവരുന്ന കാർഷികവർഷത്തിനോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിനുംവേണ്ടി പച്ചക്കറിത്തൈ, പച്ചക്കറിവിത്ത്, ഫലവൃക്ഷത്തൈ എന്നിവയുടെ വിതരണം സബ്സിഡി നിരക്കിൽ (തെങ്ങ്, വാഴവിത്ത്, പ്ലാവ് എന്നിവ) രൂപതാ തലത്തിൽ നടത്തുന്നതാണ്. ലഭ്യമായ വിത്തുകളുടെയും ഫലവൃക്ഷത്തൈയുടെയും ലിസ്റ്റ് ഭാരവാഹികളുടെ കൈവശം നൽകുന്നതാണ്. ആവശ്യമുള്ളവർ പേരും എണ്ണവും യൂണിറ്റ് ഭാരവാഹികളുടെ പക്കൽ അറിയിക്കേണ്ടതാണ്. പ്രസ്തുത ലിസ്റ്റ് ഭാരവാഹികൾ രൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**4. ഉന്നതവിദ്യാഭ്യാസം നടത്തിവരുന്ന കുട്ടികൾക്ക് പഠനസഹായം, പഠന വായ്പ എന്നിവ നൽകുന്നു.**

കൊറോണയോടനുബന്ധിച്ച് ദളിത് സമൂഹം നേരിടുന്ന കടുത്ത സാമ്പത്തികപ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ ഉന്നതവിദ്യാഭ്യാസം നേടിവരുന്ന കുട്ടികളുടെ പഠനത്തിനുള്ള ഫീസ് അടയ്ക്കുവാൻ ബുദ്ധിമുട്ടുന്ന കുടുംബങ്ങളുടെ വിവരങ്ങൾ (കുട്ടിയുടെ പേര്, പഠിക്കുന്ന കോഴ്സ്, ഈ വർഷം അടയ്ക്കേണ്ട ഫീസ്) ഓഫീസിൽ അതാത് ഇടവക വികാരിയുടെ ഒപ്പോടുകൂടിയ അപേക്ഷയായി നൽകിയാൽ സാദ്ധ്യമായ സഹായങ്ങൾ രൂപത ഓഫീസിൽനിന്നും നൽകുന്നതാണ്.

മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് അർഹരായവരുടെ ലിസ്റ്റ് ജൂൺ 8-നു മുൻപായി യൂണിറ്റ് ഡയറക്ടർ, പ്രസിഡന്റ് എന്നിവരുടെ ശുപാർശയോടുകൂടി രൂപത ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**മൊബൈൽ റിഹാബിലിറ്റേഷൻ ഷോപ്പ്**

18-2-2020- ചൊവ്വ : മരിയസദനത്തിന്റെ ആഭിമുഖ്യത്തിൽ മുണ്ടാങ്കൽ സെന്റ് ആന്റണീസ് ഷ്റൈനു സമീപം ആരംഭിച്ച മൊബൈൽ റീഹാബിലിറ്റേഷൻ ഷോപ്പിന്റെ ഉദ്ഘാടനവേളയിൽ പാലാ രൂപത കെയർ ഹോംസ് ഡയറക്ടർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം ആശംസാപ്രസംഗം നടത്തി.

**ഷലോം ഡിസിഎംആർ, പുലിയന്നൂർ**

22.-2-2020- ശനി : ഉച്ചകഴിഞ്ഞ് 2.30-ന് ഷലോം ഡിസിഎംആർ, പുലിയന്നൂർ - ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.

**ഒപ്പീസ് പ്രാർത്ഥന**

24-2-2020 - തിങ്കൾ - കെയർ ഹോംസ് എക്സിക്യൂട്ടീവ് മെമ്പറും അന്തീനാട് ശാന്തിനിലയം സ്പെഷ്യൽ സ്കൂൾ പ്രിൻസിപ്പാളുമായ സിസ്റ്റർ റീനാ സിറിയക് കരിപ്പാക്കുടിയിലിന്റെ അമ്മയുടെ നിര്യാണത്തിൽ അനുശോചനം അറിയിക്കുകയും കെയർ ഹോസ് നേതൃസമിതി ഡയറക്ടർ ഫാ. നെല്ലിക്കുന്നുചെരിവുപുരയിടത്തിന്റെ നേതൃത്വത്തിൽ സിസ്റ്ററിന്റെ ഭവനത്തിൽ പോവുകയും ഒപ്പീസ് പ്രാർത്ഥന നടത്തുകയും ചെയ്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരുവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**കെ.എൽ.എം വാർത്തകൾ**

1. കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ കെട്ടിടനിർമ്മാണത്തൊഴിലാളികൾക്കായി പ്രഖ്യാപിച്ച 1000 രൂപ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചു.
2. ക്ഷേമനിധിയിൽ ചേരാൻ താൽപര്യമുള്ളവർ ഷലോം പാസ്റ്ററൽ സെന്ററിലുള്ള കെ.എൽഎം. ഓഫീസുമായി ബന്ധപ്പെടുക.

**1. പ്രവാസി ക്ഷേമനിധി**

**1.അംഗത്വം**

1. പ്രവാസി കേരളീയൻ (വിദേശം),: ഇപ്പോൾ വിദേശത്ത് തൊഴിൽ ചെയ്യുന്നവർ.
2. മുൻ പ്രവാസി കേരളീയൻ (വിദേശം) വിദേശത്ത് 2 വർഷമെങ്കിലും ജോലി ചെയ്തശേഷം മടങ്ങിവന്നവർ.
3. പ്രവാസി കേരളീയൻ (ഭാരതത്തിനുള്ളിൽ) : കേരളത്തിനു പുറത്ത് ജോലിസംബന്ധമായി ആറുമാസമായി താമസിച്ചുവരുന്നവർ/ജോലിചെയ്തു മടങ്ങിവന്നവർ.

2. **അംഗത്വത്തിനുള്ള യോഗ്യത**

അംഗത്വമെടുക്കാനാഗ്രഹിക്കുന്നവർ 18 നും 55 വയസ്സിനും മദ്ധ്യേ ആയിരിക്കണം.

3. **നിബന്ധനകൾ**

- മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോ, പാസ്പോർട്ട് കോപ്പി, വിസാ കോപ്പി.

വയസ്സ് തെളിയിക്കുന്ന രേഖ (അറ്റസ്റ്റ് ചെയ്യണം) (എസ്.എസ്.എൽ.സി. ബുക്കിന്റെ കോപ്പി)

• മുൻ പ്രവാസി കേരളീയൻ (വിദേശം) - വില്ലേജ് ഓഫീസർ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സാക്ഷ്യപത്രം.

• പ്രവാസി കേരളീയൻ (ഭാരതത്തിനുള്ളിൽ) - ഏതെങ്കിലും വ്യവസായം/ബിസിനസ്/സ്ഥാപനം നടത്തുകയാണെങ്കിൽ അതാതു സ്ഥലത്തെ സ്ഥാപന തൊഴിലുടമയിൽനിന്നോ സ്ഥാപനാധികാരിയിൽനിന്നോ സാക്ഷ്യപത്രം വേണം.

4. **വിഹിതം**

1. പ്രവാസി കേരളീയൻ (വിദേശം) & മുൻ പ്രവാസി കേരളീയൻ (വിദേശം) - പ്രതിമാസവിഹിതം 300 രൂപ അടയ്ക്കണം (വാർഷിക വരിസംഖ്യ 3600 രൂപ).

2. പ്രവാസി കേരളീയൻ (ഭാരതത്തിനുള്ളിൽ) - പ്രതിമാസ വരിസംഖ്യ 100 രൂപ അടയ്ക്കണം (വാർഷികവരിസംഖ്യ 1200 രൂപ ). രജിസ്ട്രേഷൻ ഫീസ് ഉണ്ട്.

5. **ആനുകൂല്യങ്ങൾ**

1) പെൻഷൻ 2) അംശാദായം തിരിച്ചുനൽകൽ 3) മരണാനന്തര ധനസഹായം 4) ചികിത്സാസഹായം 5) വിവാഹധനസഹായം 6) പ്രസവാനുകൂല്യം 7) വിദ്യാഭ്യാസ ആനുകൂല്യം.

2. **അസംഘടിത തൊഴിലാളി ക്ഷേമനിധി**

അംഗത്വം: ഗാർഹിക തൊഴിലാളികൾ, തെങ്ങ് & പന കയറ്റക്കാർ, പപ്പടം ഉണ്ടാക്കുന്നവർ, ഓട്, ചെമ്പ്, കളിമൺപാത്ര നിർമ്മാണത്തൊഴിലാളികൾ, കാളവണ്ടിക്കാർ, വള്ളമൂന്നുകാർ, കക്കാവാരൽ തൊഴിലാളികൾ, ആനത്തൊഴിലാളികൾ, വള്ളം നിർമ്മാണം, തേൻ ശേഖരിക്കൽ മേഖലയിൽ ജോലിചെയ്യുന്നവർ, തട്ടാന്മാർ, ചെരുപ്പുകുത്തികൾ, എണ്ണമിൽ തൊഴിലാളികൾ, റിക്ഷാത്തൊഴിലാളികൾ, സൈക്കിൾ റിപ്പയറിംഗ് തൊഴിലാളികൾ, വാച്ച് നന്നാക്കുന്നവർ, പാൽ-പത്ര വിതരണക്കാർ, ക്ഷീരോത്പാദനതൊഴിലാളികൾ, കപ്യാർമാർ, കൊന്തനിർമ്മിക്കുന്നവർ, പൂജാരിമാർ, ഓലമെടയുന്നവർ, കൂലിപ്പണിക്കാർ, പവർലൂം തൊഴിലാളികൾ, ഹാന്റ് എംബ്രോയിഡറി വർക്ക് ചെയ്യുന്നവർ, കരകൗശല തൊഴിലാളികൾ, പാത്രം, കാലിച്ചാക്ക് ശേഖരിക്കുന്നവർ, ആക്രിത്തൊഴിലാളികൾ, വർക്ക്ഷോപ്പ് തൊഴിലാളികൾ, ബൈക്ക് മെക്കാനിക്, ചെറുകിട കച്ചവടക്കാർ, കറവക്കാർ, ഇറച്ചിവെട്ടുകാർ, ഫോട്ടോഗ്രാഫർമാർ, മത്സ്യത്തൊഴിലാളികൾ, ഓയിൽ പെയിന്റുകാർ, ചിത്രം വരക്കാർ, കണക്കപ്പിള്ള-ടാക്സ് പ്രാക്ടീഷണർ-ടാക്സ് കൺസൾട്ടന്റ്, സ്വകാര്യ ട്യൂഷൻ നടത്തുന്നവർ, ചെണ്ടമേളം, പഞ്ചവാദ്യം, നാദസ്വരം, പടയണി, തിറ തുടങ്ങിയ അനുഷ്ഠാനകലകളിൽ ഏർപ്പെട്ടിരിക്കുന്നവർ, ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ജോലിചെയ്യുന്നവർ, കുടുംബശ്രീ, ജനശ്രീ, സുഭിക്ഷ എന്നിവയുടെ ആഭിമുഖ്യത്തിൽ സ്വയം തൊഴിൽ ചെയ്യുന്നവർ, കോഴിവളർത്തൽ, ആടുവളർത്തൽ, സോപ്പുപൊടി നിർമ്മാണത്തൊഴിലാളികൾ. ഹോളോബ്രിക്സ്, കൂൺകൃഷി, തേനീച്ചവളർത്തൽ, താറാവ് വളർത്തൽ, പ്ലാസ്റ്റിക് വരിച്ചിൽ, ചൂരൽ വരിച്ചിൽ, അപോൾസ്റ്ററി വർക്ക്, പൂന്തോട്ടപ്പണി, ഫർണീച്ചർ വർക്ക്, പാറത്തൊഴിലാളി, പുല്ലുവെട്ട്, ഹെൽപ്പർ, ചെങ്കൽ പണി, പന്തൽപ

ണി, ചെമ്പുപണി, ചില്ലുപണി, പമ്പിംഗ് മോട്ടോർ തൊഴിലാളികൾ, ഇരുമ്പുപണി, മരപ്പണിക്കാർ, റബർ ടാപ്പിംഗ് തൊഴിലാളികൾ, ബാർബർ, അലക്കുതൊഴിലാളികൾ.

2. **അംഗത്വത്തിനുള്ള യോഗ്യത**

18 നും 55 നും മദ്ധ്യേ പ്രായമുള്ള തൊഴിലാളികൾക്ക അംഗത്വത്തിന് അപേക്ഷിക്കാം. മറ്റ് ക്ഷേമനിധിയിൽ അംഗത്വമുണ്ടാവാൻ പാടില്ല.

**3. കർഷകത്തൊഴിലാളി ക്ഷേമനിധി**

1. **അംഗത്വം**

എല്ലാ കർഷകത്തൊഴിലാളികൾക്കും ക്ഷേമനിധിയിൽ അംഗമാകാവുന്നതാണ്.

2. **അംഗത്വത്തിനുള്ള യോഗ്യത**

18 നും 50 നും മദ്ധ്യേ പ്രായമുള്ള തൊഴിലാളികൾക്ക് അംഗമാവാം.

3. **നിബന്ധനകൾ**

മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോ, വയസ്സ് തെളിയിക്കുന്ന രേഖ (അറ്റസ്റ്റ് ചെയ്യണം) (എസ്.എസ്.എൽ.സി. ബുക്കിന്റെ കോപ്പി), ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ്ബുക്കിന്റെ കോപ്പി എന്നീ രേഖകൾ ഹാജരാക്കണം. കർഷകത്തൊഴിലാളിയാണെന്നു തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (KAWF) നല്കും.

4. **വിഹിതം**

പ്രതിമാസവിഹിതം 5 രൂപ (ഒരു വർഷം 60 രൂപ ). രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കും. അംശാദായം 60 വയസ്സുവരെ അടയ്ക്കണം.

5. **ആനുകൂല്യങ്ങൾ**

1) റിട്ടയർമെന്റ് 2) മരണാനന്തരസഹായം 3) വിദ്യാഭ്യാസ ആനുകൂല്യങ്ങൾ 4) ചികിത്സാസഹായം 5) വിവാഹധനസഹായം 6) പ്രസവാനുകൂല്യം 7) പെൻഷൻ

**വിശദവിവരങ്ങൾക്ക്:**

പാലാ ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം. ഓഫീസിലോ അഥവാ താഴെക്കാണുന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക. Mob: 8304981275 (O), 9400661492, 9847791128

**സാനിറ്റൈസർ ഡിസ്പെൻസർ**

സാനിറ്റൈസർ ഡിസ്പെൻസർ കെ.എൽ.എം. ഡയറക്ടർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം ഡിസൈൻ ചെയ്ത് നിർമ്മിച്ചു. ആവശ്യമുള്ളവർക്ക് ഓർഡർ അനുസരിച്ച് നിർമ്മിച്ചുകൊടുക്കുന്നതായിരിക്കും.

ഫോൺ നമ്പർ : 9400661492, 9847791128, 9446126556

**ഫാ. ജോർജ് നെല്ലിക്കുന്നുചെരുവുപുരയിടം** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2020 രജിസ്ട്രേഷൻ ആരംഭിച്ചു. അവസാനിക്കുന്നത് ഓഗസ്റ്റ് 15 ന്. പഠനഭാഗം – മർക്കോസ് 1–8, നിയമാവർത്തനം 22–34, പ്രഭാഷകൻ 18–22, 1 കോറിന്തോസ് 1–8. പരീക്ഷാത്തീയതി – 2020 ഒക്ടോബർ 4, സമയം– 2 മുതൽ 3. 30 വരെ.

NB : പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ബൈബിൾ ക്ലാസ്**

ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സിന്റെ പുതിയ ബാച്ച് ആരംഭിച്ചു. 'ഓൺലൈൻ' ക്ലാസ്സുകൾ നടക്കുന്നു.

**സ്വാഗതം**

പുതിയതായി ചാർജ്ജ് എടുത്ത റീജന്റ് ബ്രദർ ജെൻസൽ തോമസ് വില്ലംതാനത്തിന് രൂപത ബൈബിൾ അപ്പോസ്തലേറ്റിന്റെ സ്വാഗതം.

**പ്രാർത്ഥനാശംസകൾ**

കഴിഞ്ഞ ആറു മാസക്കാലം റീജന്റ് ആയി സേവനമനുഷ്ഠിച്ച ബ്രദർ ജോസഫ് വല്ലൂത്തടത്തിലിന് രൂപത ബൈബിൾ അപ്പോസ്തലേറ്റിന്റെ പ്രാർത്ഥനാശംസകൾ.

**കെറിയാന**

ഒരു വർഷംകൊണ്ട് ബൈബിൾ വായിച്ചുതീർക്കുവാൻ സഹായിക്കുന്ന 'കെറിയാന'യുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. ഉപവാസ മദ്ധ്യസ്ഥ പ്രാർത്ഥന കത്തീഡ്രലിൽ**

ഈ മാസം 6–ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണി മുതൽ 3 വരെ പാലാ കത്തീഡ്രലിൽ വച്ച് ഉപവാസ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. ബ്രദർ ജോസി കൊഴുവനാൽ വചനം പങ്കുവച്ചു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

**2. സെൽ പ്രാർത്ഥന ഷലോമിൽ**

ഈ മാസം 2,9 തീയതികളിൽ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് വൈകുന്നേരം 4 മണി മുതൽ 5.30 വരെ സെൽ പ്രാർത്ഥന നടത്തി. രൂപതയ്ക്കുവേണ്ടിയും ഇപ്പോൾ പടർന്നുപിടിച്ചിരിക്കുന്ന കൊറോണ രോഗത്തിനുവേണ്ടിയും മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിച്ചു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ജയിംസ് മാറാട്ടുകുളം തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**3. ഉപവാസ പ്രാർത്ഥന ഷലോമിൽ**

ഈ മാസം 2,3,4,5,9,10,11 തീയതികളിൽ ഷാലോം ചാപ്പലിൽ വച്ച് രാവിലെ 10 മണി മുതൽ 3 വരെ ഉപവാസപ്രാർത്ഥന നടത്തി. സഭയ്ക്കും വേണ്ടിയും

പരീക്ഷ എഴുതുന്ന കുട്ടികൾക്കുവേണ്ടിയും കൊറോണ വൈറസിനു വേണ്ടിയും മാദ്ധ്യസ്ഥം പ്രാർത്ഥിച്ചു. ആലീസ് കട്ടക്കയം, അഗസ്റ്റിൻ ചെരിപുറം, സാലി വേത്താനത്ത്, മേരി പാറയിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**ഏപ്രിൽ**

**1. വചനദീപ്തി ധ്യാനം**

പാലാക്കാട് ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ മാർച്ച് 5-ാം തീയതി വ്യാഴാഴ്ചയും മീനച്ചിൽ ദൈവാലയത്തിൽ വെള്ളിയാഴ്ചയും വചനദീപ്തി തുടർ ധ്യാനത്തോടും 50-ാം നോമ്പാചരണത്തോടും അനുബന്ധിച്ച് ഒരു മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തപ്പെട്ടു. പാലാക്കാട് ദൈവാലയത്തിൽ റവ.ഫാ. സിറിൽ തയ്യിലും മീനച്ചിൽ ദൈവാലയത്തിൽ റവ.ഫാ. തോമസ് തോട്ടുങ്കൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**2. സേവനസമിതി സമ്മേളനം**

സോണൽ സേവനസമിതി സമ്മേളനം മാർച്ച് 2-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മുതൽ 1 മണി വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**3. ജീവജ്വാല കൗൺസിൽ നേതൃസംഗമം**

പുതിയതായി പുനഃസംഘടിപ്പിക്കപ്പെട്ട ജീവജ്വാല കൗൺസിൽ സബ് സോൺ ഭാരവാഹികളുടെ യോഗം മാർച്ച് 4-ാം തീയതി ബുധനാഴ്ച ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. കുടുംബങ്ങളുടെ നവീകരണത്തിനും യേശു അനുഭവത്തിനും ജീവജ്വാല മാസികയിലെ വിഭവങ്ങൾ ഏറ്റവും നല്ലതാണെന്നും ഈ മാസിക കൂടുതൽ പ്രചരിപ്പിക്കാൻ അംഗങ്ങൾ ഓരെ സബ്സോണിലും കൂടുതൽ ശ്രദ്ധയും തീക്ഷ്ണതയും ഉണ്ടാക്കണമെന്നും, നമുക്ക് ലഭിച്ച കാലഘട്ടം നന്നായി ദൈവരാജ്യ വളർച്ചയ്ക്കു വിനിയോഗിക്കണമെന്നും ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ഓർമ്മിപ്പിച്ചു. സോണൽ സെക്രട്ടറി ജോൺസൺ തടത്തിൽ, കോൺടാക്റ്റ് പേഴ്സൺ വിൽസൺ വലിയകാപ്പിൽ, സർവ്വീസ് ടീം അംഗം സണ്ണി പള്ളിവാതുക്കൽ, രൂപതാ സബ്സോൺ ജീവജ്വാല കൗൺസിൽ അംഗങ്ങൾ എന്നിവർ യോഗത്തിൽ സംബന്ധിച്ചു.

**4. ഹിന്ദി കൂട്ടായ്മ**

സോണൽ സേവനസമിതിയുടെ നേതൃത്വത്തിൽ നമ്മുടെയിടയിൽ അധിവസിക്കുന്ന അന്യഭാഷ സംസാരിക്കുന്നവർ യേശുവിനെ കൂടുതൽ അറിയുവാനും രക്ഷകനും നാഥനുമായി സ്വീകരിക്കാനും 2019 ജൂലൈ മാസം ആരംഭം കുറിച്ചു. ഹിന്ദി വചനശുശ്രൂഷയും സൗഖ്യപ്രാർത്ഥനയും മാർച്ച് 1-ാം തീയതി മുണ്ടാ

ങ്കൽ സെൻ്റ് ആൻ്റണീസ് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. കുമ്പസാരവും വി. കുർബാനയും ഹിന്ദിയിലുള്ളത് ഉണ്ടായിരുന്നു. റവ. ഫാ. റെജി തെക്കെമുറി സി.എം.ഐ., ഫാ. ബിജോയി ചെറുവള്ളായി, ജഗൽപൂർ മിഷൻ തെള്ളകവും ജോർജുകുട്ടി ഞാവള്ളിൽ 8-ാം തീയതി ഞായറാഴ്ച ഫാ. ജോമെറ്റ് സെബാസ്റ്റ്യൻ ചക്കാലയിൽ, ജഗൽപുർ, മിഷൻ രാമപുരം ശുശ്രൂഷകൾ നയിച്ചു.

**6. കരിസ്മാറ്റിക് ദിനാചരണം**

കേരള കത്തോലിക്കാ കരിസ്മാറ്റിക് പാലാ സോണൽ സേവന സമിതിയുടെ നേതൃത്വത്തിൽ എല്ലാ മാസാദ്യ ശനിയാഴ്ചകളിൽ നടത്തപ്പെടുന്ന കരിസ്മാറ്റിക് അംഗങ്ങളുടെ കൂട്ടായ്മ മാർച്ച് 7-ാം തീയതി ശനിയാഴ്ച 9.30 മുതൽ 2 മണി വരെ പാലാ ഷാലോം പാസ്റ്ററൽ സെൻ്ററിൽ വച്ച് നടത്തപ്പെട്ടു. പുതിയ ചൈതന്യം ഉൾകൊണ്ട് മിശിഹായുടെ ഓരോ ശിഷ്യനും തന്നാൽ ആവുന്നതും യേശുനാമമഹത്ത്വത്തിനായി പ്രവർത്തിക്കാനും ഈ കാലഘട്ടം ഫലപ്രദമായി വിനിയോഗിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്നും ഡയറക്ടർ ഫാ. വിൻസെൻ്റ് മൂങ്ങാമാക്കൽ ഓർമ്മിപ്പിച്ചു. നമുക്ക് പ്രവർത്തിക്കാൻ ലഭിച്ചിരിക്കുന്ന ഈ കാലഘട്ടം ദൈവം തിരുമനസ്സായതുകൊണ്ട് നമുക്ക് ലഭിച്ചതാണെന്നും ഈ വർഷം നഷ്ടപ്പെടുത്തി ദൈവരാജ്യാനുഭവം നഷ്ടമാക്കരുതെന്നും ഓർമ്മപ്പെടുത്തി.

തുടർന്ന് രൂപതാ സോൺ കോർഡിനേറ്റർ സണ്ണി ആൻ്റണി വാഴയിൽ ഓരോരുത്തരും സ്ഥായി ഘടകങ്ങൾക്ക് അനുദിനജീവിതത്തിൽ പ്രഥമസ്ഥാനം നൽകണമെന്നും, സ്ഥായി ഘടകങ്ങളിലെ എല്ലാ കാര്യവും നന്നായി ചെയ്യണമെന്നും അംഗങ്ങളെ ബോധവത്കരിച്ചു. ക്രിസ്തു ഓരോരുത്തരിലും രൂപപ്പെടുന്നതിന് സ്ഥായി ഘടകങ്ങൾ അടിസ്ഥാനമാക്കി ഉണ്ടാകണമെന്ന് - ഗലാത്തിയ 4:19 "എൻ്റെ കുഞ്ഞുമക്കളെ, ക്രിസ്തു നിങ്ങളിൽ രൂപപ്പെടുത്തുന്നതുവരെ വീണ്ടും ഞാൻ നിങ്ങൾക്കുവേണ്ടി ഈറ്റുനോവ് അനുഭവിക്കുന്നു" എന്ന തിരുവചനം പൗലോസ് ശ്ലീഹായിലെന്നപ്പോലെ തമ്മിലും മാംസം ധരിക്കണമെന്നും അതിനായി ഒരു തീക്ഷ്ണത ഉണ്ടാവണമെന്നും ഓരോരുത്തരും ക്രിസ്തുവിൽ ആയിത്തിരിയണമെന്നും ആ ലക്ഷ്യസാധിതമാക്കാൻ സ്ഥായിഘടകങ്ങളിൽ അടിയുറയ്ക്കണെന്നും നിർദ്ദേശിച്ചു.

തുടർന്ന് മദ്ധ്യസ്ഥപ്രാർത്ഥന, മിനിസ്ട്രിയെക്കുറിച്ച് മാത്യുകുട്ടി താന്നിക്കലും ക്രിസ്റ്റീൻ മിനിസ്ട്രി പ്രവർത്തനത്തെക്കുറിച്ച് ശ്രീമതി ബിയാ ജോജെറ്റും തുവാനിസാ മിനിസ്ട്രിയെക്കുറിച്ച് ലില്ലിക്കുട്ടി വാരാച്ചേരിയും ജീസസ് യൂത്ത് പ്രവർത്തനത്തെക്കുറിച്ച് ലിൻസി കുരിശുംമൂട്ടിൽ കെറിഗമ ശുശ്രൂഷകളെക്കുറിച്ച് ജോസി അബ്രാഹവും കപ്പിൾസ് മിനിസ്ട്രിയെക്കുറിച്ച് സെബാസ്റ്റ്യൻ കുന്നത്തും പാരിഷ് മിനിസ്ട്രി പ്രവർത്തനവും ഈ വർഷപ്രവർത്തനലക്ഷ്യമായ എൽ.എസ്.എസ്.നെക്കുറിച്ച് ജോൺസൺ തടത്തിലും ജീവജ്വാല കൗൺസിലിനെക്കുറിച്ച് വിൽസൺ ജോസഫ് വലിയകാപ്പിലും എമ്മാവൂസ് ബോക്സിനെക്കുറിച്ച് ശ്രീ ജോർജുകുട്ടി ഞാവള്ളിലും സിംഗിൾസ് മിനിസ്ട്രി പ്രവർത്തനങ്ങളെക്കുറിച്ച് മേരി പി. ഇഞ്ചനാലും എൽഡേഴ്സ് മിനിസ്ട്രിയെക്കുറിച്ച് സണ്ണി പള്ളിവാതുക്കലും വിശദീകരിച്ചു. തുടർന്ന് കോർഡിനേറ്റർ എല്ലാവരുടെയും ആത്മാർത്ഥ

മായ സഹകരണവും പ്രാർത്ഥനയും നവീകരണ ശുശ്രൂഷകളായി ഉണ്ടാകുവാനും, കർമ്മനിരതമാകാനും കർത്താവിന്റെ ചൈതന്യത്തിൽ പൂരിതരാകാനും കർത്താവ് നമ്മെ സമൃദ്ധമായി അനുഗ്രഹിക്കണമെന്നും പ്രാർത്ഥിച്ചു.

**5. കോവിഡ് 19 ബാധയ്ക്കെതിരേ ആത്മീയപ്രതിരോധം**

ലോകത്തെ മുഴുവൻ ജനങ്ങളെയും ഭീതിയിലാഴ്ത്തിയിരിക്കുന്ന കൊറോണ വൈറസ് ബാധയ്ക്ക് എത്രയും പെട്ടെന്ന് ദൈവിക ഇടപെടൽമൂലം ശമനം ഉണ്ടാകുവാൻ തിരുസന്നിധിയിൽ കരുണക്കായി പ്രാർത്ഥിച്ചുകൊണ്ട് രൂപതയിലെ മുഴുവൻ സബ് സോൺ അംഗങ്ങളും തങ്ങളുടെ കുടുംബത്തിലിരുന്ന് എല്ലാ ദിവസവും അരമണിക്കൂർ കർത്തൃസന്നിധിയിൽ പ്രാർത്ഥനകളിൽ ഒന്നിച്ച് ചേർന്നു.

മാർച്ച് 18-19 തീയതികളിൽ കോവിഡ് 19 രോഗബാധയ്ക്കെതിരെ പാലാ കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ എന്നീ പിതാക്കന്മാരുടെ നേതൃത്വത്തിൽ തിരുസന്നിധിയിൽ രൂപതയിലെ സോൺ സേവനസമിതി അംഗങ്ങളും സബ് സോൺ അംഗങ്ങളും ദൈവികകരുണയ്ക്കായി യാചിച്ചുകൊണ്ട് 12 മണിക്കൂർ വീതം ഉപവാസപ്രാർത്ഥന സമർപ്പിച്ചു. ലോകത്താകമാനമുള്ള കോവിഡ് രോഗികൾക്കുവേണ്ടിയും ഈ രോഗത്തിന് ഇരയായി മരിച്ചവർക്കുവേണ്ടിയും ഇനി ഇത് പടർന്നു വ്യാപിക്കാതിരിക്കാൻവേണ്ടിയും പ്രത്യേക പ്രാർത്ഥന ശുശ്രൂഷകൾ നടത്തപ്പെട്ടു.

**മെയ്**

**1. സേവനസമിതി സമ്മേളനം**

സോണൽ സേവനസമിതി സമ്മേളനം മെയ് 19, 20 തീയതികളിൽ റവ: ഫാ: വിൻസെന്റ് മുങ്ങാമാക്കൽ അച്ചന്റെ നേതൃത്വത്തിൽ രാത്രി 9:30 മുതൽ11:30 വരെ ഓൺലൈനിൽ നടത്തപ്പെട്ടു.

കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ വിവിധ കരിസ്മാറ്റിക് ശുശ്രുഷ സാധ്യതകൾ കണ്ടെത്തുകയും നവീകരണശുശ്രൂഷകൾക്ക് തീരുമാനമെടുക്കുകയും ചെയ്തു

**2. പന്തക്കുസ്ത തിരുനാൾ ഒരുക്ക ശുശ്രൂഷ**

മെയ് ഒന്നു മുതൽ 30 വരെ പന്തക്കുസ്ത തിരുനാളിന്റെ ഒരുക്ക ശുശ്രൂഷ നടത്തപ്പെട്ടു. ഇരുന്നൂറോളം പേർ പങ്കാളികളായി. കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ ഓരോരുത്തരുടെയും ഭവനങ്ങളിൽ ആയിരുന്നുകൊണ്ട് പ്രാർത്ഥനാശുശ്രൂഷകൾ നടത്തപ്പെട്ടത്. ഓരോരുത്തർക്കും നിശ്ചയിക്കപ്പെട്ട 30 മിനിറ്റ് സമയം പന്തക്കുസ്തയ്ക്കായി പ്രാർത്ഥിച്ച് ഒരുങ്ങി. തുടർച്ചയായ പ്രാർത്ഥനകൾ, വചനവായന, പരിശുദ്ധാത്മാവിന്റെ ലുത്തിനിയ, നൊവേന, എന്നീ ശുശ്രൂഷകൾ നടത്തപ്പെട്ടു. രൂപതാ സേവനസമിതി ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**3. കോവിഡ്-19 സ്വാന്തനസഹായം**

കോവിഡ്-19 മൂലം വിഷമം അനുഭവിക്കുന്ന രൂപതയിലെ കരിസ്മാറ്റിക് കൂട്ടായ്മയിലെ അംഗങ്ങൾക്ക് 75000 രൂപയുടെ ഭക്ഷണസാധനങ്ങളും മരുന്നും വിതരണം ചെയ്തു.

**4. പന്തക്കുസ്ത തിരുനാൾ**

മെയ് 31-നു ആഘോഷിച്ച പന്തക്കുസ്ത തിരുനാൾ KCBC കരിസ്മാറ്റിക് കമ്മീഷന്റെയും KCCRT യുടെയും നേതൃത്വത്തിൽ നടത്തപ്പെട്ടു. പന്തക്കുസ്താ തിരുനാൾ നൊവേന മേയ് 22 മുതൽ ആരംഭിച്ചു. മെയ് 21-ന് ഡയറക്ടർ റവ.ഫാ. വിൻസന്റ് മൂങ്ങാമാക്കൽ സന്ദേശം നൽകി.

അഭിവന്ദ്യ പിതാക്കന്മാർ റീജിയണൽ ആനിമേറ്റർ അച്ചന്മാരും ശുശ്രൂഷകൾക്കു നേതൃത്വം നൽകി. രാത്രി 7:30 മുതൽ എല്ലാവരും ഓൺലൈനിൽ ശുശ്രൂഷകൾക്കു പങ്കാളികളായി.

**5. കാർഷികവിളകൾ ഉത്പാദനം**

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ വരാൻപോകുന്ന സാമ്പത്തിക ക്ലേശങ്ങൾ പരിഹരിക്കുന്നതിനായി തരിശായി കിടക്കുന്ന കൃഷിസ്ഥലങ്ങൾ സബ് സോൺ തലത്തിൽ കണ്ടെത്തി കൂട്ടായ പ്രവർത്തനത്തിൽ നാണ്യവിളകൾ കൃഷി ചെയ്യാൻ തീരുമാനിച്ചു.

**6) സ്കൂൾ ഓഫ് ലീഡർഷിപ്പ്.**

കേരള കരിസ്മാറ്റിക് മുന്നേറ്റത്തിന് അടുത്ത നേതൃത്വനിരയെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2020 ഏപ്രിൽ മുതൽ ആരംഭം കുറിച്ച ട്രെയിനിങ് പ്രോഗ്രാം മെയ് മാസവും ഓൺലൈനിൽ നടത്തപ്പെട്ടു. നമ്മുടെ രൂപതയിൽനിന്ന് പ്രതിനിധികൾ ഇതിൽ പങ്കാളികളായിക്കൊണ്ടിരിക്കുന്നു.

**L.S.S (Life in sprit Seminar)**

കരിസ്മാറ്റിക് നവീകരണത്തിന് അടിസ്ഥാനം പരിശുദ്ധാത്മാവിലുള്ള ജ്ഞാനസ്നാന അനുഭവമാണല്ലോ. ഈ അനുഭവത്തിൽ വളരാൻ സഹായകമായ മോഡ്യൂളുകൾ ഉൾക്കൊള്ളുന്നതാണ് L.S.S . സബ് സോൺ തലത്തിൽ പാരിഷ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ അംഗങ്ങളെ കണ്ടെത്തി ശുശ്രൂഷ ക്രമീകരണങ്ങൾ നടത്തിവരുന്നു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

## മൗണ്ട് നെബോ ധ്യാനകേന്ദ്രം

ഫെബ്രുവരി ഇരുപത്തൊൻപതാം തീയതി ശനിയാഴ്ച രാവിലെ 8.30 മുതൽ 2.30 വരെ ഡയറക്ടർ ഫാ. തോമസ് വാഴചാരിക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തെരുവിൽ എന്നിവരുടെ നേതൃത്വത്തിൽ ഏകദിന ദൈവരാജ്യാനുഭവശുശ്രൂഷ നടത്തപ്പെട്ടു. രൂപതയിലെ റീജൻസി ബ്രദേഴ്സിന്റെ ദ്വിദിന ധ്യാനം മാർച്ച് നാല്, അഞ്ച് തീയതികളിൽ മൗണ്ട് നെബോയിൽവച്ച് മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ഡയറക്ടർ, അസി. ഡയറക്ടർ എന്നിവരുടെ നേതൃത്വത്തിൽ

നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ബ്രദേഴ്സ് ഓരോരുത്തരെയും വ്യക്തിപരമായി കണ്ട് സംസാരിച്ചു. മാർച്ച് എട്ടാം തീയതി ആരംഭിച്ച ദൈവരാജ്യാനുഭവധ്യാനം കൊറോണ രോഗഭീഷണിയുടെ പശ്ചാത്തലത്തിൽ, അധികാരികളുടെ നിർദ്ദേശാനുസരണം, പൂർത്തിയാക്കാതെ പതിനൊന്നാം തീയതി അവസാനിപ്പിക്കേണ്ടി വന്നു.

മൗണ്ട് നെബോ ശുശ്രൂഷകളുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുന്ന ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ എന്ന ലഘുപുസ്തക പരമ്പരയിലെ ഏഴും എട്ടും പുസ്തകങ്ങൾ - ഏത് ആത്മാവാണ് നിനക്കുള്ളതെന്ന് നീ അറിയുന്നുവോ?, പ്രാർത്ഥനകൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും പുറത്തു പോകില്ലാത്ത വർഗ്ഗം-മാർച്ചുമാസത്തിൽ പ്രസിദ്ധീകരിച്ചു. മൗണ്ട് നെബോയ്ക്ക് പുറമേ, പാലാ സെന്റ് തോമസ് ബുക്ക് സ്റ്റാൾ, പാലാ ഡിവൈൻ മേഴ്സി ബുക്ക് സ്റ്റാൾ എന്നിവിടങ്ങളിൽ പുസ്തകങ്ങൾ ലഭ്യമാണ്. ലോക്ക്ഡൗൺ മൂലം തുടർന്നുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാൻ സാധിച്ചിട്ടില്ല.

കൊറോണാ ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ, കൊറോണാ ബാധയുടെമേൽ ദൈവശക്തി വ്യാപരിക്കുന്നു എന്ന പേരിൽ ഒരുമണിക്കൂറോളം ദീർഘിക്കുന്ന ഒരു ഓൺലൈൻ ആത്മീയ ശുശ്രൂഷ പതിനെട്ടു ദിവസത്തേക്ക് മാർച്ച് ഇരുപത്തേഴാം തീയതി മുതൽ യൂട്യൂബ് വഴി നടത്തുകയുണ്ടായി. ലോക്ക്ഡൗൺ തുടർന്നപ്പോൾ, ദൈവശക്തി വ്യാപരിക്കുന്നു എന്ന പേരിൽ ദിവസേന ഒന്നര മണിക്കൂർ ദൈർഘ്യമുള്ള സെഷനുകളോടെ ഒരു ഓൺലൈൻ ധ്യാനം യൂട്യൂബ് വഴി ഏപ്രിൽ പതിനാലാം തീയതി ആരംഭിച്ചത് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ധ്യാനകേന്ദ്രത്തിന്റെ mountnebo.online എന്ന വെബ്സൈറ്റിൽ പ്രസ്തുത പരിപാടികളെല്ലാം ലഭ്യമാണ്. അവയുടെ ലിങ്കുകൾ ചുവടെ ചേർക്കുന്നു:

Corona sessions -
https://www.youtube.com/
playlist?list=PLKZ57M4kVz4dG13TFZnpxifq0h01_FIsm

Online retreat -

https://www.youtube.com/

playlist?list=PLKZ57M4kVz4ePgWpKzwzFFUXIxfCUihk8

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**രൂപത & ഫൊറോന ബി ഭാരവാഹികളുടെ സമ്മേളനം**

22-2-2020- ശനി : രാവിലെ 10.30-ന് ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് ഡിഎഫ്സി ബി യൂണിറ്റ് രൂപത & ഫൊറോനാ ഭാരവാഹികളുടെ മീറ്റിംഗ് കൂടി.

**രൂപത ഡിഎഫ്സി എക്സിക്യൂട്ടീവ് മീറ്റിംഗ്**

24-2-2020- തിങ്കൾ ഉച്ചകഴിഞ്ഞ് 1 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് ഡിഎഫ്സി രൂപത എക്സിക്യൂട്ടീവ് എ യൂണിറ്റിന്റെയും ബി യൂണിന്റെയും മീറ്റിംഗ് കൂടി. 3 മണിക്ക് വനിതാദിന ചർച്ചകൾക്കായി മീറ്റിംഗിൽ ബി യൂണിറ്റ് പങ്കെടുത്തു.

**മൃതസംസ്കാര ശുശ്രൂഷകളിൽ പങ്കെടുത്തു**

25-2-2020 - ചൊവ്വ - കോതമംഗലം രൂപത ഡിഎഫ്സി വൈസ് പ്രസിഡന്റിന്റെ മകൻ ഫാ. അമലിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും മൃതസംസ്കാര ശുശ്രൂഷകളിൽ പാലാ രൂപത ഡിഎഫ്സി നേതൃസമിതി പങ്കെടുക്കുകയും ചെയ്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരുവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**1. ഗ്രോ ബാഗ്, പച്ചക്കറിത്തൈകൾ, ഫലവൃക്ഷത്തൈകൾ വിതരണം**

പാലാ പി.എസ്.ഡബ്ല്യൂ.എസ്.വുമായി ചേർന്ന് എല്ലാ യൂണിറ്റുകളിലും ഗ്രോബാഗ് വാങ്ങി പച്ചക്കറിത്തൈകൾ നടുവാനും തെങ്ങ്, ഫലവൃക്ഷത്തൈകൾ നടുവാനും എല്ലാ അംഗങ്ങളെയും പ്രോത്സാഹിപ്പിച്ചു. കൊറോണയുടെ ഫലമായി ഭക്ഷ്യസാധനങ്ങൾക്കു ദൗർലഭ്യമുണ്ടാകുവാൻ സാധ്യതയുള്ളതുകൊണ്ട് എല്ലാ വീടുകളിലും കപ്പ, വാഴ, ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയ നടുതല സാധനങ്ങൾ കൃഷിചെയ്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കണമെന്ന് ഡയറക്ടർ അറിയിച്ചു.

**2. റബ്ബർ വിലയിടിവിനെതിരേ**

കൊറോണാമൂലം ക്ലേശിക്കുന്ന സാധാരണ കർഷകർ പണിയില്ലാതെ ബുദ്ധിമുട്ടുന്നു. റബർ വിൽക്കുവാൻ സാധിക്കുന്നില്ല. റബ്ബറിന് 100 രൂപ പോലും ലഭിക്കാത്ത സാഹചര്യമായിരിക്കുന്നു. വൻകിട വ്യവസായികളുടെ കോടിക്കണക്കിനു വായ്പകൾ എഴുതിത്തള്ളിയ സർക്കാർ കർഷകമേഖലയെയും കാർഷിക കടങ്ങളെയും ശ്രദ്ധിക്കാതെ കർഷകരെ ദുരിതത്തിലേക്കു തള്ളിവിട്ടിരിക്കുന്നതിൽ കോട്ടയം ജില്ലാ നേതൃത്വം പ്രതിഷേധവും അമർഷവും രേഖപ്പെടുത്തി.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)
**ഫാ. സിറിൽ തയ്യിൽ** (അസി. ഡയറക്ടർ)

# Received Heavenly Reward



# ആദരാഞ്ജലികൾ



## റവ. ഫാ. ജോസഫ് കാര്യപ്പുറം (പാപ്പച്ചൻ)

കാര്യപ്പുറത്ത് വർഗീസ് -മറിയം ദമ്പതികളുടെ മൂത്തപുത്രൻ ഫാ. ജോസഫ് കാര്യപ്പുറം 1937 ജൂൺ 12-ാം തീയതി ജനിച്ചു. മുണ്ടാങ്കൽ സെന്റ് ഡോമനിക് പള്ളിയിൽ വച്ച് മാമ്മോദീസ സ്വീകരിച്ചു. രാമപുരം സെന്റ് അഗസ്റ്റിനോസ് സ്കൂളിലെ പഠനം പൂർത്തിയായപ്പോൾ വൈദികനാകുവാനുള്ള ആഗ്രഹം അദ്ദേഹം പിതാവിനെ അറിയിച്ചു. പിതാവിന്റെ ഭക്തിയും വിശ്വാസവും അച്ചനിൽ വളരെ സ്വാധീനം ചെലുത്തിയിരുന്നു പിതാവ്. എന്നും രാവിലെ 5 മണിക്ക് എണീറ്റ് മക്കൾക്കും ബന്ധുക്കൾക്കും നാട്ടുകാർക്കുംവേണ്ടി പ്രാർത്ഥിക്കുമായിരുന്നു. വൈദികനാകാൻ പോയപ്പോൾ പിതാവ് ഒരു കാര്യം നിഷ്കർഷിച്ചു: നിന്റെ ആഗ്രഹം വളരെ നല്ലതുതന്നെ. എന്നാൽ കുടുംബത്തിലേക്ക് സ്വത്ത് സമ്പാദിക്കാനാണ് ആഗ്രഹമെങ്കിൽ പോകണ്ട. പിതാവിന്റെ ആഗ്രഹം അദ്ദേഹം അക്ഷരാർത്ഥത്തിൽ പാലിച്ചു. തന്റെ വരുമാനത്തുകയിൽ ചിലവ് കഴിഞ്ഞുള്ളത് പാവപ്പെട്ടവർക്കു കൊടുക്കുകയാണ് പതിവ്. സ്വന്തം ചിലവുകൾപോലും കഴിയുന്നത്ര കുറയ്ക്കുവാൻ ശ്രമിച്ചു.

വൈദികനാകുവാൻ പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിലും ആലുവാ, മംഗലപ്പുഴ സെന്റ് ജോസഫ് അപ്പോസ്തലിക് മേജർ സെമിനാരിയിലും പഠിച്ച് ഭാഗ്യസ്മരണാർഹനായ വയലിൽ പിതാവിൽനിന്ന് 1964 ഡിസംബർ 1-ാം തീയതി ബോംബെയിൽ വച്ച് തിരുപ്പട്ടം സ്വീകരിച്ചു. പൗലോസ് മാർപാപ്പായുടെ ഭാരത പ്രവേശനത്തോടനുബന്ധിച്ച് നടന്ന അന്താരാഷ്ട്ര ദിവ്യകാരുണ്യ കോൺഗ്രസും ബോംബെ ഓർഡിനേഷനും വളരെയേറെ ചരിത്രപ്രാധാന്യമുള്ള സംഭവമാണ്. ഭാരതത്തിൽ അന്ന് പഠിച്ചിരുന്ന ഡീക്കന്മാരെല്ലാം അന്ന് വൈദിക പട്ടം സ്വീകരിച്ചു.

തുടർന്ന് അച്ചന്റെ പ്രഥമ ദിവ്യബലിയർപ്പണം രാമപുരം ഫൊറോന പള്ളിയിൽ വച്ച് നടത്തി. 10-4-1965 ൽ പാലാ ളാലം പഴയപള്ളിയിലും 14-8-1965

ൽ കുറവിലങ്ങാട് പള്ളിയിലും അസി. വികാറായി സേവനം ആരംഭിച്ചു. 1966 ജൂൺ മുതൽ 27-8-1971 വരെ അദ്ദേഹം റോമിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന് പൗരസ്ത്യ ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് എടുത്തു. മാമ്മോദീസാ ആയിരുന്നു ഗവേഷണവിഷയം. പ്രത്യേകിച്ച് സുറിയാനി സഭകളിലെ മാമ്മോ ദീസാ പരികർമ്മം ചെയ്യുന്നതിന്റെ ദൈവശാസ്ത്രപരമായ മേഖലകളാണ് അദ്ദേഹം ഗവേഷണത്തിന്റെ അടിത്തറയായി തെരഞ്ഞെടുത്തത്. വളരെ ആഴമേ റിയ പഠനമാണ് ആ തീസീസ്. മൂലഭാഷകളോടും പൗരസ്ത്യ പാരമ്പര്യങ്ങളോടും എല്ലാം വളരെയേറെ ബന്ധപ്പെട്ടുനിന്നുകൊണ്ടുള്ള ഒരു പഠനമാണ് ആ തീസീ സ്. പിന്നീട് തിയോളജി പഠിച്ച അനേകം വൈദികർക്ക് ആ പഠനഗ്രന്ഥം അവ രുടെ തീസീസ് എഴുതിത്തീർക്കുന്നതിന് വളരെയേറെ സഹായമായിത്തീർന്നിട്ടു ണ്ട്.

അദ്ദേഹം നല്ല ഒരു കുമ്പസാരക്കാരനും ഉപദേശകനുമായിരുന്നു. റോമിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ യൂറോപ്പിലെ പ്രധാന പട്ടണങ്ങൾ സഹപാഠികളായ വൈദികരോടൊത്ത് സന്ദർശിച്ചു. ജർമ്മനി, പാരീസ്, ലൂർദ്ദ്, ലണ്ടൻ, സിറ്റസ്വർലാൻഡ്, കാനഡ, ടൊറോന്റോ നയാഗ്രാ വെള്ളച്ചാട്ടം, ന്യൂയോർക്ക്, വാഷിംഗ്ഡൺ എന്നിവിടങ്ങൾ സന്ദർശിച്ചു.

ന്യൂയോർക്കിലെ സാറ്റേൺ ഇൻലാൻഡിലെ ഒരു ദൈവാലയത്തിൽ ആറു മാസം താമസിച്ച് പള്ളിയിൽ സഹായിക്കുകയും പ്രധാനസ്ഥലങ്ങൾ സന്ദർശി ക്കുകയും ചെയ്തു. രണ്ടു പ്രാവശ്യം വിശുദ്ധനാട് സന്ദർശിക്കുവാനുള്ള ഭാഗ്യം അച്ചനു ലഭിച്ചു. രണ്ടാമത്തെ പ്രാവശ്യം വിശുദ്ധനാട് സന്ദർശിച്ചത് അൽഫോൻസാ മ്മയെ വിശുദ്ധയായി പ്രഖ്യാപിച്ചതിനോട് അനുബന്ധിച്ച് അതിന് കാരണഭൂത നായി അൽഫോൻസാമ്മയുടെ മദ്ധ്യസ്ഥതയിൽ രോഗസൗഖ്യം പ്രാപിച്ച വ്യക്തിയും അനേക മണ്ണാറപ്പാറ നിവാസികളും അതിൽ പങ്കെടുത്തു. പിന്നീട് 21-9-1971 ൽ പാലാ ളാലം പുത്തൻ പള്ളിയിലും 21-9-1972 ൽ മേരിലാന്റ് പള്ളി യിലും വികാരിയായി സ്ഥാനമേറ്റു. 30-10-1975 ൽ വൊക്കേഷൻ ബ്യൂറോ ഡയറ ക്ടറായും 1-2-1979 ൽ ദീപനാളം മാനേജരായും ചാർജ്ജെടുത്തു. 10-3-1982 ൽ കൊഴുവനാൽ ഫാത്തിമ മിഷൻ ഹോസ്പിറ്റലിന്റെ ഡയറക്ടറായി സുദീർഘ മായ 13 വർഷക്കാലം സേവനമനുഷ്ഠിച്ചു. അത് ഫാത്തിമ മിഷൻ ഹോസ്പിറ്റ ലിന്റെ സുവർണ്ണ കാലഘട്ടമായിരുന്നു. ഈ സമയത്ത് ആശുപത്രി വൻ പുരോ ഗതി കൈവരിച്ചു. ഒരു പുതിയ ബ്ലോക്ക് നിർമ്മിക്കുകയും ചെയ്തു.

ആശുപത്രിയിലെ ഉപകരണങ്ങൾ കേടാകുമ്പോൾ മിക്ക ഉപകരണങ്ങളും നന്നാക്കിയിരുന്നത് അച്ചനായിരുന്നു. ഇതിനുവേണ്ടി അദ്ദേഹം ബോംബെയിൽ നിന്ന് പുസ്തകങ്ങൾ വരുത്തുമായിരുന്നു. കൊഴുവനാൽ അടുത്തുള്ള കല്ലൂർകുളം മഠത്തിൽ മഠത്തിനേക്കാൾ വളരെ ഉയരത്തിലുള്ള കിണറ്റിൽനിന്ന് 10 എച്ച്.പി. യുടെ മോട്ടർ ഉപയോഗിച്ചാണ് വെള്ളം എടുത്തിരുന്നത്. അച്ചൻ അത് മോട്ടോർ ഉപയോഗിക്കാതെ ഹോസ് മാത്രം ഉപയോഗിച്ച് മഠത്തിൽ വെള്ളം എത്തിച്ചു.

11-2-1995 ൽ കടുത്തുരുത്തി ഫൊറോന പള്ളിയിലും 19-2-2000 ൽ തുട ങ്ങനാട് ഫൊറോന പള്ളിയിലും വികാരിയായി ചാർജ്ജെടുത്തു. 29-1-2005 ൽ

മണ്ണാറപ്പാറ വികാരിയായി ചുമതലയേറ്റു. ഇവിടെ വച്ച് അദ്ദേഹം ഇരവിമംഗലം പള്ളിയും മണ്ണാറപ്പാറ പള്ളിമുറിയും പുനർനിർമ്മിച്ചു. 3-1-2015 ൽ അച്ചന്റെ സുവർണ്ണ ജൂബിലി സമ്മേളനം രാമപുരം സെന്റ് അഗസ്തീനോസ് ഫൊറോന പാരിഷ് ഹാളിൽ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അദ്ധ്യക്ഷതയിൽ നടന്നു. അനേകം പൗരപ്രമുഖർ സമ്മേളനത്തിൽ പങ്കെടുത്തു. 2-2-2013 ൽ അദ്ദേഹം മണ്ണാറപ്പാറയിൽവച്ച് ജോലിയിൽനിന്ന് വിരമിച്ച് ഏഴുമാന്തുരുത്ത് സെന്റ് റാഫേൽ ഓൾഡ് ഹോമിന്റെ ചാപ്ലയിനായി ചുമതലയേറ്റു. 7-5-2019 മുതൽ അദ്ദേഹം വിശ്രമാർത്ഥം തറവാട്ടിലുള്ള സഹോദരൻ രാമപുരം പഴമലയിലുള്ള സണ്ണിയുടെ വീട്ടിൽ താമസിച്ചു.

വീട്ടിൽ താമസിച്ചു വരവേ ഹൃദയത്തിന്റെ വാൽവ് സംബന്ധമായ അസുഖത്തെത്തുടർന്ന് കാരിത്താസ് ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുകയും 27-2-2020ൽ സുബോധത്തോടെ അന്ത്യകൂദാശകൾ സ്വീകരിക്കുകയും ചെയ്തു. മുരിക്കൻ പിതാവ് അന്ന് അച്ചനെ സന്ദർശിച്ചു. അച്ചൻ പിതാവിന്റെ കൈപിടിച്ച് മുത്തുകയും ചെയ്തു. 28-2-2020 ൽ രാവിലെ 7 മണിക്ക് കർത്താവിൽ നിദ്ര പ്രാപിച്ചു.

2-3-2020 ൽ സഹോദരൻ മാണിക്കുട്ടിയുടെ രാമപുരം മുല്ലമറ്റത്തുള്ള വീട്ടിൽ വച്ച് ബഹുമാനപ്പെട്ട മുരിക്കൻ പിതാവിന്റെ നേതൃത്വത്തിൽ സംസ്കാര ശുശ്രൂഷകൾ ആരംഭിച്ചു. ബഹുമാനപ്പെട്ട കല്ലറങ്ങാട്ട് പിതാവിന്റെയും മുരിക്കൻ പിതാവിന്റെയും സംയുക്ത കാർമ്മികത്വത്തിൽ രാമപുരം ഫൊറോന പള്ളിയിൽ നടന്ന സംസ്കാരശുശ്രൂഷയിൽ 100 കണക്കിന് വൈദികരും ആയിരക്കണക്കിന് വരുന്ന വിശ്വാസസമൂഹവും കണ്ണീരോടെ പങ്കെടുക്കുകയും അച്ചന്റെ കരങ്ങൾ ചുംബിക്കുകയും ചെയ്തു. രാമപുരം ഫൊറോന പള്ളിയിലെ സിമിത്തേരി ചാപ്പലിൽ സംസ്കരിച്ചു. മണ്ണാറപ്പാറ പള്ളിയിൽ ഒരു മൃതദേഹ സംസ്കാരത്തിനിടെ മൃതദേഹം താഴെപ്പോകുകയും ഇതിനു പരിഹാരമായിട്ട് ഒരു മെഷിൻ കണ്ടുപിടിക്കണമെന്ന് അച്ചൻ തീരുമാനിച്ചു. അതിനുവേണ്ടി ചൂണ്ടച്ചേരി എഞ്ചിനീയറിംഗ് കോളേജിനെ സമീപിക്കുകയും അവർ അത് നിർമ്മിച്ചു നൽകുകയും ചെയ്തു.



## റവ. സി. ഓർത്തൊലോന നെടുങ്ങനാൽ എഫ്.സി.സി.

പാലാ രൂപത പൂഞ്ഞാർ ഇടവകയിൽ നെടുങ്ങനാൽ തോമസ് -അന്ന ദമ്പതികളുടെ ഏഴു മക്കളിൽ ഇളയവളായി 4-2-1937 ൽ സി. ഓർത്തൊലോന ഭൂജാതയായി. 8-2-1937 ൽ അന്ന എന്ന പേരിൽ ജ്ഞാനസ്നാനം സ്വീകരിച്ചു. പൂഞ്ഞാർ എസ്.എം.വി.എച്ച്.എസിൽനിന്നും 1954 ൽ എസ്.എസ്.എൽ.സി. പാസ്സായ അമ്മ ഒരു ഉത്തമ ക്ലാര സന്ന്യാസിനി ആകണമെന്ന ആഗ്രഹത്തോടെ 1955-ൽ ഭരണങ്ങാനം ക്ലാരമഠത്തിൽ അർത്ഥിനിയായി ചേർന്ന് 1956 ൽ സഭാവസ്ത്രം സ്വീകരിച്ചു. 1957-ൽ പ്രഥമവ്രതവാഗ്ദാനവും 1960 ൽ നിത്യവ്രതവാഗ്ദാനവും ചെയ്തു.

സെന്റ് തെരേസാസ് ബി.റ്റി.എസ്. വാഴപ്പള്ളിയിൽനിന്ന് റ്റി.റ്റി.സി. പാസ്സായ അമ്മ പൂഞ്ഞാർ, ചെമ്മലമറ്റം, ഇടമറ്റം എന്നീ സ്കൂളുകളിൽ അധ്യാപി

കയായും ചൂണ്ടച്ചേരി സാൻജോസ് സ്കൂളിൽ എച്ച്.എം.ആയും സേവനമനുഷ്ഠിച്ചു. കുട്ടികളിൽ ദൈവാശ്രയവും മൂല്യബോധവും വളർത്തുന്നതിനായി യത്നിക്കുകയും, അവരെ നല്ല വ്യക്തിത്വത്തിനുടമകളാക്കുകയും ചെയ്തു. 34 വർഷം എൽ.പി., യു.പി. സ്കൂളുകളിൽ തീക്ഷ്ണമതിയായ ഒരു അധ്യാപികയായി സേവനമനുഷ്ഠിച്ചു. അധ്യാപനരംഗത്തുനിന്നും വിരമിച്ച അമ്മ മണിയംകുന്ന് ബാലികാഭവനത്തിലെ ശുശ്രൂഷകൾ 14 വർഷം വളരെ സന്തോഷത്തോടെ ഏറ്റെടുത്തു.

തന്റെ സന്ന്യാസജീവിതകാലയളവിൽ പൂഞ്ഞാർ, ചെമ്മലമറ്റം, ഇടമറ്റം, ഭരണങ്ങാനം, മണിയംകുന്ന്, കാക്കോളി എന്നീ മഠങ്ങളിൽ തന്റെ സേവനം കാഴ്ചവച്ചു. ഏല്പിക്കപ്പെട്ട ഉത്തരവാദിത്വങ്ങൾ ഭംഗിയായും കൃത്യനിഷ്ഠയോടെയും നിർവ്വഹിക്കുന്നതിൽ അമ്മ ഏറെ ശ്രദ്ധിച്ചിരുന്നു. ഒരു വിശുദ്ധയായിത്തീരുന്നതിനുള്ള ആഗ്രഹത്തോടെ എളിയജീവിതം നയിച്ച അമ്മ തന്റെ ജീവിതത്തിന്റെ മോട്ടോയായി സ്വീകരിച്ചത് ലോകസമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കുക എന്നതായിരുന്നു. ദിവ്യകാരുണ്യസന്നിധിയിൽ പ്രാർത്ഥനയ്ക്കായി അമ്മ എന്നും സമയം കണ്ടെത്തിയിരുന്നു. പ്രമേഹം, പ്രഷർ, ശ്വാസതടസ്സം തുടങ്ങിയ അസുഖങ്ങൾ അമ്മയെ അലട്ടിയിരുന്നെങ്കിലും തന്നാൽ കഴിയുന്ന സഹായങ്ങൾ സഭയ്ക്കും സമൂഹത്തിനുംവേണ്ടി ചെയ്തിരുന്നു.

20-02-2020-ന് അമ്മയ്ക്ക് പനിയും ശ്വാസതടസ്സവും അനുഭവപ്പെട്ടതിനാൽ മരിയൻ ആശുപത്രിയിലെ എം.ഐ.സി.യു.വിൽ പ്രവേശിപ്പിച്ചു. 25-ാം തീയതി ക്ഷീണം വർദ്ധിച്ചതിനാൽ റവ.ഫാ. ജോർജ് ഞാറക്കുന്നേൽ രോഗീലേപനം നൽകി. രോഗത്തിന് അല്പം ശമനം ഉണ്ടായതിനാൽ 17-3-2020-ന് മഠത്തിലേക്കു തിരിച്ചുകൊണ്ടുവരികയും ചെയ്തു. 8-4-2020 ന് വളരെ ക്ഷീണിതയായി കാണപ്പെട്ട അമ്മ വൈകിട്ട് 7-ന് നിത്യഗേഹത്തിലേക്കു യാത്രയായി. മൃതദേഹം പാലാ മരിയൻ ഹോസ്പിറ്റലിലെ മോർച്ചറിയിൽ വച്ചു. 9-ാം തീയതി ഉച്ചയ്ക്ക് 12-ന് മൃതദേഹം മഠം ചാപ്പലിൽ കൊണ്ടുവന്നു. ഭരണങ്ങാനം ഫൊറോന പള്ളിയിലെയും അസ്സീസി ആശ്രമത്തിലെയും ബഹു. വൈദികർ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചയ്ക്ക് 2-ന് ഭരണങ്ങാനം ഫൊറോന പള്ളി വികാരി റവ.ഫാ. അഗസ്റ്റിൻ തെരുവത്ത് സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് മൃതദേഹം ഭരണങ്ങാനം ഫൊറോന പള്ളിയിലേക്കു സംവഹിക്കപ്പെട്ടു. പള്ളിയിലെ കർമ്മങ്ങൾക്ക് പാലാ രൂപത വികാരി ജനറാൾ വെരി. റവ.ഡോ. ജോസഫ് തടത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ബഹു. ഓർത്തൊലോനാമ്മയുടെ മൃതദേഹം ഭരണങ്ങാനം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

സഭയെയും സഭാനിയമങ്ങളെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്ത ബഹു. ഓർത്തൊലോനാമ്മയെ പ്രിയനാഥൻ നിത്യകിരീടം അണിയിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.



## റവ. സി. അഗസ്റ്റിൻ മരിയ പാമ്പയ്ക്കൽ എഫ്.സി.സി.

പാലാ രൂപതയിൽ അന്ത്യാളം ഇടവകയിൽ ദൈവവിളിയാൽ സമ്പന്നമായ പാമ്പയ്ക്കൽ തറവാട്ടിൽ പരേതരായ തൊമ്മൻ അഗസ്തി-ഏലി ദമ്പതികളുടെ ഏഴു മക്കളിൽ ആറാമത്തെ സന്താനമായി ഏലിക്കുട്ടി 1940 മാർച്ച് 18-ന് ഭൂജാതയായി. മാമ്മോദീസായിൽ ഏലി എന്ന പേരു നല്കപ്പെട്ടു. പ്രവിത്താനം സെന്റ് മൈക്കിൾസ് സ്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി സൗജന്യ വിദ്യാഭ്യാസത്തിനുശേഷം 1958 നവംബർ 1-ന് ചെമ്മലമറ്റം ക്ലാരമഠത്തിൽ അർത്ഥിനിയായി ചേർന്നു. 1960 ഏപ്രിൽ 26-ന് സഭാവസ്ത്രവും അതേവർഷംതന്നെ മെയ് 2-ന് പ്രഥമവ്രതവാഗ്ദാനവും 1964 മെയ് 27-ന് നിത്യവ്രതവാഗ്ദാനവും ചെയ്തു.

1968 ൽ ആഗ്രാ യൂണിവേഴ്സിറ്റിയിൽനിന്നും ഹിന്ദി വിദ്വാൻ പാസാവുകയും തുടർന്ന് മഞ്ഞാമറ്റം, തീക്കോയി, കണ്ണാടിയുറുമ്പ്, കോതനല്ലൂർ, പൂഞ്ഞാർ നോർത്ത്, ളാലം, കൂട്ടിക്കൽ, പുലിയന്നൂർ, കല്ലൂർകുളം എന്നീ സ്കൂളുകളിൽ അദ്ധ്യാപികയായി സേവനം അനുഷ്ഠിക്കുകയും ചെയ്തു. കുട്ടികളിൽ അന്തർലീനമായിരിക്കുന്ന സർഗ്ഗവാസനകളെ കണ്ടെത്തി വളർത്തുകയും അറിവിന്റെ ബാലപാഠങ്ങൾ പകർന്നുകൊടുക്കുകയും ചെയ്തുകൊണ്ട് നന്മയുടെ പാതയിലൂടെ കുട്ടികളെ വളർത്തുവാൻ അമ്മ പ്രത്യേകം ശ്രദ്ധിച്ചിരിക്കുന്നു.

നല്ലതു ചിന്തിക്കുക, നല്ലതു പറയുക, നല്ലതു പ്രവർത്തിക്കുക എന്നതായിരുന്നു അമ്മയുടെ ജീവിതത്തിന്റെ മോട്ടോ. കഠിനാദ്ധ്വാനം, ആഴമായ ദൈവാശ്രയം, പാവങ്ങളോടുള്ള പരിഗണന, ദിവ്യബലി, ആരാധന, പ്രാർത്ഥന എന്നിവയിലുള്ള അതീവ തീക്ഷ്ണത, അധികാരവിധേയത്വം എന്നിവയെല്ലാം അമ്മയിൽ വിളങ്ങിയിരുന്ന ഗുണങ്ങളായിരുന്നു.

1989-ൽ അദ്ധ്യാപനജോലിയിൽനിന്നും വിരമിച്ച അഗസ്റ്റിൻ-മരിയാമ്മ ഭവനത്തിന്റെ വിവിധ ശുശ്രൂഷകളിൽ ഏർപ്പെട്ടു. സുപ്പീരിയർ, സോഷ്യൽ വർക്കർ, ഡിസ്പൻസർ, പാർലർ സിസ്റ്റർ തുടങ്ങി ഉത്തരവാദിത്വങ്ങൾ നിഷ്ഠയോടും കൃത്യതയോടുകൂടെ നിർവ്വഹിച്ചു. എളിമയും വിനയവും നിഷ്കളങ്കതയും അമ്മയുടെ അലങ്കാരമായിരുന്നു.

ബ. അഗസ്റ്റിൻ മരിയാമ്മ 2018 ഡിസംബർ 4-ന് മുറിയിൽ വീഴുകയും ശയ്യാവലംബിയാവുകയും ചെയ്തതിനാൽ കൂടുതൽ പരിചരണത്തിനായി 2018 ഡിസംബർ 8-ന് അമ്മയെ കൊൾബെ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. 2020 ഫെബ്രുവരി 21-ന് ക്ഷീണം വർദ്ധിച്ചതിനാൽ റവ.ഫാ. ജോർജ് മുളങ്ങാട്ടിൽ രോഗീലേപനം നല്കി. എന്നിരുന്നാലും ഫെബ്രുവരി 26-ന് വീണ്ടും രോഗം വർദ്ധിക്കുകയും സന്ന്യാസസഹോദരങ്ങളെല്ലാം പ്രാർത്ഥനാനിരതരായിരിക്കേ രാത്രി 11.15 ന് അമ്മയുടെ പാവനാത്മാവ് സ്വർഗ്ഗത്തിലേക്കു പറന്നുയർന്നു.

27-ാം തീയതി വൈകിട്ട് 4-ന് അമ്മയുടെ മൃതശരീരം മണിയംകുന്ന് മഠം കപ്പേളയിൽ കൊണ്ടുവന്നു. നിരവധി വൈദികർ അമ്മയ്ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

28-ാം തീയതി രാവിലെ 9-ന് റവ.ഫാ. ജോസഫ് പാമ്പയ്ക്കൽ വി.സി. യുടെ പ്രധാന കാർമ്മികത്വത്തിൽ സമൂഹബലിയോടെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. മണിയംകുന്ന് പള്ളി വികാരി റവ.ഫാ. സിറിയക് കൊച്ചുകൊപ്പെട്ടിയിൽ സഹകാർമ്മികനായിരുന്നു. തുടർന്ന് മൃതശരീരം പള്ളിയിലേക്കു സംവഹിക്കപ്പെട്ടു. പള്ളിയിലെ കർമ്മങ്ങൾക്ക് പാലാ രൂപതാ വികാരി ജനറാൾ വെരി. റവ. ഫാ. ജോസഫ് തടത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ധാരാളം സിസ്റ്റേഴ്സിന്റെയും ബന്ധുജനങ്ങളുടെയും നാട്ടുകാരുടെയും സാന്നിദ്ധ്യത്തിൽ ബഹു. അഗസ്റ്റാമ്മയുടെ മൃതദേഹം മണിയംകുന്ന് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. സഭയെയും സഭാനിയമങ്ങളെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്ത ബ. അഗസ്റ്റിൻ മരിയാമ്മയെ സർവ്വശക്തൻ നിത്യകിരീടം അണിയിക്കട്ടെയെന്നു നമുക്കു പ്രാർത്ഥിക്കാം.



## റവ. സി. ഫ്ളവർലെറ്റ് മാധവത്ത് എഫ്.സി.സി.

പാലാ കത്തീഡ്രൽപള്ളി ഇടവക മാധവത്ത് പരേതരായ തൊമ്മച്ചൻ, അന്നമ്മ ദമ്പതികളുടെ 13 മക്കളിൽ 5-ാമത്തെ മകളായി കൊച്ചുത്രേസ്യാ എന്ന് മാമ്മോദീസാപ്പേരും തങ്കമണി എന്ന് വിളിപ്പേരുമുള്ള സി. ഫ്ളവർലെറ്റ് 02.03.1940-ൽ ജനിച്ചു. 1958-ൽ ളാലം സെന്റ് മേരീസ് ഹൈസ്കൂളിൽനിന്ന് എസ്.എസ്.എൽ.സി. പാസ്സായി. 1959-ൽ രാമപുരത്തുള്ള എഫ്.സി.സി. വിമലഗിരി നൊവിഷ്യേറ്റ് ഹൗസിൽ സന്ന്യാസാർത്ഥിനിയായി ചേർന്നു. പ്രീ-പോസ്റ്റ്യുലൻസി, പോസ്റ്റ്യുലൻസി, നൊവിഷ്യേറ്റ് എന്നിവയ്ക്കു ശേഷം 1961 ഏപ്രിൽ 20ന് സഭാവസ്ത്രസ്വീകരണവും മെയ് 27-ന് ആദ്യവ്രതവാഗ്ദാനവും "പൂവിതൾ" എന്നർത്ഥമുള്ള 'ഫ്ളവർലെറ്റ്' എന്ന നാമധേയവും സ്വീകരിച്ചു. 1961, 62 വർഷങ്ങളിൽ സെന്റ് മേരീസ് എൽ.പി. സ്കൂളിൽ പഠിപ്പിച്ചതിനുശേഷം 1964-ൽ പാലാ സെന്റ് തോമസ് ട്രെയിനിംഗ് സ്കൂളിൽനിന്നും റ്റി.റ്റി.സി പാസ്സായി. 1995 മാർച്ച് 31 ന് റിട്ടർ ചെയ്യുന്നതുവരെ ളാലം സെന്റ് മേരീസ് എൽ.പി.സ്കൂൾ, യു.പി. സ്കൂൾ, മണിയംകുന്ന്, ഭരണങ്ങാനം എന്നീ സ്കൂളുകളിൽ ജോലി ചെയ്തു. വിശ്വാസപരിശീലക, മിഷൻലീഗ് വൈസ് ഡയറക്ടർ എന്നീ നിലകളിൽ 50 വർഷത്തിലേറെ സേവനം ചെയ്തു. 43 വർഷം ളാലം ലിറ്റിൽ ഫ്ളവർ മഠാംഗമായിരുന്ന സിസ്റ്റർ 12 വർഷം സെന്റ് സേവ്യേഴ്സ് മഠത്തിലും, മണിയംകുന്ന്, ഭരണങ്ങാനം, പുലിയന്നൂർ, കലാനിലയം, ബാലികാഭവൻ, വേദഗിരി, വാലാച്ചിറ, കുമ്മണ്ണൂർ, മംഗളാരാം എന്നീ മഠങ്ങളിൽ രണ്ടുവർഷം വീതവും താമസിച്ചിട്ടുണ്ട്. വാലാച്ചിറ, മംഗളാരാം മഠങ്ങളുടെ ആരംഭകാലത്ത് അസിസ്റ്റന്റ് മദറായി സേവനം ചെയ്തിട്ടുണ്ട്. 2011-ൽ സന്ന്യാസജീവിതത്തിന്റെ സുവർണ്ണജൂബിലി ആഘോഷിച്ചു. സങ്കീർത്തിക്കാരി, ബോർഡിങ്ങ് മിസ്ട്രസ്,

സെക്രട്ടറി, ട്രഷറർ, കൗൺസിലർ, പാർലർ സിസ്റ്റർ, ഡിസ്പെൻസർ, സോഷ്യൽവർക്കർ, ജൂനിയർ മിസ്ട്രസ് എന്നീ നിലകളിൽ അമ്മ സേവനം ചെയ്തു.

വി. കൊച്ചുത്രേസ്യായെ സ്വർഗ്ഗീയ മധ്യസ്ഥയായി സ്വീകരിച്ച സിസ്റ്ററിന്റെ മാർഗ്ഗം വി. കൊച്ചുത്രേസ്യായുടെ ആധ്യാത്മിക ശിശുത്വമായിരുന്നു. 'ഒരു യഥാർത്ഥ ഫ്രാൻസിസ്കൻ സന്ന്യാസിനിയായി ജീവിക്കുക' എന്നതായിരുന്നു ജീവിതാദർശം.

നാലരവയസ്സിൽ വന്ന ടൈഫോയ്ഡിനുശേഷം വിവിധ രോഗങ്ങൾ ഇടയ്ക്കിടെ അലട്ടിക്കൊണ്ടിരുന്നു. ഫൈബ്രോയിഡ് ട്യൂമർ, അൾസർ എന്നിവമൂലം വയറ്റിൽ അസ്വസ്ഥതകളുണ്ടായിരുന്നു. ഫെബ്രുവരി അവസാനത്തോടെ ഭക്ഷണം ഇറക്കാൻ പ്രയാസമായി. ജലദോഷത്തെത്തുടർന്ന് മാർച്ച് 8-ാം തീയതി മരിയൻ മെഡിക്കൽ സെന്ററിൽ അഡ്മിറ്റായി. ആരോഗ്യനില വഷളായതിനെതുടർന്ന് മെഡിക്കൽ ICUവിൽ പ്രവേശിപ്പിച്ചു. മാർച്ച് 20-ാം തീയതി ശ്വാസതടസ്സം അനുഭവപ്പെട്ടതിനാൽ 12 മണിക്ക് മരിയൻ മെഡിക്കൽ സെന്റർ ചാപ്ലെൻ റവ. ഫാ. ജോർജ്ജ് ഞാറക്കുന്നേൽ രോഗീലേപനം നൽകി. സഭാംഗങ്ങളും ബന്ധുമിത്രാദികളും പ്രാർത്ഥനാപൂർവ്വം അരികിലായിരിക്കേ മാർച്ച് 20-ാം തീയതി രാത്രി 10 മണിക്ക് ഫ്ളവർലെറ്റമ്മയുടെ പാവനാത്മാവ് സ്വർഗത്തിലേക്കു പറന്നുയർന്നു.

2020 മാർച്ച് 21-ന് 10 മണിക്ക് മൃതദേഹം ളാലം മഠം ചാപ്പലിൽ എത്തിച്ചു. ബന്ധുമിത്രാദികളും ഇടവകക്കാരും നാട്ടുകാരും ശിഷ്യഗണങ്ങളും ആദരാഞ്ജലികൾ അർപ്പിച്ചു. 3 pm ന് ളാലം പള്ളി വികാരി ഫാ. ജോൺസൺ പുള്ളീറ്റിന്റെയും അസിസ്റ്റന്റ് വികാരിമാരുടെയും നേതൃത്വത്തിൽ സംസ്ക്കാരശുശ്രൂഷകൾ ആരംഭിച്ചു. പള്ളിയിലെ ശുശ്രൂഷകൾക്ക് റവ. ഫാ. സിബി പാറടിയിൽ കപ്പൂച്ചിൻ നേതൃത്വം നൽകി. 3.45 pm ന് ളാലം പള്ളി സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു. കാരുണ്യവാനായ ദൈവം തന്റെ ദാസിയുടെ ആത്മാവിന് നിത്യശാന്തി നൽകട്ടെ എന്നു നമുക്ക് പ്രാർത്ഥിക്കാം.



## മദർ പയസ് എഫ്.സി.സി. പാലാ

പാലാ രൂപതാ കിഴപറയാർ ഇടവക പുളിക്കത്തടത്തിൽ ദേവസ്യാ, മറിയം ദമ്പതികളുടെ 4 മക്കളിൽ 4-ാമത്തെ സന്താനമായി, 1929 മാർച്ച് 20ന് ചിന്നമ്മ ജനിച്ചു. മാമ്മോദീസായിൽ അന്നമ്മ എന്ന നാമം സ്വീകരിച്ചു. പ്രാഥമിക - ഹൈസ്കൂൾ വിദ്യാഭ്യാസം പാലാ സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിൽനിന്നും പൂർത്തിയാക്കിയ അന്നമ്മ, 1949 മെയ് 4-ാം തീയതി പാലാ ളാലം മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1950 ഏപ്രിൽ 27-ാം തീയതി സഭാവസ്ത്രം സ്വീകരിച്ച് സി. പയസ് എന്ന നാമം സ്വീകരിച്ച അമ്മ 1952-53 കാലയളവിൽ കല്ലൂർക്കുളം മഠത്തിൽ നോവിഷ്യേറ്റ്

പൂർത്തിയാക്കിയശേഷം 1953-ൽ പ്രഥമവ്രതവാഗ്ദാനവും 1956-ൽ നിത്യവ്രതവാഗ്ദാനവും നടത്തി. തൃശൂർ സെന്റ് മേരീസ് കോളേജിൽനിന്ന് പി.യു.സി.യും, ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് കോളേജിൽനിന്ന് ബി.എ ബിരുദവും എറണാകുളം സെന്റ് ജോസഫ്സ് ബിഎഡ് കോളേജിൽനിന്ന് ബി.എഡ്ഡും, അമേരിക്കയിലെ Pitt Universityയിൽനിന്ന് അമേരിക്കൻ ഹിസ്റ്ററിയിൽ ബിരുദാനന്തരബിരുദവും കരസ്ഥമാക്കിയ പയസമ്മ, 10 വർഷക്കാലം പാലാ സെന്റ് മേരീസ് ഹൈസ്കൂളിലും, 19 വർഷം പാലാ അൽഫോൻസാ കോളേജിലും അദ്ധ്യാപികയായും 14 വർഷക്കാലം മരിയൻ മെഡിക്കൽസെന്ററിന്റെ അഡ്മിനിസ്ട്രേറ്ററായും സേവനമനുഷ്ഠിച്ചു.

1965-69ൽ റോമിലെ റെജീനാ മുന്തി യൂണിവേഴ്സിറ്റിയിൽനിന്ന് ദൈവശാസ്ത്രപഠനം പൂർത്തിയാക്കി തിരിച്ചെത്തിയ ബഹു. പയസമ്മയ്ക്ക് എഫ്.സി.സി. പാലാ അൽഫോൻസാ പ്രോവിൻസിൽ ആത്മീയതയുടെ നവോന്മേഷം പകർന്നുനൽകാൻ സാധിച്ചു. 1970 മുതൽ 1977 വരെയും 1989-1994വരെയും എഫ്.സി.സി. പാലാ അൽഫോൻസാ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി, 12 വർഷക്കാലം ബഹു. പയസമ്മ ശുശ്രൂഷ ചെയ്തു. എഫ്.സി.സി. യൂണിഫിക്കേഷൻ കമ്മിറ്റിയിലെ ഒരംഗമായും പ്രൊവിൻഷ്യൽ കൗൺസിലർ എന്ന നിലയിലും അനേകം എഫ്.സി.സി തനയരുടെ ആത്മീയ മാതൃത്വം ഏറ്റെടുത്ത വാത്സല്യനിധിയും നിഷ്കളങ്കയുമായ ഒരു അമ്മയായിരുന്നു പയസമ്മ. അധികാരശുശ്രൂഷയിൽനിന്ന് വിരമിച്ചശേഷവും സഭാതനയരുടെ ആത്മീയവളർച്ചയിൽ ഏറെ ശ്രദ്ധ ചെലുത്തിയിരുന്ന ഒരു സഭാ സ്നേഹിയായിരുന്നു. 1994-ൽ തന്റെ ഔദ്യോഗിക ശുശ്രൂഷാദൗത്യത്തിൽനിന്ന് പിൻവാങ്ങിയ പയസമ്മ അന്നുമുതൽ 2020 വരെ സെറാഫിക് മഠത്തിലായിരുന്നു തന്റെ ശുശ്രൂഷകൾ ചെയ്തിരുന്നത്. 1994 മുതൽ 2009 വരെ പാലാ പ്രോവിൻസിലെ ഫോർമേഷൻ ടീമിൽ അതീവ തീക്ഷ്ണതയോടെ പ്രവർത്തിച്ചു. അതിനിടയിൽ 3 വർഷക്കാലം സെറാഫിക് മഠത്തിന്റെ സുപ്പീരിയറായി അമ്മ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

തന്റെ സമർപ്പണജീവിതത്തിൽ, നിഷ്കളങ്കമായ സ്നേഹത്തിന്റെയും, ആഴമായ വിശ്വാസത്തിന്റെയും വിശുദ്ധമായ നിയോഗങ്ങളുടെയും, ജീവിത ലാളിത്യത്തിന്റെയും, അധികാരവിധേയത്വത്തിന്റെയും ഉത്തമമാതൃകയും പ്രചോദനവുമായിരുന്നു ബഹു. പയസമ്മ. വി. അൽഫോൻസാമ്മയെ നേരിൽ കാണാനും, അടുത്ത് ഇടപഴകാനും സാധിച്ച പയസ്സമ്മയ്ക്ക് വിശുദ്ധിയുടെ പുണ്യപരിമളത്താൽ തന്റെ ജീവിതം കരുപ്പിടിപ്പിക്കാൻ കഴിഞ്ഞു. അൽഫോൻസാമ്മയെക്കുറിച്ച് കേൾക്കുമ്പോഴും, പറയുമ്പോഴും, അമ്മയുടെ ഹൃദയം വികാര തരളിതമാവുന്നത് കാണാൻ കഴിയുമായിരുന്നു. അമ്മയുടെ അടുത്തുവരുന്ന ആരോടും, പ്രായഭേദമെന്യേ, അൽഫോൻസാമ്മയുടെ വിശുദ്ധ ഗുണങ്ങളെക്കുറിച്ച് സംസാരിക്കാതെ പറഞ്ഞുവിടാറില്ല. ഒരു ചെറു പുഞ്ചിരിയോടെ എപ്പോഴും കാണപ്പെടുന്ന അമ്മ, തന്റെ അടുക്കൽ വരുന്നവരോട് - ഈശോയെ സ്നേഹിക്കണം, സഹിക്കണം, ഒരു വിശുദ്ധയാകണം എന്നൊക്കെയുള്ള സദുപദേശങ്ങൾ

- പ്രോവിൻസിലെ ഏറ്റവും ഇളയ അംഗത്തിനുപോലും നൽകുന്നതിൽ ശ്രദ്ധാലുവായിരുന്നു. അനാരോഗ്യംമൂലം സമൂഹത്തിനു വെളിയിൽ പോയി ക്ലാസ്സുകൾ എടുക്കുവാനോ, ആനിമേഷൻ നടത്തുവാനോ സാധിക്കാതെ വന്നപ്പോൾ, അൽഫോൻസാമ്മയുടെ പടങ്ങൾ ശേഖരിച്ച് തിരുശേഷിപ്പുകളാക്കി, അനേകായിരങ്ങൾക്കു വിതരണം ചെയ്ത് ഒരു പ്രേഷിതയായി മാറി. തെളിമയാർന്ന ലാളിത്യത്തിന്റെ ഉടമയായിരുന്ന അമ്മ, അധികാരികളോട് അങ്ങേയറ്റം വിധേയത്വവും സ്നേഹവും പ്രകടിപ്പിച്ചിരുന്നു. 'മോളേ സാരമില്ല' എന്ന ഒരു വാക്കും തോളിൽ തട്ടിയുള്ള ഒരു സ്നേഹത്തലോടലും, പോസിറ്റീവ് ചിന്തകളും എല്ലാം സഭാതനയർക്ക് എപ്പോഴും ഒരു ശക്തിയും പ്രോത്സാഹന വുമായിരുന്നു. പ്രായത്തിന്റെ ക്ഷീണവും, അസ്വസ്ഥതകളും, ഓർമ്മക്കുറവുകളു മൊക്കെ ഉണ്ടായപ്പോഴും അമ്മയുടെ നാവിൽനിന്ന് ഒരു പരാതിയോ പരിഭവമോ കേൾക്കാനിടയായിട്ടില്ല. പയസമ്മ ആരുടെയും കുറ്റം പറയുകയോ, മറ്റുള്ളവരെ ക്കുറിച്ചു മോശമായി സംസാരിക്കാൻ അനുവദിക്കുകയോ ചെയ്യാത്ത ഒരു മഹത്വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. അത്രമാത്രം ദൈവികജ്ഞാനമുണ്ടാ യിരുന്നു ഈ ജീവിതത്തിന് നിശബ്ദമായ സഹനത്തിലൂടെയും, നിസ്വാർത്ഥമായ സ്നേഹത്തിലൂടെയും, ശാന്തമായ പെരുമാറ്റത്തിലൂടെയും, അനേകരുടെ ഹൃദയങ്ങളിൽ ഇടം കണ്ടെത്തുവാൻ അമ്മയ്ക്കു കഴിഞ്ഞു. പാവപ്പെട്ടവരോടും ഭവനത്തിലെ ജോലിക്കാരോടുമൊക്കെ പ്രത്യേക സ്നേഹവും, കരുതലിന്റെ ഭാവവും ഉള്ളിൽ നിറച്ചിരുന്നു. അധികാരശുശ്രൂഷ നിർവ്വഹിക്കുന്നവർക്കും, സമർപ്പിതസഹോദരങ്ങൾക്കും, പരിശീലനത്തിലായിരിക്കുന്നവർക്കും, വേണ്ടത് വേണ്ടതുപോലെ, വേണ്ടസമയത്ത് നൽകാനുള്ള ഉൾവെളിച്ചം അമ്മയിൽ ജ്വലിച്ചിരുന്നു. 2017 മുതൽ ചെറിയ തോതിൽ ഓർമ്മക്കുറവുകൾ അമ്മയെ അലട്ടിയിരുന്നെങ്കിലും സമൂഹപ്രാർത്ഥന, സമൂഹഭക്ഷണം, ഉല്ലാസം എന്നിവ യിലെല്ലാം ഒരു നിറസാന്നിദ്ധ്യമായിരുന്നു. തീർത്തും ശയ്യാവലംബയായി ത്തീരുന്നതിനു മുമ്പ് അമ്മ സ്വന്തം കൈപ്പടയിൽ തന്റെ മരണത്തിനൊരുങ്ങുന്ന തിനെക്കുറിച്ച് എഴുതിയത് ശ്രദ്ധേയമാണ്. "രാത്രി കഴിഞ്ഞു. പുലരിയായി മുറിയിലെ വിളക്ക് അണഞ്ഞു. ഇതാ ഞാൻ വിളി കേൾക്കുന്നു. ഞാൻ എന്റെ യാത്രയ്ക്ക് ഒരുങ്ങികഴിഞ്ഞു.'' ഒഴിഞ്ഞ കരത്തോടും പ്രതീക്ഷയാർന്ന ഹൃദയത്തോടുംകൂടി ഞാൻ എന്റെ യാത്ര സമാരംഭിക്കുന്നു. ഇക്കാലയളവിൽ നിശ്ശബ്ദമായി അമ്മ മരണത്തിനൊരുങ്ങുകയായിരുന്നു.

2019 ഏപ്രിൽ 14-ാം തീയതി ചെറിയ ഒരു വീഴ്ചയെത്തുടർന്ന് ശയ്യാവലംബ യായിത്തീർന്ന പയസമ്മ, തന്റെ അടുത്തു വരുന്നവരെയും തന്നെ ശുശ്രൂഷിക്കുന്ന വരെയും സന്തോഷിപ്പിക്കുന്നതിൽ ശ്രദ്ധാലുവായിരുന്നു. രോഗക്കിടക്കയിൽ ആയിരിക്കുമ്പോഴും എന്റെ ഈശോയേ, എന്റെ അമ്മേ എന്ന് വിളിച്ച് നിർത്താതെ പ്രാർത്ഥിക്കുന്നതിനു കേൾക്കുമ്പോൾ, ഈശോയെ നേരിൽകണ്ട് സംസാരിക്കു ന്നതുപോലെ തോന്നുമായിരുന്നു. ഈശോയേ, എനിക്ക് ശക്തിതരണമേ, കൂടുതൽ സഹിക്കാൻ ശക്തി തരണമേയെന്ന് നിരന്തരം പ്രാർത്ഥിക്കുമായിരുന്നു. ആഴമായ പ്രാർത്ഥനാജീവിതത്തിന്റെയും ലാളിത്യത്തിന്റെയും ബാഹ്യപ്രകടനമായിരുന്നു

രോഗക്കിടക്കയിൽപോലും ദൃശ്യമായത്. "Die daily for Jesus crucified"എന്ന അമ്മയുടെ ആദർശവാക്യം ജീവിതംകൊണ്ട് പ്രാവർത്തികമാക്കി. ഏതാനും മാസങ്ങൾക്കുമുമ്പ് അമ്മയുടെ ആരോഗ്യനില മോശമായിത്തുടങ്ങി. എങ്കിലും പ്രാർത്ഥനാപൂർവ്വം എല്ലാം സ്വീകരിക്കാൻ കഴിഞ്ഞിരുന്നു. 2020 ഏപ്രിൽ 11 ദുഃഖശനിയാഴ്ച അമ്മയ്ക്ക് ഛർദ്ദിയും പനിയും അനുഭവപ്പെട്ടതിനെത്തുടർന്ന് മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു. വിദഗ്ദ്ധപരിചരണം ലഭിച്ചുവെങ്കിലും ഫലമുണ്ടായില്ല. 2020 ഏപ്രിൽ 16-ാം തീയതി രാവിലെ 5.30ന് അമ്മയുടെ പാവനാത്മാവ് ദിവ്യനാഥ സന്നിധിയിലേക്കു പറന്നുപോയി.

'ജീവിതംപോലെതന്നെ മരണവും' എന്ന ചൊല്ല് അന്വർത്ഥമാക്കി, ശാന്തമായി പയസമ്മ നമ്മോട് വിടചൊല്ലി. അനേകം ശിഷ്യഗണങ്ങളും, സ്വന്തക്കാരും, ആത്മീയമക്കളുമെല്ലാം അരികിലെത്തി അന്ത്യചുംബനം അർപ്പിക്കാനും, ആദരവ് ഏറ്റുവാങ്ങുവാനും നോക്കിനിൽക്കാതെ അമ്മ യാത്രയായി. ലളിതമായി ജീവിച്ചു, ലളിതമായി മരിച്ചു. ലളിതമായി സംസ്കരിക്കുന്നു. ആരവങ്ങളില്ല, ആഘോഷങ്ങളില്ല, ആർഭാടങ്ങളില്ല, ആൾക്കൂട്ടങ്ങൾ ഇല്ല, - ലാളിത്യത്തിന്റെ സമർപ്പിത ഇതാ നമ്മോട് യാത്ര ചോദിക്കുന്നു. വി. അൽഫോൻസാമ്മയുടെ മൃതസംസ്കാരചടങ്ങ് നമ്മുടെ ഓർമ്മയിൽ തെളിയുന്നുണ്ടാവാം. ഈ മൃതസംസ്കാരവും ഒരു വിശുദ്ധയുടെ ഓർമ്മ നമ്മിൽ ഉണർത്തട്ടെ. എഫ്.സി.സി. പാലാ പ്രോവിൻസിന്റെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ച്, അനേകർക്ക് വിശുദ്ധിയുടെ പാതയിൽ മുന്നേറാൻ മാർഗ്ഗദർശിയായി മാറിയ ഒരു വിശുദ്ധ ജന്മം. പയസമ്മ മരിക്കുന്നില്ല; ഇനിയും ജീവിക്കും; അനേകം മക്കളുടെ ഓർമ്മകളിൽ.

17.04.2020 1.45ന് മഠം ചാപ്പലിൽ ആരംഭിച്ച മൃതസംസ്കാരകർമ്മങ്ങൾക്ക് അരുണാപുരംപള്ളി വികാരി റവ. ഫാ. മാത്യു പുല്ലുകാലായിൽ കാർമ്മികത്വം വഹിച്ചു. എപ്പോഴും പുഞ്ചിരിയോടുകൂടിയാണ് പയസമ്മ കാണപ്പെട്ടതെന്നും, ലാളിത്യവും വി. അൽഫോൻസാമ്മയോടുള്ള ഭക്തിയും അമ്മയിൽ വിളങ്ങിയിരുന്ന പ്രത്യേകതകളായിരുന്നുവെന്ന് അച്ചൻ തന്റെ അനുശോചനസന്ദേശത്തിൽ പറഞ്ഞു. 2.15 PMന് മൃതദേഹം അരുണാപുരം പള്ളിയിലേക്കു സംവഹിക്കപ്പെട്ടു. ദേവാലയത്തിലെ കർമ്മങ്ങൾക്ക്, പാലാ രൂപതാ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ മുഖ്യകാർമ്മികത്വം വഹിച്ചു. അമ്മയുടെ ശുശ്രൂഷകളെക്കുറിച്ചും, കർമ്മശേഷിയെക്കുറിച്ചും അഭിവന്ദ്യ പിതാവ് ഊന്നിപ്പറയുകയും, ഒരു സമർപ്പിത എന്ന നിലയിൽ സഭയ്ക്കു നൽകിയ സേവനങ്ങൾക്ക് കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തു. തുടർന്ന് മൃതദേഹം അരുണാപുരം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. കാരുണ്യവാനായ ദൈവം തന്റെ വിശ്വസ്തദാസിയെ നിത്യകിരീടമണിയിക്കട്ടെ.

# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

| | | MARCH 2020 |
|---|---|---|
| 1 | | അദിലാബാദ് മിഷൻ പ്രദേശങ്ങൾ സന്ദർശിച്ചു. |
| 2 | 09.00 am | രാമപുരം ഇടവകയിൽ ബഹു. കാര്യപ്പുറം ജോസഫ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 3 | 09.30 am | സെന്റ് ജോസഫ്സ് എൻജിനീയറിംഗ് കോളേജിൽ വച്ചു നടന്ന ഇന്റർ എപ്പാർക്കിയൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 4 | 06.30 pm | കടനാട് ഇടവകയിൽ വാളികുളത്ത് മേരിയുടെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 5 | 10.00 am | വാഗമൺ മൗണ്ട് നെബോ ധ്യാനകേന്ദ്രത്തിൽ സംഘടിപ്പിച്ച റീജൻസി ബ്രദേഴ്സിന്റെ ധ്യാനത്തിൽ സംബന്ധിച്ചു. |
| 6 | 03.00 pm | അരമനയിൽ പാലാ കാരിത്താസ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 7 | 02.00 pm | ളാലം പഴയപള്ളിയുടെ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച വനിതാദിനം ഉദ്ഘാടനം ചെയ്തു. |
| 8 | 07.00 am | പ്രവിത്താനം ഇടവകയിൽ മദ്യവിരുദ്ധ ഞായറിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. |
| 9 | 03.30 pm | ചൂണ്ടച്ചേരി ഹോട്ടൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഗവേർണിംഗ് ബോഡി മീറ്റിംഗിൽ സംബന്ധിച്ചു. |
| 10 | 04.30 pm | അരമനയിൽ എസ്.എം.വൈ.എം.ന്റെ നേതൃത്വത്തിൽ കൊറോണയ്ക്കെതിരേ സോഷ്യൽ മീഡിയയിൽക്കൂടിയുള്ള ബോധവത്കരണ പരിപാടികൾ ഉദ്ഘാടനം ചെയ്തു. |

| | | |
|---|---|---|
| 16 | 03.00 pm | അരമനയിൽ വച്ച് എ.ഡി.സി.പി. എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 18-19 | | കത്തീഡ്രലിൽ കൊറോണ രോഗംമൂലം വിഷമിക്കുന്ന എല്ലാവർക്കുംവേണ്ടി ഈശോയെ എഴുന്നള്ളിച്ചു ആരാധന നടത്തി. |
| 28 | 08.30 am | കത്തീഡ്രലിൽ ബഹു. ജോസ് നെല്ലിക്കാത്തെരുവി ലച്ചന്റെ പിതാവിന്റെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | | **APRIL 2020** |
| 5 | 07.00 am | കത്തീഡ്രലിൽ ഓശാന തിരുക്കർമ്മങ്ങളിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 9 | 07.00 am | കത്തീഡ്രലിൽ പെസഹാ വ്യാഴാഴ്ച തിരുക്കർമ്മങ്ങ ളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 12 | 07.00 am | കത്തീഡ്രലിൽ ഈസ്റ്റർ തിരുക്കർമ്മങ്ങളിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 13 | 02.30 pm | ബഹു. സെബാസ്റ്റ്യൻ മാമ്പള്ളിക്കുന്നേലച്ചന്റെ അമ്മ യുടെ മൃതസംസ്കാരച്ചടങ്ങുകൾക്ക് ഭവനത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 15 | 11.00 am | എറണാകുളം, ചക്കരപ്പറമ്പ് ഇടവകയിൽ ബഹു. ജോസ് കാക്കല്ലിലച്ചന്റെ ജ്യേഷ്ഠസഹോദരനായ ശ്രീ മാത്തുകുട്ടി കെ.എം.ന്റെ മൃതസംസ്കാരച്ചടങ്ങു കൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം നേതൃത്വം വഹിച്ചു. |
| | 05.00 pm | പാലാ ഗവൺമെന്റ് ആശുപത്രി കവലയിൽ പൊതു ജനങ്ങളും പോലീസിനുംവേണ്ടി എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ നിർമ്മിച്ച മാസ്കുകളുടെ വിത രണം ഉദ്ഘാടനം ചെയ്തു. |
| 17 | 11.00 am | പാലാ മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ നട ത്തിയ കമ്മ്യൂണിറ്റി കിച്ചൻ സന്ദർശിച്ചു. |
| | 03.00 pm | ചെമ്മലമറ്റം ഇടവകയിൽ ബഹു. തോമസ് തോട്ടുങ്ക ലച്ചന്റെ അമ്മയുടെ മൃതസംസ്കാരച്ചടങ്ങുകൾക്ക് ഭവ നത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |

| | | |
|---|---|---|
| 29 | 12.15 pm | അരമനയിൽ പി.എസ്.ഡബ്ല്യു.എസ്.ന്റെ നേതൃത്വത്തിൽ നടത്തിയ ഭക്ഷണക്കിറ്റ് വിതരണം ഉദ്ഘാടനം ചെയ്തു. |
| | | **MAY 2020** |
| 5 | 10.00 am<br><br>02.30 pm | അരമനയിൽ എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ നിർമ്മിച്ച മാസ്ക് വിതരണം ഉദ്ഘാടനം ചെയ്തു.<br>ഇടുക്കി രൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകളിൽ സംബന്ധിച്ചു. |
| 7 | 02.00 pm | ഉരുളികുന്നം ഇടവകയിൽ അഭിവന്ദ്യ ജോസഫ് സ്രാമ്പിക്കൽ പിതാവിന്റെ ജ്യേഷ്ഠസഹോദരൻ അഡ്വ. മാത്യുവിന്റെ മൃതസംസ്കാരച്ചടങ്ങുകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 8 | 10.00 am | കിഴതടിയൂർ ഇടവകയിൽ വിൻസെന്റ് ഡി പോൾ സംഘടനയുടെ നേതൃത്വത്തിൽ ഭക്ഷണക്കിറ്റ് വിതരണം ചെയ്തു. |
| 10 | 02.00 pm | കടനാട് ഇടവകയിൽ ബഹു. അലക്സാണ്ടർ കോഴിക്കോട്ടച്ചന്റെ സഹോദരനായ ശ്രീ ജോയിച്ചന്റെ മൃതസംസ്കാരചടങ്ങുകൾക്ക് ഭവനത്തിൽ നേതൃത്വം വഹിച്ചു. |
| 19 | 03.00 pm | അരമനയിൽ അഡാർട്ടിന്റെ മാനേജിംഗ് കമ്മറ്റി മീറ്റിംഗിൽ സംബന്ധിച്ചു. |
| 23 | 08.30 am | അരമനയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ നേതൃത്വത്തിൽ നിർമ്മിച്ച 'Hand Free' സാനിറ്റൈസർ മെഷീൻ ഉദ്ഘാടനത്തിൽ സംബന്ധിച്ചു. |
| | 10.00 am | പാലാ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ കദളിക്കാട്ടിൽ മത്തായിച്ചന്റെ ശ്രാദ്ധത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. |
| | 04.00 pm | പ്ലാശനാൽ ഇടവകയിൽ തെങ്ങുകൃഷി ഉദ്ഘാടനം ചെയ്തു. |
| 28 | 02.30 pm | അരമനയിൽ ഷാലോം മീറ്റിംഗിൽ സംബന്ധിച്ചു. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

| | | MARCH 2020 |
|---|---|---|
| 1 | 03.00 pm | കാർമ്മൽ ഹോസ്പിറ്റലിൽ നെല്ലിയാനി ഇടവകാംഗമായ രോഗിയെ സന്ദർശിച്ചു പ്രാർത്ഥിച്ചു. |
| | 04.30 pm | മരങ്ങാട്ടുപള്ളി ഇടവക കൺവെൻഷനിൽ പരി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. |
| 02 | 06.00 am | എസ്.എം.എസ്. ജനറലേറ്റിൽ വി. കുർബാന അർപ്പിച്ചു. |
| | 09.00 am | ബഹു. ജോസഫ് കാര്യപ്പുറം അച്ചന്റെ മൃതസംസ്കാരച്ചടങ്ങുകളക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 03.00 pm | പാലകര എൽ.പി.സ്കൂളിന്റെ ശതാബ്ദി ചടങ്ങിൽ പങ്കെടുത്തു. |
| 03 | 09.30 am | സെന്റ് ജോസഫ്സ് എൻജിനീയറിംഗ് കോളേജിൽ വച്ചു നടന്ന ഇന്റർ എപ്പാർക്കിയൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 04.00 pm | ചിറ്റാർ പള്ളിയിൽ കൺവെൻഷനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 04 | 05.30 pm | തുടങ്ങനാട് ഫൊറോന പള്ളിയിലെ കൺവെൻഷനിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. |
| 05 | 02.00 pm | മല്ലികശ്ശേരി സെന്റ് ഡൊമിനിക് യു.പി. സ്കൂൾ വാർഷികത്തിൽ പങ്കെടുത്തു. |
| 06 | 06.15 am | പാലയ്ക്കാട്ടുമല എസ്.എം.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന അർപ്പിച്ചു. |
| | 09-12 pm | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |

| | | |
|---|---|---|
| 7 | 10-4 pm | പി.ഒ.സി.യിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| 09 | 07.00 am | വാഗമൺ മൗണ്ട് നെബൊ ധ്യാനകേന്ദ്രത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 11 | 03.00 pm | ചക്കാമ്പുഴ വഞ്ചിത്താനത്ത് അച്ചാമ്മയുടെ മൃതസംസ്കാരച്ചടങ്ങുകൾക്ക് വീട്ടിൽ മുഖ്യകാർമ്മികത്വം നൽകി. |
| 16 | 2.00 pm | ബഹു. സി. ബംബീന മുരിക്കൻ എസ്.എ.ബി.എസ്.ന്റെ മൃതസംസ്കാരച്ചടങ്ങുകൾക്ക് മുത്തോലപുരം പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 18 | 09.00 am | ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി രൂപതകളിലെ അഭിവന്ദ്യ പിതാക്കന്മാരെ സന്ദർശിച്ച് നാമഹേതുകത്തിരുനാൾ മംഗളങ്ങൾ നൽകി. |
| 21 | 11.00 am | ളാലം എഫ്.സി.സി. മഠത്തിൽ സി. ഫ്ളവർലെറ്റ് മാധവത്ത് എഫ്.സി.സി.യുടെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 28 | 10.00 am | ബഹു. ജോസ് നെല്ലിക്കാത്തെരുവിലച്ചന്റെ പിതാവിന്റെ മൃതസംസ്കാരച്ചടങ്ങുകൾക്ക് കത്തീഡ്രലിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | | **APRIL 2020** |
| 10 | 07.00 am | പാലാ കത്തീഡ്രലിൽ ദുഃഖവെള്ളിയുടെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 13 | 03.30 pm | ബഹു. സെബാസ്റ്റ്യൻ മാമ്പള്ളിക്കുന്നേലച്ചന്റെ അമ്മയുടെ മൃതസംസ്കാരച്ചടങ്ങുകൾക്ക് കുറവിലങ്ങാട് പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 15 | 10.30 am | ബഹു. ജോസ് കാക്കല്ലിലച്ചന്റെ ജ്യേഷ്ഠസഹോദരനായ ശ്രീ മാത്തുകുട്ടി കെ.എം.ന്റെ മൃതസംസ്കാരച്ചടങ്ങുകൾക്ക് എറണാകുളം ചക്കരപ്പറമ്പ് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 17 | 02.00 pm | സി. പയസ് എഫ്.സി.സി. യുടെ മൃതസംസ്കാരച്ചടങ്ങുകൾക്ക് അരുണാപുരം പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |

| | | |
|---|---|---|
| | 03.30 pm | ബഹു. തോമസ് തോട്ടുങ്കലച്ചന്റെ അമ്മയുടെ മൃതസംസ്കാരച്ചടങ്ങുകൾക്ക് ചെമ്മലമറ്റം പള്ളിയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 24 | 08.30 am | പാലാ ബ്ലഡ് ഫോറത്തിന്റെയും കോട്ടയം എസ്.എച്ച് മെഡിക്കൽ സെന്ററിന്റെയും ആഭിമുഖ്യത്തിൽ ശാലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തിയ രക്ത ദാനക്യാമ്പിൽ രക്തം നൽകി. |
| 27 | 12.00 noon | ബി.എഡ്സ്. കോളേജിലെ അദ്ധ്യാപകരും കുട്ടികളും ചേർന്ന് നിർമ്മിച്ച കോവിഡ് പ്രതിരോധ മാസ്കുകളുടെ കൈമാറ്റം പാലാ പോലീസ് സ്റ്റേഷനിൽ വച്ച് നടത്തി. |
| 30 | 09.00 am | മുണ്ടാങ്കൽ പള്ളി യുവജനങ്ങളുടെ നേതൃത്വത്തിൽ നിർമ്മിച്ച മാസ്കുകളും സാനിറ്റൈസറുകളും വിതരണം ചെയ്ത് ഉദ്ഘാടനം നിർവ്വഹിച്ചു. |
| | | **MAY 2020** |
| 05 | 08.00 am | വാഴത്തോപ്പ് കത്തീഡ്രലിൽ അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന് അന്തിമോപചാരം അർപ്പിച്ച് ഒപ്പീസ് പ്രാർത്ഥന നടത്തി. |
| 07 | 02.30 pm | അഭിവന്ദ്യ ജോസഫ് സ്രാമ്പിക്കൽ പിതാവിന്റെ ജ്യേഷ്ഠസഹോദരൻ അഡ്വ. മാത്യുവിന്റെ മൃതസംസ്കാരച്ചടങ്ങുകൾക്ക് ഉരുളികുന്നം പള്ളിയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 10 | 02.30 pm | ബഹു. അലക്സാണ്ടർ കോഴിക്കോട്ടച്ചന്റെ സഹോദരനായ ശ്രീ ജോയിച്ചന്റെ മൃതസംസ്കാരച്ചടങ്ങുകൾക്ക് കടനാട് പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 14 | 12.00 noon | നീലൂർ പള്ളിയിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| 18 | 11.00 am | മുരിക്കൻ ഫാമിലിയിൽപെട്ട കാഞ്ഞിരപ്പള്ളി, വെളിച്ചിയാനി ഇടവകാംഗമായ ആനത്താനം ശ്രീ കുര്യൻ നിക്കോളാസിന്റെ മൃതസംസ്കാരചടങ്ങുകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. |

| | | |
|---|---|---|
| 19 | 07.00 am | വി. കുർബാനയുടെ ആരാധന സന്ന്യാസസമൂഹത്തിലെ (SABS) 2 സഹോദരിമാർക്ക് പ്രഥമവ്രതവാഗ്ദാനവും സന്ന്യാസവസ്ത്രസ്വീകരണവും നെല്ലിയാനി മഠം ചാപ്പലിൽ വച്ച് നൽകി. |
| 22 | 08.30 am | ബഹു. സി. ബെറ്റ്സി എബ്രാഹം പിണക്കാട്ട് എസ്.എച്ചിന്റെ വേർപാടിൽ കൊട്ടാരമറ്റം, ശാന്തി ഹോസ്പിറ്റലിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 23 | 08.30 am | അരമനയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ നേതൃത്വത്തിൽ നിർമ്മിച്ച 'Hand Free' സാനിറ്റൈസർ മെഷീൻ ഉദ്ഘാടനത്തിൽ സംബന്ധിച്ചു. |
| | 04.00 pm | പാലാ കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| 26 | 01.00 pm | ബഹു. സി. സൈമൺ എസ്.എ.ബി.എസ്.ന്റെ വേർപാടിൽ നെല്ലിയാനി മഠത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 02.00 pm | കാപ്പുന്തലയിലുള്ള 'ബെത് എഫ്രേം നസ്രാണി ദയറ' ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിച്ചു. |
| 27 | 11.00 am | മണ്ണനാൽ ശ്രീ ജേക്കബ് സാറിന്റെ മൃതസംസ്കാരച്ചടങ്ങുകൾക്ക് കുരുവിനാൽ പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 28 | 02.30 am | അരമനയിൽ ഷാലോം ഡയറക്ടേഴ്സിന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 30 | 12.00 noon | ഉള്ളനാട് പള്ളിയിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| | 03.00 pm | പ്ലാശനാൽ ഇടവകയിൽ ജോബി ഇല്ലത്തുപറമ്പിലിന്റെ അഞ്ചാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി. |



വിൻസെന്റ് ഡി. പോളിന്റെ നേതൃത്വത്തിൽ നടത്തിയ ഭക്ഷണക്കിറ്റ് വിതരണം
അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു



പാലാ അരമനയിൽ നടന്ന ശാലോം മീറ്റിൽ അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവ് സംസാരിക്കുന്നു



PSWS ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പച്ചക്കറിതൈ വിതരണം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.




SMYM ന്റെ നേതൃത്വത്തിൽ നിർമ്മിച്ച മാസ്കുകളുടെ വിതരണം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.

2020
APRIL, MAY, JUNE

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN




Printed at St. Thomas Press, Palai and Published by Fr. John Edettu